IV. റിപ്പോർട്ട് സമർപ്പണം

2005-ലെ കേരള വിനോദ സഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബിൽ

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : സർ, 2005-ലെ കേരള വിനോദസഞ്ചാരം (മേഖലകളുടെ സംരക്ഷണവും പരിപാലനവും) ബില്ലിനെ സംബന്ധിച്ച് II-ാം നമ്പർ സബ്ജക്ട് കമ്മിറ്റി (ഭൂനികുതിയും വനവും മത്സ്യബന്ധനവും) റിപ്പോർട്ട് റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി സമർപ്പിക്കുന്നു.

2005-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലും 2005-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബില്ലും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, 2005 ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലും 2005-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ബില്ലും സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റി (സാമൂഹ്യസേവനം) റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V. ധനകാര്യം

2005-2006 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ - II സംസ്ഥാനഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ (203,47,83,000 രൂപ)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ അഞ്ചാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2005 -. 2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥന സംബന്ധിച്ച നയരേഖയും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : എല്ലാ ധനാഭ്യർത്ഥനകളുടെയും ദിവസം അതാത് വകുപ്പുകൾ പ്രധാനമായി ചെയ്ത കാര്യങ്ങളെ സംബന്ധിച്ചുള്ള നയരേഖ നേരത്തെതന്നെ വയ്ക്കാം എന്നുള്ള എല്ലാ പാർട്ടി നേതാക്കളുടെയും യോഗത്തിലുണ്ടായ ഒരു സമവായത്തിന്റെ അടിസ്ഥാനത്തിലാണ് എടുക്കുന്നത്. അതുകൊണ്ട് എല്ലാ വകുപ്പുകളുടെയും ചർച്ചയ്ക്ക് മുമ്പ് ചർച്ചയ്ക്ക് സഹായകരമാകത്തക്കവിധം അത് സർക്കുലേറ്റ് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ചുള്ള ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന ധനകാര്യവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 203,47,83,000

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചതിനെപ്പറ്റി ചർച്ച ചെയ്യുന്നതിന്).

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് നിലവിലുള്ളതായി പറയപ്പെടുന്ന അപ്രഖ്യാപിത നിയമന നിരോധനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. എ. സി. മൊയ്തീൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് വളർന്നു വരുന്നതായി പറയപ്പെടുന്ന ക്രിമിനൽ മാഫിയാ സംഘങ്ങളെ അമർച്ച ചെയ്യുന്നതിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഭരണ നവീകരണപരിപാടിയിലുള്ള തായി പറയപ്പെടുന്ന ക്രമക്കേട് ചർച്ച ചെയ്യുന്നതിന്).

ശ്രീ. സാജു പോൾ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(ഡൽഹിയിൽ ഇംഗ്ലീഷ് മാധ്യമപ്രവർത്തകർക്ക് നടത്തിയതായി പറയപ്പെടുന്ന സൽക്കാരം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. മഞ്ഞളാംകുഴി അലി : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. കെ. വി. കുഞ്ഞിരാമൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാതി രിക്കുന്നതായി പറയപ്പെടുന്ന നയത്തെപ്പറ്റി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. മോഹനൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

[സർക്കാർ നവീകരണപരിപാടിയുടെ ഭാഗമായി (എം. ജി. പി.) സർക്കാർ ഓഫീസുകൾ മോടിപിടിപ്പിച്ചെങ്കിലും സർക്കാർ സേവനങ്ങളിൽ പ്രത്യക്ഷമായി കണ്ടുവരുന്നതായി പറയപ്പെടുന്ന പാളിച്ചകൾമൂലം സാധാരണക്കാർക്ക് നീതി ലഭിക്കുന്നി ല്ലായെന്ന് പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്].

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്

(സംസ്ഥാനത്ത് പ്രഖ്യാപിച്ച നൂറുദിന പരിപാടി പരാജയപ്പെട്ടതായി പറയപ്പെടുന്ന തിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കാത്തതുമൂലമുണ്ടാകുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. ബിനോയ് വിശ്വം : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(കെട്ടിക്കിടക്കുന്ന ഫയലുകൾ നിശ്ചിത കാലയളവിനുള്ളിൽ തീർപ്പാക്കുമെന്ന പ്രഖ്യാപനം പരാജയപ്പെട്ടതായി പറയപ്പെടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്).

ശ്രീ. പി. എസ്. സുപാൽ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് പെൻഷൻ പ്രായം വർദ്ധിപ്പിക്കുമെന്നുള്ള നിഗമനങ്ങൾമൂലം ഉണ്ടായിട്ടുള്ള ആശങ്ക അകറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരി ക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവത രിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(പ്രകൃതിക്ഷോഭങ്ങളിൽപ്പെടുന്നവർക്ക് സഹായ വാഗ്ദാനങ്ങൾ നൽകുന്നതല്ലാതെ സഹായങ്ങൾ എത്തിച്ചുകൊടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്).

ശ്രീ. പി. നാരായണൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ്.

(സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്).

ശ്രീ. എം. കുമാരൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. ഒരു ഉറുപ്പിക യായി കുറവു ചെയ്യേണ്ടതാണ്.

(ഭരണപരമായ പാഴ്ചിലവുകൾ കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്).

ശ്രീ. എ. എ. അസീസ് : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. യിൽ നിന്നും ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. യിൽ നിന്നും ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. യിൽ നിന്നും ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. സി. കെ. നാണു : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. യിൽ നിന്നും ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്).

ഡോ. കെ. സി. ജോസഫ് : സർ, താഴെ പറയുന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 203,47,83,000 ക. യിൽ നിന്നും ഒരു നൂറ് ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ബിനോയ് വിശ്വം: ഈ ധനാഭ്യർത്ഥനയുടെ പശ്ചാത്തലത്തിലുള്ള നയരേഖയെപ്പറ്റി ഇവിടെ മുഖ്യമന്ത്രി പറഞ്ഞു. മേശപ്പുറത്തുവച്ചത് ഇതുവരെ കിട്ടിയില്ല. അത് വായിക്കുവാൻ അവസരം കിട്ടാത്തതിൽ പ്രയാസമുണ്ടെന്ന് അറിയിക്കുന്നു. അങ്ങ് പറഞ്ഞ കാര്യം ചർച്ചകൾക്കും സഭയ്ക്കും പ്രയോജന പ്പെടണമെങ്കിൽ ഏറ്റവും ചുരുങ്ങിയത് തലേ ദിവസമെങ്കിലും കിട്ടിയാൽ നന്നായിരിക്കും. അതിനുള്ള ശ്രമം ഉണ്ടായാൽ കൊള്ളാം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : തലേദിവസം എത്തിക്കുക ബുദ്ധിമുട്ടാണ്. അത് പത്രത്തിലൊക്കെ വരും. രാവിലെ 8.30-ന് ഡിസ്ട്രിബ്യൂട്ട് ചെയ്യാൻ ഇവിടെനിന്ന് സമ്മതിക്കുകയാണെങ്കിൽ അങ്ങനെ ചെയ്യാവുന്നതാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഗവൺമെന്റിന്റെ നയരേഖ എന്നു പറയുന്നത് ഒരു ബഡ്ജറ്റ് ഡോക്യുമെന്റുപോലെ അത്ര സീരിയസ്സായ കാര്യമല്ല. ഇത് പത്രത്തിൽ വന്നാൽ അപകടമില്ല. അല്ലാതെതന്നെ പത്രത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. തലേ ദിവസം വൈകിട്ട് ഇത് കൊടുത്താൽ പിറ്റേ ദിവസം സംസാരിക്കുന്നവർക്ക് ഇത് ഉപയോഗിക്കുവാൻ കഴിയും. അല്ലെങ്കിൽ ഇതുകൊണ്ട് പ്രയോജനമൊന്നുമില്ല. ഇവിടെ എന്തെങ്കിലും വെരിഫൈ ചെയ്യണമെങ്കിൽ ബുദ്ധിമുട്ടാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് വയ്ക്കുവാൻ തീരുമാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രയോജനപ്രദമായ രീതിയിൽ ചെയ്യുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായ ഒരു സമീപനമാണ് സ്വീകരിച്ചത്. മന്ത്രിമാർക്ക് പറയാനുള്ള, ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ, ചെയ്തിട്ടുള്ള കാര്യങ്ങൾ ഈ സഭയിൽ വച്ചുകഴിഞ്ഞാൽ മറുപടി പറയേണ്ട അര മണിക്കൂർ സമയം ഇവിടെ നടന്ന ചർച്ചയ്ക്കുമാത്രം മറുപടി പറയാൻ മന്ത്രിമാർക്ക് അവസരം കിട്ടും. അവർ ചെയ്യാൻ പോകുന്ന കാര്യങ്ങൾ പറയേണ്ട ആവശ്യമില്ല. അതാണ് ഇതിന്റെ മുഖ്യമായിട്ടുള്ള ഉദ്ദേശം. അത് ഇവിടെ ഈ ധനാഭ്യർത്ഥനയോടൊപ്പം മേശപ്പുറത്തു വയ്ക്കുക എന്നുള്ള നിർദ്ദേശമാണ് ഞാൻ വച്ചത്. അത് വരുമ്പോൾ ആദ്യം പ്രസംഗിക്കുന്ന ആളിന് പ്രത്യേകിച്ച് പ്രതിപക്ഷത്തുനിന്നുള്ള പ്രമുഖ അംഗമായിരിക്കും, അദ്ദേഹത്തിന് അത് പരിശോധിക്കുവാൻ കിട്ടുകയില്ല. അതുകൊണ്ട് രാവിലെ സംസാരിക്കുന്ന ആളിന് കിട്ടത്തക്ക വിധത്തിൽ ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നതിൽ ഗവൺമെന്റിന് സന്തോഷം മാത്രമേയുള്ളൂ.

ശ്രീ. ബിനോയ് വിശ്വം: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. കേരളത്തിലെ ജനങ്ങളോട് യാതൊരു പ്രകാരത്തിലുമുള്ള സഹാനുഭൂതിയോ പരിഗണനയോ കാണിക്കാത്ത ഗവൺമെന്റ് അവരുടെ ധൂർത്തിനുവേണ്ടിയുള്ള ധനാഭ്യർത്ഥന നടത്തുമ്പോൾ എതിർക്കുവാൻ മാത്രമേ കഴിയൂ. ഗവൺമെന്റ് അതിന്റെ അവസാന ഘട്ടത്തിലാണ്. ഏകദേശം നാലു കൊല്ലം പൂർത്തിയാക്കുന്നു. ഒരുപാട് വാഗ്ദാനങ്ങൾ നിരത്തിയ ഗവൺമെന്റാണ്. മുൻ ഗവൺമെന്റിനെ ആപാദചൂഡം ഈ ഗവൺമെന്റ് തള്ളിപ്പറഞ്ഞു. അപഹസിക്കുകയും വിമർശിക്കുകയുമൊക്കെ ചെയ്തു. കേരളം കണ്ട ഏറ്റവും വലുതായ ഭൂരിപക്ഷങ്ങളിൽ ഒന്നു ഈ ഗവൺമെന്റിനു കൊടുത്തു. ആ ഭൂരിപക്ഷം കൊടുത്ത ജനങ്ങളെയും സ്വന്തം പ്രഖ്യാപനങ്ങളെയും ഇതുപോലെ വഞ്ചിച്ച വേറെയൊരു ഗവൺമെന്റ് ഉണ്ടായിട്ടില്ല. ഞാൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയോട് എല്ലാ സ്നേഹത്തോടുംകൂടി പറയുന്നു. നിങ്ങൾ അന്ന് പുറപ്പെടുവിച്ച യു.ഡി.എഫ്.-ന്റെ മാനിഫെസ്റ്റോ ഉണ്ടല്ലോ, അതൊന്ന് വീണ്ടും വായിച്ചു നോക്കിയിട്ട് കേരളത്തിന്റെ വികസനത്തിനുവേണ്ടിയുള്ള ഒരു നയരേഖ എന്നുള്ള അർത്ഥത്തിൽ, ഇപ്പോൾ ചെയറിൽ ഇരിക്കുന്ന അങ്ങു [അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ.എം.എം.ഹസ്സൻ] കൂടി പ്രധാനപ്പെട്ട പങ്കുവഹിച്ച, മുഖ്യമന്ത്രി എല്ലാ അർത്ഥത്തിലും വലിയ സ്വാധീനം ചെലുത്തിയതാണ്. ആ വാഗ്ദാനം, യു.ഡി.എഫ്. മാനിഫെസ്റ്റോ ഒന്ന് വീണ്ടും വായിച്ചാൽ നിങ്ങളെ നോക്കി അതിന്റെ ഓരോ പേജുകളും ചിരിക്കുന്നത് കാണാൻ കഴിയും. എന്തിനുവേണ്ടിയായിരുന്നു ആ മാനിഫെസ്റ്റോ ഇറക്കിയത്. പാലം കടക്കുവോളം നാരായണ നാരായണ, പാലം കടന്നാൽ പൂരായണ പൂരായണ. ഉറപ്പിച്ചു ഞാൻ പറയുന്നു, യു.ഡി.എഫ്. ഗവൺമെന്റിലെ ഒറ്റ മന്ത്രിമാരും, മുൻ മന്ത്രിമാരും പിൻ മന്ത്രിമാരും, അവർ ആരും തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരിക്കൽപ്പോലും ആ മാനിഫെസ്റ്റോ ഒന്ന് പൊടിതട്ടി വായിക്കാൻ ശ്രമിച്ചിട്ടില്ല എന്നു മാത്രമല്ല അവർ പോയത് വേറെ വഴിക്കാണ്. എല്ലാ രംഗത്തും തകർച്ചയാണ്.

മി. ചെയർമാൻ : എല്ലാ മാനിഫെസ്റ്റോകളെയും കുറിച്ചാണോ പറയുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: യു.ഡി.എഫ്. മാനിഫെസ്റ്റോ. ശ്രീ. എം. എം. ഹസ്സൻ പ്രധാനപ്പെട്ട പങ്കു വഹിച്ച യു.ഡി.എഫ്. മാനിഫെസ്റ്റോ. താങ്കൾ പോലും വീണ്ടും വായിക്കാത്ത മാനിഫെസ്റ്റോ. അതിനെപ്പറ്റിയാണ് ഞാൻ പറയുന്നത്. ആ മാനിഫെസ്റ്റോ ഇറക്കിയ ഈ ഗവൺമെന്റ് അധികാരത്തിൽ കയറിക്കഴിഞ്ഞ ഉടൻ ചെയ്ത കാര്യം, എ.ഡി.ബി., ലോകബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ പുറകേയുള്ള യാത്രയായിരുന്നു. പണത്തിനുവേണ്ടിയുള്ള യാത്ര. ഈ സ്ഥാപനങ്ങളുടെയെല്ലാം ശാസ്ത്ര ചിന്തകളെയും കടം വാങ്ങാൻ വ്യഗ്രതയേറിയ മനസ്സ്. എ.ഡി.ബി.ക്ക്, ലോകബാങ്കിന്, ഐ.എം.എഫ്.-ന് എല്ലാം ഒരു വികസന സങ്കല്പമുണ്ട്. ആ വികസന സങ്കല്പം കമ്പോളത്തിന് പ്രാധാന്യം കൊടുക്കുന്ന ഒന്നാണ്. ലാഭമാണ് ഏറ്റവും പ്രധാനം. ലാഭത്തിനും പണത്തിനും പരമ പ്രാധാന്യം കല്പിക്കുന്ന, ജനങ്ങളെ തീർത്തും പരിഗണിക്കാത്ത, ഐ.എം.എഫ്., ലോകബാങ്ക്, ഡബ്ലിയു.ടി.ഒ., ത്രയങ്ങളുടെ വികസന സങ്കല്പമാണ് യു.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കുവാൻ ശ്രമിച്ചത്. ധവള പത്രത്തിൽ, പിന്നീടുവന്ന രേഖകളിൽ, എം.ജി.പി. യിൽ ഓരോ ധനാഭ്യർത്ഥനകളിൽ, ഇതിലെല്ലാം ഒളിഞ്ഞും തെളിഞ്ഞും കാണുന്നത് ശരിക്കു പറഞ്ഞാൽ ഈ സമീപനമാണ്. അത് ഒരു ഫിലോസഫിയാണ്. കേന്ദ്ര സ്ഥാനത്ത് ആരെ പ്രതിഷ്ഠിക്കണം? അത് ഒരു മൗലിക പ്രശ്നമാണ്. ലാഭേച്ഛയെ പ്രതിഷ്ഠിക്കണോ, മനുഷ്യനെ പ്രതിഷ്ഠിക്കണോ? ഈ തർക്കത്തിൽ യു.ഡി.എഫ്. എന്ത് നിലപാടെടുത്തു? ആ നിലപാട് മനുഷ്യനെ വെറുക്കുക; ലാഭത്തെ സ്വീകരിക്കുക എന്നാണ്. മാൻ ഫ്രണ്ലി അല്ലാത്ത, മാർക്കറ്റ് ഫ്രണ്ലിയായ വികസനത്തെയും പുരോഗതിയെയും മറന്നുകൊണ്ട് പണത്തിനെയും ലാഭത്തിനെയും വാരി പുണരുന്ന ആ നയത്തെ പിൻപറ്റിക്കൊണ്ട് എം.ജി.പി.യെ നമ: എന്ന് മാവിലെയും ഉച്ചയ്ക്കും വൈകുന്നേരവും ഊണിനു മുമ്പും ഊണു കഴിഞ്ഞിട്ടും പ്രാർത്ഥിക്കുന്ന ഈ ഗവൺമെന്റ് എം.ജി.പി. തെളിക്കുന്ന വഴിയേ പോകുകയാണ്. എം.ജി.പി.യുടെ പുറകിൽ ആരുണ്ട്? അതിന്റെ പുറകിൽ എ.ഡി.ബി.യുണ്ട്. ഇതിന്റെ പുറകിൽ ലോകബാങ്കുണ്ട്. ഐ.എം.എഫ്. ഉണ്ട്. ആഗോളവത്കരണം ഉണ്ട്. ഞങ്ങൾ ഇപ്പോൾ ഉറപ്പിച്ചു പറയുന്നു, ആ വാക്കിന്റെ വാച്യ അർത്ഥം ആകട്ടെ, ഗ്ലോബലൈസേഷൻ എന്നു പറഞ്ഞാൽ അതു മുതലാളിത്ത വികസനത്തിന്റെ ഒരു പുത്തൻ ഘട്ടം മാത്രമാണെന്ന് ലോകമാകെ തെളിയിക്കുകയാണ്. മുതലാളിത്തം അതിന്റെ എല്ലാ ഭീകര ഭാവങ്ങളുമായി..... ലോകത്തിന്റെ എല്ലാ കോണിലും അവർക്ക് എതിരെ ജനങ്ങൾ ഇപ്പോൾ സമര രംഗത്താണ്. ഈ സമരം ഇപ്പോൾ ഒറ്റപ്പെട്ട ഒന്നാണ് എന്നു നിങ്ങൾ ധരിക്കേണ്ട. ഇവിടെ മാത്രമായി ചുരുങ്ങിപ്പോകുന്ന പോരാട്ടമല്ലിത്. ഈ സമരം ആഗോളവ്യാപിയാണ്. ഞങ്ങൾ വീണ്ടും പറയുന്നു ഈ സമരം ജയിക്കുവാൻ വേണ്ടിയുള്ള പോരാട്ടമാണ്. ജനങ്ങൾ ജയിക്കും. ലാഭത്തിന്റെയും പണത്തിന്റെയും കമ്പോളത്തിന്റെയും ചൊല്പും വിളിയും കേട്ടുകൊണ്ട് നാടിന്റെ എല്ലാ സങ്കല്പങ്ങളും തല്ലിപ്പൊളിക്കുന്ന, നഗരത്തെ വെല്ലുവിളിക്കുന്ന ഒരു പോരാട്ടമാണ്. ഈ സമരത്തിൽ ഞങ്ങൾ ജയിക്കും. സർ, സമയത്തിന്റെ പരിമിതിയുണ്ട്. ഒരു മിനിട്ടെന്നുള്ളത് അല്പംകൂടി നീട്ടിയെടുക്കുന്നു. ഗൗരവമുള്ള ഒരുകാര്യം പറയുകയാണ്. എം.പി.ജി.യുടെ ഓരോ വാദവും ഞാൻ പറയുന്നില്ല. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി, ഞാൻ അങ്ങയോട് വ്യക്തിപരമായിട്ട് വളരെ സ്നേഹമുള്ള ആളാണ്.

അങ്ങ് ഉറങ്ങുന്നുണ്ടോ; ഉണ്ണുന്നുണ്ടോ എന്ന് എനിക്ക് അറിയില്ല. എന്തായാലും അങ്ങ് മിക്കവാറും യാത്രയിലാണ്. ആ യാത്രയ്ക്കിടയ്ക്ക് അങ്ങ് ഇവിടെ ചെയ്യാൻ പോകുന്ന കാര്യങ്ങളെല്ലാം നോക്കിയാൽ അത്ഭുതം തോന്നിപ്പോകുകയാണ്. എങ്ങനെ പറ്റും ഇതൊക്കെ ചെയ്യാൻ ? സ്കൂളിൽ പഠിക്കുമ്പോൾ ഞാൻ കാണുന്ന ഒരു മാജിക് ഉണ്ട്. ഒരു തീപ്പെട്ടിക്ക് അകത്ത് മണ്ണ് നിറച്ചു. ആ തീപ്പെട്ടി കൈലേസ് കൊണ്ടു പൊതിഞ്ഞു. എന്നിട്ട് മാന്ത്രികൻ ഒരു മന്ത്രക്കോലുകൊണ്ട് ഓം ഹ്രീം ഹ്രും എന്ന് കാണിച്ചു. ഞാൻ അന്ന് ഏഴാം ക്ലാസ്സിലായിരുന്നു. തീപ്പെട്ടി തുറന്നു നോക്കിയപ്പോൾ മണ്ണില്ല, പകരം കേക്ക്. ഞങ്ങളെല്ലാം അന്ന് കണ്ണു മിഴിച്ചിരിക്കുകയായിരുന്നു. ഞാൻ ഇപ്പോൾ ഒരു പുതിയ മാന്ത്രികനെ കാണുന്നു. ഈ പുതിയ മാന്ത്രികൻ തീപ്പെട്ടിക്ക് അകത്ത് നിറയ്ക്കുന്നത് എന്താണ്? നൂറുദിന പരിപാടി, ഒരു വർഷ പരിപാടി. അതെല്ലാം നിറച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ഒരു സമ്പർക്ക പരിപാടിയായി മന്ത്രക്കോൽ കൊണ്ട് ഓം ഹ്രീം ഹ്രും എന്നു കാണിച്ചാൽ തീരുന്ന പ്രശ്നം ആണോ കേരളത്തിലെ പ്രശ്നങ്ങൾ.

മി. ചെയർമാൻ : അദ്ദേഹം മഹാ മാന്ത്രികനാണ്.

ശ്രീ. ബിനോയ് വിശ്വം : ഈ മാന്ത്രികൻ കൺകെട്ടുകാരനാണ്. ജാലവിദ്യക്കാരനാണ്. ഈ ജാലവിദ്യ കണ്ട്, കൺകെട്ടു കണ്ട് തീരാവുന്നതല്ല ഇവിടെ കേരളത്തിലെ പ്രശ്നങ്ങൾ. കേരളത്തിലെ പ്രശ്നങ്ങളെല്ലാം അതിരൂക്ഷമാകുകയാണ്. മുഖ്യമന്ത്രി പറയുകയാണ് ഒന്നേകാൽ ലക്ഷം ഫയൽ കെട്ടിക്കിടക്കുകയാണ് എന്ന്. ഇതെല്ലാം തീർക്കാൻ വേണ്ടിയുള്ള പരിപാടി പ്രഖ്യാപിച്ചു. അദ്ദേഹം പറഞ്ഞപോലെയാണെങ്കിൽ പ്രതിദിനം തീരേണ്ടത് ഏകദേശം പന്ത്രണ്ടായിരം ഫയലുകളാണ്. അത് തീർന്നോ? നൂറ് ദിന പരിപാടി പൂർത്തിയാക്കിയപ്പോൾ മുഖ്യമന്ത്രി പറയുകയാണ് കെട്ടിക്കിടക്കുന്ന ഫയലുകളെല്ലാം അവിടെ കിടക്കുന്നു. രണ്ട് കൊല്ലം, മൂന്ന് കൊല്ലം, ഒരു കൊല്ലം, ആറ് മാസം, പാവപ്പെട്ട മനുഷ്യ ജീവിതം തുടിക്കുന്ന ഫയലുകളെല്ലാം കെട്ടിക്കിടക്കുമ്പോൾ കുറേ ഫയലുകൾക്ക് 100 രൂപ മുതൽ 5,000 രൂപവരെയുള്ള ചികിൽസാ സഹായം കൊടുത്ത് മുഖ്യമന്ത്രി പറയുന്ന ജനസമ്പർക്കത്തിന്റെ മഹാവിദ്യ കാണിച്ചിരിക്കുന്നു പ്രശ്നങ്ങളെല്ലാം ബാക്കി കിടക്കുന്നു. മുൻ ആഭ്യന്തര സെക്രട്ടറിയായ മി. വോറ കമ്മീഷന്റെ റിപ്പോർട്ടുണ്ട്. പത്ത് കൊല്ലമായ റിപ്പോർട്ടാണ്. ആ റിപ്പോർട്ട് ഇൻഡ്യക്ക് മൊത്തം ബാധകമാണ്. ആ റിപ്പോർട്ടിൽ പറയുന്നു നമ്മുടെ ഒരു സമാന്തര ഗവൺമെന്റാണ് ഇപ്പോൾ അധികാരം കയ്യടക്കിയിരിക്കുന്നത്. അതിനകത്തുള്ളത് അധോലോകമാണ്. വലിയ പണക്കാരാണ് രാഷ്ട്രീയ മാന്യൻമാരാണ്. രാഷ്ട്രീയ യജമാനൻമാരും അധോലോകവും പോലെ തന്നെയുള്ള പണ സമ്പത്തിന്റെ ഉടമസ്ഥൻമാരും കൂടി ചേരുന്ന സമാന്തര ഗവൺമെന്റ് ഈ കേരളത്തിൽ പിടിമുറുക്കിയിരിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രി പറയുന്നു അനധികൃതമായി സ്വരുക്കൂട്ടിയിട്ടുള്ള സ്വത്തുക്കൾ കണ്ടുകെട്ടുമെന്ന് ഞാൻ മുഖ്യമന്ത്രിയെ വെല്ലുവിളിക്കുന്നു. ഈ ഗവൺമെന്റിന് പ്രഖ്യാപനം പാലിക്കാൻ ആർജ്ജവമുണ്ടോ? പണക്കാരുടെ താളത്തിനൊപ്പം തുള്ളുന്ന ഗവൺമെന്റ്, അധോലോകത്തിന്റെ തടവുകാരായി മാറിയ മന്ത്രിമാർ കഴിയുന്ന ഗവൺമെന്റ്, വലിയ വലിയ പ്രമാണിമാർക്ക് വേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഗവൺമെന്റ്,

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റിന് അനധികൃതമായി സമ്പാദിച്ച സ്വത്ത് കണ്ടുകെട്ടാനുള്ള രാഷ്ട്രീയ ആർജ്ജവം ഇല്ലെന്നകാര്യം ഉറപ്പിച്ച് പറയുന്നു. ഞാൻ ചോദിക്കുന്നു, മുഖ്യമന്ത്രിക്ക് ഇത് പാലിക്കാമോ? മന്ത്രിമാർ കോടികൾ സമ്പാദിച്ചതായാണ് അന്വേഷണ റിപ്പോർട്ട്. മുൻ സർക്കാരിലെ മന്ത്രിമാരുടെ സ്റ്റാഫിന് കോടികളുടെ സമ്പാദ്യമെന്ന റിപ്പോർട്ട്. ഇതെല്ലാം ഇടതുപക്ഷ റിപ്പോർട്ടല്ല. മുൻ ഗവൺമെന്റിന്റെ മന്ത്രിമാർ, ഉദ്യോഗസ്ഥൻമാർ എല്ലാം വഴിവിട്ട് സമ്പാദിച്ചുകൂട്ടിയ കോടിക്കണക്കിന് പണം കണ്ടെത്താനുള്ള എന്തെങ്കിലും മാർഗ്ഗം സ്വീകരിക്കുന്നുണ്ടോയെന്ന് ഞാൻ മുഖ്യമന്ത്രിയോട് വെല്ലുവിളിക്കാൻ ആഗ്രഹിക്കുകയാണ്.

മി. ചെയർമാൻ: 8 മിനിട്ട് മാത്രമേ അങ്ങേക്ക് അനുവദിച്ചിട്ടുള്ളൂ. 11 മിനിട്ട് അങ്ങേക്ക് തന്നു. ഇത് പൊതു ഭരണത്തിന്റെ ചർച്ചയല്ല. സമയം നിയന്ത്രിക്കാൻ ബാധ്യസ്ഥനാണ്.

ശ്രീ. ബിനോയ് വിശ്വം: Democracy, for the people, by the people and of the people എന്നാണ്. ഇവിടെ ഇപ്പോൾ നടക്കുന്നത് ജനങ്ങൾ ഇവിടെ എവിടേയുമില്ല. For the rich, by the rich and of the rich എന്നുപറയാവുന്ന ഗവൺമെന്റാണിത്. ജനാധിപത്യ മൂല്യങ്ങളുടെയെല്ലാം അടിസ്ഥാന മൂല്യങ്ങളെയും നിഷേധിക്കുന്ന സമീപനം കൈക്കൊള്ളുന്ന ഗവൺമെന്റിന്റെ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. കെ. മുഹമ്മദാലി: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. എന്റെ ബഹുമാന്യനായ സുഹൃത്ത് ബിനോയ് വിശ്വം ഈ ലോകത്തിലല്ല ജീവിക്കുന്നത്. ഈ ഗവൺമെന്റ് ഇപ്പോൾ നാല് വർഷം പൂർത്തിയാക്കി. മാനിഫെസ്റ്റോ എടുത്ത് വായിക്കണമെന്ന് ശ്രീ. ബിനോയ് വിശ്വം പറയുകയുണ്ടായി. അദ്ദേഹം തന്നെ ഈ കൃത്യം നിർവ്വഹിക്കുന്നതായിരിക്കും നന്ന്. കഴിഞ്ഞ 4 വർഷം സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ ഉണ്ടായിരിക്കുന്ന മാറ്റം കാണാൻ കഴിയാതെ പോകുന്നത് രാഷ്ട്രീയ കാരണങ്ങളാലായിരിക്കും. അതിൽ ഞങ്ങൾക്ക് എതിർപ്പ് ഇല്ല. വികസന രംഗത്തൊക്കെ ഉണ്ടായിരിക്കുന്ന ഒരു കുതിപ്പ്, എല്ലാ രംഗത്തും ഉണ്ടായിരിക്കുന്ന മാറ്റം ഉൾക്കൊള്ളുവാനും പോരായ്മകൾ ചൂണ്ടിക്കാണിക്കുവാനും ശ്രമിക്കുകയെന്നുള്ളതിനുപകരം പൂർണ്ണമായി ഇരുട്ടിൽ തപ്പുന്ന സ്ഥിതിയാണ് ആ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. ആവർത്തന വിരസമായിട്ട് ഇപ്പോൾ പറയുന്നതുപോലെ എ.ഡി.ബി. യെക്കുറിച്ച് വേൾഡ് ബാങ്കിനെക്കുറിച്ച് അതുപോലെ ഐ.എം.എഫ്.-നെക്കുറിച്ച് എത്രയോ കാലങ്ങളായി ഇങ്ങനെ പറഞ്ഞുവരുന്ന കാര്യങ്ങളാണ്. ആവർത്തന വിരസമാണെന്നാണ് ശ്രീ. ബിനോയ് വിശ്വത്തോട് പറയാൻ ആഗ്രഹിക്കുന്നത്. ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരണം ജനങ്ങൾക്കുവേണ്ടിയായിരിക്കണം. ജനങ്ങളായിരിക്കണം ഏത് ഭരണത്തിന്റേയും നവീകരണത്തിന്റേയും ലക്ഷ്യം. ഇത് മുന്നിൽ കണ്ടുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഒരു ഭരണ സംവിധാനത്തിന് മനുഷ്യമുഖം ഉണ്ടാക്കുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മുഖ്യമന്ത്രി സ്ഥാനം ഏറ്റശേഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടത്തിയ ജനസമ്പർക്ക പരിപാടി വളരെ വിജയകരമായി നടന്നു. ആ ജനസമ്പർക്ക

LIBRARY ARCHIVES Kerala Legislative Assembly

പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞ കാര്യം ഞാൻ ഇപ്പോഴും ഓർക്കുകയാണ്. സ്വയം ബോധ്യമായ കാര്യങ്ങൾ നിലവിലുള്ള നടപടിക്രമങ്ങൾമൂലം പരിഹരിക്കാനാകാത്തതിൽ അദ്ദേഹം ദുഃഖം പ്രകടിപ്പിച്ചു. നിയമ ചട്ടക്കൂടിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി അവശത അനുഭവിക്കുന്ന ജന സമൂഹത്തിന് അർഹിക്കുന്ന സഹായം കൊടുക്കേണ്ടതുണ്ട്. അത് ചെയ്യാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. മുഖ്യമന്ത്രിതന്നെ പറഞ്ഞതനുസരിച്ച് 1.28 ലക്ഷം ഫയലുകളാണ് നമ്മുടെ സംസ്ഥാനത്ത് ഉന്നത മേഖലകളിൽ ഗവൺമെന്റ് തലങ്ങളിൽ കെട്ടിക്കിടക്കുന്നത്. ഇതിൽത്തന്നെ തദ്ദേശ സ്വയംഭരണ വകുപ്പിലാണ് ഏറ്റവും കൂടുതൽ ഫയലുകൾ. പിന്നെ റവന്യൂ, ആരോഗ്യം, ആഭ്യന്തരം എന്നീ വകുപ്പുകൾ തൊട്ട് പിന്നിലുണ്ട്. ഈ ഫയലുകളിൻമേൽ തീർപ്പ് കൽപ്പിക്കുന്നതിന് നമുക്ക് കഴിയാതെ പോകുന്നുണ്ട്. ഐക്യ കേരള രൂപീകരണത്തിനുശേഷം മൂന്ന് ഭരണ പരിഷ്കാര കമ്മീഷനുകൾ വന്നു. സഖാവ് ഇ.എം.എസ്. ന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ, അതിനുശേഷം വെള്ളോടി കമ്മീഷൻ, അതിനുശേഷം നായനാരുടെ അദ്ധ്യക്ഷതയിലുണ്ടായിരുന്ന കമ്മീഷൻ. ഈ കമ്മീഷൻ വിശദമായിട്ട് നടത്തിയ ചർച്ചകളെ തുടർന്ന് ഉണ്ടായിരിക്കുന്ന നിർദ്ദേശങ്ങൾ, അത് പ്രാവർത്തികമാക്കി ഭരണ രംഗത്ത് കാര്യക്ഷമമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിൽ നമുക്ക് ഇപ്പോഴും വിജയിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾത്തന്നെ നമുക്കറിയാം ഫയലുകൾ കെട്ടിക്കിടക്കുന്നതിന് കാരണമായിട്ടുള്ളത്. 1920 മുതൽ തുടർന്നുവരുന്ന നടപടിക്രമങ്ങളാണ് ഇന്നും ഭരണരംഗത്ത് തുടർന്നുവരുന്നത്. ഇതിനൊക്കെ കാലാനുസൃതമായ മാറ്റങ്ങൾ വരുത്താനുള്ള നടപടികൾ മാറിമാറി വരുന്ന ഗവൺമെന്റുകളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. നമുക്കറിയാം കെ.എസ്.ആർ., കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾ, സെക്രട്ടേറിയറ്റ് മാനുവൽ, സെക്രട്ടേറിയറ്റ് ഓഫീസേഴ്സ് മാനുവൽ ഇതിനൊന്നും കാലാനുസൃതമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടില്ല. വളരെ കുറച്ച് ഫയലുകൾ മാത്രം കൈകാര്യം ചെയ്തിരുന്ന കാലത്തെ നടപടിക്രമങ്ങൾ തന്നെ ഇന്ന് വളരെ ഏറെ ഫയലുകൾ കൈകാര്യം ചെയ്യേണ്ട സമയത്തും തുടർന്നു വരുന്നു. ഡിസിഷൻ മേക്കിംഗിൽ ക്ലറിക്കൽ സിസ്റ്റത്തിന്റെ സ്വാധീനമാണ് ഇന്നും കാണുന്നത്. അത് മാറ്റണം. കാരണം ഇപ്പോൾ നമുക്കറിയാം ഒരു ഫയൽ ആരംഭിക്കുന്നത് അസിസ്റ്റന്റിൽ നിന്നാണ്. അസിസ്റ്റന്റിൽ നിന്നാരംഭിച്ച് അത് എസ്.ഒ., അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, മന്ത്രി എന്നീ തട്ടുകൾ കടന്നതിനുശേഷമാണ് തീർപ്പുണ്ടാകുന്നത്. എത്രയോ കാലം നീണ്ടുപോകുന്നു. ഇത്രയേറെ തട്ടുകൾ നമുക്കാവശ്യമുണ്ടോ? അതിനെക്കുറിച്ചൊക്കെ വളരെ ഗൗരവമായി ആലോചിക്കണം. എവിടെയെങ്കിലും വച്ച് തീർപ്പ് കൽപ്പിക്കുവാൻ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ വിവിധ തട്ടുകളിലെ ഉദ്യോഗസ്ഥർ തയ്യാറാകാതെ വരുന്നു. പോളിസിയുമായി ബന്ധപ്പെട്ട ഫയലുകളിലും സാമ്പത്തിക ബാധ്യത വരുന്ന ഫയലുകളിലും കുറേ സ്റ്റേജുകൾ കടന്ന് പോകുന്നത് മനസ്സിലാക്കാൻ കഴിയുന്നതാണ്. ഇതൊന്നുമില്ലാതെ താഴെ തലങ്ങളിൽനിന്നും തീർപ്പ് കൽപ്പിക്കേണ്ട ഫയലുകളാണെങ്കിലും തീർപ്പ് കൽപ്പിക്കാതെ തീർപ്പ് കൽപ്പിക്കേണ്ടവർ ഉത്തരവാദിത്വം ഏൽക്കാൻ തയ്യാറാകാതെ ചുമതലയേൽക്കാൻ തയ്യാറാകാതെ ഇത് മറ്റ് തട്ടുകളിലേക്ക് നീട്ടി നീട്ടി കൊണ്ടുപോകുന്നതുകൊണ്ടാണ് ഫയലുകൾ തീർപ്പാക്കാൻ

LIBRARY ARCHIVES.Kerala Legislative Assembly

കഴിയാതെ വരുന്നത്. ഓരോ ഫയലിലും ഓരോ ജീവിത പ്രശ്നമുണ്ടെന്ന് മനസ്സിലാക്കാൻ പലരും ശ്രമിക്കുന്നില്ല. ഭരണ രംഗം കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് നാം സ്ഥിരമായി പറയാറുണ്ട്. ഭരണ രംഗം കാര്യക്ഷമമാക്കുന്നതിന്, പണ്ട് നമുക്കറിയാം വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഒരു മേധാവിയുടെ കീഴിലാണ് പല കാര്യങ്ങൾ നിയന്ത്രിക്കുന്നതെങ്കിൽ ഇന്ന് എത്രയോ മേധാവികളാണ് നമ്മുടെ വിവിധ ഡിപ്പാർട്ടുമെന്റുകളിലുള്ളത്. എന്നിട്ടും ഭരണം കാര്യക്ഷമമാകുന്നില്ല. ഇത് നാം പരിശോധിക്കേണ്ട കാര്യമാണ്. ഉദാഹരണമായി ഫോറസ്റ്റ് തന്നെ നമുക്കെടുക്കാം. ഇപ്പോൾ വനത്തിന്റെ വിസ്തീർണ്ണം കുറഞ്ഞുവരുന്നെന്ന് എല്ലാവരും പറയുന്ന വനത്തിന്റെ വിസ്തീർണ്ണം ഒരു വശത്ത് കുറയുമ്പോൾ ഒരു സി.സി.എഫ്. ഉണ്ടായിരുന്നിടത്ത് ഇന്ന് ഒരു പ്രിൻസിപ്പൽ സി.സി.എഫ്., അഡീഷണൽ പ്രിൻസിപ്പൽ സി.സി.എഫ്.-മാർ പന്ത്രണ്ടോളം സി.സി.എഫ്.മാർ എന്നിവരുണ്ടായിട്ടും വനം കയ്യേറ്റം തുടർന്നുവരുന്നു. അവിടെ അഴിമതി വർദ്ധിക്കുന്നു. അവിടെ ഫയലുകളുടെ എണ്ണം കൂടി വരുന്നു. തീർപ്പുണ്ടാക്കാൻ കഴിയുന്നില്ല. പോലീസിലെയും, മറ്റ് ഡിപ്പാർട്ടുമെന്റുകളിലേയും സ്ഥിതി ഇതുതന്നെയാണ്. ഭരണം കാര്യക്ഷമമാക്കുന്നതിനെക്കുറിച്ച് വളരെ ഗൗരവകരമായ ആലോചനകൾ നമ്മുടെ ഭാഗത്തുനിന്ന് ഉണ്ടാകുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഭരണ നവീകരണം കാലാനുസൃതമായ മാറ്റത്തിന്റെ ഭാഗമാണ്. ഭരണ രംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കണം. ഭരണ രംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുമ്പോൾ ആധുനികമായ ചില അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാകുക എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഭരണ നവീകരണം അതിന്റെ പരിഷ്കാരങ്ങളേയും അതുപോലെ ഉയർന്ന തസ്തികകളെ സംബന്ധിച്ചും ഇവിടെ പറഞ്ഞല്ലോ. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം, ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായതിനുശേഷം ചീഫ് സെക്രട്ടറി റിട്ടയർ ചെയ്തു. ചീഫ് സെക്രട്ടറിക്ക് ഉടനെത്തന്നെ പുതിയ തസ്തിക അനുവദിച്ചു. ഇതിന് മുമ്പിലത്തെ ചീഫ് സെക്രട്ടറി റിട്ടയർ ചെയ്തു അദ്ദേഹത്തിനും വലിയ ശമ്പളത്തോടുകൂടി ഒരു തസ്തിക അനുവദിച്ചുകൊടുത്തു. അതിനു മുമ്പിലത്തെ ചീഫ് സെക്രട്ടറി റിട്ടയർ ചെയ്തു അദ്ദേഹത്തിനും ഉയർന്ന ശമ്പളത്തോടുകൂടി ഒരു തസ്തിക അനുവദിച്ചു. അങ്ങനെ റിട്ടയർ ചെയ്ത ചീഫ് സെക്രട്ടറിമാർക്കൊക്കെ വലിയ ശമ്പളവും, ആനുകൂല്യവും കൊടുത്ത് ഇവിടെ പുനഃസൃഷ്ടിക്കുന്നതാണോ ഇവിടത്തെ ഭരണത്തിൽ ചെലവ് കുറയ്ക്കുന്ന നടപടി ?

ശ്രീ. കെ. മുഹമ്മദാലി : സർ, പരിചയ സമ്പന്നരായ ഉദ്യോഗസ്ഥന്മാരെ ഉപയോഗപ്പെടുത്തുന്നതിൽ തർക്കമില്ല. ഞാൻ പറഞ്ഞത് ഒരു ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്തിരുന്ന, ഒരു ഐ.ജി. കൈകാര്യം ചെയ്തിരുന്ന, ഒരു സി.സി.എഫ്. കൈകാര്യം ചെയ്തിരുന്ന മേഖലകളിൽ ഇന്ന് വന്ന് വന്ന് വളരെയേറെ ആളുകളായി; അതിന്റെ എസ്റ്റാബ്ളിഷ്മെന്റുകളുടെ കാര്യങ്ങൾ, മറ്റ് ഏർപ്പാടുകൾ, സാമ്പത്തിക ബാദ്ധ്യത വർദ്ധിച്ചുവരുന്നു. പരിചയ സമ്പന്നരായ ഉദ്യോഗസ്ഥൻമാരുടെ സേവനം വിവിധ മേഖലകളിൽ ഉപയോഗിക്കുവാൻ ശ്രമിക്കുകയെന്നു പറഞ്ഞാൽ പഴയ

കാലഘട്ടങ്ങൾ മുതൽ തുടർന്നുവരുന്ന കാര്യങ്ങളാണ്. ഇത് വളരെ അനിവാര്യമായതും വളരെ നല്ലതുമാണെന്ന കാര്യത്തിൽ തർക്കമില്ല. അതിനെക്കുറിച്ച് ആ നിലയിൽ കാണുന്നത് ശരിയല്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ഈ ഭരണരംഗം കാര്യക്ഷമമാക്കുകയെന്നു പറയുമ്പോൾ ഈ ഗവണ്മെന്റ് ഉദ്യോഗസ്ഥൻമാർ കൃത്യസമയത്തിന് ഓഫീസിൽ വരുന്നുണ്ടോ എന്നുള്ളതിനെപ്പറ്റി ഗവണ്മെന്റിന് അഭിപ്രായമുണ്ടോ. ഒറ്റ ഉദ്യോഗസ്ഥരും കൃത്യ സമയത്തിന് ഓഫീസിൽ ഹാജരാകുന്നില്ല.

ശ്രീ. കെ. മുഹമ്മദാലി : അങ്ങ് പറയുന്നത് വളരെ ശരിയാണ്. ഭരണ രംഗം കാര്യക്ഷമമാക്കുന്നതിന്റെ പ്രധാനപ്പെട്ട ഭാഗമാണ്. ഇതിനെക്കുറിച്ച് ഒരു കാര്യം സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. ഇപ്പോൾ തന്നെ കേരള സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുവാൻ കേരള ഹൗസിൽ ഗവണ്മെന്റ് പ്രതിനിധിയായിട്ട് ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്. വ്യക്തിപരമായ സൗകര്യങ്ങൾക്ക് പോസ്റ്റിംഗ് ഡൽഹിയിൽ വാങ്ങുക എന്നതൊഴിച്ചാൽ കേരളത്തിലെ പ്രോജക്റ്റ് ക്ലിയർ ചെയ്യുവാൻ, കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അനുയോജ്യരായ ആളുകൾ വരുന്നില്ല എന്നുള്ളതിന്റെ ബുദ്ധിമുട്ടനുഭവിക്കുകയാണ് നാം. നമ്മുടെ തൊട്ടടുത്തുള്ള സംസ്ഥാനങ്ങളിലൊക്കെ അവിടെയുള്ള പ്രതിനിധികളെ വച്ചുകൊണ്ട് പല പ്രോജക്റ്റുകൾ ക്ലിയർ ചെയ്യുമ്പോൾ നമുക്കുവേണ്ടി നമ്മുടെ താൽപ്പര്യം നോക്കേണ്ട ആളുകളുടെ ഭാഗത്തുനിന്ന് അതുണ്ടാകുന്നില്ല. ഇപ്പോൾത്തന്നെ നമുക്കറിയാം വളരെ കാലങ്ങൾക്കുശേഷമാണ് വളരെ പ്രധാനപ്പെട്ട പ്രോജക്റ്റുകളും നിക്ഷേപങ്ങളും നമ്മുടെ നാട്ടിലുണ്ടായിട്ടുള്ളത്. വല്ലാർപാടം പ്രോജക്റ്റ് വന്നു. എൽ.എൻ.ജി. യാഥാർത്ഥ്യമാകാൻ പോകുന്നു. അതിനൊക്കെ ഈ ഗവണ്മെന്റ് വളരെ ശ്രമം നടത്തി. അതിൽ വിജയിക്കാനും കഴിഞ്ഞു. അതിനകത്ത് പ്രതിപക്ഷവുമെല്ലാവരും സഹകരിക്കുകയുണ്ടായി. അത് വളരെ സന്തോഷകരമായ വസ്തുതയാണ്. നാം ആലോചിക്കേണ്ട അതുപോലുള്ള വലിയ പ്രോജക്റ്റുകൾ അല്ലാതെ ഈ സംസ്ഥാനത്തിന്റെ താൽപ്പര്യത്തിനുതകുന്ന പല പദ്ധതികളും യഥാ സമയം കേന്ദ്ര ഗവണ്മെന്റുമായി ബന്ധപ്പെട്ട് അത് കൈകാര്യം ചെയ്യുന്നതിന് അനുയോജ്യരായ, നേരത്തെ ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞതുപോലെയുള്ളതും പരിചയസമ്പന്നരായ ഉദ്യോഗസ്ഥൻമാരുടെ സേവനം ഡൽഹിയിൽ ഉണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. പക്ഷേ ഇന്ന് സംസ്ഥാന ഗവണ്മെന്റ് പ്രതിനിധികളായി നിയോഗിക്കുന്ന ആളുകൾ ഈ ചുമതല നിർവ്വഹിക്കുന്നുണ്ടോയെന്ന് പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതിന്റെ കുറവ് വളരെയേറെ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. M. G. P.- ഭരണ നവീകരണ പരിപാടികൾ, അതിനുള്ള സഹായം ഇപ്പോൾ എ.ഡി.ബി.യുടെ സഹായം പ്രയോജനപ്പെടുത്തിയാണ് ചെയ്യുന്നത്. 30% നമുക്ക് ഗ്രാന്റാണ്. 5% പലിശയാണ്. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നു. ആ രംഗത്ത് മാറ്റം ഉണ്ടാകുന്നു. പക്ഷേ അതിനകത്ത് മോണിറ്ററിംഗ് ഉണ്ടാകണം. ശരിയായ മോണിറ്ററിംഗ് ഉണ്ടായെങ്കിൽ മാത്രമേ വിജയകരമായി കൊണ്ടുപോകാൻ സാധിക്കുകയുള്ളു. ആധുനികമായ ചില

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ സർക്കാർ ഓഫീസുകളിൽ ഏർപ്പെടുത്താൻ കഴിഞ്ഞു എന്നുള്ളതുകൊണ്ട് നവീകരണമായി എന്ന് കരുതാൻ നമുക്ക് കഴിയില്ല. കാര്യക്ഷമത വർദ്ധിച്ചു എന്നു കരുതാനാകും. അവിടെയൊക്കെ കാലാനുസൃതമായ മാറ്റങ്ങളിലൂടെ സാധാരണ ജനങ്ങൾക്ക് ആശ്വാസം ലഭിക്കാൻ കഴിയുന്ന രീതിയിൽ ഭരണ യന്ത്രത്തെ പാകപ്പെടുത്തിയെടുക്കാൻ കഴിയുകയെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇത് പറയുമ്പോൾ ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ നമ്മുടെ സർക്കാർ ജീവനക്കാരുടെ പ്രായപരിധി ഉയർത്തുന്നതിനെക്കുറിച്ച് വളരെ സജീവമായ ചർച്ച നടക്കുകയാണ്. നമ്മളതിനെക്കുറിച്ച് പറയുമ്പോൾ നിഷേധാത്മകമായ സമീപനം കൈക്കൊള്ളുന്നത് ശരിയല്ല. എല്ലാ സംസ്ഥാനങ്ങളിലും പ്രായപരിധി വർദ്ധിപ്പിച്ചു, കേന്ദ്ര സർവ്വീസിലെ പ്രായപരിധി വർദ്ധിപ്പിച്ചിരിക്കുന്നു. തൊഴിലില്ലാത്ത നമ്മുടെ ചെറുപ്പക്കാരുടെ പ്രശ്നങ്ങളുണ്ട്. ഇത് ഒരു പാക്കേജായി എടുത്ത്, കാരണം മറ്റ് സംസ്ഥാനങ്ങളിലെ സ്ഥിതിയും, കേന്ദ്ര ഉദ്യോഗസ്ഥന്മാർക്കുള്ള സൗകര്യവും കണക്കിലെടുത്ത്, കേരളത്തിലെ പരിചയസമ്പന്നരായ ആളുകളെ നമ്മുടെ സംസ്ഥാനത്ത് സേവനം നടത്തുവാൻ ലഭ്യമാക്കാവുന്ന നിലയിൽ തൊഴിൽരഹിതരായ ചെറുപ്പക്കാർക്കുകൂടി പ്രയോജനകരമാകുന്ന രീതിയിൽ ഒരു പാക്കേജടിസ്ഥാനത്തിൽ ഈ കാര്യത്തിൽ തീരുമാനം എടുക്കേണ്ട സമയം വളരെ വൈകിയെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ആ നിലയ്ക്ക് ഇതിനെ കാണണം. അല്ലാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആളുകൾക്ക് തൊഴിൽ ലഭിക്കുവാൻ ഗവണ്മെന്റിൽ അവസരങ്ങൾ വളരെക്കുറവാണ്. പരിചയ സമ്പന്നരായവരുടെ സേവനം നമ്മുടെ മെഡിക്കൽ കോളേജുകളിൽ, നമ്മുടെ ചികിത്സാ മേഖലകളിൽ ഉറപ്പാക്കണം. പരിചയസമ്പന്നരായ ഡോക്ടർമാർ 55 വയസ്സിൽ പിരിഞ്ഞുപോകുകയാണ്. അവരുടെ സേവനം നമുക്ക് ലഭിക്കുന്നില്ല. അവരെയെല്ലാം സ്വകാര്യ സ്ഥാപനങ്ങൾ മാടി വിളിച്ചുകൊണ്ടുപോകുകയാണ്. ഇപ്പോൾ ഈ കാര്യങ്ങളിലൊക്കെ യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു സമീപനം നമുക്ക് സ്വീകരിക്കാൻ കഴിഞ്ഞില്ലെങ്കിൽ കേരളത്തിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിതത്തിൽ മാറ്റം ഉണ്ടാക്കാൻ കഴിയില്ല. ആ കാര്യങ്ങളെക്കുറിച്ചൊക്കെ ഒരു ശരിയായ സമീപനം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെതന്നെ ഗവണ്മെന്റ് ഉടമയിലുള്ള സ്ഥാപനങ്ങളിലെ ധൂർത്തും അഴിമതിയെക്കുറിച്ചുമെല്ലാം പറയാറുണ്ട്. ഗവണ്മെന്റ് ഉടമയിലുള്ള സ്ഥാപനങ്ങളുടെ സ്ഥിതി നമുക്കറിയാം. പൊതുമേഖലാ സ്ഥാപനങ്ങൾ തകർന്നിരിക്കുന്നു. എന്താ കാരണം; തകർച്ചയ്ക്ക് കാരണം. ആഗോളവൽക്കരണം മാത്രമല്ല, മാനേജുമെന്റിന്റെ പ്രശ്നം കൂടിയാണ്. സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളിലെ മേധാവികളാണ് ഇപ്പോൾ വിജിലൻസ് അന്വേഷണത്തെ നേരിടുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ ഒരു മറുപടിയിൽ പറഞ്ഞു. സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങളുടെ മേധാവികളായ 34 പേർക്കെതിരെ വിജിലൻസ് അന്വേഷണവും 5 പേർക്കെതിരായി വിജിലൻസ് കേസുകളുടെ അന്വേഷണവും നടന്നുവരുന്നു. നൂറിലേറെ പൊതുമേഖലാസ്ഥാപനങ്ങളാണ് ഗവണ്മെന്റുടമയിലുള്ളത്. അതിൽ 36 സ്ഥാപനങ്ങളിലെ മേധാവികൾക്കെതിരായി വിജിലൻസ് അന്വേഷണം നടക്കുന്നത് ഗവണ്മെന്റ് ഗൗരവമായി എടുക്കുന്നുണ്ടോ? അത് പരിശോധിക്കേണ്ട കാര്യമാണ്. ഇങ്ങനെയുള്ള ഉദ്യോഗസ്ഥന്മാരെ, മേധാവികളെ

LIBRARY ARCHIVES Kerala Legislative Assembly

ഈ രംഗങ്ങളിൽ നിന്ന് മാറ്റുവാനും കാര്യക്ഷമതയുള്ള ആളുകളെ അവിടെ കൊണ്ടുവരാനും വിപ്ലവകരമായ നീക്കങ്ങൾ ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. ഈ പൊതുമേഖലാസ്ഥാപനങ്ങൾ തകരുന്നത് ആഗോളവൽക്കരണംകൊണ്ടാണെന്നാണ് എല്ലാപേരും പറയുന്നത്. ഇതിന്റെ മാനേജുമെന്റ്, അതിന്റെയകത്തുള്ള ധൂർത്ത്, ഇതിന് പരിഹാരം ഉണ്ടാക്കുന്നതിനെക്കുറിച്ച് . ഗൗരവമായ ഒരു ആലോചന ഉണ്ടാകുന്നില്ല എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടുതന്നെ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥന്മാരെ അതിൽനിന്ന് മാറ്റി നിർത്തുവാൻ ശ്രമിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഐ.പി.എസ്.-കാരായാലും ഐ.എ.എസ്. കാരായാലും മാനേജ്മെന്റ് വിദഗ്ദ്ധൻമാരായാലും അവരെ ഏത് പൊതുമേഖലാ സ്ഥാപനത്തിൽ വയ്ക്കുന്നതിനും കുഴപ്പമില്ല. കാര്യക്ഷമതയോടെ കാര്യങ്ങൾ നടത്തുന്നുണ്ടോ എന്നതാണ് പ്രശ്നം. അവർ അവിടെ അഴിമതിയും ധൂർത്തും നടത്തുന്നതിന് നേതൃത്വം കൊടുക്കുന്നു എന്നുള്ളതാണ് ഇവിടുത്തെ പ്രശ്നം. ഇങ്ങനെ വരുന്ന പലരെക്കുറിച്ചും വളരെയേറെ ആക്ഷേപം ഉയർന്നുവരുന്നുണ്ട്. ആക്ഷേപം ഉയർന്നുവരുന്നവരെ വീണ്ടും വീണ്ടും നിയമിക്കുന്നു. ഒരു സ്ഥാനത്ത് ആക്ഷേപം ഉണ്ടായാൽ അതിലും മെച്ചപ്പെട്ട പോസ്റ്റിംഗ് കൊടുക്കുന്നു. ഇതു തുടർന്നുവരുന്നതാണ്. നിങ്ങളുടെ കാലത്തും പരിശോധിച്ചാൽ കാണാൻ കഴിയുന്നതാണ്. ഇതിനൊക്കെ ശക്തമായ നിലപാട് നമുക്ക് സ്വീകരിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ നമ്മുടെ ഭരണരംഗം സംശുദ്ധമാക്കാൻ കഴിയൂ. അതിനുള്ള നീക്കങ്ങൾ ഉണ്ടാവണം. എല്ലാവരുടെയും ഭാഗത്തുനിന്നും അനുകൂലമായ നീക്കം ഉണ്ടെങ്കിൽമാത്രമേ നടക്കൂ. ഗവൺമെന്റുകൾ മാറിമാറിവരുന്ന നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടുത്തെ കാര്യങ്ങളിൽ എല്ലാം തുല്യമായ ഉത്തരവാദിത്വവും പങ്കാളിത്തവും എല്ലാവർക്കുമുണ്ട്. എന്നാൽ പലപ്പോഴും അത് വിസ്മരിക്കപ്പെടുന്നു. ഇതെല്ലാം പണ്ടേ ഇവിടെ തുടർന്നുവരുന്ന കാര്യങ്ങൾ ആണ്. ഇതിന് മാറ്റം ഉണ്ടാകേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതുപോലെ തന്നെ നമ്മുടെ പ്രോജക്ടുകൾ, കാലതാമസം വരുന്നതുകൊണ്ടുണ്ടാകുന്ന അധിക ബാധ്യതകൾ വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഇവിടെ പി.ഡബ്ല്യു.ഡി. മാനുവൽ ഒക്കെ ഉണ്ട്. ഇതിലൊക്കെ മാറ്റങ്ങൾ ഉണ്ടാവണം ഒരു പ്രോജക്ട്, ഒരു വർക്ക് കൊടുക്കുമ്പോൾ കരാറുകാരന് ഉത്തരവാദിത്വമുണ്ടാവണം. അത് സൂപ്പർവൈസ്ചെയ്യുന്ന എൻജിനീയർമാർക്ക് ഉത്തരവാദിത്വം ഉണ്ടാവണം. ഉത്തരവാദിത്വം വന്നാൽ അതിന്റെ ഗുണമേൻമ നമുക്കറിയാമല്ലോ; പഴയകാലങ്ങളിലുള്ള പല വർക്കുകളും പല കെട്ടിടങ്ങളും പ്രത്യേകിച്ച് നമ്മുടെ സർക്കാർ കെട്ടിടങ്ങൾ വളരെ ഭംഗിയായി നില നിൽക്കുന്നുണ്ട്. പല വർക്കുകളുടെയും ഗുണമേൻമ ഒന്നു പരിശോധിക്കേണ്ടതാണ്. അധികാര വികേന്ദ്രീകരണം വന്നു ജനപ്രതിനിധികളും മറ്റുമൊക്കെ താഴെതട്ടിൽ ഒരുപാടു നിർമ്മാണ പ്രവർത്തനങ്ങളും കാര്യങ്ങളും നടത്തുന്നു. ഇതിന്റെയൊക്കെ ഗുണമേൻമ പരിശോധിച്ചിട്ടുണ്ടോ. അവയുടെയൊക്കെ സ്ഥിതി വളരെ മോശമാണ്. പഴയ കാലഘട്ടങ്ങളിലെ സ്ഥിതി തിരിച്ചുകൊണ്ടുവരാൻ കഴിഞ്ഞാൽ. ഉത്തരവാദിത്വം വേണം ,അക്കൗണ്ടബിലിറ്റി വേണം. കരാറുകാരനായാലും ഒരു ഉത്തരവാദിത്വം നിർണ്ണയിക്കുക. പി.ഡബ്ല്യു.ഡി.മാനുവലിലൊക്കെ കാലാനുസൃതമായ മാറ്റം വരുത്തുവാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഭരണരംഗത്ത് കാര്യക്ഷമത വർദ്ധിപ്പിക്കുവാനും കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഭംഗിയായി കൊണ്ടുപോകാനുമൊക്കെ കഴിയുകയുള്ളു എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ഭരണ പരിഷ്കാര കമ്മീഷനുകളൊക്കെ രണ്ടുമുന്നെണ്ണം വന്നു. ഐക്യ കേരള രൂപീകരണത്തിനുശേഷം വളരെ നല്ല നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതൊന്നും പ്രാവർത്തികമാകുന്നില്ല. നടപടിക്രമങ്ങളിൽ മാറ്റം വന്നില്ല. ഫയൽ പോകുന്ന തട്ടുകളുടെ എണ്ണം കുറയ്ക്കണം. അതിനൊന്നും ശ്രമിച്ചിട്ടില്ല. ഇത്രയുംകാലം മുന്നോട്ടുപോയിട്ടും 1920 കാലഘട്ടങ്ങളിൽ, അന്ന് അയ്യായിരവും പതിനായിരവും ഫയലുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഒന്നോ ഒന്നരലക്ഷമോ ഫയലുകളായിട്ടും ഇതിന്റെ തട്ടുകളുടെ എണ്ണം കുറച്ചുകൊണ്ട് തീരുമാനം എടുക്കേണ്ടവയിൽ തീരുമാനം എടുക്കുന്നില്ല. മന്ത്രിമാർ തന്നെ പഴയ കാലഘട്ടങ്ങളിൽ സ്വന്തം അഭിപ്രായം എഴുതുമായിരുന്നു. ഇപ്പോൾ പലരും മേലൊപ്പുവയ്ക്കുന്ന സ്ഥിതിയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. സെക്രട്ടറി ഒപ്പുവച്ചതിന് താഴെ ഒപ്പുവയ്ക്കും. സ്വന്തമായി അഭിപ്രായം എഴുതാനും തീരുമാനമെടുക്കാനും ജനങ്ങൾക്കുവേണ്ടി ആ ഉത്തരവാദിത്വം ഏറ്റെടുക്കാനും തയ്യാറാകുന്ന ഡിസിഷൻ മേക്കിംഗിൽ ഒരു ധീരമായ കാൽവയ്പുവയ്ക്കാൻ തയ്യാറായില്ലെങ്കിൽ ഭരണരംഗത്ത് കാര്യമായ മാറ്റം ഉണ്ടാക്കാൻ കഴിയില്ല. പുതിയ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മുഖ്യമന്ത്രിതന്നെ അദ്ദേഹത്തിന്റെ ജനസമ്പർക്ക പരിപാടിയിൽ പറഞ്ഞു. പല കാര്യങ്ങളും നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന് അതു പരിശോധിച്ചുകൊണ്ട് അത് പ്രായോഗികതലത്തിൽ കാര്യങ്ങൾ നടപ്പിലാക്കാൻ കഴിയുന്ന രീതിയിൽ ഭരണരംഗം സംശുദ്ധമാക്കാനും മുനഷ്യമുഖം നൽകുവാനും തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഭൂമുഖത്തുള്ള എല്ലാമനുഷ്യരുടെയും ആവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള വിഭവങ്ങൾ, സാധനസാമഗ്രികൾ ഇവിടെ ഉണ്ട്. എന്നാൽ ഒരാളുടെ ദുരപോലും തൃപ്തിപ്പെടുത്താൻ അത് മതിയാവുകയില്ല. ഒരിക്കലും തൃപ്തിപ്പെടുത്താനാവാത്ത ആർത്തിയാണ് സമൂഹത്തിന്റെ ചാലകശക്തിയെന്ന് ഒരു തത്വചിന്തകൻ പറഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് കഴിഞ്ഞകാലങ്ങളിൽ ചെയ്തതും ഇനി ചെയ്യേണ്ടതുമായ കാര്യങ്ങൾ ജനങ്ങളുടെ ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ളതായിരിക്കണം എന്നാണ് എനിക്കുപറയാനുള്ളത്. "Need and Greed" ആർത്തിയും ആവശ്യവും ഉണ്ട്. ആർത്തിയെ തൃപ്തിപ്പെടുത്താൻ ആർക്കും സാധ്യമല്ല. പക്ഷേ ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള പരിശ്രമങ്ങളിലാണ് കഴിഞ്ഞകാലങ്ങളിൽ ഈ ഗവൺമെന്റ് ഏർപ്പെട്ടത് എന്നു പറയാൻ എനിക്ക് സന്തോഷം മാത്രമേയുള്ളു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന കാലഘട്ടവും ഇപ്പോൾ ഇന്ത്യയിലും ലോകത്തും നിലനിൽക്കുന്ന സാമ്പത്തിക സാഹചര്യങ്ങളും ഈ കേരളത്തിന്റെ വികസനവുമായി പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ഒരു പ്രതിഭാസമാണ്. അത് വിസ്മരിച്ചുകൊണ്ട് കേരളത്തിന്റെ വികാസത്തെക്കുറിച്ചു സംസാരിക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇപ്പോൾ കേരളം വളരെ ജാഗ്രതയോടുകൂടി മുന്നോട്ടുപോകേണ്ട ഒരു സമയമാണ്. ഇപ്പോൾ പൊതുഭരണത്തെക്കുറിച്ചു സംസ്ഥാന ഭരണതലവൻമാർ, ആസ്ഥാന ഉദ്യോഗസ്ഥർ, മന്ത്രിമാർ തുടങ്ങിയവയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയാണ് ചർച്ച ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ഗാലറികളിൽ ഒന്നും വകുപ്പുതലവൻമാരോ, ആസ്ഥാന ഉദ്യോഗസ്ഥൻമാരോ ഉണ്ടോ എന്ന് ഇവിടെ നിന്ന് നോക്കിയിട്ട് എനിക്ക് കാണാൻ കഴിയുന്നില്ല. അടുത്തുപോയി പരിശോധിച്ചാൽ അറിയാം. അവരൊക്കെ ഇക്കാര്യങ്ങളിൽ എത്രമാത്രം താത്പര്യം കാണിക്കുന്നു എന്നതിന്റെ ഒരു തെളിവാണ്. ഉദ്യോഗസ്ഥൻമാരായ ആളുകളെ പണിയെടുപ്പിക്കാൻ പ്രാപ്തിയുള്ള ഒരു ഗവൺമെന്റാണ് ഇന്ന് കേരള സംസ്ഥാനത്ത് ആവശ്യമായിട്ടുള്ളത്. വാസ്തവത്തിൽ ജനപ്രതിനിധികൾക്കുള്ളതുപോലെതന്നെ ഉത്തരവാദിത്വം ഉദ്യോഗസ്ഥന്മാർക്കും ജനങ്ങളോട് ഉണ്ട്. കുഞ്ഞുണ്ണിമാഷ് പാടിയിട്ടുണ്ട് "സേവനക്കാരെല്ലാം വേതനക്കാരായ നാളുതൊട്ടീ നാടും നാശമായി" "പണ്ടൊക്കെ പണി മുന്നേ കൂലി പിന്നെ, ഇപ്പോൾ കൂലി മുന്നേ പണി പിന്നേയുമില്ല" എന്നാണ് കുഞ്ഞുണ്ണിമാഷ് പാടിയിട്ടുള്ളത്. ഇന്ന് ബ്യൂറോക്രസിയുടെ അഴിഞ്ഞാട്ടത്തെക്കുറിച്ച് ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കണം എന്നാണ് ആമുഖമായി എനിക്ക് കാര്യത്തിൽ പറയാനുള്ളത്. ഈ സംസ്ഥാന ഗവൺമെന്റ് നമ്മുടെ വികസനത്തിന്റെ കാര്യത്തിൽ ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് ഒരു വമ്പിച്ച മുന്നേറ്റം നടത്തിയിട്ടുണ്ട്. അടുത്ത കാലത്തുവന്ന വല്ലാർപാടം കണ്ടെയ്നർ ടെർമിനലും അതുപോലെതന്നെ കായംകുളം താപവൈദ്യുത നിലയത്തിന്റെ രണ്ടാം ഘട്ടവുമൊക്കെ വികസനരംഗത്ത് ഒരുപാടുപുതിയ മാറ്റങ്ങൾ ഉണ്ടാക്കാൻ നമ്മുടെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. എന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. ആലോചിക്കേണ്ട മറ്റൊരു കാര്യം എല്ലാ സംഗതികളും ഒരു ഗവണമെന്റിനെക്കൊണ്ടുതന്നെ ചെയ്യാൻ സാധിക്കുന്ന കാലഘട്ടമല്ലിത്. 1994 ഏപ്രിൽ 25-ന് മരാക്കേഷ് എന്നുപറയുന്ന സ്ഥലത്ത് വച്ച് (മൊറോക്കോയിൽ ആണത്) ഒപ്പുവച്ച General Agreement on Trade and Tariff എന്നു പറയുന്ന ഉടമ്പടിയുടെയും അതിനെ തുടർന്ന് World Trade Organisation രൂപീകരിച്ച 1995 ജനുവരി ഒന്നാം തീയതി രൂപംകൊണ്ട ലോക വ്യാപാര സംഘടനയുടെയും നിയന്ത്രണത്തിലാണ് ലോകത്തിലെ കാര്യങ്ങൾ എല്ലാം നടക്കുന്നത്. എന്നു മനസ്സിലാക്കികൊണ്ടുതന്നെ അതിന്റെ പ്രത്യാഘാതങ്ങളും ദുരനുഭവവും കേരളീയർക്ക് അനുഭവപ്പെടാതെ മുന്നോട്ടുകൊണ്ടുപോകാൻ വളരെ സന്തുലിതാവസ്ഥ കാത്തുസൂക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകേണ്ട ഒരു ജോലിയാണ് നമ്മുടെ ഗവൺമെന്റിന് ഇക്കാലത്ത് നിറവേറ്റാനുള്ളത് എന്ന കാര്യം ആരും വിസ്മരിക്കാൻ പാടില്ല. അതുകൊണ്ട് ഇവിടെ പ്രാഥമിക മേഖല എന്നുപറയുന്നത് കൃഷിയും ദ്വിതീയമേഖല എന്നുപറയുന്നത് വ്യാവസായിക മേഖലയും തൃതീയ മേഖല എന്നുപറയുന്നത് സേവന മേഖലയുമാണ്. കാർഷിക മേഖലയും വ്യാസായിക മേഖലയും മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധങ്ങളുടെ മേഖലയാണെങ്കിൽ സേവന മേഖല മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ മേഖലയാണ്. സേവനമേഖലയ്ക്ക് വളരെയേറെ പ്രാധാന്യം കിട്ടുന്ന കാലഘട്ടത്തിലാണ് ഫയലുകൾ ഇവിടെ കുമ്പാരമായി കിടക്കുന്നതിനെക്കുറിച്ച് എന്റെ മറ്റു സ്നേഹിതൻമാർ ഇവിടെ പറഞ്ഞത്. സുമാർ ഒന്നരലക്ഷത്തോളം ഫയലുകൾ കെട്ടിക്കിടക്കുന്നുവെന്നാണ് സെക്രട്ടേറിയറ്റിൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്. കേരള മുഖ്യമന്ത്രി ചെയ്ത ഒരു വമ്പിച്ച ജനസമ്പർക്ക പരിപാടിയിലൂടെ ഇതുവരെ ഉണ്ടായിട്ടില്ലാത്ത വിധം മാതൃകാപരമായി ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നുകൊണ്ട് ഒരു ജനസമ്പർക്ക പരിപാടിയിലൂടെ ധാരാളം ഫയലുകൾ ഡിസ്പോസുചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

ഇനിയും അനേകായിരം ഫയലുകൾ ജനജീവിതവുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്നത് നിർഭാഗ്യകരമാണ്. ഭരണ പരിഷ്കാര കമ്മീഷനുകളും ധാരാളമുണ്ടായിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള മാറ്റങ്ങൾ ഒന്നും ആ രംഗത്ത് വന്നിട്ടില്ല. എം.ജി.പി. ഇവിടെ വളരെ സജീവമായി നടക്കുന്നുണ്ടെങ്കിലും എം.ജി.പി. പോലും വേണ്ടത്ര ഫലപ്രദമായി നടക്കുന്നുണ്ടോ എന്ന് എനിക്ക് സംശയമാണ്. ഗവൺമെന്റിന്റെ ഭരണപരിഷ്കാര പദ്ധതികൾക്ക് കൂടുതൽ സ്പീഡ് ഉണ്ടാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇവിടെ വിദ്യാഭ്യാസ രംഗത്തും സ്വയംഭരണ വകുപ്പിലും ഓരോ രംഗങ്ങളിലെയും കാര്യങ്ങൾ പറയാൻ സമയമില്ല. പക്ഷേ വിദ്യാഭ്യാസരംഗത്ത് വിദേശ സർവ്വകലാശാലകൾ വരുന്നതിനെക്കുറിച്ച് രാവിലെ ഒരു ചർച്ച നടന്നിരുന്നു.

ശ്രീ. ബിനോയ് വിശ്വം : സർ, അങ്ങയുടെ പ്രസംഗത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞ greed and need-നെപ്പറ്റി എനിക്ക് ലളിതമായ ഒരു ചോദ്യമുണ്ട്. ഉദ്യോഗ നിയമനങ്ങളിൽ പിന്നോക്ക വിഭാഗത്തിന് അർഹതപ്പെട്ട സംവരണം വേണം എന്ന ആവശ്യം greed ആണോ need ആണോ എന്നും സർക്കാർ നയത്തിനോട് അങ്ങ് യോജിക്കുന്നുണ്ടോ എന്നും അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ : അദ്ദേഹം ഉദ്ദേശിച്ചത് സംവരണമാണ് ഞാൻ അതിലേയ്ക്ക് വരാം. അത് need ആണ്, greed അല്ല. It is not a greed. വിദ്യാഭ്യാസരംഗത്ത് വിദേശ സർവ്വകലാശാലകൾ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി ഇംഗ്ലണ്ടിലും അമേരിക്കയിലുമൊക്കെ പോയി പഠിക്കാൻ വിദ്യാർത്ഥികൾ എത്രയേറെ ആഗ്രഹിക്കുന്നുണ്ട്. അതിന് യോഗ്യതയുള്ള ബ്രില്യന്റായിട്ടുള്ള കുട്ടികൾ നമുക്കുണ്ട്. പക്ഷേ ഇരുപത്തഞ്ചുലക്ഷവും അൻപതുലക്ഷവുമൊക്കെ ചെലവാക്കി അവിടെ ഒരു വിസ സമ്പാദിക്കുക എന്നുപറഞ്ഞാൽ അത് എളുപ്പമല്ല അവിടെ പോയി ഉന്നതപഠനം നടത്തുന്നത് എങ്ങനെയാണ്. ബുദ്ധിമുട്ടാണ്. എവിടെ ഇരുന്നുകൊണ്ട് വിദേശ സർവ്വകലാശാലകളുടെ ബിരുദം വാങ്ങുന്നതിനുള്ള സംവിധാനങ്ങളുണ്ട്. അതേസമയം വിദേശ സർവ്വകലാശാലകളുടെ കാമ്പസുകൾ നമ്മുടെ സംസ്ഥാനത്തുണ്ടായാൽ ഇന്നുപോകാൻ സാധിക്കുന്നതിലേറെ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം കിട്ടുമെന്നുള്ളത് ന്യായമായ കാര്യമാണ്. അതുകൊണ്ട് അത്തരം സർവ്വകലാശാലകൾ ഒക്കെ നമ്മുടെ എല്ലാ സുരക്ഷിതത്വവും നിലനിർത്തിക്കൊണ്ടുതന്നെ സ്വാഗതം ചെയ്യേണ്ടതുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തദ്ദേശസ്വയംഭരണ രംഗത്ത് നാം പരീക്ഷിച്ച പഞ്ചായത്തീരാജ് സംവിധാനം ഗ്രാമസഭകളിൽ ആരാണുകൂടുന്നത്. ഗ്രാമസഭകളിൽ വളരെ കുറച്ച് ആളുകൾ മാത്രമാണ്, ഇടത്തരക്കാരായ ബഹുഭൂരിപക്ഷം ആളുകളേയും ഗ്രാമസഭകളിലേയ്ക്ക് എന്തുകൊണ്ടാണ് ആകർഷിക്കാൻ കഴിയാത്തത് തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സജീവമായി ആലോചിക്കേണ്ടതാണ്. കുടുംബശ്രീ വളരെ മാതൃകാപരമായി നടക്കുന്ന ഒരു പദ്ധതിയാണ്. ധാരാളം ഗ്രാമീണ തൊഴിൽരഹിതരായ സ്ത്രീകളെ ഐക്യത്തിൽ കൊണ്ടുവരുന്നതിനും അവർക്ക് ജോലി ഉണ്ടാക്കിക്കൊടുക്കുന്നതിനും കുടുംബശ്രീവഴി നമുക്ക് സാധിച്ചിട്ടുണ്ട്. ആ രംഗത്തൊക്കെ വലിയ മുന്നേറ്റം നടത്തിയ ഗവൺമെന്റാണ് കേരളത്തിലേത്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ എക്സ്പ്രസ് വേ പലപ്പോഴും ചർച്ച ചെയ്തിട്ടുള്ളതാണ്. അനുകൂലവും പ്രതികൂലവുമായ, അനുകൂലിയും പ്രതികൂലിയുമുണ്ട്. രണ്ടും കൂലിക്കാരാണ്. ഇവയുണ്ടായിട്ടും എക്സ്പ്രസ് വേ മാതിരി ഒരു പശ്ചാത്തല സൗകര്യത്തിന്റെ വികാസത്തെക്കുറിച്ച് വമ്പിച്ച ചർച്ച നടന്ന സംസ്ഥാനമാണ് കേരളം. അതു നമ്മൾ പൂർണ്ണമായി ഉപേക്ഷിക്കാതെ എന്തെങ്കിലും മാറ്റം വരുത്തി കൊണ്ടുവരാൻ സാധിക്കുമോ എന്ന് ആലോചിക്കേണ്ട സമയമാണിത്. മുപ്പതുലക്ഷം വാഹനങ്ങൾ ഉള്ള കേരളത്തിൽ അതിനനുസരിച്ച റോഡുകൾ വന്നിട്ടില്ല എന്നുള്ളത് നമുക്കറിയാവുന്ന കാര്യമാണ്. നമുക്ക് 1291 ട്രാഫിക് പോലീസുകാരാണുള്ളത്. കൃത്യമായ നമ്പർ ആണ്. 1291 ട്രാഫിക് പോലീസ് ആണ് മുപ്പതുലക്ഷം വാഹനങ്ങൾ നിയന്ത്രിക്കാൻ സംസ്ഥാനത്തുള്ളത്. ഇത്രയും ട്രാഫിക് പോലീസുകാരെക്കൊണ്ട് അതു സാധിക്കുമോ; വികാസത്തെക്കുറിച്ച് ആലോചിക്കുന്ന നമുക്ക് ഈ രംഗത്ത് മാറ്റം വരുത്തുന്നതിന് എന്തുകൊണ്ട് സാധിക്കുന്നില്ല. അപ്പോൾ അപകട നിവാരണത്തെക്കുറിച്ചു പറയുമ്പോൾ നമുക്കാവശ്യമായ ഗതാഗത നിയന്ത്രണ സംവിധാനമുണ്ടോ? ആവശ്യമായ പോലിസ് ഉണ്ടോ? എല്ലാ വകുപ്പുകളും അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. അതുപോലെ അടുത്ത കാലത്ത് നമ്മുടെ
11 A.M.] സംസ്ഥാനത്ത് വളർന്നുകൊണ്ടിരിക്കുന്ന മാഫിയാ സംഘങ്ങളുടെ വളർച്ച പോലുള്ള പ്രശ്നങ്ങൾ അതൊന്നും ഒരു ഗവൺമെന്റിന്റെ പ്രശ്നം അല്ല. ഇടതുപക്ഷ ജനാധിപത്യമുന്നണിയെന്നോ ഐക്യജനാധിപത്യ മുന്നണിയെന്നോ ഉള്ള പ്രശ്നമല്ല കേരളത്തിന്റെ സാമൂഹ്യ വികാസത്തിൽ സംഭവിച്ചിട്ടുള്ള ചില വ്യതിയാനങ്ങളും ജീർണതകളും ആണ് അതിന് കാരണമായി തീർന്നിട്ടുള്ളത് ആ ഗുണ്ടായിസത്തിനെ തടയുന്നതിനുവേണ്ടി ഇന്ന് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണ്. അതുകൊണ്ട് മാഫിയാ സംഘങ്ങളെ നിയന്ത്രിക്കുന്നതിനാവശ്യമായിട്ടുള്ള ഒരു ആക്ട് ഉണ്ടാക്കേണ്ടത് അത്യാവശ്യമായിട്ടുള്ള കാര്യമാണ്. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. നമുക്ക് എന്തൊക്കെ പ്രാരാബ്ധങ്ങളുണ്ടെങ്കിലും ഇതൊക്കെ നമ്മുടെ ഗവൺമെന്റിന് ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. കുഞ്ഞുണ്ണിമാഷ് പാടിയിട്ടുണ്ട് "പിന്നോട്ടുമാത്രം മടങ്ങുന്ന കാലുകൊണ്ടല്ലോ മുന്നോട്ടുപായുന്നിതാളുകൾ" എന്നു പറഞ്ഞതുപോലെ ഈ ഗവൺമെന്റിന് എത്ര പരിമിതികൾ ഉണ്ടെങ്കിലും ഇതുപോലുള്ള പല കാര്യങ്ങളും ചെയ്യുന്നതിന് ഭാവനാസമ്പന്നമായി പോകാൻ സാധിക്കുന്ന ഒരു ഗവൺമെന്റ് ആണ്. ഇടതുപക്ഷത്തുള്ള അംഗങ്ങൾ സാധാരണ സംസാരിക്കുമ്പോൾ അവർ എടുക്കുന്ന നിലപാട് വളരെ പഴഞ്ചനാണ്. പാരമ്പര്യവാദികളുടെ ഒരു സമീപനമാണ് അവർ സ്വീകരിക്കുന്നത്. അതൊന്നു പുനഃപരിശോധിക്കണം. പരിഷ്കരണ വാദികൾ വിജയിച്ചതിൽ ഞാൻ സന്തോഷിക്കുന്നു. പരിഷ്ക്കരണ വാദികളാണ് സിപി.(ഐ.)എം.-ന്റെ സംസ്ഥാനസമ്മേളനത്തിൽ വിജയം വരിച്ചത് പാരമ്പര്യവാദികളെ പരാജയപ്പെടുത്താൻ സാധിച്ചു. 12 പേരാണ് മത്സരിച്ചതെങ്കിലും "12 മക്കളെ പെറ്റൊരമ്മേ നിന്റെ മക്കളിൽ ഞാനാണനാഥൻ" എന്ന അവസ്ഥ വന്നു. അതിന്റെ നേതൃത്വം കൊടുത്ത ആളും 12 പേരും പരാജയപ്പെട്ടു. പരിഷ്കരണ വാദികൾ ലോകത്തെക്കുറിച്ച് പുതിയ വീക്ഷണമുള്ളവർ തെറ്റുതിരുത്തിയ സോഷ്യലിസം

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ ഉന്നതമുതലാളിത്ത സമൂഹം തുടങ്ങിയ നാലാം ലോക സിദ്ധാന്തവുമായി ബന്ധപ്പെട്ട കാര്യങ്ങളോട് ആഭിമുഖ്യമുള്ള പരിഷ്കരണ കാര്യങ്ങളിൽ താത്പര്യമുള്ളവർ ഈ കേരളത്തിന് ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയകക്ഷിയുടെ തലപ്പത്ത് വന്നതിൽ ഞങ്ങൾ സന്തുഷ്ടരാണ്. അവർ അത് ആ സെൻസിൽ കാണാതെ എപ്പോൾ സംസാരിച്ചാലും മലപ്പുറം പിടിച്ചു എന്നാണ് പറയുന്നത്. മലപ്പുറം പിടിത്തം അല്ല ഉണ്ടായത്. ഇവിടെ വന്നിട്ടുള്ള ഐഡിയോളജിക്കൽ ആയിട്ടുള്ള ചേഞ്ച് പരിഷ്കരണ കാര്യങ്ങൾക്ക് ഒരു മുൻകൈ കിട്ടുന്നത് കേരളത്തെ സംബന്ധിച്ച് ഒരു പ്രതീക്ഷ നൽകുന്നതാണ്. അവരുടെ നിഷേധാത്മകമായ സമീപനങ്ങൾക്ക് മാറ്റം വരുന്നതിന്റെ സൂചനയായിട്ട് കാണാമെങ്കിൽ കേരളത്തിൽ ഈ ഗവൺമെന്റിന് അതൊരു സഹായകരമായ കാര്യമായിരിക്കുമെന്ന് ഞാൻ കരുതുന്നു. മലപ്പുറത്തു നടന്നതുകൊണ്ട് മലപ്പുറം പിടിക്കാനൊന്നും സാധ്യമല്ല. വരുന്ന ഏപ്രിലിൽ നടക്കുന്ന പാർട്ടി കോൺഗ്രസ് ഡൽഹിയിൽ ആണ്. അപ്പോൾ ഡൽഹി ഭരിക്കുന്ന ശ്രീമതി. ഷീലാ ദീക്ഷിത് ഔട്ടാകുമോ; ഡൽഹി ഭരണം പോകുമോ; ഡൽഹി പാർട്ടി കോൺഗ്രസ് കഴിഞ്ഞാൽ ഇതുപോലെ എത്ര സമ്മേളനങ്ങൾ എത്ര ഇടങ്ങളിൽ നടന്നു. 1920-ൽ താഷ്കെന്റിൽ വച്ചാണ് കമ്മ്യൂണിസ്റ്റുപാർട്ടി ഉണ്ടായത് എന്ന് ഒരു ശ്രുതിയുണ്ട്. അതുപോലെ 1925-ൽ കാൺപൂരിൽ ആണ് ഉണ്ടായതെന്നും.

ശ്രീ. ഇസ്ഹാക് കുരിക്കൾ : റഷ്യയിലാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കൂടുതൽ ശക്തമായി വളർന്നത്. ഇന്ന് റഷ്യയിൽ അത് തകർന്നുതരിപ്പണമായി ഛിന്നഭിന്നമായിക്കൊണ്ടിരിക്കുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.എൻ.എ. ഖാദർ. : എന്റെ ശ്രദ്ധയിൽ എപ്പോഴും പെട്ടിട്ടുള്ള കാര്യമാണ്. ഒരു സമ്മേളനമൊന്നുമല്ല കാര്യങ്ങൾ തീരുമാനിക്കുന്നത്. ഇനി നമ്മുടെ രാജ്യത്തെ ജനങ്ങളെക്കുറിച്ച് നമ്മുടെ രാഷ്ട്രീയ കക്ഷികൾക്കെല്ലാമുള്ള കാഴ്ചപ്പാടിൽ മാറ്റം വരണം. ജനങ്ങൾ നമ്മളെക്കാളും വിവരമുള്ളവരാണ്. നമ്മെളെക്കാളും കാര്യങ്ങൾ വിലയിരുത്താൻ കഴിവുള്ളവരാണ്.

ശ്രീ. മത്തായി ചാക്കോ : സി.പി.ഐ. വിട്ട് ലീഗിൽ ചേരുന്നസമയത്ത് കൊണ്ടോട്ടി സീറ്റ് അനുവദിച്ചല്ലോ, ആ സീറ്റ് അനുവദിക്കുന്ന സമയത്ത് ഉണ്ടാക്കിയ കരാറനുസരിച്ച് പത്തുമിനിറ്റ് സംസാരിക്കുന്ന സമയത്ത് മൂന്നുമിനിട്ടോ നാലുമിനിട്ടോ മാർക്സിസ്റ്റ് പാർട്ടിയെ ചീത്തപറയാമെന്ന് കരാറിലുണ്ടായിരുന്നോ ?

ശ്രീ. കെ. എൻ. എ. ഖാദർ. : ബഹുമാനപ്പെട്ട മത്തായി ചാക്കോ എല്ലാറ്റിനും ഇങ്ങനെ ഒരു ദുഷ്ടലാക്കോടുകൂടി കാണുന്ന ആളാണ്. പക്ഷേ പരിഷ്കരണ വാദികളുടെ വിജയത്തിനുശേഷം അദ്ദേഹത്തിനുമാറ്റം വരുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. പക്ഷേ അതിനാവശ്യമായ സമയം നമ്മൾ അനുവദിച്ചുകൊടുക്കണം. പാർട്ടി കോൺഗ്രസ്സുകൂടി കഴിയുന്നതുവരെ. അർത്ഥ ശൂന്യമായ ചോദ്യങ്ങൾക്കൊന്നും മറുപടി അർഹിക്കുന്നില്ല. രാഷ്ട്രീയകക്ഷികളെ സംബന്ധിച്ച് ആ രാഷ്ട്രീയകക്ഷികളുടെ കൊടിക്കീഴിലാണ് മുമ്പ് ജനങ്ങളുടെ എല്ലാ കാര്യങ്ങളും ഒതുങ്ങിയിരുന്നത് എന്ന ധാരണ ഉണ്ടായിരുന്നു. ഇപ്പോൾ അങ്ങനെയല്ല. മുംബൈയിൽ എന്തിനാണ് World Social Forum ചേരുന്നത്, പരിസ്ഥിതി പ്രസ്ഥാനങ്ങൾ, വനിതാ വിമോചന

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്ഥാനങ്ങൾ, കർഷകരുടെ പ്രസ്ഥാനങ്ങൾ അങ്ങനെ പാർട്ടികൾക്കും. രാഷ്ട്രീയ പാർട്ടികളുടെ വൃത്തത്തിനു പുറത്തും ജനകീയാവശ്യങ്ങൾ ഉയർത്തുന്നതിന് ധാരാളം പ്രസ്ഥാനങ്ങൾ വളർന്നുവരുന്നു. ഇതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത് പല ജനകീയ പ്രശ്നങ്ങളും രാഷ്ട്രീയ കക്ഷികളുടെ പരിധിക്കകത്ത് ഉൾപ്പെടുത്തുന്നില്ല. രാഷ്ട്രീയ കക്ഷികളുടെ എല്ലാ കാര്യങ്ങളും തീരുമാനിക്കുന്നത് പാർട്ടിയാണ് എന്നൊരു കാലമുണ്ടായിരുന്നു. ഇന്ന് ഒരു പാർട്ടിക്കും ജനങ്ങളുടെ എല്ലാ കാര്യങ്ങളും തീരുമാനിക്കാൻ സാധിക്കില്ല എന്ന അവസ്ഥയാണ് സംജാതമായിട്ടുള്ളത്. ഈ അവസ്ഥ സംജാതമായതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ ഉണ്ടായത്. രാഷ്ട്രീയ കക്ഷികൾ അതിനെക്കുറിച്ച് മനസ്സിലാക്കുകയും ജനങ്ങളുടെ അഭിപ്രായം, ജനങ്ങൾക്ക് നല്ല അറിവും വിദ്യാഭ്യാസവും ഉണ്ടെന്നുള്ള നിലയിൽ ചിന്തിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. നമ്മുടെ വികസനത്തെക്കുറിച്ചുള്ള സങ്കല്പം എന്താണ് എന്നതിനെക്കുറിച്ച് മുൻകാലങ്ങളെക്കാൾ എത്രയോ വലിയ ധാരണയുള്ളവമാണ് നമ്മുടെ നാട്ടിലെ ജനങ്ങൾ. അപ്പോൾ ആ ജനങ്ങൾക്കനുയോജ്യമായ തലത്തിൽ രാഷ്ട്രീയകക്ഷികളും അവരുടെ ചിന്തയിലും ഭൗതികമായ പ്രവർത്തനങ്ങളിലുമൊക്കെ മേന്മയും കഴിവും വർദ്ധിപ്പിക്കേണ്ട ഒരു സാഹചര്യം സംജാതമായിട്ടുണ്ട്. ഇപ്പോൾ പണ്ടത്തെപ്പോലെ ഒരു രാഷ്ട്രീയപാർട്ടി ഒരു വലിയ ശക്തിപ്രകടനം നടത്തിയതുകൊണ്ട് ജനങ്ങൾ അതിന്റെ കൂടെ ഒഴുകിപോകും എന്ന് വിശ്വസിക്കാനാവാത്ത കാലമാണ്. പല ശക്തിപ്രകടനങ്ങളെക്കുറിച്ചും ജനങ്ങൾക്കുള്ള അഭിപ്രായം ഭിന്നമാണ്. അത് ആളുകൾക്ക് ഒരു ശല്യമാണ്. ഒരു ബുദ്ധിമുട്ടാണ് എന്ന മട്ടിലാണ് പല പ്രകടനങ്ങളെയും ജനങ്ങൾ കാണുന്നത്. കാലത്തിനുവന്ന മാറ്റമാണ്. മുമ്പൊക്കെ പാർട്ടി പ്രവർത്തകൻമാരെ സമ്മേളനങ്ങൾക്ക് അയയ്ക്കുകയാണെങ്കിൽ ഇന്ന് പാർട്ടി പ്രവർത്തകൻമാർ ചെന്നെങ്കിലേ ഉള്ളൂ. അങ്ങനെ അയയ്ക്കാൻ പറ്റാത്ത കാലമാണ്. അതൊക്കെ വികസനത്തിന്റെ ഫലമായിട്ട് ഓരോ വ്യക്തികൾക്കും ഭൗതികമായിട്ടുണ്ടായിട്ടുള്ള ഡവലപ്പ്മെന്റാണ്. അതൊരു ദോഷമായിട്ടല്ല ഞാൻ കണ്ടത്. ആളുകൾക്കുണ്ടായിട്ടുള്ള വളർച്ച, ചിന്തയിലുണ്ടായ വളർച്ച, വിദ്യാഭ്യാസം, സാംസ്കാരികമായ ഉയർച്ച അതിനൊക്കെ അനുസരിച്ച് ജനങ്ങളെ നിയന്ത്രിക്കാൻ കഴിയുന്ന തരത്തിൽ രാഷ്ട്രീയ പാർട്ടികൾ വളർന്നിട്ടുണ്ടോ; രാഷ്ട്രീയപാർട്ടികൾ വളരാത്തതുകൊണ്ടാണ് നമ്മൾ ചർച്ചയിൽ പലപ്പോഴും വികസനപ്രവർത്തനങ്ങളെ എതിർക്കുന്ന ഒരു നിലപാട് സ്വീകരിക്കുന്നതെന്നാണ് ഞാൻ കരുതുന്നത്. വികസന പ്രവർത്തനങ്ങളെ എതിർക്കുന്ന നിലപാടുസ്വീകരിക്കുന്നതിനുള്ള കാരണം അതാണ്, നമ്മുടെ വളർച്ചയുടെ കുറവ്. ഈ നിയമസഭയിൽ ചോദിക്കാറുണ്ട്, മന്ത്രി ടെലഫോൺ ചെയ്തത് എത്ര, മന്ത്രി ചായകുടിച്ചതിന്റെ കാശെത്രയാണ് അതൊക്കെ ഒരു പക്ഷേ ലോകത്തിൽ ആകെ ചോദിക്കുന്നത് ഈ കേരളത്തിലായിരിക്കും. ഈ വക മൈനർ ആയിട്ടുള്ള കാര്യങ്ങളെക്കുറിച്ച് സൂക്ഷ്മമായി അന്വേഷിക്കുകയും അതു പൊടിപ്പും തൊങ്ങലുംവച്ച് പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന ഒരു രാജ്യം കേരളം മാത്രമായിരിക്കും. വികസന കാര്യത്തിൽ നമുക്കൊരു ദിശാബോധത്തോടുകൂടിയുള്ള കുതിച്ചുചാട്ടം വേണം ആ കുതിച്ചുചാട്ടത്തിന് തുടക്കം കുറിക്കുന്നതിൽ ഉമ്മൻചാണ്ടി ഗവൺമെന്റ് വിജയിച്ചിട്ടുണ്ട് എന്നത് നിസ്തർക്കമായിട്ടുള്ള കാര്യമാണ്. ഈ രീതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റിനെ സഹായിക്കുന്നതിന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ള സഹകരണം കൂടി ഉണ്ടായാൽ ഈ സംസ്ഥാനത്തെ മുന്നോട്ടുകോണ്ടുപോകാൻ വളരെവേഗം സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. കൂട്ടത്തിൽ മറ്റൊരുകാര്യം കൂടി പറയട്ടെ ഈ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചുള്ള ഒരു ചർച്ച നിയമസഭയിൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. നല്ല കാര്യമാണത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ സ്പെഷ്യൽ റിക്രൂട്ടുമെന്റിനുള്ള ശുപാർശ അവർ പറഞ്ഞിട്ടില്ലെങ്കിലും സുമാർ 18000 തസ്തികകൾ പിന്നോക്ക വിഭാഗങ്ങൾക്ക് കുറവു വന്നിട്ടുണ്ട് എന്നത് അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. അതിന് എങ്ങനെ പരിഹാരം കാണണം എന്നാലോചിക്കേണ്ടത് ഗവൺമെന്റാണ്. ഇപ്പോൾ സെക്രട്ടേറിയറ്റിന് മുൻപിൽ പിന്നോക്ക വിഭാഗങ്ങളുടെ ഒരു സംഘടനയുടെ സത്യാഗ്രഹം നടന്നുകൊണ്ടിരിക്കുകയാണ്. 10-ാം തീയതി ചർച്ച നടക്കുകയാണ്. 9-ാം തീയതി സെക്രട്ടേറിയറ്റ് മാർച്ച് ഉണ്ട്. ഈ കാര്യത്തിൽ എല്ലാ സമുദായങ്ങളുടെയും സഹായ സഹകരണം പിന്നോക്കക്കാർക്ക് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റ് വളരെ കർശനമായ നടപടികൾ സ്വീകരിച്ച് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ഒഴിവുകൾ നികത്തി പിന്നോക്കക്കാർക്ക് ആവശ്യമായ നിയമനം കൊടുക്കുന്നതിന് നടപടി സ്വീകരിക്കാത്തപക്ഷം ഞങ്ങളെപ്പോലുള്ള ആളുകൾക്ക് മറ്റുപല വഴികളും ആലോചിക്കേണ്ടിവരും എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. കെ. നാരായണക്കുറുപ്പ് : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇവിടെ ആകെപ്പാടെ നോക്കിയിട്ട് പ്രതിപക്ഷം ഈ രാജ്യം ഭരിക്കുന്ന കാലത്തുമാത്രമേ സമാധാനം ഉണ്ടാകൂ എന്ന് തോന്നിപ്പോവുകയാണ്. പ്രതിപക്ഷത്തുനിന്ന് ആദ്യം സംസാരിച്ച ആളുതന്നെ പ്രസംഗിച്ചപ്പോൾ ഇവിടെ ആകെപ്പാടെ കടലായി ഇവിടെയെല്ലാം കുഴപ്പമായി നാലഞ്ചുവർഷങ്ങൾക്കുമുൻപ് ഇവിടെല്ലാം സ്വർഗ്ഗമായിരുന്നു എന്നു തോന്നിപ്പോകുന്നു. വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണാനും അത് ഈ രാജ്യത്തെ എങ്ങനെ പ്രതിഫലിപ്പിക്കുന്നു അനുഭവിപ്പിക്കുന്നു എന്നു കാണാനും ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. അങ്ങനെയുള്ള വാചകങ്ങളോ സംസാരങ്ങളോ ഇവിടെ ഇല്ല. നമ്മുടെ ആവശ്യമെന്തെന്നും ആളുകളുടെ ബുദ്ധിമുട്ടെന്തെന്നും അത് പരിഹരിക്കാൻ എന്താണ് മാർഗ്ഗമെന്നും ഉള്ളതിനെപ്പറ്റിയല്ല കഴിഞ്ഞ ഗവൺമെന്റ് എന്തു ചെയ്തു എന്നും ആ ഗവൺമെന്റിന്റെ കുറ്റങ്ങൾ എടുത്തുപറഞ്ഞ് ഇത്രയും താത്പര്യത്തോടെ സമയം ചെലവഴിക്കേണ്ടിയില്ലായിരുന്നു എന്ന് തോന്നിപ്പോവുകയാണ്. പൊതുവേ ഒരു ഉൻമേഷത്തിന്റെ ലക്ഷണം കാണുന്നുണ്ട്. ഉമ്മൻചാണ്ടി ഗവൺമെന്റിനെ പുകഴ്ത്തുകയാണെന്ന് തെറ്റിദ്ധരിക്കേണ്ട; പൊതുവേ ഒരു ഉൻമേഷമുണ്ട്. ആ ഉൻമേഷം അതൊരു സമാധാനമാണ്. ആ സമാധാനം എന്തിന്റെ ആണെന്നറിഞ്ഞുകൂടാ ഏതായാലും പോലീസിനെ കൈവശം വച്ച് രാജ്യത്ത് സമാധാനം ഉണ്ടാക്കാം എന്നുള്ള തെറ്റിദ്ധാരണയൊന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇല്ല. പണ്ട് അതല്ല ഞങ്ങളുടെ കൈയിൽ പോലീസിരിക്കുമ്പോൾ പോലീസെവിടെ, അപ്പുറത്ത് പോലീസിരിക്കുമ്പോൾ പോലീസെന്ത് എന്നുള്ളതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ പോലീസിനെ കൈകാര്യം ചെയ്യുന്നതിൽ ഓരോ ഗവൺമെന്റും എടുത്തിരുന്ന നിലപാടുകളെക്കുറിച്ച് അക്കമിട്ടുപറയാൻ ഞാൻ ഒരുക്കമാണ്. അതുകൊണ്ട് രാജ്യം ഭരിക്കുമ്പോൾ തെറ്റുകളും കുറ്റങ്ങളുമുണ്ടാവും അതെല്ലാം കുറ്റമായി മാത്രം വ്യാഖ്യാനിക്കുന്ന ഇന്നത്തെ ചില

LIBRARY ARCHIVES Kerala Legislative Assembly

ആളുകളുടെ മിടുക്ക് അംഗീകരിക്കാൻ ഞാൻ തയ്യാറല്ല. നമ്മുടെ നാട്ടിൽ സെൽഫ് ഫിനാൻസിംഗ് കോളേജുകൾ കൊണ്ട് ഒരുപാടു പ്രയോജനമുണ്ടെന്ന് തോന്നിപ്പോവുകയാണ്. അതിനെ പ്രോത്സാഹിപ്പിക്കുന്നത് നല്ലതുമാണ്.പുതിയ സ്ഥാപനങ്ങളും ആ സ്ഥാപനങ്ങളിൽ കൂടുതൽ കൂടുതൽ പ്രവർത്തനങ്ങളും ഉണ്ടാകുന്നത് രാജ്യത്തിന് നന്മയാണ്. പൊതുവേ പറയുമ്പോൾ പോലീസിന്റെ നയത്തെപ്പറ്റിയാണ് പറയേണ്ടത്. പൊതുഭരണത്തിൽ പോലീസിന്റെ കാര്യങ്ങൾ പറയുന്നതിൽ തെറ്റില്ല. മുഖ്യമന്ത്രി പൊതുഭരണത്തിൽ പെട്ടയാളാണല്ലോ ? മുഖ്യമന്ത്രിയാണല്ലോ രാജ്യത്ത് സമാധാനം ഉണ്ടാക്കേണ്ടത്? അങ്ങനെ പറയുമ്പോൾ വളരെ മെച്ചപ്പെട്ടു എന്നവകാശപ്പെടാനില്ലായെങ്കിലും ഒട്ടും മോശമായിട്ടില്ല എന്നുതന്നെ പറയാൻ കഴിയും. വളരെയല്ല കുറെയൊക്കെ സമാധാനത്തോടെ മുന്നോട്ടുപോകുന്നു എന്ന് പറയാൻ കഴിയും. കാർഷിക മേഖലയിലും അതുപോലെതന്നെ മറ്റെല്ലാ മേഖലകളിലും ഒരു ഉണർവ്വിന്റെ ലക്ഷണം കാണുന്നു. ഇതെല്ലാം ഭൗതികമായി നമുക്കെല്ലാം അനുഭവപ്പെടുമോ എന്നുള്ളത് ഇപ്പോൾ പറയാൻ കഴിയില്ല. ഉണർവ്വുണ്ട് എന്നത് ശരിയാണ്. ഈ ഉദ്യോഗസ്ഥൻമാരെക്കുറിച്ച് ഞാൻ ഒരു നിരൂപണ രൂപേണ പറയുകയാണ്. കുറേക്കൂടി താത്പര്യം ഭരണത്തിൽ കാണിക്കണമെന്നുള്ളതുകൊണ്ടു പറയുകയാണ്. ട്രെയിനിന്റെ സമയമാണ് ഇപ്പോൾ ആഫീസിന്റെ സമയം. ട്രെയിൻ എപ്പോൾ തിരുവനന്തപുരത്തു നിർത്തുന്നോ അപ്പോൾ ആഫീസ് സമയമായി. ആ നിലയൊക്കെ ഒന്നു മാറ്റണം. ഉത്തരവാദിത്വബോധം ഉണ്ടാവണം തീർച്ചയായിട്ടും അവരെ ഭരിക്കാൻ ആളില്ല. അവരെ ചോദ്യം ചെയ്യാൻ ആളില്ല. എന്നൊരു ചിന്താഗതി അവർക്കില്ല. ഉണ്ടെന്ന് ഞാൻ പറയുകയില്ല. അതുപാടില്ല. എന്ന് ഞാൻ പറയുന്നു. ഒരു കെട്ടഴിഞ്ഞമട്ട് ഉദ്യോഗസ്ഥൻമാരുടെ എല്ലാ പ്രവർത്തനങ്ങളിലും ഉണ്ടെന്ന് എനിക്ക് തോന്നിപ്പോവുകയാണ്. ഒരു കാലത്ത് ഞങ്ങളൊക്കെ വിവിധ ഭാഗങ്ങളിൽ ഇരുന്നതുകൊണ്ട് അന്നുണ്ടായിരുന്നതെന്ത് ഇന്നു കാണുന്നതെന്ത് എന്നു പറയാൻ കഴിയും. അതുകൊണ്ട് കുറേക്കൂടി ആത്മാർത്ഥമായി ഉദ്യോഗസ്ഥൻമാരെല്ലാവരും പ്രവർത്തിക്കണം. അവരും ഈ രാജ്യത്തെ പ്രജകളാണ്. അവർക്ക് ഒരു ആത്മാർത്ഥത വേണം. പത്തു മുതൽ അഞ്ചുവരെയെന്നുള്ള നീക്കം ഉപേക്ഷിക്കണം. അങ്ങനെ ഉപേക്ഷിച്ചെങ്കിൽ മാത്രമേ എന്തെങ്കിലും നല്ല കാര്യങ്ങൾ ഇവിടെ പ്രാവർത്തികമാക്കാൻ കഴിയുകയുള്ളു. ഒരുപാടുദ്യോഗസ്ഥൻമാർ ഇവിടെയുണ്ട്, ആവശ്യത്തിൽ കൂടുതൽ ഉണ്ടോ എന്ന് തോന്നിപ്പോവുകയാണ്. ഒരുപാട് ഉദ്യോഗസ്ഥൻമാർ ഉണ്ടെങ്കിലും കാര്യങ്ങൾ ശരിയായി മുമ്പോട്ടുപോകാൻ കഴിയാതെ പോവുകയാണ്. മന്ത്രിമാർ മാത്രം ആത്മാർത്ഥത കാണിച്ചതുകൊണ്ടായില്ല മന്ത്രിമാർ ഒരുപക്ഷേ അവരെ നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥൻമാരും ഈ ആത്മാർത്ഥത കാണിച്ചെങ്കിൽ മാത്രമേ കാര്യങ്ങൾ നടപ്പാകൂ. അങ്ങനെ ഒരു ചിന്താഗതി ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ ഉണ്ടാകണം. അല്ലെങ്കിൽ സമരത്തിനുവേണ്ടി മാത്രം സമരംചെയ്യുന്നവരായിപ്പോകും ഉദ്യോഗസ്ഥൻമാർ. ജനങ്ങളുടെ കാര്യം എന്തുമാകട്ടെ എന്നു പറയുന്ന ഏർപ്പാട് ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ ഉണ്ടാകാൻ പാടില്ല. ഉദ്യോഗസ്ഥൻമാർക്കൊരു ഉത്തരവാദിത്വബോധം ഉണ്ടാവണം, അതിന് അവരെ പ്രേരിപ്പിക്കാൻ മന്ത്രിമാർ ഉണ്ടാവണം ആ ഉത്തരവാദിത്വബോധം നമ്മുടെ രാജ്യത്തെ ഉദ്യോഗസ്ഥൻമാർക്കുണ്ടാവുന്ന അന്നുമാത്രമേ രാജ്യത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ എന്നെനിക്കു പറയേണ്ടിവരികയാണ്. സർക്കാർ സംവിധാനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

ദുരുപയോഗം അത് വ്യക്തിപരമായിട്ട് ആരും അതിനെ എടുക്കരുത്. സർക്കാർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തുന്നത് സർക്കാരിന്റെ വണ്ടികൾ, ഫോണുകൾ ഇതൊക്കെ മാത്രം നിർത്തലാക്കിയാൽ തന്നെ ഈ രാജ്യത്തെ ഒരുപാടാളുകളുടെ പട്ടിണി മാറ്റാൻ കഴിയും എന്ന് തോന്നിപ്പോവുകയാണ്. സർക്കാരായോ, മന്ത്രിയായോ പിന്നെ ഇഷ്ടം പോലെ, അത് പാടില്ല. മന്ത്രി ആവശ്യമില്ലാതെ വിളിക്കുന്ന ഫോണുകൾ ആവശ്യമില്ലാതെ നടത്തുന്ന കാർ യാത്രകൾ, ഞാൻ ചിലതൊക്കെ പറയുമ്പോൾ ചിലർക്ക് നോവും എന്നെനിക്കറിയാം. സർക്കാർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തുന്ന കാര്യത്തിൽ ഇടതും വലതും ഒന്നും മോശമല്ല. എന്റെ സ്നേഹിതരായ ഇടതുപക്ഷം ഇത്രയും നന്നായോ എന്ന് തോന്നിപ്പോവുകയാണ്. ഇല്ല, അവർ ഇതിനേക്കാൾ കഷ്ടം അങ്ങോട്ടുമിങ്ങോട്ടും മാറിപ്പോയാൽ സഹിക്കുന്നതാരാ, പാവപ്പെട്ടവർ. പാവപ്പെട്ട ഈ ജനങ്ങളെ ഓർത്തെങ്കിലും ഈ അധികാരം, ഇടതുപക്ഷത്തുവരുമ്പോൾ കർശനമായി വിമർശിക്കുകയും, ഭരണപക്ഷത്തുവരുമ്പോൾ ഇഷ്ടംപോലെ ചെയ്യുകയും ചെയ്യുന്ന ഏർപ്പാട് കൊള്ളില്ല ഈ രാജ്യത്ത്. എല്ലാം ഭദ്രമായിരിക്കുന്നോ എന്ന് ചോദിച്ചാൽ ഭദ്രമായിരിക്കുന്നു എന്ന് പറയാൻ കഴിയില്ല. തീരെ മോശമായിട്ടില്ല എന്ന് ഞാൻ ആവർത്തിക്കട്ടെ. അധികാരികൾ, ഭരിക്കാനധികാരം കൊടുത്താൽ ഭരണാധികാരികൾ ഈ രാജ്യത്തെ ഒരുപോലെ കാണും എന്ന് തോന്നിപ്പോവുകയാണ്. അങ്ങനെ കുറേകാലമെങ്കിലും സമാധാനപൂർണ്ണമായ ഒരു അന്തരീക്ഷം ഈ രാജ്യത്തുണ്ടാകാൻ ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻചാണ്ടി ശ്രമിക്കണം എന്നു മാത്രമേയുള്ളൂ. നല്ല ഭരണമുണ്ടാക്കി ഈ രാജ്യത്തെ അല്പമെങ്കിലും മെച്ചപ്പെടുത്തിയാൽ കൊള്ളാം.

ശ്രീ. കെ. പി. മോഹനൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഈ സർക്കാർ ഉയർത്തിയ "കേരളം ബഹുദൂരം അതിവേഗം" എന്ന മുദ്രാവാക്യം ലക്ഷ്യത്തിലെത്തുമെന്ന മുഖ്യമന്ത്രിയുടെ പ്രതീക്ഷ സഫലമാകട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാ ജില്ലകളിലും പര്യടനം നടത്തി ആ ജില്ലകളിലൊക്കെ ദുരിതാശ്വാസ ഫണ്ടുകൾ വിതരണം ചെയ്തു. അതുപോലെ ദുരിതാശ്വാസ ഫണ്ട് കൊടുക്കുന്ന കാര്യത്തിലും മുഖ്യമന്ത്രി മുന്നിലാണ്. അതിൽ സന്തോഷമുണ്ട്, പക്ഷെ ആ കൊടുക്കുന്ന പണം ഇപ്പോഴും താഴെത്തട്ടിലുള്ള ആളുകൾക്ക് കിട്ടുന്നില്ല. അങ്ങ് പെട്ടന്ന് ഓർഡർ ഇടുന്നുണ്ടെങ്കിലും ഈ ഫണ്ട് ഇവിടെനിന്നും നൽകാൻ വില്ലേജ് ആഫീസർ മുതൽ കളക്ടർവരെ പോകേണ്ടതായിട്ടുണ്ട്. പക്ഷെ അവരൊന്നുംതന്നെ ശ്രദ്ധിക്കുന്നില്ല. പലപ്പോഴും ഉത്തരവുകൾ കിട്ടിയാൽ ഉടൻതന്നെ അർഹതപ്പെട്ടവർക്ക് അത് അനുവദിച്ചിട്ടുണ്ടെന്നും പറഞ്ഞ് നമ്മൾ കത്തയയ്ക്കും. അവർ അതുംകൊണ്ട് പോയാൽ നെട്ടോട്ടം ഓടേണ്ട സ്ഥിതിയാണുള്ളത്. അതിന് മാറ്റമുണ്ടാകണം. ഉദ്യോഗസ്ഥൻമാരെക്കൊണ്ട് ജോലി ചെയ്യിക്കണം. പല മന്ത്രിമാരുടെ വകുപ്പുകൾ അങ്ങ് നോക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ മറ്റ് മന്ത്രിമാർ എന്തിനുവേണ്ടിയാണെന്ന് ഞാൻ സംശയിച്ചുപോകുകയാണ്. എല്ലാപേരും കഴിവുറ്റ മന്ത്രിമാരാണ്. ഇന്നത്തെ പത്രത്തിൽ ഔദ്യോഗിക വസതി മോടിപിടിപ്പിക്കാൻ 15 ലക്ഷം രൂപ ചെലവാക്കിയെന്ന് വാർത്തയുണ്ട്. ഇങ്ങനെ ചെലവാക്കുമ്പോൾ സാധാരണക്കാരുടെ പ്രശ്നങ്ങളിൽ ഒരു ഫിനാൻസ് മാനേജുമെന്റ് വേണ്ടേ?. ഭരണത്തലവൻമാരുടെ ജില്ലാ ആസ്ഥാനങ്ങൾ പല ജില്ലകളിലും പല രീതിയിലാണ്. ഒരു ഏകീകൃത സ്വഭാവമില്ല. പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ പോലീസിന്റെ കാര്യത്തിൽ കണ്ണൂർ ജില്ലയിൽ മൈക്ക്

LIBRARY ARCHIVES Kerala Legislative Assembly

പെർമിഷൻ കൊടുക്കുന്നകാര്യത്തിൽ. അതുപോലെതന്നെ പാസ്പോർട്ട് ലഭിക്കുന്നതിന് പോലീസ് വെരിഫിക്കേഷൻ ഉണ്ട്. അത് എസ്.പി.യാണ് നൽകേണ്ടത്. അത് കണ്ണൂർ ജില്ലയിൽ നൽകുന്നില്ല. അതുപോലെ തടവുകാരായ ഒരുപാട് ആളുകളുണ്ട്. എല്ലാപേരും കുറ്റം ചെയ്തവരാണെന്ന് പറയാൻ പറ്റുകയില്ല. അങ്ങനെ തടവിൽ കഴിയുന്ന ആളുകൾക്ക്, ജീവപര്യന്തം ശിക്ഷയുള്ളവർവരെയുണ്ട്. അങ്ങനെയുള്ളവർക്ക് ഒരാഴ്ചയോ രണ്ടാഴ്ചയോ അവരുടെ അമ്മയേയും മക്കളേയും കാണാൻ പരോൾ അനുവദിക്കാറുണ്ടായിരുന്നു. അതൊരു നല്ല നടപ്പാണ്. ഇപ്പോൾ അങ്ങനെ പരോളിന് അപേക്ഷ കൊടുത്താൽ, റെക്കമെന്റ് ചെയ്താൽ കണ്ണൂർ ജില്ലയിലെ എസ്.പി. അനുവദിക്കുന്നില്ല. അദ്ദേഹം എന്തെങ്കിലും കുറിയിട്ട് തിരിച്ചയയ്ക്കുന്ന സ്ഥിതിയാണുള്ളത്. അതുകൊണ്ട് അവർക്ക് അവരുടെ അമ്മയേയും കുട്ടികളേയും കാണാനുള്ള സൗകര്യമുണ്ടാക്കണം. കണ്ണൂർ ജില്ലയിൽ കഴിഞ്ഞ ഡി.ആർ.ഡി.എ. മീറ്റിംഗ് നടന്ന സമയത്ത് ഏകദേശം 134 ലക്ഷം രൂപ ലാപ്സായി. ഞാൻ ഇതിനുമുൻപും സഭയിൽ പറഞ്ഞ കാര്യമാണ്. ഒരുപാട് ക്ഷേമപദ്ധതികൾക്ക് കേന്ദ്രവിഹിതം നൽകുന്നുണ്ട്. 20 ശതമാനം വിഹിതം സംസ്ഥാന സർക്കാർ അടയ്ക്കണം. സംസ്ഥാന സർക്കാർ അത് അടയ്ക്കാത്തതുകൊണ്ട് കേന്ദ്രവിഹിതം കിട്ടിയില്ല. എം.ജി.പി.യുടെ ഭാഗമായി ഓഫീസുകൾ മോടിപിടിപ്പിക്കുന്നു. അതുകൊണ്ട് ആർക്കാണ് ഗുണം?. ആഫീസ് പരിശോധിക്കാൻവരുന്ന എ.ഡി.ബി. സായിപ്പൻമാർക്കല്ലാതെ ആർക്കാണ് ഗുണം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത വ്യവസായ മേഖലയിൽ എന്ത് ഗുണമാണ് കിട്ടിയിരിക്കുന്നത്. കൈത്തറി മേഖലയിലും പരമ്പരാഗത മേഖലയിലും ഒരു ഗുണവും കിട്ടിയിട്ടില്ല. അവരെയൊക്കെ സഹായിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു നെല്ല് സംഭരണം സുഗമമെന്ന്. കുട്ടനാട്ടിലും പാലക്കാട്ടുള്ളവരോടുമൊക്കെ ഞാൻ അന്വേഷിച്ചു. അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് മുഖ്യമന്ത്രി പറഞ്ഞതു പോലുള്ള നെല്ല് സംഭരണം നടക്കുന്നില്ലെന്നാണ്. എന്നുമാത്രമല്ല ഒരുപാട് നെല്ല് ഈ സ്ഥലങ്ങളിലൊക്കെ കെട്ടിക്കിടക്കുകയാണ്. കുട്ടനാട്ടിലേയും പാലക്കാട്ടേയും തൃശ്ശൂരിലേയുമൊക്കെ നെൽകൃഷിക്കാർ വലിയ സമരമുഖത്തേക്ക് വരാൻ പോകുകയാണ്. അങ്ങനെ ഒരു സമരം ഒഴിവാക്കാൻ, അങ്ങനെയൊരു സമരം സംസ്ഥാനത്ത് അനുവദിക്കാതിരിക്കണമെങ്കിൽ അങ്ങ് പറഞ്ഞതുപോലെ നെല്ല് സംഭരിക്കണം. അത് നടക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും വേണം. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംഭരണം സുഗമമെന്നാണ് പറഞ്ഞത്. പക്ഷെ 'ചന്ദ്രിക' പത്രത്തിൽ വന്ന വാർത്ത അഞ്ച് ലക്ഷം ടൺ നെല്ല് കെട്ടിക്കിടക്കുന്നു എന്നാണ്. ഇതുതന്നെ കാര്യങ്ങൾ നടക്കുന്നില്ലെന്നതിന്റെ തെളിവല്ലേ? അങ്ങ് ഇവിടെനിന്ന് പ്രഖ്യാപിക്കുന്നു. അതൊന്നും നടക്കാതിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. കെ. കെ. നായർ : സർ, പൊതുഭരണത്തിനുവേണ്ടി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുകയാണ്. അതേസമയം പൊതുഭരണം ഇന്നത്തെ രീതിയിൽ മുന്നോട്ടുപോകുന്നതിനോട് യോജിക്കാനും കഴിയുന്നില്ല. പൗരാണികകാലം തൊട്ടേ പൊതുഭരണത്തിൽ ചില മാനദണ്ഡങ്ങൾ കാത്തുസൂക്ഷിക്കാറുണ്ടായിരുന്നു. അത് ബ്രിട്ടീഷുകാരുടെ കാലം മുതൽ, രാജാക്കൻമാരുടെ ഭരണത്തിലും ആ മാനദണ്ഡങ്ങൾ കാത്തുസൂക്ഷിച്ചിരുന്നു. നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ 35

LIBRARY ARCHIVES Kerala Legislative Assembly

ശതമാനം വരെ ഭരണചെലവിനുവേണ്ടി ഉപയോഗിക്കാം എന്നുള്ളതാണ് തത്വം. പക്ഷെ നമ്മുടെ രാജ്യത്തിന്റെ സ്ഥിതി നോക്കുകയാണെങ്കിൽ അതിൽ നിന്നും വളരെ വ്യത്യസ്തമായ അനുഭവമാണ് നമ്മൾ കാണുന്നത്. ഇപ്പോൾ ബഡ്ജറ്റ് അവതരിപ്പിച്ചു കൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത് വരുമാനത്തിന്റെ 91 ശതമാനം സർക്കാർ ജീവനക്കാർക്ക് ശമ്പളത്തിനും പെൻഷനും വേണ്ടിമാത്രം മാറ്റിവയ്ക്കേണ്ടിവരുന്നുവെന്നാണ്. അപ്പോൾ ഈ രീതിയിൽ കാര്യങ്ങൾ മുന്നോട്ടു പോയാൽ എന്തായിരിക്കും ഫലം. അത് നമ്മൾ ആലോചിക്കണം. 40 ശതമാനത്തിൽ കൂടുതൽ ഭരണചെലവിനുവേണ്ടി വിനിയോഗിക്കുന്ന ഒരു രാജ്യത്ത് കടക്കെണി വർദ്ധിക്കും, പുരോഗതി നശിക്കും, വികസനപ്രവർത്തനങ്ങൾ സ്തംഭിക്കുകയും ചെയ്യും. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകമായ ഒരു ശ്രദ്ധയുണ്ടാകേണ്ടതുണ്ടെന്നാണ് എനിക്ക് പറയുവാനുള്ളത്. ഈ സാഹചര്യത്തിലാണ് നമ്മൾ ജനാധിപത്യത്തെക്കുറിച്ച് ആഴത്തിൽ ചിന്തിച്ചുപോകുന്നത്. നമുക്ക് സ്വാതന്ത്ര്യം കിട്ടുന്നതിനു മുൻപുള്ള ജനാധിപത്യ സംവിധാനത്തെക്കുറിച്ചുള്ള ചില സങ്കൽപ്പങ്ങളുണ്ട്. അന്നത്തെ സങ്കൽപ്പങ്ങളും ഇന്നത്തെ സങ്കൽപ്പങ്ങളും തമ്മിൽ വലിയ പൊരുത്തമുണ്ടോയെന്നുള്ളത് നമ്മൾ ആലോചിക്കണം. അസമത്വങ്ങൾ ആകാവുന്ന വിധത്തിൽ പരിഹരിച്ച് സമാധാനവും ശാന്തിയും കൈവരിച്ച് പുരോഗതിയുണ്ടാക്കുകയെന്ന സങ്കൽപ്പത്തിലാണ് നമ്മൾ ജനാധിപത്യത്തെ ആദ്യം കണ്ടത്. പക്ഷെ കാലം കഴിയുമ്പോൾ അതിൽ നിന്നും വ്യത്യസ്തമായ അനുഭവമാണ് നമുക്കുണ്ടാകുന്നത്. ആദ്യകാലഘട്ടത്തിൽ കുറച്ച് സുഖസൗകര്യങ്ങളൊക്കെ അനുഭവിച്ചിരുന്നെങ്കിലും വളരെ വേഗത്തിലാണ് ബ്യൂറോക്രസി വളർന്ന് പന്തലിച്ച് വന്നത്. നമ്മുടെ രാജ്യത്ത് തെരഞ്ഞെടുപ്പുകൾ കാലാകാലങ്ങളിൽ നടക്കുന്നുണ്ട്. പക്ഷെ ആ തെരഞ്ഞെടുപ്പുകളിൽത്തന്നെ സാധാരണ മനുഷ്യർക്ക് വോട്ട് ചെയ്യാനുള്ള തെരഞ്ഞെടുപ്പ് സ്വാതന്ത്ര്യം ഇന്നുണ്ടോയെന്ന് ആലോചിക്കണം. വോട്ടേഴ്സ് ലിസ്റ്റ് ഉണ്ടാക്കുന്ന കാര്യത്തിൽ അട്ടിമറിയാണ്. പോളിംഗ്ബൂത്തിൽ അക്രമമാണ്. ഒരു തെരഞ്ഞെടുപ്പ് കഴിയുമ്പോൾ എത്ര കൊലപാതകങ്ങളാണുണ്ടാകുന്നതെന്ന് പത്രത്തിൽക്കൂടി നമ്മൾ കാണുന്നുണ്ട്. ഈ രീതിയിൽ അധികാരത്തിൽ വന്ന ഭരണകർത്താക്കൾ വോട്ട് ചെയ്യുന്നവരെ മറക്കുന്ന ഒരു സ്ഥിതിയാണ് നമ്മൾ കണ്ടുവരുന്നത്. ഭരണം മുന്നോട്ടുപോകുമ്പോൾ കൈവിരലിലെണ്ണാവുന്ന സംഘടനകൾ സമരത്തിലും ഭീഷണിയിലുംകൂടി അവർക്കർഹിക്കുന്നതിലും കൂടുതൽ ആനുകൂല്യങ്ങൾ നേടുന്ന ഒരു സ്ഥിതിവിശേഷമാണ് കണ്ടുവരുന്നത്. അത് ശരിയായ ഒരു നടപടിയാണെന്ന് തോന്നുന്നില്ല. ഐ.എ.എസ്., ഐ.പി.എസ്, ഐ. എഫ്.എസ്. തുടങ്ങിയ മൽസര പരീക്ഷകളിൽക്കൂടി രാജ്യത്തെ യുവപ്രതിഭകളെ ഭരണത്തിൽ പങ്കെടുപ്പിക്കാൻ ഗവൺമെന്റ് പരമാവധി ശ്രമിച്ചിരുന്നു. ആദ്യകാലഘട്ടങ്ങളിൽ അത് വിജയവുമായിരുന്നു. എന്നാൽ കാലക്രമേണ സ്വാർത്ഥമോഹികളായ ദുഷ്ടശക്തികൾ അതിൽ കടന്നുകൂടി. ഇന്നത്തെ സ്ഥിതി നമ്മുടെ ചുറ്റുപാടും കണ്ണോടിച്ചാൽ കാണാവുന്നതേയുള്ളു. നമ്മുടെ വനപ്രദേശത്തുള്ള ചന്ദനത്തടികളായാലും ശരി, തേക്കുപോലുള്ള വൻവൃക്ഷങ്ങളായാലും ശരി, ആനക്കൊമ്പായാലും ശരി ഇവയെല്ലാം വനരംഗത്തുനിന്ന് ഒഴുകിമാറിയിരിക്കുകയാണ്. ആരാണ് ഇതിന് സഹായകരമായി നിൽക്കുന്നതെന്ന് നാം ആലോചിക്കണം. അതുപോലെതന്നെ പൊതുമരാമത്ത് രംഗം പരിശോധിച്ചാൽ വളരെ പരിമിതമായ കാലംകൊണ്ട് എഞ്ചിനീയർമാർ ലക്ഷപ്രഭുക്കളാകുന്നതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

കോൺട്രാക്ടർമാരെ കോടീശ്വരൻമാരാക്കുന്ന രീതിയും അവർതന്നെയാണ് ചെയ്യുന്നത്. ഈ രീതിയിൽ മുന്നോട്ടുപോയാൽ എത്രകാലം നമുക്ക് പിടിച്ചുനിൽക്കാൻ കഴിയുമെന്ന് നമ്മൾ ആലോചിക്കണം. മദ്യവും മയക്കുമരുന്നും എത്തിപ്പെടാത്ത ഒരു രംഗവും നമ്മുടെ രാജ്യത്ത് ഇല്ലാതായിവന്നിരിക്കുകയാണ്. ഇങ്ങനെ മുന്നോട്ടുപോകാൻ നമുക്ക് കഴിയുമോയെന്ന് ആലോചിക്കണം. ഇതിന് പരിഹാരം കാണേണ്ടതല്ലേ. ഇതിന് പരിഹാരം കാണാൻ നമ്മൾ എന്താണ് ചെയ്യേണ്ടത്, ഗവൺമെന്റിന്റെ തോളിലിരിക്കുന്ന ഭാണ്ഡക്കെട്ടുകൾ വലിച്ച് താഴേയ്ക്കിടണം. ചിലതൊക്കെ പുനഃപരിശോധിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇക്കാര്യങ്ങൾ ഭരണകക്ഷിയിലുള്ളവർ മാത്രം വിചാരിച്ചാൽ നടക്കുമെന്ന് തോന്നുന്നില്ല. ഭരണപക്ഷവും പ്രതിപക്ഷവുംകൂടി ഒന്നിച്ചിരുന്ന് ആലോചിച്ച് കർശനമായ തീരുമാനമെടുത്ത് മുന്നോട്ടുപോയാൽ മാത്രമേ ഈ രാജ്യത്തെ രക്ഷപ്പെടുത്താൻ നമുക്ക് കഴിയുകയുള്ളു എന്നാണ് എനിക്ക് തോന്നുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം റവന്യൂ, നിയമസമാധാനം തുടങ്ങിയ രംഗങ്ങളിൽമാത്രം ഒതുങ്ങിനിന്ന് പ്രവർത്തിക്കാൻ തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്. റവന്യൂ എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് വനം, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് ഇങ്ങനെയുള്ള വരുമാനം ഉണ്ടാക്കുന്ന കാര്യത്തിൽ മാത്രം ഗവൺമെന്റ് ശ്രദ്ധ ഒതുക്കിനിർത്തുകയും ബാക്കിയുള്ള ഡിപ്പാർട്ടുമെന്റുകൾക്ക് പുതിയ രൂപവും ഭാവവും നൽകി സ്വയം പര്യാപ്തതയിലേക്ക് എത്തിക്കാനുള്ള പരിശ്രമം നടത്തുകയും വേണം എന്നാണ് എനിക്ക് പറയാനുള്ളത്. ആദ്യമായി ഗവൺമെന്റ് ചെയ്യേണ്ടത് ഓരോ ഡിപ്പാർട്ടുമെന്റിലും കാര്യങ്ങൾ പഠിക്കാൻ വിദഗ്ദ സമിതിയെ ഏർപ്പെടുത്തുക. ആ വിദഗ്ദ സമിതിയിൽ കേരളത്തിൽനിന്ന് ഒരാൾ മാത്രമേ കാണാൻ പാടുള്ളൂ. ബാക്കിയുള്ള അംഗങ്ങൾ രണ്ടായാലും ശരി അഞ്ചായാലും ശരി മറ്റ് സംസ്ഥാനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവർ ആയിരിക്കണം. അവർ ഒരു സ്റ്റഡി നടത്തി ഓരോ ഡിപ്പാർട്ടുമെന്റിലും എത്രമാത്രം തസ്തിക നിലനിർത്തണം എന്ന് പഠിച്ചിട്ട് റിപ്പോർട്ട് വാങ്ങാൻ നമ്മൾ പരിശ്രമിക്കണം. അങ്ങനെ റിപ്പോർട്ട് വാങ്ങി ആവശ്യമായിട്ടുള്ള തസ്തിക മാത്രം നിലനിർത്താൻ നമ്മൾ പരിശ്രമിക്കുമ്പോൾ ബാക്കിയുള്ളവരെ പിരിച്ചുവിടേണ്ട സ്ഥിതി വരും. ആ സ്ഥിതി ഇപ്പോൾ നോക്കേണ്ട കാര്യമില്ല. അധികമായിട്ട് വരുന്ന പോസ്റ്റുകളെ വാനിഷിംഗ് പോസ്റ്റുകളായിട്ട് ഡിക്ലയർ ചെയ്താൽ മതി. നിലവിലിരിക്കുന്ന ഉദ്യോഗസ്ഥൻ പെൻഷൻ പറ്റുമ്പോൾ ആ തസ്തികകൾ ഇല്ലാതാകുന്നു. അങ്ങനെ കാലക്രമത്തിൽ ഈ ഭരണരംഗത്ത് ഇന്നുള്ള ദുർമേദസ് ഒഴിവാക്കി ഭരണം ശുദ്ധീകരിക്കാൻ നമുക്ക് കഴിയും. അതിന് ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്. മറ്റു ഡിപ്പാർട്ടുമെന്റുകൾക്ക് പുതിയ രൂപവും ഭാവവും നൽകണം. ചില ഡിപ്പാർട്ടുമെന്റുകളുടെ ഇന്നത്തെ രൂപംമാറ്റി കൂടുതൽ ലാഭകരമാകുന്നവിധത്തിൽ നടത്തത്തക്ക വിധത്തിലുള്ള ഒരു സംവിധാനം ആലോചിച്ചു കൂടേ എന്ന് ഞാൻ ചോദിച്ചു പോവുകയാണ്. പ്രധാനമായിട്ടും എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ്, ഇറിഗേഷൻ ഉൾപ്പെടെയുള്ള ആ ഡിപ്പാർട്ടുമെന്റിനെ ഒന്നുകിൽ ഒരു കമ്പനിയാക്കി അല്ലെങ്കിൽ കോർപ്പറേഷനായി രൂപാന്തരപ്പെടുത്തി പ്രവർത്തന മൂലധനമായിട്ട് ഏതാനും കോടി രൂപ ഒരു അഞ്ച് ശതമാനം പലിശയോടുകൂടി അവർക്ക് കൊടുത്ത് ഗവൺമെന്റ് വർക്കുകളും അതുപോലെ തന്നെ ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് തുടങ്ങിയവയുടെ

LIBRARY ARCHIVES Kerala Legislative Assembly

വർക്കുകൾ അവരെ ഏൽപ്പിച്ച് ജോലി ചെയ്യാനുള്ള അവസരം അവർക്ക് കൊടുക്കണം. അവർ ജോലി ചെയ്ത് പണമുണ്ടാക്കി ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഉത്തവാദിത്വത്തത്തോടുകൂടി കൊടുക്കുകയും ആ കൊടുക്കുന്ന കടം ഒരു പത്തുവർഷംകൊണ്ട് കുറേശ്ശേ തിരിച്ചുവാങ്ങാനും ശ്രദ്ധിക്കണം. അങ്ങനെ ഒരു വലിയ ഭാരം ഗവൺമെന്റിന്റെ തോളിൽനിന്നും ഒഴിവാക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ തന്നെ ആരോഗ്യരംഗത്ത് നമുക്ക് രണ്ടായിട്ട് തിരിക്കാം ഒന്ന് രോഗപ്രതിരോധം മറ്റേത് ചികിത്സയുമാണ്. രോഗപ്രതിരോധം ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽ നടത്തി ചികിത്സയ്ക്കുവേണ്ടി ഒരു ഇൻഷ്വറൻസ് സംവിധാനം ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഇൻഷ്വറൻസ് സംവിധാനം ആലോചിക്കുമ്പോൾ താൽപ്പര്യമുള്ള ആളുകളിൽനിന്നും ഇൻഷ്വറൻസ് എമൗണ്ട് വാങ്ങിക്കൊണ്ട് ചികിത്സ ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ് ചെയ്യാൻ തയ്യാറാവുക. ഇൻഷ്വറൻസ് എന്നുപറയുമ്പോൾ ഓരോരുത്തരുടേയും വരുമാനം അനുസരിച്ചുള്ള ഇൻഷ്വറൻസ് തുക വേണം വാങ്ങാൻ. വലിയ സാമ്പത്തികശേഷിയുള്ളവരോട് കൂടുതൽ പണം വാങ്ങുക. കുറഞ്ഞ വരുമാനക്കാരിൽനിന്ന് കുറച്ച് പണം വാങ്ങുക. ചികിത്സ എല്ലാം ഒരുപോലെ ലഭിക്കുകയും ചെയ്യണം. ആ രംഗത്തുതന്നെ ചില മാറ്റങ്ങൾ വരുത്തേണ്ടിവരും. അതുപോലെ താലൂക്ക് ജില്ലാ ജനറൽ ആശുപത്രികളിൽ അവിടെയുള്ള ബെഡ്ഡുകളിൽ പകുതിയോളം ഭാഗം പേവാർഡാക്കി മാറ്റുക. അത് എ. ബി. സി. എന്ന് മൂന്ന് തരത്തിലുള്ള പേവാർഡുകളാക്കി മാറ്റുകയും ഏറ്റവും കൂടുതൽ പണം തരുന്നവർക്ക് സുഖമായി ചികിത്സ നടത്തത്തക്കവിധത്തിൽ എ-ക്ലാസും, ഇടത്തരക്കാർക്ക് ബി-ക്ലാസും ബാക്കിയുള്ളവർക്ക് സി-ക്ലാസുമായിട്ട് ചികിത്സ നടത്താവുന്നതുമാണ്. ജനറൽ പേവാർഡുകൾ ഏറ്റവും ശുചിത്വവും വൃത്തിയുള്ളതുമായി സൂക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാവുക. അങ്ങനെ ഇൻഷ്വറൻസിലേക്ക് ഈ വിഭാഗത്തെ പൂർണ്ണമായിട്ട് മാറ്റിക്കഴിഞ്ഞാൽ തീർച്ചയായും ഇന്നു കാണുന്ന അഴിമതിയും മറ്റു കാര്യങ്ങളുമൊക്കെ തുടച്ചുനീക്കാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. അതുപോലെ പ്രതിരോധത്തിന്റെ കാര്യം പറഞ്ഞു. ഇവിടെ നമ്മുടെ കൊതുകുനശീകരണം, വേസ്റ്റ് ഡിസ്പോസൽ, പ്രിവന്റീവ് മെഡിസൻ സപ്ലൈ, പൊല്യൂഷൻ കൺട്രോൾ ഇതെല്ലാം ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തുകയും ചെയ്യാം. അങ്ങനെ ഡിപ്പാർട്ടുമെന്റിലും ലാഭകരമായി നടത്താനുള്ള ഒരു സംവിധാനം നമുക്ക് ഉണ്ടാക്കാൻ കഴിയും. ഇൻഷ്വറൻസ് ഇല്ലാത്ത ആളുകൾക്ക് ചികിത്സിക്കാനും മറ്റു ടെസ്റ്റുകൾക്കും ഫീസ് വാങ്ങുകയും ചെയ്താൽ ആ രംഗത്ത് നമുക്ക് കുറേ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് തോന്നുന്നു. മറ്റൊന്ന് വിദ്യാഭ്യാസ മാണ്. നമ്മുടെ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പ്രതിസന്ധിയുണ്ടാക്കുന്ന രംഗമാണ് വിദ്യാഭ്യാസരംഗം. വിദ്യാഭ്യാസരംഗത്ത് സമൂലമായ മാറ്റം വരുത്താൻ നമ്മൾ പരിശ്രമിക്കണം എന്നാണ് എനിക്ക് ഈ സഭയോട് പറയാനുള്ളത്. കാരണം 14 വയസുവരെ ഓരോ കുട്ടിക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം കൊടുക്കണം എന്നാണ് ഭരണഘടന നിർദ്ദേശിക്കുന്നത്. പക്ഷേ ഇന്ന് എന്താണ് രാജ്യത്ത് നടക്കുന്നത്? എഞ്ചിനീയറിംഗിനും മെഡിസിനും കൊടുക്കുന്നതുപോലെ ഉന്നതമായ ഫീസ് കൊച്ചുകുട്ടികൾക്കും കൊടുത്ത് പഠിക്കുന്ന സമ്പ്രദായമാണ് നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്. അത് കർശനമായി നിയന്ത്രിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. 14 വയസ് വരെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികൾക്ക് നിർബന്ധമായും സൗജന്യമായ വിദ്യാഭ്യാസം കൊടുക്കണം എന്നുള്ള ഭരണഘടന അംഗീകരിച്ചുകൊണ്ട് പ്രവർത്തിക്കാൻ ഗവൺമെന്റ് തയ്യാറാകണം. വിദ്യാഭ്യാസരംഗത്ത് ഇന്നുള്ള സ്വകാര്യ ഏജന്റൻമാരെ മാറ്റി വലിയ ഫീസ് വാങ്ങി മമ്മീ-ഡാഡീ പഠിപ്പിക്കുന്ന ഈ സമ്പ്രദായം അവസാനിപ്പക്കണം. അടുത്ത അഞ്ചുകൊല്ലത്തിനകം പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ചുമതല നമ്മുടെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറി മുന്നോട്ട് കൊണ്ടുപോകാൻ പരിശ്രമിക്കണം. 14 വയസ്സിനുതാഴെയുള്ള വിദ്യാർത്ഥികൾക്ക് പ്രതിമാസം 25 രൂപ വീതം ഗ്രാന്റ് കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ബാക്കിയുള്ളത് തദ്ദേശ ഭരണസ്ഥാപനങ്ങൾ അവരുടെ ഉച്ചഭക്ഷണം ആയാലും ഡ്രസ് ആയാലും അതെല്ലാം സമ്പാദിച്ചു കൊടുക്കാനുള്ള സാഹചര്യം ഈ രംഗത്ത് ഉണ്ടാകണം. അത് വരണമെങ്കിൽ രക്ഷകർത്താക്കളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തേണ്ടിവരും. പല രംഗങ്ങളിലും പുതിയ ജോലി കണ്ടെത്തി സാധാരണക്കാരായ ആളുകൾക്ക് പ്രതിമാസം മൂവായിരം രൂപയെങ്കിലും വരുമാനം ഉണ്ടാക്കത്തക്ക സംവിധാനം നമ്മൾ ആലോചിക്കണം. ആ രീതിയിൽ വിദ്യാഭ്യാസത്തിൽ മാറ്റം ഉണ്ടാകണം. 8-ാം സ്റ്റാന്റേർഡ് മുതൽ നിർബന്ധിത ഫീസ് ഈടാക്കണം. ആ ഫീസ് ഈടാക്കുന്നത് ഓരോ രക്ഷകർത്താവിന്റേയും സാമ്പത്തികസ്ഥിതി മനസ്സിലാക്കി ഒരു സ്ട്രക്ച്ചർ രൂപീകരിച്ചുകൊണ്ടുവേണം ചെയ്യാൻ. കാശ് കൂടുതൽ ഉള്ളവരിൽനിന്നും കൂടുതൽ ഫീസ് വാങ്ങുകയും കാശ് കുറഞ്ഞവരിൽനിന്നും കുറച്ച് ഫീസ് വാങ്ങുകയും വേണം. സൗജന്യ വിദ്യാഭ്യാസം ആർക്കും കൊടുക്കേണ്ട കാര്യമില്ല. എന്നിട്ട് 8-ാം സ്റ്റാന്റേർഡ് മുതൽ 12-ാം സ്റ്റാന്റേർഡ് വരെയുള്ള അഞ്ചുകൊല്ലം രണ്ട് രീതിയിലുള്ള വിദ്യാഭ്യാസം നടപ്പാക്കണം. ഒന്ന് തൊഴിൽപരവും മറ്റൊന്ന് അക്കാഡമിക്കും. തൊഴിൽപരമായ വിദ്യാഭ്യാസം നമ്മൾ സംവിധാനം ചെയ്യുമ്പോൾ അഞ്ചു വർഷംകൊണ്ട് സ്വന്തമായി ജോലിചെയ്ത് ജീവിക്കത്തക്ക സാഹചര്യം ഉണ്ടാക്കത്തക്കവിധത്തിലുള്ള പരിശീലനം കൊടുത്ത് കുട്ടികളെ പുറത്തേക്കയക്കാനുള്ള ഒരു വിദ്യാഭ്യാസം ആസൂത്രണം ചെയ്യണം. അക്കാഡമിക് കാര്യങ്ങളിൽ എസ്.സി./എസ്.ടി. കുട്ടികൾക്ക് പ്രത്യേകമായിട്ട് ട്യൂഷൻ കൊടുത്ത് മറ്റുള്ളവരോടൊപ്പം മത്സരിക്കത്തക്ക പ്രാപ്തിയുണ്ടാക്കാൻ പരിശ്രമിക്കണം. അങ്ങനെ 12-ാം സ്റ്റാന്റേർഡ് വിദ്യാഭ്യാസം കഴിഞ്ഞാൽ ഹയർ എഡ്യൂക്കേഷൻ റിസർച്ച് അടിസ്ഥാനത്തിൽ മുന്നോട്ടു കൊണ്ടുപോകാൻ നമ്മൾ തയ്യാറാകണം. അതുപോലെ തന്നെ പ്രഗത്ഭരായ കുട്ടികളെ തെരഞ്ഞെടുത്ത് പ്രത്യേകമായി സ്കോളർഷിപ്പ് നൽകി മുന്നോട്ടു കൊണ്ടുപോകുന്നതിന് പരിശ്രമം നടത്തണം. മാനേജർമാർക്ക് ഡൊണേഷൻ വാങ്ങാനോ നിശ്ചയിച്ച ഫീസിൽ കൂടുതൽ വാങ്ങാനോ ഉള്ള അധികാരം കൊടുക്കാൻ പാടില്ല. വിദേശങ്ങളിൽനിന്നോ മറ്റു സംഘടനകളിൽനിന്നോ സഹായം സ്വീകരിച്ചുകൊണ്ട് എല്ലാവർക്കും ആനുകൂല്യം കൊടുക്കുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. അങ്ങനയുള്ള ചില മാറ്റങ്ങൾ വരുത്തി നമ്മുടെ ഭരണരംഗം കുറേക്കൂടി സംശുദ്ധമാക്കാനും സാമ്പത്തികമായി സ്വസ്ഥതയുണ്ടാക്കാനും പരിശ്രമിക്കേണ്ടത് ആവശ്യമാണ്. മറ്റൊരു കാര്യം എനിക്ക് സൂചിപ്പിക്കാനുള്ളത്, ഈ രാജ്യത്തെ ഗവൺമെന്റ് എന്ന് പറയുന്നത് സാധാരണക്കാരായ പാവപ്പെട്ട ആളുകളുടെ ഗവൺമെന്റാണ്. അങ്ങനെയുള്ള ഗവൺമെന്റിൽ പ്രവർത്തിക്കുന്ന ആളുകൾ സെമിനാറുകൾ നടത്താനും സമ്മേളനങ്ങൾ നടത്താനും ഫൈവ്സ്റ്റാർ ഹോട്ടലിനെ ആശ്രയിക്കുന്ന രീതി എന്നന്നേക്കുമായി

LIBRARY ARCHIVES Kerala Legislative Assembly

അവസാനിപ്പിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ വിലകൂടിയ കാറുകളിൽ സഞ്ചരിക്കാനുള്ള വാസനയും നമ്മൾ വെട്ടിച്ചുരുക്കേണ്ടതാണ്. ഈ രീതിയിലുള്ള കാര്യങ്ങൾ നടത്താൻ ഗവൺമെന്റ് തയ്യാറാകണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് അഴിമതി രംഗത്തെക്കുറിച്ചാണ്. ഒരു ഉദ്യോഗസ്ഥൻ ചാർജ്ജെടുക്കുമ്പോൾ അദ്ദേഹത്തിന്റെ സാമ്പത്തിക സ്ഥിതി എന്താണെന്നുള്ളത് പഠനം നടത്തി അത് റിക്കോർഡ് ചെയ്യണം. പെൻഷനാകുമ്പോഴും അദ്ദേഹത്തിന്റെ സാമ്പത്തികരംഗം നല്ലതുപോലെ സ്റ്റഡിചെയ്ത് റിക്കോർഡ് ചെയ്ത് ഒരാൾക്ക് സാമാന്യമായി ഉണ്ടാക്കാവുന്ന തുകയുടെ ഒന്നരയിരട്ടിയിൽ കൂടുതൽ സമ്പാദിച്ചിട്ടുണ്ടെങ്കിൽ പെൻഷൻ കൊടുക്കാൻ പാടില്ല. ആ രീതിയിലുള്ള ഒരു നിയമനിർമ്മാണം തന്നെ ഈ രാജ്യത്ത് ഉണ്ടാകണം. എന്നാൽ മാത്രമേ ഈ രാജ്യത്തെ അഴിമതി അവസാനിപ്പിക്കാൻ കഴിയുകയുള്ളൂ. ഈ രീതിയിൽ കാര്യങ്ങൾ പുന:സംവിധാനം ചെയ്ത് നമ്മുടെ പൊതുഭരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി തയ്യാറാകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: സർ, ഈ സാമ്പത്തിക വർഷത്തിലേക്കുള്ള സംസ്ഥാന ഭരണത്തലവൻമാർ മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്ക് വേണ്ടിയുള്ള ഈ ധനാഭ്യർത്ഥനയുടെ ചർച്ച നടക്കുമ്പോൾ ശ്രീ. കെ.എൻ.എ. ഖാദർ ചൂണ്ടിക്കാണിച്ചതുപോലെ ഇവരിൽ 99 ശതമാനം ആളുകളും നമ്മുടെ ഓഫീസേഴ്സ് ഗ്യാലറിയിൽ ഇല്ല. മുൻപ് ഇങ്ങനെയായിരുന്നില്ല. പൊതു ചർച്ചയിലും ഈ ഡിമാന്റിന്റെ ചർച്ചയിലും എല്ലാ ഉദ്യോഗസ്ഥൻമാരും ഭരണത്തലവൻമാരും പങ്കെടുത്തിരുന്നു. കുറേക്കാലമായി ഈ സഭയിലുള്ള ഒരാൾ എന്നുള്ള നിലയിൽ ഇത് പ്രോൽസാഹിപ്പിക്കാൻ പാടില്ല. ഇന്നെങ്കിലും ഈ ഉദ്യോഗസ്ഥൻമാർ, ഭരണത്തലവൻമാർ നമ്മുടെ ചീഫ് സെക്രട്ടറിയുൾപ്പെടെയുള്ള ആളുകൾ പങ്കെടുക്കേണ്ട ഒരു ധനാഭ്യർത്ഥനയുടെ ചർച്ചയാണ് ഇവിടെ നടക്കുന്നത്. അവരെ കാണാനുള്ള ഒരു സുഖം കൊണ്ടല്ലേ. എം. എൽ. എ.മാർ മോശക്കാരാണെങ്കിലും അവർ ജനങ്ങളുടെ പ്രശ്നങ്ങൾ പറയുന്നത് മന്ത്രിമാരിൽക്കൂടി അറിയാതിരിക്കാനും നേരിട്ട് ഈ കാര്യങ്ങൾ അവർ അറിയാനും ലഭിക്കുന്ന ഏക അവസരമാണ് ഈ ധനാഭ്യർത്ഥനയുടെ ചർച്ച. അതാണ് പ്രധാനം. അവരെപ്പോയി കാണാനോ പറയാനോ ഓരോ ഓഫീസുകളിൽ പോകാനോ പലർക്കും കഴിയാത്ത സാഹചര്യത്തിൽ നിയമസഭയിൽ പ്പറയുന്ന കാര്യങ്ങൾ നേരിട്ട് കേൾക്കാനും ഒരു പരിധിവരെ അതിനു പരിഹാര മുണ്ടാക്കാനുമുള്ള ഒരു മാർക്ഷമെന്നുള്ള നിലയിലാണ് ഉദ്യോഗസ്ഥൻമാർ ഇവിടെ പങ്കെടുക്കേണ്ടത്. മന്ത്രിമാരില്ല അതുപോകട്ടെ, മുഖ്യമന്ത്രിയുണ്ട്, അദ്ദേഹത്തിന്റെ ഡിമാന്റാണ്. അതിലേക്ക് ഞാൻ കടക്കുന്നില്ല. അതുകൊണ്ട് ഇത് പ്രോൽസാഹിപ്പിക്കാൻ പാടില്ലായെന്ന് മാത്രമല്ല, ഇവിടെ പല റൂളിംഗുകൾ ഉണ്ട്. അങ്ങ് പരിശോധിക്കണം. തിരു-കൊച്ചി നിയമസഭയിൽ ശ്രീ. കെ. പി. നീലകണ്ഠപിള്ള സ്പീക്കറായിരുന്ന കാലത്ത് കൊടുത്ത റൂളിംഗ് മുതൽ സീതിസാഹിബിന്റെ കാലത്ത് കൊടുത്ത റൂളിംഗ് മുതൽ കഴിഞ്ഞ സമ്മേളനത്തിൽ ശ്രീ. വക്കം പുരുഷോത്തമൻ കൊടുത്ത റൂളിംഗ് വരെ ഇവിടെയുണ്ട്. ഉദ്യോഗസ്ഥൻമാർ ഈ പറയുന്ന കാലഘട്ടത്തിൽ ഇവിടെ ഉണ്ടായിരിക്കണമെന്ന് ഈ സഭയിൽ സ്പീക്കർമാർ കാലാകാലങ്ങളിൽ നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

റൂളിംഗുകൾ പോലും ഇന്ന് നടപ്പിലാക്കുന്നില്ല എന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ അറിയേണ്ട കാര്യം സർ, നമ്മുടെ സംസ്ഥാനം ഇന്ന് വളരെയധികം കുഴപ്പത്തിലേക്കാണ് പോകുന്നത്. മിനിഞ്ഞാന്നത്തെ കേന്ദ്ര ബഡ്ജറ്റുകൂടി വന്നുകഴിഞ്ഞപ്പോൾ വളരെ കുഴപ്പത്തിലേക്കാണ് നമ്മുടെ കാർഷിക രംഗം പോകുന്നത്. സർ, ഇന്ന് പത്രം വായിച്ച അങ്ങേക്കറിയാം, ഇന്ന് നമ്മുടെ തെങ്ങുകൃഷി, ഈ രാജ്യത്ത് മണ്ഡരിയോടുകൂടി നശിച്ചു. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി വിളവിൽ വളരെ കുറവ്, വലിപ്പത്തിൽ തീരെ കുറവ്. എങ്കിലും കഴിഞ്ഞ രണ്ടുമൂന്നു മാസമായി ഇതിന്റെ വില ഒന്നുകയറിവന്നതാണ്. കഴിഞ്ഞ പ്രാവശ്യം ഒരു നാളികേരത്തിന് ഹോൾസെയിൽ ആയിട്ടോ റീറ്റെയിൽ ആയിട്ടോ കൊടുക്കുമ്പോൾ 10 രൂപ വിലയുണ്ടായിരുന്നത് ഇന്നലേയും ഇന്നും മാർക്കറ്റിൽ 5 രൂപയായി കുറഞ്ഞിരിക്കുകയാണ്. കേരളത്തിന് എത്ര കോടി രൂപ നഷ്ടം വരുമെന്ന് ആലോചിക്കേണ്ട ഒരു കാര്യമാണ്. ഇതിന്റെ കാരണം പുറത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യയെണ്ണയുടെ തീരുവ കുറച്ചുകൊണ്ട് ഇറക്കുമതിയനുവദിക്കാൻ കേന്ദ്രം തീരുമാനിച്ചതാണ്. ഇവിടെ മാത്രമല്ല ഗ്രാമ്പ് അതുപോലെതന്നെ നമ്മുടെ തേയില, കാപ്പി, ഏലം മുതലായവ. റബ്ബർ മുതലാളിമാരുടെ സമ്മർദ്ദമനുസരിച്ച് ഇറക്കുമതി ചെയ്താൽ റബ്ബറും, റബ്ബറിന് ഈ റേറ്റ് വരുന്നതോടുകൂടി എന്തുമാത്രം വ്യത്യാസംവരുന്നു. കച്ചവടക്കാർ എങ്ങനെ സഹകരിക്കുന്നു എന്നുള്ളത് പ്രശ്നമല്ല അടയ്ക്കയുൾപ്പെടെയുള്ള നമ്മുടെ കാർഷികോൽപ്പന്നങ്ങൾക്ക് വില കുറയുന്നതിനെതിരായി അതിശക്തമായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ കോൺഗ്രസ് ഭരിക്കുന്ന ഈ രാജ്യത്ത് മുഖ്യമന്ത്രിയ്ക്കും മന്ത്രിമാർക്കും ഉദ്യോഗസ്ഥൻമാർക്കും കഴിയണം. വളരെ ശക്തമായി ഞാൻ പറയാം, അല്ലെങ്കിൽ നമ്മുടെ കൃഷിക്കാർ പുറകോട്ടുപോകും. വളരെയധികം വേദനാദജനകമായിട്ടുള്ള ഒരു ചുറ്റുപാടാണുള്ളത്. നൂറോ, അഞ്ഞൂറോ, നാളികേരമുള്ള ഒരു കൃഷിക്കാരന് ഈ മാസംമുതൽ അവരുടെ വരുമാനത്തിൽ പതിനായിരക്കണക്കിന് രൂപയുടെ കുറവാണ് വരാൻ പോകുന്നത്. ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയണം. ഇപ്പോൾ ഇവിടെ വന്നു വന്ന് ചിരട്ടവരെ ഇറക്കുമതി ചെയ്യുകയാണ്. ഒരു പത്രത്തിൽ വാർത്ത വന്നു, സിലോണിൽ നിന്ന് ചിരട്ട ഇറക്കുമതി ചെയ്യുന്നു, അത് നല്ലതാ സാർ, ജനങ്ങൾക്ക് ഒന്നുമില്ലെങ്കിൽ ഒരു ചിരട്ടയെങ്കിലും കൊടുക്കാമല്ലോ, അത് തെറ്റില്ല, ആക്ഷേപമില്ല. പക്ഷെ ചിരട്ട ഇറക്കുമതി ചെയ്തിട്ടും നമ്മൾ മിണ്ടാതിരിക്കുകയാണ്. പല സാധനങ്ങളും ഇറക്കുമതി ചെയ്യുകയാണ്. വ്യാപാരക്കരാറിന്റെ അടിസ്ഥാനത്തിൽ സിലോണിൽക്കൂടിയും പല രാഷ്ട്രങ്ങളിൽ കൂടിയുമുള്ള ഇറക്കുമതിമൂലം പതിനായിരക്കണക്കിന് തൊഴിലാളി കുടുംബങ്ങളെ പട്ടിണിയിൽ ആക്കി.യിരിക്കുന്നു. ഈ പട്ടിണിക്ക് പരിഹാരം ഉണ്ടാക്കാൻ എത്രകാലം സൗജന്യ റേഷൻ കൊടുത്താലും കഴിയില്ല. അത് കേന്ദ്രത്തോട് വളരെ ശക്തമായി ഈ മാതിരി ഏർപ്പാടുകളിൽ നിന്ന് പിൻതിരിയണമെന്ന് ആവശ്യപ്പെടുന്ന ഒരു നയം നമ്മുടെ സർക്കാർ സ്വീകരിച്ചില്ലായെങ്കിൽ കൃഷിക്കാരന്റെ കാര്യം ദയനീയമായിപ്പോകും. ഈ കേന്ദ്ര ബഡ്ജറ്റിൽ നമുക്കുള്ളതെന്താണ്? ജലഗതാഗത രംഗത്ത് കിൻകോയ്ക്ക് അൽപ്പം കാശ് കിട്ടുമെന്നുള്ളതൊഴിച്ചാൽ ഏതു രംഗത്താണ് ഗുണമുള്ളത്. ഇനിയും കുഴപ്പം വരാൻ പോകുകയല്ലേ, സെസ് വരുമ്പോൾ 5 ശതമാനം ഡ്യൂട്ടി കുറയുന്നതുകൊണ്ട് പെട്രോളിയത്തിന്റെ വില കൂടുകയില്ല എന്നാണ് ചിദംബരം പറഞ്ഞത്. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly

പെട്രോളിയം കമ്പനികൾ പറഞ്ഞിരിക്കുന്നത് ഏപ്രിൽ ഒന്നു മുതൽ വില കൂടുമെന്നാണ്. ഇതിന്റെ ഫലമായി കെ.എസ്.ആർ.ടി.സി.ക്ക് മാത്രം പ്രതിമാസം അറുപത് ലക്ഷം രൂപ കൂടുതലായി കൊടുക്കേണ്ടിവരും, പ്രതിമാസം ഒരു രൂപ കൂടിയാൽ, പതിനായിരം കിലോമീറ്റർ ഓടാൻ കെ.എസ്.ആർ.ടി.സി.യ്ക്ക് മാസം ഒരു കോടി രൂപയാകും. ഇപ്പോൾ പന്ത്രണ്ടര ലക്ഷം കിലോമീറ്റർ എന്നാണ് പറയുന്നത്. പന്ത്രണ്ടു ലക്ഷം കിലോമീറ്റർ ഓടണമെങ്കിൽ അറുപത് ലക്ഷം രൂപ പ്രതിദിനം കെ.എസ്.ആർ.ടി.സി. എന്നുപറയുന്ന ഊർദ്ധശ്വാസം വലിക്കുന്ന പൊതുമേഖലാ സ്ഥാപനത്തിന് ഈ രംഗത്ത് കൊടുക്കേണ്ടിവരും. അതുപോലെ പലയിടത്തും കുഴപ്പമുണ്ട്. നാഫ്ത ഉപയോഗിച്ച് ജനറേറ്റ് ചെയ്യുന്ന ഇലക്ട്രിസിറ്റി, ശ്രീ. ആര്യാടൻ ഇവിടെയിരുപ്പുണ്ടോ, നിങ്ങൾ എന്ത് എഗ്രിമെന്റ് ഉണ്ടാക്കിയാലും എൻ.റ്റി.പി.സി.യിൽ ഇന്ന് ഉപയോഗിക്കുന്ന ഇലക്ട്രിസിറ്റിക്ക് കൂടുതൽ വില കൊടുക്കേണ്ടിവരും. നമ്മുടെ ബ്രഹ്മപുരം ഡീസൽ നിലയത്തിന് കൂടുതൽ പണം മുടക്കേണ്ടിവരും. അതുപോലെ കോഴിക്കോട് ജനറേറ്റ് ചെയ്യുകയാണെങ്കിൽ അവിടെ കൂടുതൽ വില കൊടുക്കേണ്ടിവരും. നമ്മുടെ ചെലവുകൾ ആകെ കൂടുകയാണ്. കേന്ദ്രഗവൺമെന്റിന്റെ ബഡ്ജറ്റ് നമുക്ക് ചെയ്ത ദ്രോഹം വളരെ വലുതാണ്. പത്തു പൈസ ആരോഗ്യ വകുപ്പിനില്ല. വിദ്യാഭ്യാസം നമ്മൾ മുണ്ടുമുറുക്കിയുടുത്ത് കൈകാര്യം ചെയ്യുന്നതുകൊണ്ട്, വിദ്യാഭ്യാസത്തിനുവേണ്ടി പണം കണ്ടുപിടിച്ചതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് നമുക്ക് സഹായമില്ല. വ്യാപാരക്കരാറിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ഇറക്കുമതി വളരെ അപകടകരമായ സ്ഥിതിയിലേക്ക് പോകുകയാണ്. ഇതിനെതിരായി അതിശക്തമായി പ്രതികരിക്കേണ്ടതാണ്. റെയിൽവേയുടെ കാര്യം ഞാൻ പറയുന്നില്ല. റെയിൽവേയുടെ കാര്യത്തിൽ ഏറ്റവും വലിയ ദ്രോഹമാണുണ്ടാക്കിവച്ചിരിക്കുന്നത്. ഗുണമില്ല എന്നുമാത്രമല്ല, നമ്മുടെ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്നു എന്ന് കണക്കിൽ പറഞ്ഞിരിക്കുന്ന സംഖ്യപോലും തമിഴ്നാടിന് ചെലവാക്കാൻ കഴിയുന്ന രീതിയിൽ പേരുകൾ മാറ്റി നമ്മെ കബളിപ്പിക്കുകയാണ്. അതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നിലപാടുകൾക്കെതിരായി വളരെ ശക്തമായി പ്രതികരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അല്ലെങ്കിൽ ഇനിയും തേയില തോട്ടങ്ങൾ തുറക്കാൻ നമുക്ക് പറ്റിയില്ല. വയനാട്ടിൽ ആത്മഹത്യകൾ ഇനിയും വർദ്ധിക്കും. കുറുമുളകു കൃഷിക്കാരനും കാപ്പിക്കൃഷിക്കാരനും ആത്മഹത്യ ചെയ്യും. ആത്മഹത്യ ചെയ്തവർക്ക് ഒരു ലക്ഷം രൂപ കൊടുത്തു തടിതപ്പാൻ നമുക്ക് കഴിഞ്ഞേക്കും. പക്ഷം ആ കുടുംബങ്ങൾ ഒരിക്കലും രക്ഷപ്പെടാൻ പോകുന്നില്ല. സമയക്കുറവുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. വിദ്യാഭ്യാസ രംഗത്തെ സ്ഥിതിയെന്താണ്? നമ്മൾ ഒരുപാട് പണം ചെലവാക്കി അതിന്റെ ഫലമായി ഫിനാൻസ് കമ്മിഷൻ പത്ത് പൈസ നമുക്ക് വിദ്യാഭ്യാസത്തിന് തരുന്നില്ല. പൊതുജനാരോഗ്യത്തിന് പത്തു പൈസയും തരുന്നില്ല. കാരണം നമ്മുടെ ജീവിത ദൈർഘ്യംകൂടി. നമുക്ക് ആശുപത്രികൾ ഉണ്ട്, അതിനൊന്നും പത്ത് പൈസ നമുക്കില്ല. അതില്ലാത്ത സ്ഥലങ്ങളിലൊക്കെകൊടുത്തു. വിദ്യാഭ്യാസ രംഗത്ത് വളരെ ഗുരുതരമായ സ്ഥിതിയുണ്ടാകാൻ പോകുകയാണ്. പ്രത്യേകിച്ച് അടുത്ത ജൂണിൽ സ്വാശ്രയ കോളേജുകളെക്കുറിച്ച് നമ്മുടെ മുഖ്യമന്ത്രിയായിരുന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞു, രണ്ടു സ്വാശ്രയകോളേജ് എന്നുപറഞ്ഞാൽ ഒരു സർക്കാർ കോളേജിന് തുല്യമാണ്. പക്ഷെ അദ്ദേഹം ഫീസിന്റെ കാര്യമൊന്നും പറഞ്ഞതായിട്ട് എനിക്ക് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. പക്ഷെ ഒന്നുണ്ട് സർ, ഇപ്പോൾ സ്വാശ്രയ കോളേജിലെ ഫീസ് സുപ്രീംകോടതിയുടെ വിധിയനുസരിച്ച് ക്രോസ് സബ്സിഡി പാടില്ലായെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തേയും ഹൈക്കോടതി ഇടപെട്ട് ആ പ്രദേശത്ത് സ്വാശ്രയ കോളേജുകളുടെ ഫീസ് നിശ്ചയിക്കാനുള്ള സംവിധാനമുണ്ടാക്കാൻ പറഞ്ഞിരിക്കുന്നു. ബാക്കിയുള്ളത് ഗവൺമെന്റാണ് നിശ്ചയിക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ നിയമിച്ച കമ്മിഷൻ കേരളത്തിൽ രണ്ട് ഫീസ് വച്ചു. എൻജിനീയറിംഗ് കോളേജിനും, മെഡിക്കൽ കോളേജിനും, അതിനെതിരായി ഉത്തരവു പുറപ്പെടുവിച്ചു. ക്യാബിനറ്റുതന്നെ തീരുമാനിച്ചു. പക്ഷെ കോടതി പറഞ്ഞു, പറ്റില്ല, വീണ്ടും ഇപ്പോൾ ഈ കേസ് കോടതിയിലാണ്. ഞാൻ ഒരു കാര്യം പറയാൻ വേണ്ടിയാണ് ഇത് പറയുന്നത്. കോടതിയെ അനുസരിക്കാതിരിക്കാൻ നമുക്ക് പറ്റില്ല. കോടതിയെ അനുസരിക്കണം. കോടതിയിൽ നിന്ന് തിരിച്ചുവരുമ്പോൾ മാറ്റാം, പക്ഷെ അവിടെയല്ല പ്രശ്നം ഗവൺമെന്റ് കൊടുക്കാൻ കഴിയുമെങ്കിൽ കൊടുക്കണം. കോടതി വേറൊരു കാര്യം പറഞ്ഞു, ഈ രാജ്യത്ത് ക്യാപ്പിറ്റേഷൻ ഫീസ് പാടില്ലായെന്ന് കോടതി പറഞ്ഞു, നിങ്ങൾ ഈ കോടതിവിധി മാത്രം നടപ്പിലാക്കിയാൽ മതിയോ? കെ. റ്റി. തോമസ് കമ്മിഷനെ നിശ്ചയിച്ചു. ഫീസ് കൊടുക്കണം. അത് കോടതിവിധിയാണെന്നു പറയുമ്പോൾ ഗവൺമെന്റിന്റെ കയ്യിലുള്ള മെഷീനറിയുപയോഗിച്ച്, വിജിലൻസിനെ ഉപയോഗിച്ച് അധികാരമുപയോഗിച്ച്, കോടതി പറഞ്ഞ രീതിയിലല്ലാതെ ക്യാപ്പിറ്റേഷൻ ഫീസ് വാങ്ങുന്ന ഈ രാജ്യത്ത് മെഡിക്കൽ കോളേജിന്റേയും, എൻജിനീയറിംഗ് കോളേജിന്റേയും മാനേജുമെന്റിനെ മൂക്കുകയറിടാൻ മുഖ്യമന്ത്രി തയ്യാറാകുമോയെന്നാണ് എനിക്ക് ഈ അവസരത്തിൽ ചോദിക്കാനുള്ളത്. നിങ്ങൾ ഒരു കോടതിവിധി മാത്രം പറഞ്ഞാൽ മതിയോ? ഒരു കോടതി വിധിയിൽ ഒരു ലക്ഷത്തി മുപ്പതിനായിരം അല്ലെങ്കിൽ മുപ്പത്തയ്യായിരം രൂപ ഫീസ് കൊടുക്കണമെന്നുപറഞ്ഞു. ശരി അത് വാങ്ങിക്കാതിരിക്കാൻ സാദ്ധ്യമല്ല. വാങ്ങിച്ചാൽ അത് തടയാനും നമുക്ക് സാദ്ധ്യമല്ല. അല്ലെങ്കിൽ പുതിയ ഒരു നിയമം വരികയും ഇന്ന് സുപ്രീം കോടതിയുടെ മുൻപിൽ വന്നിരിക്കുന്ന കേസ് കേൾക്കുകയും ചെയ്യുമ്പോൾ അത് അനുസരിച്ച് ചെയ്യാം വരട്ടെ, വ്യക്തമായും സുപ്രീം കോടതിയുടെ വിധിയുണ്ടല്ലോ ക്യാപ്പിറ്റേഷൻ ഒരു കാരണവശാലും പാടില്ലായെന്ന്. ഇവിടെ എത്രയാണ് ക്യാപ്പിറ്റേഷൻ ഫീസ്?. മെഡിക്കൽ കോളേജിലെ ക്യാപ്പിറ്റേഷൻ ഫീസ് മുപ്പത്തിയഞ്ചു ലക്ഷം രൂപയാണ്. ഇതിലും കൂടുതലുണ്ടോയെന്ന് എനിക്ക് അറിയില്ല. ഇതു തടയാൻ നമ്മുടെ കയ്യിൽ നിയമമില്ലേ. ഏതെങ്കിലും ഒരു കോളേജിന്റെ മാനേജുമെന്റിന് എതിരായി ഇത് പ്രയോഗിക്കുന്നതിൽ ആര് തർക്കിക്കുന്നു. അതുകൊണ്ട് ഈ കോളേജുകൾ അനുവദിച്ചതിൽ സുപ്രീം കോടതിയുടെ വിധി വന്നു, ഒക്കെ ഞാൻ അംഗീകരിക്കുന്നു. ഫീസ് കൊടുക്കണമെന്ന് പറഞ്ഞു, നമ്മുടെ ഗവൺമെന്റ് അത് കൊടുക്കാതിരിക്കാൻ വേണ്ടി ഉത്തരവിറക്കി. അവസാനത്തെ ഉത്തരവും കേരളത്തിൽ ഹൈക്കോടതി റദ്ദ് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഫീസ് വാങ്ങേണ്ടിവരും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇത് കോടതിയുടെ മുമ്പിലാണ്. ക്യാപ്പിറ്റേഷൻ അവസാനിപ്പിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ദയാദാക്ഷിണ്യമില്ലാതെ, ഫിസല്ലാതെ 25 ലക്ഷവും 50 ലക്ഷവും രൂപ ക്യാപ്പിറ്റേഷൻ വാങ്ങുന്നത് അവസാനിപ്പിക്കാൻ അങ്ങയുടെ കൈയിലുള്ള അധികാരം ഉപയോഗിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇത് ഒരാൾക്കെതിരായി ഉപയോഗിച്ചാൽ ഈ രാജ്യത്ത് അത് അവസാനിപ്പിക്കാം. അത് അവസാനിപ്പിക്കാൻ ശ്രമിക്കണം.

പരീക്ഷണാർത്ഥമെങ്കിലും റബ്ബറിനെ ടാക്സിൽനിന്നും ഒഴിവാക്കി പഴയ സമ്പ്രദായം തുടരാൻ അനുവദിക്കണം. ഇവിടെ റബ്ബർ കൃഷി നശിക്കും. ഞാൻ വാറ്റിനെതിരല്ല. ഇപ്പോൾത്തന്നെ കുഴപ്പമാണ്. മാർച്ച് 20 കഴിഞ്ഞാൽ റബ്ബർ വ്യാപാരികൾ സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ നികുതി കൊടുക്കേണ്ടിവരുമെന്നതിനാൽ റബ്ബർ വാങ്ങൽതന്നെ അവസാനിപ്പിക്കും. അതുകൊണ്ട് ഇതൊന്ന് ചർച്ച ചെയ്യുന്നതുവരെ, ഒരു തീരുമാനം എടുക്കുന്നതുവരെ റബ്ബറിനെ വാറ്റിൽനിന്ന് ഒഴിവാക്കാൻ ഗവണ്മെന്റ് തയ്യാറാകണം. റബ്ബർ കൃഷിയുമായി ബന്ധമുണ്ട് എന്ന നിലയിൽ പറയുകയാണ്. ഉപദേശമെന്ന നിലയിലല്ല, അഭ്യർത്ഥന എന്ന നിലയിലാണ്. റബ്ബറിനെ ഇതിൽനിന്നും തൽക്കാലം ഒഴിവാക്കി നിർത്തണം. കേരളത്തെ സംബന്ധിച്ചിടത്തോളം ഗുരുതരമായ പ്രത്യാഘാതം ഉണ്ടാകുമെന്നുള്ളതുകൊണ്ടാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്കൊന്ന് പറയാനുള്ളത്, പോലീസിനെക്കുറിച്ച് പറയുമ്പോൾ, ഈ സഭയിലെ അംഗമായ ശ്രീ. ഷിബു ബേബി ജോണിനെതിരെ ഒരു പരാതിയും ഇല്ലാതെ എഫ്.ഐ.ആർ. ഇല്ലാതെ, ആരെങ്കിലും ഷിബു ബേബി ജോണിനെതിരായി ഒരു പരാമർശംപോലും നടത്താതെ 307 ഇട്ടുകൊണ്ട് (307 വധശ്രമമാണ്), 307-ന്റെ ശിക്ഷ എത്രയാണെന്നറിയാമോ? വധശ്രമത്തിന് കേസിട്ട് കാറിന്റെ പുറകേ പോയി മുൻ ചീഫ് സെക്രട്ടറിയുടെ വസതിയിൽനിന്നും അർദ്ധരാത്രിയിൽ അറസ്റ്റ് ചെയ്യേണ്ട എന്ത് കുറ്റമാണ് ഷിബു ബേബി ജോൺ ചെയ്തത്? അർദ്ധരാത്രി പത്മകുമാറിന്റെ വീട്ടിൽനിന്നും, (പത്മകുമാറിനെ അങ്കിളെന്നാണ് ഷിബു ബേബി ജോൺ വിളിക്കുന്നത്) പത്മകുമാറും ബേബി ജോണുമായി വളരെ അടുത്ത ബന്ധമുണ്ടായിരുന്നു. ഞാൻ അന്വേഷിച്ചു. ഈ വകുപ്പിടാൻ ആര് മൊഴി കൊടുത്തു? .... (ബഹളം)..... ബാബു ദിവാകരനൊന്നും അത് ചെയ്തു കാണുമെന്ന് എനിക്ക് തോന്നുന്നില്ല. ഷിബു ബേബി ജോണിന്റെ പേരിൽ മൊഴി പോലുമില്ലാതെ വധശ്രമത്തിന് കേസെടുത്തു. ഷിബു ബേബി ജോണിനെ അറസ്റ്റ് ചെയ്ത് പിറ്റേന്ന് കോടതിയിൽ ഹാജരാക്കിയപ്പോൾ എന്താ സംഭവിച്ചത്? വധശ്രമത്തിന്റെ വകുപ്പ് പോലീസ് തന്നെ കോടതിയിൽ ജാമ്യത്തിന് മുമ്പ് വിത്ഡ്രാ ചെയ്തു. ഇത് കേരളത്തിന്റെ ചരിത്രത്തിൽ കേട്ടുകേൾവിയുള്ളതാണോ? എന്ത് ഇൻവെസ്റ്റിഗേഷൻ നടന്നു? ഒരു സെക്ഷൻ മാറ്റണമെങ്കിൽ ഇൻവെസ്റ്റിഗേഷൻ നടക്കേണ്ടേ? എന്ത് ഇൻവെസ്റ്റിഗേഷൻ രണ്ടുമുന്ന് മണിക്കൂർകൊണ്ട് നടന്നു. ....(ബഹളം)... താമരാക്ഷൻ സ്ഥലത്തുണ്ടായിരുന്നു. ഷിബു ബേബി ജോൺ സ്ഥലത്തുപോലും ഇല്ല. ബേബി ജോൺ ഈ രാജ്യത്തെ തൊഴിലാളികൾക്കുവേണ്ടി കഷ്ടപ്പെട്ട, രോഗാതുരനായ, ശയ്യാവലമ്പിയായി കിടക്കുന്ന വളരെ ഉന്നതനായ ഒരു തൊഴിലാളി പ്രവർത്തകനും ഒരു സോഷ്യലിസ്റ്റും, ഈ രാജ്യത്തിനു വേണ്ടി തല്ലു കൊള്ളുകയും ജയിലിൽ കിടക്കുകയും വിദ്യാഭ്യാസം ഉപേക്ഷിക്കുകയും ഒക്കെ ചെയ്ത ബേബി ജോണിനെയെങ്കിലും ഓർക്കേണ്ടേ? ഒരു കവിതയുണ്ട്.

"ഞാനൊരു ബാലനശക്തനെങ്കിലും

മാന്യനാമെന്നുടെ താതനെയോർക്കണം".

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly

ആ കവിത ഇവിടെ ചൊല്ലിയത് അർത്ഥവത്തായിരിക്കുന്നു. ഷിബു ബേബി ജോണിന്റെ പേരിലാണ് കേസെടുത്തിരിക്കുന്നത്. അദ്ദേഹം ഈ സഭയിലെ ഒരംഗമാണ്. ആ ഉദ്യോഗസ്ഥർക്കെതിരായി നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്ക് കഴിയുമോ? കഴിയില്ല. കാരണം ആ സംവിധാനത്തിലേയ്ക്ക് വന്നിരിക്കുകയാണ്. എം.എൽ.എ.-മാരുടെ കാര്യമൊന്നും ഞാൻ പറയുന്നില്ല. ഇതൊരു പർട്ടിക്കുലർ ഇൻസിഡന്റാണ്. മൊഴിപോലും കൊടുക്കാതെ ഒരു എം.എൽ.എ.-യുടെ പേരിൽ കേസെടുത്ത പ്രശ്നമാണ്. ഇത് വളരെ ഗുരുതരമാണ്. പറയാതിരിക്കാൻ നിവൃത്തിയില്ല.

ഇവിടെ യു.ഡി.എഫ്. സംവിധാനം ഉണ്ടെന്നാണ് പറയുന്നത്. ഉണ്ടോ ഇല്ലയോ എന്ന് എനിക്കറിയില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,എഴുതിയത് കിട്ടുമ്പോഴാണ് അങ്ങനെയൊരു സംവിധാനമുണ്ടെന്ന് അറിയുന്നത്. ഇതിന്റെ ഉത്തരാവാദിത്വം ഞങ്ങൾക്കാർക്കുമില്ല. പക്ഷേ ശ്രീ. ബിനോയ് വിശ്വം പറഞ്ഞതിന് മറുപടി പറയേണ്ടതുണ്ട്. അതിൽ ഒപ്പിട്ട ഒരാളാണ് ഞാൻ. ആ പ്രകടന പത്രിക ഇന്നലേയും വായിച്ചു നോക്കി. ആ പ്രകടന പത്രിക അനുസരിച്ചാണോ ഇവിടെ പോകുന്നത്? ഇതിൽ ഒപ്പിട്ട കക്ഷികളുണ്ടോ? ശ്രീ. എം. വി. രാഘവൻ ഇരിക്കുന്നതു കണ്ടാൽ സങ്കടം തോന്നും. ശ്രീ. ബാബു ദിവാകരനെ അവിടെ കാണുന്നില്ല. ഒന്ന് രണ്ട് മൂന്ന് എന്ന രീതിയിൽ നിൽക്കുകയല്ലേ. കമ്മിറ്റികൾ സംഘടിപ്പിക്കുന്നതിനെപ്പറ്റി, ശ്രീ. മത്തായിചാക്കോ ആണെന്ന് തോന്നുന്നു രാവിലെ, സിൻഡിക്കേറ്റിനെ ആര് സംഘടിപ്പിച്ചു; ആരൊക്കെയാണ് അംഗങ്ങൾ? ഇത്ര വലിയ വിദ്യാഭ്യാസ ദുരന്തരൻമാർ ഈ രാജ്യത്തുണ്ടോ? ദുരന്തരന്മാരുടെ പേരൊന്നും ഞാൻ പറയുന്നില്ല. മൂന്നാം ക്ലാസ്സിൽ എം.എ. പാസ്സായി, എല്ലാപേരുംകൂടി സഹായിച്ച് രണ്ടാംക്ലാസ്സിലാക്കി വളരെ ബുദ്ധിമുട്ടി ഉദ്യോഗം വാങ്ങിച്ച് കൊടുത്ത് അങ്ങനെയൊക്കെ ഉണ്ടാക്കിയെടുത്തവരാണ് ഇപ്പോൾ സിൻഡിക്കേറ്റ് മെമ്പർ. പി.എസ്.സി.-യിൽ എത്ര പേരുണ്ടെന്ന് എനിക്കുതന്നെ അറിയില്ല. ഞങ്ങളാരും അതൊന്നും അറിയുന്നില്ല. അതുകൊണ്ട് ശ്രീ. മത്തായി ചാക്കോ യു.ഡി.എഫ്. എന്ന് പറയരുത്. ഞങ്ങളാരും ഒന്നും അറിയുന്നില്ല. അങ്ങനെയൊരു സംവിധാനവും ഇവിടെയില്ല. കുറ്റപ്പെടുത്തുകയല്ല. ഇതിലൊന്നും ഞങ്ങളിൽ പലർക്കും പങ്കില്ല. ഇവിടെ ഇരിക്കുന്ന പലർക്കും മനസ്സാക്ഷിയുണ്ടെങ്കിൽ, ശ്രീ. എം. വി. രാഘവൻ ഉൾപ്പെടെയുള്ളവർക്ക് ഒരു പങ്കുമില്ല. അതിനെപ്പറ്റി ഇത്രയേ എനിക്ക് പറയാനുള്ളൂ.

വളരെയധികം നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ ഈ ഗവണ്മെന്റിന്റെ ശേഷിക്കുന്ന ഒരു വർഷത്തിൽ ചിലാനമുള്ള കാലഘട്ടത്തിൽ കർഷകർ കൂടുതൽ ബുദ്ധിമുട്ടിലേയ്ക്കും ദുരിതത്തിലേയ്ക്കും പോകും. നമ്മുടെ സാമ്പത്തിക സ്ഥിതി മോശമാണെന്ന് എല്ലാപേർക്കും ശ്രീ. വക്കം പുരുഷോത്തമൻ 'എഴുതി തരുന്നുണ്ട്. ഇന്നും എഴുതി തന്നിട്ടുണ്ട്. പണം കണ്ടുപിടിക്കാൻ സാധിക്കാത്തതിനാൽ ഒന്നും സാധിക്കുന്നില്ല. ശ്രീ. എ. കെ. ആന്റണി മൂന്നര വർഷം താമസിച്ച ക്ലിഫ് ഹൗസ് ഇടിഞ്ഞ് താഴേയ്ക്ക് വീഴുകയൊന്നുമില്ല. ശ്രീ. എ. കെ. ആന്റണി ഒരു stature ഒക്കെയുള്ള ആളാണ്. ശ്രീ. എ. കെ. ആന്റണി താമസിച്ചിരുന്ന വീടിന് ഇത്രയും വലിയ തുക (15 ലക്ഷം രൂപ) ചെലവാക്കണോ എന്നുള്ള കാര്യം നമ്മൾ ആലോചിക്കണം. ഞങ്ങളൊക്കെ അവിടെ കൂടുമായിരുന്നു. അവിടെ ചോർച്ചയൊന്നും കണ്ടില്ല. ശ്രീ. ശങ്കരനാരായണൻ

LIBRARY ARCHIVES Kerala Legislative Assembly

താമസിച്ചിരുന്നിടത്തും അത്ര വലിയ തുക ചെലവാക്കിയതായി തോന്നുന്നില്ല. അതു കൊണ്ട്. നമുക്ക് പണമില്ല എന്ന് പറയുമ്പോൾ, സാമ്പത്തിക കാര്യങ്ങളിൽ മിടുക്ക് കാണിക്കുമ്പോൾ ചെലവ് സ്വയം നിയന്ത്രിച്ച് നമ്മുടെ ചെലവുകൾ നിർത്തി മാതൃക കാണിക്കണം. ഞങ്ങളൊക്കെ മാതൃക കാണിച്ചിട്ടുള്ളവരാണ്. ഞാൻ മന്ത്രി ആയിരുന്ന സമയത്ത് കാറിന്റെകൂലി എടുത്താലും ഫോണിന്റെകൂലി എടുത്താലും ഞാൻ അത് സ്വീകരിച്ച ആളാണ്. ഈ ധനാഭ്യർത്ഥനയിൽ ഏറ്റവും പ്രധാനം, ഉദ്യോഗസ്ഥന്മാർ നിയമസഭയെ അവഗണിക്കുകയാണെങ്കിൽ അതിനുവേണ്ടിയുള്ള നടപടികൾ ചെയർ എടുക്കേണ്ടത് അത്യാവശ്യമാണ്. ഉദ്യോഗസ്ഥന്മാർ ഞങ്ങൾ പറയുന്നത് കേൾക്കണം. അതായിരുന്നു പതിവ്. അത് നഷ്ടപ്പെട്ടിരിക്കുന്നു. ഞാൻ നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

[12.00 noon] ശ്രീ. കെ. ബാബു : സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുകയാണ്. ഇവിടെ ഈ ഗവൺമെന്റ്, ശ്രീ. എ. കെ. ആന്റണിയുടെ കാലത്താണ് ഭരണം തുടങ്ങിവച്ചത്. അന്ന് തുടങ്ങിവയ്ക്കുന്നകാലത്ത്, കേരളത്തിലെ ജനങ്ങൾക്ക് എല്ലാ അർത്ഥത്തിലും പ്രതീക്ഷ നഷ്ടപ്പെട്ട ഒരു ഭരണമാണ് ഞങ്ങൾ ഏറ്റെടുത്തത്. എന്നാൽ ഇന്ന് ജനങ്ങൾക്ക് പ്രതീക്ഷ ഉണ്ടായിരിക്കുകയാണ്. എല്ലാ രംഗത്തും കാര്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ശ്രീ. ആന്റണി ഗവൺമെൻറ് ആരംഭിച്ച് ശ്രീ. ഉമ്മൻചാണ്ടി ഭരണം ഏറ്റെടുത്ത് ഈ ഗവൺമെന്റ് ജനങ്ങൾക്ക് കൂടുതൽ പ്രതീക്ഷ നൽകിക്കൊണ്ട് എല്ലാ രംഗത്തും സാന്ത്വനത്തിന്റെ സ്പർശം ഏല്പിച്ചുകൊണ്ട് മുന്നോട്ട് പോവുകയാണ്. അതിനുള്ള അംഗീകാരം തീർച്ചയായിട്ടും ജനങ്ങൾ നല്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ അപ്പുറത്തുള്ള ആളുകൾ നിരാകരണം കൊടുത്തിട്ടുണ്ട്. അതിനകത്ത് പറഞ്ഞിട്ടുള്ള ഒരു കാര്യം സംസ്ഥാനത്ത് നിലവിലുള്ളതായി പറയപ്പെടുന്ന അപ്രഖ്യാപിത നിയമന നിരോധനം സംബന്ധിച്ചാണ് ഒരു കാര്യം. ഇവിടെ അപ്രഖ്യാപിത നിയമന നിരോധനമുണ്ടോ ? പി.എസ്.സി. മുഖാന്തിരം 100 ദിവസംകൊണ്ടുതന്നെ 19,976 പേർക്ക് നിയമനം ലഭിച്ചു. സത്യമല്ലേ ? പി.എസ്.സി.യുടെ കണക്ക് നോക്കിയാൽ മതിയല്ലോ. ഇവിടെ 19,976 പേർക്ക് പുതുതായി നിയമനം ലഭിച്ചു. മറ്റൊരു കാര്യം പറഞ്ഞിട്ടുള്ളത് പി.എസ്.സി.യിൽ അംഗങ്ങളെക്കൂട്ടിയെന്ന്. ഇവിടെ സ്ഥിരമായി നടക്കുന്ന ചർച്ച എന്താണെന്നറിയാമോ പി.എസ്.സി.യിലെ കാലതാമസം. പഴയകാലത്ത് പി.എസ്.സി. ആരംഭിച്ച കാലത്തുള്ള പി.എസ്.സി. അല്ല ഇന്നുള്ളത്. ഇന്നു പി.എസ്.സി. യിൽ 96 ലക്ഷം അപേക്ഷകളുണ്ടായിരുന്നു; ഏറ്റവും ഒടുവിൽ. അതു മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം പി.എസ്.സി. മുഖേന നിയമനം വളരെ കുറച്ചേ നടക്കുന്നുള്ളു. പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി പ്രത്യേകം സ്ഥാപനങ്ങളുണ്ട്. ഉന്നത ഉദ്യോഗസ്ഥന്മാർക്കുവേണ്ടി പ്രത്യേക സംവിധാനമുണ്ട്. കേരളത്തിൽ സർക്കാർ മേഖലയിലുള്ള എല്ലാ നിയമനവും പി.എസ്.സി. മുഖാന്തിരമാണ് നടക്കുന്നത്. അതുകൊണ്ട് പി.എസ്.സി.യിലെ അംഗസംഖ്യ കൂട്ടി ശരിയാണ്. പി.എസ്.സി.യുടെ നിയമനത്തെക്കുറിച്ച് ആക്ഷേപം പറഞ്ഞു. ഇന്നലെ ഹൈക്കോടതി അംഗീകരിച്ചല്ലോ, നിങ്ങൾ ഹൈക്കോടതി വിധിയാണല്ലോ എപ്പോഴും പറയാറുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. വി. എസ്. അച്ചുതാനന്ദനും ഒക്കെ പറയുന്നത് ഹൈക്കോടതി വിധിയാണ്. ഹൈക്കോടതി എന്താണ് പറഞ്ഞത്. കേരള പി.എസ്.സി. നിയമനത്തെ ഹൈക്കോടതി അംഗീകരിച്ചു. അപ്പോൾ അത്

LIBRARY ARCHIVES Kerala Legislative Assembly

അവസാനിച്ചല്ലോ? ഇവിടെ ഈ ഗവൺമെന്റ് വന്നതിനുശേഷം ജി.ഡി.പി. വർദ്ധനവുണ്ടായി. സമയക്കുറവായതുകൊണ്ട് ഞാൻ കണക്കുകളിലേയ്ക്ക് കടക്കുന്നില്ല. മറ്റ് ഗ്രോത്ത് റേറ്റ് വർദ്ധിച്ചു. അത് സത്യമല്ലേ, നിങ്ങൾ കണക്കുകൾ പരിശോധിച്ചാൽ എക്കണോമിക് റിവ്യൂ എടുത്തു പരിശോധിച്ചാൽ ഗ്രോത്ത് റേറ്റ് വർദ്ധിച്ചിട്ടുണ്ട്. റവന്യൂ കമ്മി കുറഞ്ഞു. സമസ്ത മേഖലകളിലും മാറ്റങ്ങളുണ്ടായിട്ടുണ്ട്. ഈ നൂറ് ദിവസ പരിപാടികൾകൊണ്ട് സംസ്ഥാനത്ത് ഒന്നും നടന്നില്ല എന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ ? നിങ്ങൾ കണക്ക് പരിശോധിച്ചുകൊണ്ട്.....

ശ്രീ. എ. കെ. ബാലൻ : സർ, 100 ദിവസ പരിപാടിയുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെലവഴിച്ചത് 1,35,00,000 രൂപയാണ്. വിതരണം ചെയ്തത് 1,05,00,000 രൂപ എന്നാണ് എന്റെ ചോദ്യത്തിന് ഉത്തരമായിട്ട് പറഞ്ഞത്. ഇത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ബാബു : 100 ദിവസ പരിപാടിക്ക് ചെലവ് ഉണ്ടായിക്കാണും. ഞാൻ അത് നിഷേധിക്കുന്നില്ല. പക്ഷേ ഒരു മുഖ്യമന്ത്രി എഴുതിയ പുസ്തകം അച്ചടിച്ചിറക്കാൻവേണ്ടി എത്ര ലക്ഷം രൂപയാണ് ചെലവാക്കിയതെന്നു ഓർത്തു നോക്കണം. ജീവിച്ചിരിപ്പില്ലാത്ത ആളായതുകൊണ്ട് ഞാൻ പേര് പറയുന്നില്ല. 100 ദിവസ പരിപാടി കഴിഞ്ഞു. ഒരു വർഷത്തെ കർമ്മ പരിപാടി എല്ലാ വകുപ്പുകളിലും സർക്കാരിന്റെ സ്പർശനം ഏല്പിക്കത്തക്ക വിധത്തിൽ വലിയ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ടാണ് ഒരു വർഷത്തെ പരിപാടി ആവിഷ്ക്കരിച്ചിട്ടുള്ളത്. ഞാൻ ആ പരിപാടികൾ ഇവിടെ വിശദീകരിക്കുന്നില്ല. ഇവിടെ ബഹുജന സമ്പർക്ക പരിപാടി. ഫയൽ നീക്കൽ, നിങ്ങൾ പറഞ്ഞു ഏത് ഫയലാണ് കെട്ടിക്കിടക്കുന്നതെന്നു. നമുക്കറിയാം. പാവപ്പെട്ടവരുടേതാണ് സാധാരണക്കാരുടേതാണ്. സാമ്പത്തിക ശേഷിയുള്ളവരുമായി ബന്ധപ്പെട്ട് ഫയലുകളൊന്നും ഒരു സർക്കാരിന്റെ കാലത്തും കെട്ടിക്കിടക്കുകയില്ല. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ട ആളുകളുടെ ഫയലുകളാണ് കെട്ടി കിടക്കുന്നത്.. ആ ഫയലുകളിൽ കോടതികളിൽ കേസ് ഇല്ലാത്ത ഫയലുകളെല്ലാം തീർപ്പാക്കി കഴിഞ്ഞിരിക്കുകയാണ്. അപ്പോൾ നിങ്ങൾ പറഞ്ഞു ഇപ്പോഴും ഫയലുണ്ടെന്നു. ഫയൽ, വന്നുകൊണ്ടിരിക്കും. സെക്രട്ടേറിയറ്റ് കട അടച്ചു പോകുന്നതുപോലെ പോകണമോ? ഒരു സർക്കാരാകുമ്പോൾ ഫയൽ വന്നുകൊണ്ടിരിക്കും ഫയൽ തീർപ്പാക്കി കൊണ്ടിരിക്കും. ഉദ്യോഗസ്ഥന്മാരുടെ മനോഭാവത്തിൽ ഒരു മാറ്റം ഉണ്ടാക്കാൻ സാധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വേഗത്തിൽ കാര്യങ്ങൾ നടത്താൻ ശ്രമിക്കുമ്പോൾ അതോടൊപ്പം മുന്നോട്ട് പോകാൻ ഉദ്യോഗസ്ഥന്മാർകൂടി ശ്രമിക്കണം. ഉദ്യോഗസ്ഥന്മാരുടെ മനോഭാവത്തിൽ മാറ്റമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 315 പദ്ധതികളാണ് ഒരു വർഷത്തെ പദ്ധതിയായി ആവിഷ്ക്കരിച്ചിട്ടുള്ളത്. 315 പദ്ധതികൾ ഒരു വർഷംകൊണ്ട് സമയബന്ധിതമായി നടപ്പാക്കണമെങ്കിൽ ഈ പദ്ധതികൾ സ്ഥിരമായി റിവ്യൂ നടത്താനും ഈ പദ്ധതികൾ മോണിട്ടർ ചെയ്യാനുമുള്ള സംവിധാനം വേണം. അതുകൊണ്ട് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ വകുപ്പുകൂടുതൽ ശക്തിപ്പെടുത്തണം. പ്രോഗ്രാം ഇംപ്ലിമെന്റേഷൻ ഒരു വർഷത്തെ. പദ്ധതികൾ നടപ്പിലാക്കാൻ അതിന്റെ മോണിട്ടറിംഗ് ഇംപ്ലിമെന്റേഷൻ ഈ കാര്യങ്ങളെല്ലാം ഗവൺമെന്റ് കൂടുതൽ ശ്രദ്ധിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ കമ്പ്യൂട്ടറൈസേഷൻ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ വകുപ്പുകളിലെയും എല്ലാ ആഫീസുകളിലും ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ടെങ്കിലും പരസ്പരം ആഫീസുകൾ തമ്മിൽ ബന്ധപ്പെടുത്താൻ ലോക്കൽ ഏരിയ നെറ്റ് വർക്ക് സംവിധാനം ഇപ്പോൾ ഇല്ല. ഈ Local Area Network (LAN) എന്നു പറയുന്ന പദ്ധതി ആവിഷ്ക്കരിച്ചുകൊണ്ട് പൊതുഭരണം മെച്ചപ്പെടുത്താൻ നമുക്ക് സാധിക്കണം. നമ്മുടെ മോഡണൈസേഷന്റെ ഭാഗമായി എല്ലാ ആഫീസുകളിലും കമ്പ്യൂട്ടർ കൊടുത്തിട്ടുണ്ട്. ഇത് ഒരു പരിഷ്ക്കരണ പരിപാടി എന്നുള്ള നിലയിൽ കമ്പ്യൂട്ടർ ഇല്ലാത്ത ഒരു ആഫീസും ഇല്ല. പക്ഷേ കമ്പ്യൂട്ടറൈസേഷൻ നടത്തുന്നതിന്റെ പ്രയോജനം നമുക്കും ജനങ്ങൾക്കും കിട്ടുന്നുണ്ടോ എന്നു പരിശോധിക്കേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ആഫീസുകൾ തമ്മിൽ ബന്ധപ്പെടുത്തുന്നതിന് ലോക്കൽ ഏരിയ നെറ്റ് വർക്ക് സംവിധാനം കൊണ്ടുവരണം. അതുപോലെതന്നെ ദൂരപ്രദേശങ്ങളുമായി ബന്ധപ്പെടുന്നതിന് വൈഡ് ഏരിയ നെറ്റവർക്ക് (WAN) എന്നു പറയുന്ന പദ്ധതിയും "ലാൻ" എന്നു പറയുന്ന പദ്ധതിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ലോകത്തിന്റെ ഏത് കോണിൽനിന്നും മുഖ്യമന്ത്രിയെ ബന്ധപ്പെടുന്നതിന് ഒരു സംവിധാനം കൊണ്ടുവന്നിട്ടുണ്ട്. ഇത് സുതാര്യ കേരള പദ്ധതിയുടെ ഭാഗമായി വീഡിയോ കോൺഫറൻസിംഗും അതുപോലെ ടെലിഫോണിൽ ബന്ധപ്പെടുന്നതിനും സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഈ പദ്ധതി തീർച്ചയായിട്ടും സാധാരണ ജനങ്ങൾക്ക് മുഖ്യമന്ത്രിയുമായി ബന്ധപ്പെടുന്നതിനും നമ്മുടെ ഫയലുകളുടെ കാലതാമസവും ജനകീയ പ്രശ്നങ്ങളിലെ ഒച്ചിന്റെ വേഗതയിലുള്ള നീക്കവും തടയുന്നതിനും വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഇവിടെ കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. നമ്മുടെ ബഹുമാനപ്പെട്ട മുൻമന്ത്രി ആർ. ബാലകൃഷ്ണപിള്ള, കേന്ദ്രത്തിന്റെ ഈ ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള പെട്രോളിയത്തിന്റെ 50 പൈസ സർച്ചാർജിനെ കുറിച്ചാണ് പറഞ്ഞത്. നമുക്ക് 3,400 കോടി രൂപയുടെ റോഡ് വികസന പദ്ധതി ലഭിക്കുമ്പോൾ, ഇതിനൊക്കെ പണം വേണ്ടേ, എല്ലായിടത്തും നാല് നിര, എട്ട് നിര റോഡും അതേ സമയത്തുതന്നെ മുടക്കാൻ പണമില്ല. അപ്പോൾ 50 പൈസ സർചാർജ്വച്ചു. അതോടൊപ്പംതന്നെ പെട്രോളിയം ഉല്പന്നങ്ങളുടെ ഇറക്കുമതിയിലുണ്ടായ തീരുവ കുറച്ചുകൊണ്ടാണ് 50 പൈസ സർച്ചാർജ് ഏർപ്പെടുത്തിയിട്ടുള്ളത്.

സർ, വികസനം ലക്ഷ്യമിടുന്ന ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അങ്ങനെ ചില പദ്ധതികളും ചില ടാക്സേഷനുമൊക്കെ വേണ്ടിവരും. അതിൽ കവിഞ്ഞ് അതിനകത്ത് ജനങ്ങളെ കാര്യമായി ബാധിക്കുന്ന പ്രശ്നമുണ്ടെന്ന് പറയാൻ സാധിക്കില്ല. കേന്ദ്ര ബജറ്റ് നമ്മുടെ ഗ്രാമങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണ്. ഇവർ പറയുന്നതുപോലെ ഇവരുടെകൂടി നിർദ്ദേശങ്ങൾ കേട്ടുകൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയത് എന്നാണ് പറയുന്നത്. അപ്പോൾ സംശയം വരുകയില്ലല്ലോ? നിങ്ങളുടെ നിർദ്ദേശങ്ങളെല്ലാം ജനകീയ മുഖമുള്ള നിർദ്ദേശങ്ങളാണല്ലോ? അപ്പോൾ കേന്ദ്ര ബജറ്റിനെ കുറ്റം പറയാൻ സാധിക്കാത്ത നിലയിൽ കേരളത്തിന്റെയും നമ്മുടെ രാജ്യത്തിന്റെയും പുരോഗതി ത്വരിതപ്പെടുത്തുന്ന ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ശ്രീ. ബാലകൃഷ്ണപിള്ള, അദ്ദേഹം ഈ ഗവൺമെന്റിനെ കുറിച്ച് കുറേ കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം ഗവൺമെന്റിൽ നിന്നും മാറിയിട്ട് ആറു

LIBRARY ARCHIVES Kerala Legislative Assembly

മാസമല്ലേ ആയുള്ളൂ. അദ്ദേഹം ഗവൺമെന്റിൽ ഇല്ലല്ലോ, മന്ത്രിയല്ലല്ലോ? അദ്ദേഹം മൂന്ന്, മൂന്നരക്കൊല്ലം ഈ ഗവൺമെന്റിൽ മന്ത്രിയായിരുന്നു. മൂന്നര കൊല്ലത്തെ നേട്ടങ്ങൾ ഉണ്ടെങ്കിൽ ആ നേട്ടങ്ങൾക്കും കോട്ടങ്ങൾ ഉണ്ടെങ്കിൽ ആ കോട്ടങ്ങൾക്കും അദ്ദേഹംകൂടി ഉത്തരവാദിയാണ്. ഞാൻ അദ്ദേഹത്തിന് മറുപടി പറയുന്നില്ല. യു.ഡി.എഫ് സംവിധാനം ഇപ്പോൾ ഇല്ലായെന്ന് അദ്ദേഹം പറഞ്ഞു. യു.ഡി.എഫ്-ൽ ആയിരുന്നപ്പോൾ അദ്ദേഹം ഗവൺമെന്റിൽ ഇരുന്നുകൊണ്ട് ചെയ്ത പണി എല്ലാവർക്കും അറിയാമല്ലോ ..... (ബഹളം) ....(ബഹളം) ..... ഞാൻ അഴിമതിയെപ്പറ്റിയൊന്നും പറഞ്ഞില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അഴിമതിയെപ്പറ്റി ഒന്നും പറഞ്ഞില്ല..... പ്ലീസ്.....ബാബു.....പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. ബാബു: രാജ്യസഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫിനു ചേർന്നതാണോ ഇവർ ചെയ്തത്? ലോക്സഭാ തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്-ന് ചേർന്ന നയമാണോ അവർ സ്വീകരിച്ചത്? നടപടിയാണോ എടുത്തത്? യു.ഡി.എഫിൽ ഇരുന്ന സമയത്ത് ഇരുന്ന കൊമ്പ് മുറിക്കുന്ന നടപടി സ്വീകരിച്ച് ആളുകൾ .....(ബഹളം) ..... (ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ബാബു, ചെയറിനെ നോക്കി സംസാരിക്കണം.

ശ്രീ. കെ. ബാബു: യു.ഡി.എഫിൽ ഇരിക്കുന്ന സമയത്ത് യു.ഡി.എഫിന്റെ നയങ്ങളോടും പരിപാടികളോടും യോജിച്ച ആളുകൾ യു.ഡി.എഫിൽ ഉണ്ട്. അവർക്ക് യോജിപ്പുണ്ടെങ്കിൽ ശ്രീ. ബാലകൃഷ്ണപിള്ളയ്ക്കും യോജിപ്പുള്ളതു കൊണ്ട് ഇപ്പോഴും ഇരിക്കുന്നുണ്ടല്ലോ.

മി. ഡെപ്യൂട്ടി സ്പീക്കർ : അതിന് വേറെ സ്റ്റേജുകളുണ്ട്.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബില്ലിൽ ഒതുങ്ങി നിന്ന് സംസാരിക്കണം. പ്ലീസ്.....ഇപ്പോൾ പറഞ്ഞത് രേഖയിൽ കാണില്ല. പ്ലീസ് റസ്യും യുവർ സീറ്റ്. .....(ബഹളം)..... (ബഹളം) അത് രേഖയിൽ കാണില്ല എന്ന് പറഞ്ഞില്ലേ. പ്ലീസ്..... (ബഹളം) .....(ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് ബില്ലിൽ ഒതുങ്ങി നിന്നു സംസാരിക്കണം. .(ബഹളം) ..... (ബഹളം) .....

അത് രേഖയിൽ കാണുകയില്ല. ..... അത് രേഖയിൽ കാണുകയില്ല. ....(ബഹളം) .....(ബഹളം) .....

ശ്രീ. കെ.ബാബു : സർ, യു.ഡി.എഫിനെ സംബന്ധിച്ചിടത്തോളം യു.ഡി.എഫിന്റെ അച്ചടക്കം, യു.ഡി.എഫിന്റെ കെട്ടുറപ്പ്, യു.ഡി.എഫിന്റെ ഐക്യം,

****ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അതിനകത്ത് എല്ലാവർക്കും യോജിപ്പു വേണം .....(ബഹളം) ..... (ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : അവരവരുടെ അറിവനുസരിച്ചല്ലേ പറയൂ.....(ബഹളം).....

ശ്രീ. കെ. ബാബു : സർ, വിദേശ മലയാളികളുടെ നിക്ഷേപം സ്വരൂപിക്കുന്നതിനെക്കുറിച്ച് നമ്മൾ ധാരാളം പറയാറുണ്ട്. വിദേശ മലയാളികളുടെ നിക്ഷേപം സമാഹരിക്കുന്നതിനു വേണ്ടി കേന്ദ്രമന്ത്രി ജഗദീശ് ടൈറ്റ്ലറിന്റെ നേതൃത്വത്തിൽ Ministry for Overseas Indians എന്നു പറയുന്ന ഒരു വകുപ്പുണ്ട്. ആ വകുപ്പാണ് വിദേശ നിക്ഷേപം സമാഹരിക്കുന്നതിനും അവരുടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും അവർക്ക് ക്ലിയറൻസ് കൊടുക്കുന്നതിനുമുള്ള ഒരു നോഡൽ ഏജൻസി. നമ്മുടെ സംസ്ഥാനത്ത് വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും അവരുടെ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനും വേണ്ട ഒരു നോഡൽ ഏജൻസിയായി കഴിയുമെങ്കിൽ നോർക്കയെ നിശ്ചയിക്കണമെന്ന് ഞാൻ നിർദ്ദേശിക്കുകയാണ്. ഇന്നിപ്പോൾ വിദേശ നിക്ഷേപം നടത്താൻ വരുന്ന ആളുകളുടെ പണം സമാഹരിക്കുന്നതിനും അവരുടെ പദ്ധതികൾക്ക് അംഗീകാരം നല്കുന്നതിനും ഒരു നോഡൽ ഏജൻസി ഇല്ല. ജിം-നെക്കുറിച്ച് ഇവർ ഒരുപാട് ആക്ഷേപം പറഞ്ഞു. ശ്രീ. എ.കെ. ആന്റണിയും അന്നത്തെ വ്യവസായവകുപ്പുമന്ത്രി കുഞ്ഞാലിക്കുട്ടിയും, കൊണ്ടു വന്ന ജിം-നെ കുറിച്ച് പ്രതിപക്ഷം ഒരുപാട് ആക്ഷേപം പറഞ്ഞു. കഴിഞ്ഞ ദിവസം നമ്മൾ പ്രധാനമന്ത്രി മൻമോഹൻ സിംഗിനെ അനുമോദിച്ചുകൊണ്ട് ഒരു പ്രമേയം പാസ്സാക്കി. ഇരുപതിനായിരം കോടി രൂപയുടെ നിക്ഷേപം അനുവദിച്ചു. ആ കാര്യത്തിൽ നിങ്ങൾക്ക് തർക്കമില്ലല്ലോ? അമ്പതിനായിരം കോടി രൂപയുടെ നിക്ഷേപം നമ്മൾ പ്ലാൻ ചെയ്തപ്പോൾ നിങ്ങൾ ആക്ഷേപിച്ചു. ജിം-നെ ആക്ഷേപിച്ചു. ജിം-ൽ പ്രത്യേകിച്ച് ഇരുപതിനായിരം കോടി രൂപ അനുവദിച്ചു. .....(ബഹളം) .....(ബഹളം) ..... അമ്പതിനായിരം കോടി രൂപയുടെ പദ്ധതിയിൽ അന്ന് പതിനായിരം കോടി രൂപ കേന്ദ്ര ഗവൺമെന്റിന്റെ നിക്ഷേപമായിരുന്നു. കൂടാതെ പ്രധാനമന്ത്രി ഇരുപതിനായിരം കോടി രൂപയുടെ പദ്ധതികളാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്. എന്നാൽ ഇടതുമുന്നണി ഗവൺമെന്റിന്റെ കാലത്ത് അഞ്ഞൂറു കോടി രൂപയുടെ നിക്ഷേപം പോലും കൊണ്ടുവരാൻ കഴിയാതെ അഞ്ചു വർഷം ഭരിച്ച് ഇറങ്ങിപ്പോയ ആളുകൾക്ക് ഞങ്ങൾ അമ്പതിനായിരം കോടി രൂപയുടെ നിക്ഷേപം കൊണ്ടു വരാൻ ശ്രമിക്കുമ്പോൾ ആക്ഷേപം പറയാൻ കഴിയും. പക്ഷേ നിങ്ങൾക്ക് അഞ്ഞൂറു കോടിയുടെ നിക്ഷേപം കൊണ്ടു വരാൻ കഴിഞ്ഞോ? ഒരു കാര്യം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇവിടെ മാർക്സിസ്റ്റു പാർട്ടിയുടെ സമ്മേളനം കഴിഞ്ഞപ്പോൾ എല്ലാവരുടേയും തെറ്റിദ്ധാരണകളും പ്രചാരണങ്ങളും അവസാനിച്ചതായി മാർക്സിസ്റ്റു പാർട്ടി സെക്രട്ടറി പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഡ്ജറ്റിനെക്കുറിച്ച്, അതിന്റെ കാര്യം സംസാരിക്കൂ.

ശ്രീ. കെ.ബാബു : .....(ബഹളം) ..... അങ്ങ് എന്താണ് പറഞ്ഞത്? അങ്ങു പറഞ്ഞത് കേട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ബഡ്ജറ്റിനെക്കുറിച്ച് അറിഞ്ഞാലല്ലേ പറയൂ.....(ബഹളം).....(ബഹളം) .....

ശ്രീ. കെ. ബാബു: സർ, മാർക്സിസ്റ്റു പാർട്ടിയുടെ സെക്രട്ടറി പറഞ്ഞത്, നിങ്ങളുടെ സമ്മേളനം കഴിഞ്ഞ് നിങ്ങളുടെ സെക്രട്ടറി എന്താണ് പറഞ്ഞത്? ബൂർഷ്വാ മാധ്യമങ്ങളുടെ ശുപാർശകളെല്ലാം പൊളിഞ്ഞു എന്നല്ലേ പറഞ്ഞത്? .....

മി. ഡെപ്യൂട്ടി സ്പീക്കർ : പാർട്ടി സെക്രട്ടറി അഭിപ്രായങ്ങൾ പല രീതിയിൽ പറയും. ..... (ബഹളം) .....(ബഹളം) .....

ശ്രീ. കെ. ബാബു: നിങ്ങളുടെ പാർട്ടി പിളർക്കാൻ ശ്രമമുണ്ടായി. ആരാണ് പാർട്ടി പിളർക്കുവാൻ ശ്രമിച്ചത്? നിങ്ങളുടെ പാർട്ടി പിളർക്കുവാൻ ഞങ്ങളാണോ ശ്രമിച്ചത്? നിങ്ങൾ ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് ആക്ഷേപം പറഞ്ഞു. ഒരു മിനിട്ടു കൂടി. .....(ബഹളം) ..... (ബഹളം) .....(ബഹളം) ..... നിങ്ങൾ ജനാധിപത്യത്തെക്കുറിച്ച് പറഞ്ഞല്ലോ? നിങ്ങളുടെ പാർട്ടിയുടെ പിരിഞ്ഞു പോകുന്ന കമ്മിറ്റിക്ക് ഒരു പാനൽ അവതരിപ്പിക്കാം. ആ പാനലിനെതിരായി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഗ്രൂപ്പ് മത്സരിച്ചു. പക്ഷേ നിങ്ങളുടെ പോളിറ്റ് ബ്യൂറോ കൂടി വി.എസ്. അച്ചുതാനന്ദനെക്കൊണ്ട് നിങ്ങളുടെ ..... (ബഹളം).....(ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : അത് അവരുടെ പാർട്ടി തീരുമാനിച്ചു കൊള്ളും..... (ബഹളം) .....(ബഹളം).....

ശ്രീ. കെ. ബാബു : അങ്ങ് ഇങ്ങനെ പറയുമ്പോൾ ഞാൻ ഒന്ന് തിരിച്ചു ചോദിക്കും. .....(ബഹളം) .....(ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : പതിനാറു മിനിട്ടാണ് നിങ്ങൾക്കു തന്നത്. ഇപ്പോൾ ഇരുപതു മിനിട്ട് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, എനിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറോട് ആദരവുണ്ട്. അങ്ങ് എനിക്ക് ബഡ്ജറ്റിനെക്കുറിച്ച് അറിയാമോ എന്നു ചോദിച്ചല്ലോ? പക്ഷേ അങ്ങു പറഞ്ഞതുപോലെ ബഡ്ജറ്റിനെക്കുറിച്ച്, **********..... (ബഹളം) .....(ബഹളം) .....

ശ്രീ. എ. കെ. ബാലൻ : നേരത്തേ ബാലകൃഷ്ണപിള്ളയ്ക്ക് എതിരായി പറഞ്ഞു.....(ബഹളം) ..... ഇപ്പോൾ ഡെപ്യൂട്ടി സ്പീക്കർക്ക് .....(ബഹളം) .....(ബഹളം) .....

മി. ഡെപ്യൂട്ടി സ്പീക്കർ : അൺപാർലമെന്ററി ആയിട്ടുള്ളതൊന്നും രേഖയിൽ കാണുകയില്ല.....(ബഹളം) .....(ബഹളം) .....(ബഹളം) ..പ്ലീസ് കൺക്ലൂഡ്.

********** ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കംചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചെയറിനെ ധിക്കരിക്കുകയാണ്. .....(ബഹളം) .....(ബഹളം).....

ശ്രീ. കെ. ബാബു : പാർട്ടി പിളർക്കുവാൻ ശ്രമമുണ്ടായി.....(ബഹളം) .....(ബഹളം)..... പാർട്ടി പിളർക്കുവാൻ ശ്രമിക്കുന്നുവെന്ന് സുർജിത് പറഞ്ഞു. വി. എസ്. അച്ചുതാനന്ദൻ നിങ്ങളുടെ പാർട്ടിയിൽ, പാർട്ടി കോൺഗ്രസ്സ് കഴിഞ്ഞാൽ കാണുമോ? സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.....(ബഹളം)..... (ബഹളം) .....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മെമ്പർ ബാബു സംസാരിക്കുമ്പോൾ ഡെപ്യൂട്ടി സ്പീക്കർക്കെതിരായി ഒരു പരാമർശം നടത്തി. അത് രേഖയിൽ ഉണ്ടാകുവാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് രേഖയിൽ ഉണ്ടാകുകയില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഈ ഗവൺമെന്റിന്റെ ഭരണം ഇന്ന് ആറ് മാസം പൂർത്തിയാകുകയാണ്. 180 ദിവസം. കാടാറ് മാസം നാടാറ് മാസം എന്ന് പറയുന്നതുപോലെ വികസനം തെരുവിൽ ആറ് മാസം എന്ന് പറയുന്നതാണ് കൂടുതൽ ശരി. മുൻ മുഖ്യമന്ത്രി ആഴ്ചയിൽ നാലഞ്ച് ദിവസമെങ്കിലും സെക്രട്ടേറിയറ്റിൽ ഇരുന്നുവെങ്കിൽ ഇപ്പോഴത്തെ മുഖ്യമന്ത്രി കഷ്ടിച്ച് ഒരു ദിവസം മുഴുവൻ പോലും ഓഫീസിൽ ഇരിക്കാൻ തയ്യാറായിട്ടില്ല. സെക്രട്ടേറിയറ്റിൽ ആളനക്കം ഉണ്ടെങ്കിലും ഫയലുകൾ ഒന്നുപോലും അനങ്ങുന്നില്ല. ആറ് മാസം മുൻപ് ഒന്നര ലക്ഷം ഫയലുകളാണ് ഇവിടെ കെട്ടിക്കിടന്നതെങ്കിൽ ഇന്ന് അത് രണ്ടര ലക്ഷം ഫയലുകളായി ഉയർന്നിട്ടുണ്ട്. തീർപ്പ് കൽപിക്കാൻ സമയം കിട്ടാത്തതുകൊണ്ട് സെക്രട്ടേറിയറ്റ് ഫയലുകളുടെ പാണ്ടികശാലയായി മാറിയിട്ടുണ്ട്. മന്ത്രിമാർ മിക്കവരും മന്ത്രിസഭാ യോഗം കഴിഞ്ഞ് ഊർ ചുറ്റാനാണ് പോകുന്നത്. ഇപ്പോൾ നമ്മുടെ ഇലക്ഷൻ പ്രചരണം ആരംഭിക്കുന്നതോടുകൂടി കോൺസ്റ്റിറ്റ്വൻസി നഴ്സിംഗിൽ മാത്രമാണ് മന്ത്രിമാരുടെ ശ്രദ്ധ. ദയവ് ചെയ്ത് സെക്രട്ടേറിയറ്റിൽ കുറച്ച് സമയം ചെലവഴിക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. കുറച്ച് ഫയലുകൾ ശരിയാക്കാനുണ്ട്. നിയമന നിരോധനവും തസ്തിക വെട്ടിക്കുറയ്ക്കലും മുൻ സർക്കാർ എടുത്തിരുന്നെങ്കിലും ഇപ്പോൾ ഉദ്യോഗ നിയമനത്തിനുള്ള പി.എസ്.സി. അംഗങ്ങളുടെ എണ്ണം 15-ൽ നിന്ന് 18 ആക്കി വർദ്ധിപ്പിച്ച് കുറേ കൂടുതൽ പേരെ തിരുകി കയറ്റി സംരക്ഷിച്ചിരിക്കുകയാണ്. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരെ ആരേയും പുനർ നിയമിക്കില്ലെന്ന നിയമം കാറ്റിൽ പറത്തിക്കൊണ്ട് ഇപ്പോൾ റിട്ടയർ ചെയ്ത ചീഫ്സെക്രട്ടറിയെ അഡ്വൈസറായി നിയമിച്ചിരിക്കുകയാണ്. കേരളത്തിൽ ഇന്ന് ജനാധിപത്യ ഭരണമല്ല നടക്കുന്നത്. മറിച്ച് ഉദ്യോഗസ്ഥൻമാരുടെ അഴിഞ്ഞാട്ടമാണ് നടക്കുന്നത്. ഗ്രാമസഭമുതൽ നിയമസഭവരെയുള്ള ജനാധിപത്യ സ്ഥാപനങ്ങളേയും നോക്കുകുത്തികളാക്കി ബ്യൂറോക്രസി അഴിഞ്ഞാടുകയാണ് ചെയ്യുന്നത്. ആറ് മാസമായി ബ്യൂറോക്രസി ഭരണത്തിന് കംപൽസറി റിട്ടയർമെന്റ് കൊടുത്തിരിക്കുകയാണ്. കഷ്ടകാലക്കാരൻ മൊട്ടയടിച്ചപ്പോൾ കല്ല് മഴ പെയ്തു എന്ന് പറഞ്ഞതുപോലെയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രശ്നങ്ങളുടെ ഒഴിയാബാധയാണ്. മുഖ്യമന്ത്രിയുടെ ഇടനെഞ്ചായിരുന്ന വ്യവസായ മന്ത്രിക്കും വലങ്കൈയായിരുന്ന വനം

വകുപ്പു മന്ത്രിക്കും എന്തു സംഭവിച്ചു. സൂര്യനെല്ലി കേസിൽ ഹൈക്കോടതിയിൽ അപ്പീലിനു പോകാത്ത ഈ സർക്കാർ വനം മന്ത്രിക്ക് ചന്ദന മാഫിയയുമായി ബന്ധമുണ്ടെന്ന ഹൈക്കോടതി വിധിക്കെതിരായി അപ്പീലിനു പോയി സാധാരണക്കാരായ പാവപ്പെട്ട ജനങ്ങളുടെ, നികുതി ദായകന്റെ പണം എന്തിനാണ് വെയ്സ്റ്റാക്കുന്നത്. ഇക്കഴിഞ്ഞ ദിവസം പുറത്തു വന്ന കേന്ദ്ര ബഡ്ജറ്റും റെയിൽവേ ബഡ്ജറ്റും കേരളീയരെ ആകെ ഞെട്ടിച്ചിരിക്കുകയാണ്. കോൺഗ്രസ് ഭരണത്തിന്റെ കീഴിലും കേരളം ഇൻഡ്യയുടെ പുറമ്പോക്കിലാണെന്നാണ് ഇപ്പോൾ പറയുന്നത്. നമ്മുടെ ആവശ്യങ്ങൾ യഥാസമയം കേന്ദ്ര ഗവൺമെന്റിലേക്ക് അറിയിക്കുന്നതിനും അർഹമായ കാര്യങ്ങൾ കണക്ക് പറഞ്ഞ് വാങ്ങുന്നതിനും ഈ സർക്കാർ പരാജയപ്പെട്ടിട്ടുണ്ട്. ഇത് വലിയ ഗുരുതരമായ വീഴ്ചയാണ്. ഇൻഡ്യയുടെ റെയിൽവേ മാപ്പിൽ കേരളം എന്ന സംസ്ഥാനമില്ല. അതുകൊണ്ടാണ് പുതിയ തീവണ്ടി പോലും ഓടിക്കാത്തത്. ലാലുവിന്റെ മകൾ കേരളത്തിൽ വന്നപ്പോൾ ഒരു ഫോട്ടോഗ്രാഫറെ ചെകിട്ടത്തടിച്ചതിനേക്കാൾ വലിയ ക്രൂരമായ അടിയാണ് ഇന്ന് ലാലു കേരളത്തിലെ ജനങ്ങളെ ഒന്നടങ്കം അടിച്ചിട്ടുള്ളത്. തൊട്ടടുത്ത തമിഴ്നാട്ടുകാരൻ ചിദംബരം കേരളത്തെ ആകെ സുനാമി വിഴുങ്ങിയെന്ന് തെറ്റിദ്ധരിച്ചതുകൊണ്ടാകാം ബഡ്ജറ്റിൽ കേരളത്തെപ്പറ്റി ഒരു വാക്ക് പോലും ഉച്ചരിക്കാതിരുന്നത്. വല്ലാർപാടത്ത് വന്ന് നമ്മുടെ പ്രധാനമന്ത്രി പറഞ്ഞ ഇരുപതിനായിരം കോടി രൂപയുടെ പദ്ധതികൾ പോലും ബഡ്ജറ്റിൽ ഒഴിവാക്കുകയാണ് ചെയ്തത്. മുൻ മുഖ്യമന്ത്രിമാരെ ഉദ്ഘാടന ചടങ്ങുകളിൽനിന്ന് ഒഴിവാക്കുന്നതുപോലെ ശ്രീ. ബാബുവിന്റെ ഏറ്റവും വലിയ പ്രശ്നം അദ്ദേഹം ഇവിടെ സംസാരിച്ചപ്പോൾ കോൺഗ്രസിൽ തെരഞ്ഞെടുപ്പ് .....

മി. ഡെപ്യൂട്ടി സ്പീക്കർ: അതിനെക്കുറിച്ചൊന്നും പറയേണ്ട. അങ്ങേക്കറിയാവുന്ന കാര്യങ്ങൾ പറഞ്ഞാൽ മതി.

ശ്രീ. മഞ്ഞളാംകുഴി അലി: അടി കിട്ടുമെന്ന് പേടിച്ച് ഇപ്പോൾ ഒരാള്പോലും റിട്ടേണിംഗ് ഓഫീസറാകാൻ തയ്യാറാകുന്നില്ല. അതുകൊണ്ടാണ് ഇലക്ഷൻ നീട്ടിവയ്ക്കുന്നത്. പണ്ടത്തെ റിട്ടേണിംഗ് ഓഫീസർ മസ്ക്കറ്റ് ഹോട്ടലിലേക്ക് ഓടി രക്ഷപ്പെട്ടതുപോലെ ഇപ്പോഴത്തെ റിട്ടേണിംഗ് ഓഫീസറും രക്ഷപ്പെടേണ്ട ഒരവസ്ഥയിലേക്കാണ് കോൺഗ്രസ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. എ. എ. അസീസ്: ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നമ്മുടെ മന്ത്രിമാരുടെ ഉത്തരവുകൾ പല വകുപ്പ് മേധാവികളും നടപ്പിലാക്കുന്നില്ല. ഭരണത്തിൽ മുഖ്യമന്ത്രി കാണിക്കുന്ന സ്പീഡ് ഉദ്യോഗസ്ഥൻമാരിൽ വേണ്ടത്ര കാണുന്നില്ല. സർക്കാർ ഓഫീസുകളുടെ പ്രവർത്തനം ഇഴഞ്ഞു നീങ്ങുകയാണ്. മുഖ്യമന്ത്രി അനുവദിക്കുന്ന ചികിൽസാ ധനസഹായംപോലും സമയത്തിന് നൽകുന്നില്ല. സുനാമി ദുരന്തത്തിൽ ഭവന രഹിതരായവർക്ക് ധനസഹായം എത്തിക്കുന്ന കാര്യത്തിൽ നമ്മുടെ റവന്യൂ വകുപ്പുദ്യോഗസ്ഥൻമാർ സാങ്കേതിക തടസ്സങ്ങൾ ഉന്നയിക്കുകയാണ് ചെയ്യുന്നത്. ഇവിടെ പൊതുഭരണത്തെ സംബന്ധിച്ച് വിതരണം ചെയ്ത നയ രേഖയിൽ പറയുന്നു തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഫണ്ട് കൃത്യ സമയത്ത് നൽകുന്നുണ്ടെന്ന്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഫണ്ട് നൽകാതെ ആ സ്ഥാപനങ്ങളുടെ കടയ്ക്കൽ കത്തി

LIBRARY ARCHIVES Kerala Legislative Assembly

വച്ച ഗവൺമെന്റാണ് ഈ ഗവൺമെന്റ്. പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ സ്ഥാപനങ്ങൾ ഇവയുടെ പ്രവർത്തനങ്ങളെ സ്തംഭിപ്പിച്ചു. രൂപരേഖയിൽ പറയുന്നു കൂടുതൽ ഫണ്ട് നൽകുമെന്ന്. എന്ന് മാത്രമല്ല അധികാര വികേന്ദ്രീകരണം ലക്ഷ്യമാക്കിയ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും മുനിസിപ്പൽ കോർപറേഷനുമെല്ലാം നമ്മുടെ രാജ്യത്ത് ഇന്ന് പ്രാദേശിക ഗവൺമെന്റുകളാണെന്ന് വീമ്പിളക്കി പറയാറുണ്ട്. അങ്ങനെ പ്രാദേശിക ഗവൺമെന്റുകളുള്ളപ്പോൾ എന്തിനാണ് ദിവസവും ഓരോ അതോറിറ്റികൾ രൂപീകരിക്കുന്നത്. വികസന അതോറിറ്റി മലയോര അതോറിറ്റി തീരദേശ അതോറിറ്റി പിന്നെ ഓരോ നാടിന്റേയും പേര് പറഞ്ഞ് അതോറിറ്റി. പിന്നെ ഓരോ സ്ഥലത്തിന്റേയും പേര് പറഞ്ഞ് അതോറിറ്റി. നിങ്ങൾക്ക് താൽപര്യമുള്ള അതോറിറ്റികൾ രൂപീകരിക്കുക. അതോറിറ്റികൾ രൂപീകരിക്കുന്നതെല്ലാം അധികാര വികേന്ദ്രീകരണത്തെ കത്തി വയ്ക്കുന്നതിനുവേണ്ടിയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനുവേണ്ടിയുമാണ്. അധികാര വികേന്ദ്രീകരണം ലക്ഷ്യമാക്കിയിട്ടുള്ളത് പ്രാദേശിക ഗവൺമെന്റുകളുടെ പ്രവർത്തനം ശക്തമാക്കുന്നതിനുവേണ്ടിയാണ്. ഏത് വകുപ്പിലാണ് കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നത്. ആരോഗ്യവകുപ്പുമന്ത്രി ഇവിടെ ഇല്ല. ഇവിടെ ഡോക്ടർമാരുടെ 1200-ഓളം തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണ്. പൊതുജനാരോഗ്യ വകുപ്പിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ കമ്യൂണിറ്റി പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിൽ ഐ. പി. വിഭാഗം പ്രവർത്തിക്കുന്നില്ല. എല്ലാസ്ഥലത്തും ഒ. പി. മാത്രമാണ് ഉള്ളത്. ഒരു കൂപ്പിയിലെ മരുന്ന് എല്ലാ രോഗത്തിനും നൽകുകയാണ്. പോലീസിന്റെകാര്യം പറയുമ്പോൾ ഇവിടെതന്ന കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്തെ കൊലപാതകങ്ങളുടെ എണ്ണം ദിനംപ്രതിയെന്നോണം വർദ്ധിച്ചുവരികയാണ്. എനിക്ക് കിട്ടിയ മറുപടിയനുസരിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലക്കേസുകളിൽ മുപ്പതെണ്ണത്തിലായി 43 കൊലകേസ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. അവർ ഒളിവിലാണെന്നാണ് മറുപടിയിൽ പറയുന്നത്. 8-2-2005 ൽ മുഖ്യമന്ത്രി തന്ന മറുപടിയിൽ പറയുന്നത് സംസ്ഥാനത്ത് 20,176 പിടികിട്ടാപുള്ളികളുണ്ട് എന്നാണ്. ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് തന്നെ കൊല കേസിൽ പ്രതിയായിരിക്കുന്നു. പോലീസ് സമ്പന്നൻമാരുടേയും മാഫിയ സംഘങ്ങളുടേയും വലയിൽ അകപ്പെട്ടിരിക്കുന്നു. കട്ടവനെ കണ്ടില്ലെങ്കിൽ കണ്ടവനെ പിടിക്കുന്ന പോലീസാണ് ശ്രീ. ഉമ്മൻചാണ്ടിയുടെ പോലീസ്. കൊട്ടിയം പെൺവാണിഭ കേസിലെ പെൺകുട്ടിയെ കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിയായ മരിച്ച പെൺകുട്ടിയുടെ സഹോദരൻ 17 വയസ്സുള്ള പയ്യൻ മാത്രമാണെന്ന പോലീസിന്റെ വെളിപ്പെടുത്തലും ആ പയ്യനെ സംരക്ഷിക്കാൻ 24 മണിക്കൂറിനുള്ളിൽ കോഴിക്കോട്ട് ആകാശവാണിയിലെ ഒരു ഉദ്യോഗസ്ഥൻ രംഗത്ത് വന്നതും നാലാം ദിവസം ജാമ്യത്തിലിറക്കി കോഴിക്കോട്ട് കൊണ്ടുപോയതും കൊലപാതകം നടന്ന ദിവസം പോലീസ് നായ് സ്ഥലത്ത് വന്നപ്പോൾ കൂട്ടത്തിലുണ്ടായിരുന്ന 17 വയസ്സുകാരൻ പയ്യനെ നായ് തിരിച്ചറിയാതിരുന്നതും ജനങ്ങൾക്ക് സംശയം ഉളവാക്കുന്നു. അതുപോലെ മറ്റൊരു സംഭവം 20-2-2005 ൽ നടന്ന ഉമയനല്ലൂർ കൊലക്കേസ് പോലീസ് കൈകാര്യം ചെയ്തതിലും ജനങ്ങൾ സംശയിക്കുന്നു. നാട്ടിൽ പൗരസമിതി രൂപീകരിച്ച് സമരങ്ങൾ നടത്തി വരുന്നു. ഈ കേസിൽ സമഗ്രമായ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് നവാസിന്റെ പിതാവ്

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ട്. എന്റെ കവറിംഗ് ലെറ്ററോടുകൂടിയാണ് മുഖ്യമന്ത്രിക്ക് പരാതി നൽകിയിരിക്കുന്നത്.

സർ, മരണപ്പെട്ട നവാസിന്റെ അയൽക്കാരനായ 23 വയസുകാരൻ ഒറ്റയ്ക്കാണ് വാളുകൊണ്ട് വെട്ടി കൊലപ്പെടുത്തിയെന്നാണ് പോലീസിന്റെ കണ്ടെത്തൽ. സാമൂഹ്യ പ്രവർത്തകനായ നവാസിനെ അപകീർത്തിപ്പെടുത്തുന്ന പ്രസ്താവനയാണ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ പത്രസമ്മേളനം വിളിച്ചുകൂട്ടി നടത്തിയത്. മറ്റൊരു സംഭവംകൂടി പറഞ്ഞവസാനിപ്പിക്കട്ടെ. കുണ്ടറയിൽ ഒരു വീട്ടമ്മയെ ഭർത്താവിന്റെ അവിവാഹിതനായ സഹോദരൻ രാത്രിയിൽ കുത്തിക്കൊന്നു. കശുവണ്ടി ഫാക്ടറിയിൽ വാച്ച്മാനായിരുന്ന ഭർത്താവ് ജോലിക്കുപോയിരുന്ന അവസരത്തിലാണ് വീട്ടിൽ കയറി മൽപിടിത്തത്തിൽ കൊന്നത്. ഭർത്താവിന്റെ സഹോദരനാണ് ഇത് സംബന്ധിച്ച് പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ പരസ്യമായ കണ്ടെത്തൽ വീട്ടമ്മ ദുർനടത്തക്കാരിയാണെന്നാണ്. ഈ സംഭവം കുണ്ടറയിൽ വൻപിച്ച പ്രക്ഷോഭണത്തിനിടയാക്കി. ജനസ്വാധീനങ്ങളുടെ പേരിൽ പ്രതികളെ രക്ഷിക്കുവാൻ വേണ്ടിയുള്ള കണ്ടുപിടിത്തങ്ങളാണ് പോലീസ് ഉദ്യോഗസ്ഥൻമാർ നടത്തുന്നത്. ഏതു വകുപ്പിലാണ് കാര്യക്ഷമത? പൊതു ജനാരോഗ്യവകുപ്പിനും, മറ്റെല്ലാ വകുപ്പിനും എന്തു സംഭവിച്ചു? ലോകസഭാ തെരഞ്ഞെടുപ്പിനുശേഷം ഈ വകുപ്പുദ്യോഗസ്ഥന്മാരൊന്നും മന്ത്രിമാർ പറയുന്നത് അംഗീകരിക്കുന്നില്ല. മന്ത്രിമാരെ അനുസരിക്കുന്നില്ല. അതുകൊണ്ട് തന്നെ വകുപ്പുതലവന്മാരാരേയും ഇവിടെ കാണുന്നില്ല. ആരെയും അനുസരിക്കുന്നുമില്ല. അതാണ് സ്ഥിതി. അതുകൊണ്ട് ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കാൻ സാധിക്കുകയില്ല, എതിർക്കുന്നു.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. സംസ്ഥാന ഭരണത്തലവന്മാർ, ആസ്ഥാനഉദ്യോഗസ്ഥന്മാർ എന്നിവരെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനയാണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എനിക്ക് ഇത് സംബന്ധിച്ച് പറയാനുള്ളത് ഉദ്യോഗസ്ഥ സുഹൃത്തുക്കൾക്ക് ഇതിനുമുമ്പും ഇങ്ങനെ സംഭവിച്ചിട്ടുണ്ട്. എന്നുള്ളത് യാഥാർത്ഥ്യമാണ്. ഉദ്യോഗസ്ഥഗ്യാലറിയിൽ തീർച്ചയായും ഇന്നത്തെ ദിവസം ഉദ്യോഗസ്ഥമേധാവികൾ ഇരിക്കേണ്ടതായിരുന്നു. ഇനി ഇത് തീർച്ചയായിട്ടും ആവർത്തിക്കരുതെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഐക്യ ജനാധിപത്യമുന്നണി ഗവണ്മെന്റ് വളരെയധികം പ്രതിസന്ധികളിലും പ്രശ്നങ്ങളിലുപെട്ട് തകരുമെന്ന് പലപ്പോഴുംപലരും കരുതിയെങ്കിലും അതിനെയൊക്കെ വളരെ അതിശയകരമായ നിലയിൽ അതിജീവിച്ച് മുന്നോട്ട് പോകുന്ന സാഹചര്യമാണ് കാണുന്നത്. കാറ്റിലും കോളിലുംപെട്ട് കപ്പൽ ആടി ഉലയുമ്പോൾ പലപ്പോഴും പലരും കരുതും അതിപ്പോൾ നിലംപതിക്കുമെന്ന്. പക്ഷേ വളരെ സമർത്ഥമായി ശ്രീ. ഉമ്മൻചാണ്ടി കപ്പിത്താനായി നിന്നുകൊണ്ട് ലക്ഷ്യസ്ഥാനത്തേയ്ക്ക് ഈ കപ്പലിനെ വഹിച്ചുകൊണ്ട് മുന്നോട്ട് പോകുന്ന കാഴ്ച ഒരുപക്ഷേ മലയാളികളിലും അസൂയ ഉളവാക്കിയേക്കാം. അതുകൊണ്ടുതന്നെയാണ് ഇവിടെ പല സുഹൃത്തുക്കളിൽനിന്നും പല തരത്തിലുള്ള സംസാരം വന്നതെന്ന് ഞാൻ മനസ്സിലാക്കുകയാണ്. കഴിഞ്ഞ കുറെ നാളുകൾകൊണ്ട് ഈ സംസ്ഥാനത്ത പല വകുപ്പുകൾ കൈവരിച്ച നേട്ടങ്ങൾ, എത്രയോ ആളുകൾ എത്രയോ വലിയ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന കാഴ്ച ഇവിടെ കാണാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് പതിനായിരക്കണക്കിനാളുകൾക്ക് ഗവണ്മെന്റിന് പട്ടയം കൊടുക്കാൻ കഴിഞ്ഞു. അതുപോലെ ചികിത്സാ സഹായം ലഭിക്കാതിരുന്ന ആളുകൾ മാറാരോഗം പിടിപെട്ട രോഗികൾക്ക്, ക്യാൻസർ രോഗികൾക്ക് ആശ്വാസം എത്തിച്ചുകൊണ്ട് ചികിത്സാ സഹായം ഈ ഗവണ്മെന്റ് നൽകിയിട്ടുണ്ട്. എത്രയോ അഭ്യസ്ത വിദ്യരായ ആളുകൾക്ക് തൊഴിൽ നൽകിയിട്ടുണ്ട്. അതുപോലെ വിദ്യാഭ്യാസ മേഖലയിൽ നമുക്കറിയാം ഭാരതത്തിന്റെ പല സ്ഥലങ്ങളിലും പിറന്നു വീഴുന്ന ഓരോ കുട്ടിക്കും പ്രാഥമിക വിദ്യാഭ്യാസം നൽകിയ നാടാണ് മലയാളക്കരയായ നമ്മുടെ സംസ്ഥാനം. ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ നേട്ടം കൈവരിക്കാൻ നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞില്ല. പക്ഷേ ഈ ഗവണ്മെന്റിന്റെ കാലഘട്ടത്തിൻ എത്രയോ എൻജിനീയറിംഗ് കോളേജുകൾ, എത്രയോ മെഡിക്കൽ കോളേജുകൾ, എത്രയോ നേഴ്സിംഗ് കോളേജുകൾ, എത്രയോ ബി.എഡ് കോളേജുകൾ സ്ഥാപിക്കാൻ സംസ്ഥാന ഗവണ്മെന്റിന് കഴിഞ്ഞിട്ടുണ്ട്. അങ്ങനെ നിരവധി മേഖലകളിൽ വലിയ നേട്ടങ്ങൾ കൈവരിച്ച് ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. സാമ്പത്തിക മാനേജുമെന്റിൽ നമുക്കറിയാം കടം വാങ്ങുകയെന്നുള്ളതിനെ സംബന്ധിച്ച്, കടം എങ്ങനെ വിനിയോഗിക്കണമെന്നുള്ളത് ഏറെ പ്രസക്തമാണ്. പൊതുകടം വർദ്ധിച്ചതിന്റെ ഉത്തരവാദിത്വം ഐക്യജനാധിപത്യമുന്നണി ഗവണ്മെന്റിനല്ല. അത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റ് കഴിഞ്ഞ കാലഘട്ടങ്ങളിൽ വരുത്തിവച്ച കടത്തിന്റെ ഒരു ഭാഗം തന്നെയാണ്. ഇപ്പോഴും കടം വർദ്ധിക്കാൻ ഇടയാക്കിയത്. നല്ല കാര്യങ്ങൾക്ക് പണം വിനിയോഗിക്കുന്ന ഒരു കാലഘട്ടം ഐക്യ ജനാധിപത്യ മുന്നണി ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ വന്നിരിക്കുന്നു. തീർച്ചയായിട്ടും അത് മാതൃകാപരമാണ് ഇങ്ങനെയൊക്കെയാണെങ്കിലും ഈ ഗവണ്മെന്റ് ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. പ്രത്യേകിച്ച് ഉദ്യോഗസ്ഥ മേഖലയിൽ ഉണ്ടായിട്ടുള്ള അമിതചെലവ് കുറച്ചു കൊണ്ടുവരേണ്ടതാണ്. ഉന്നതമായ തസ്തികകൾ ഓരോ വകുപ്പിലുമുണ്ട്. എത്രയോ ഉന്നത ഉദ്യോഗസ്ഥന്മാർ പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എസ്.ഒ. പ്രിൻസിപ്പൽ സെക്രട്ടറിക്കുതന്നെ പി.എയായി പ്രവർത്തിക്കുന്ന അണ്ടർ സെക്രട്ടറി എത്രയോ പ്യൂൺമാർ, അറ്റന്റർമാർ, ഇവർ ഉപയോഗിക്കുന്ന വാഹനങ്ങൾ ഇവർക്കുവേണ്ടി വരുന്ന establishment ചാർജുകൾ ഇതൊക്കെ എത്ര തവണയായി മാറ്റം ഉണ്ടാകണമെന്ന് ഇവിടെ പറയുകയുണ്ടായതാണ്. മാറ്റം ഉണ്ടായില്ല. എത്രയോ കാലഹരണപ്പെട്ട നിയമങ്ങളും, ചട്ടങ്ങളും അത് വളരെ ഭംഗിയായ നിലയിൽ മാറ്റപ്പെടുത്തണമെന്നുള്ള നിലയിൽതന്നെ ബഹുമാനപ്പെട്ട ശ്രീ. മാണി സർ Law Reforms Committee രൂപീകരിച്ചു. 697 നിയമങ്ങളും ചട്ടങ്ങളും ഇവിടെ നിലനിൽക്കുകയാണ്. ഈ വേണ്ടാത്ത ചട്ടങ്ങൾ ഇവിടെ നില നിൽക്കുമ്പോൾ അത് ദുരുപയോഗം ചെയ്ത് ഇവിടത്തെ ഉദ്യോഗസ്ഥ സുഹൃത്തുക്കൾ പല ഭരണനേട്ടങ്ങളും ഇവിടെ ഇല്ലാതെയാക്കുകയാണ്. ഓരോരുത്തരുടെ രീതിയനുസരിച്ച് അത് interpret ചെയ്യുകയാണ്. നിയമങ്ങളെയും ചട്ടങ്ങളെയും ഓരോ ഉന്നത ഉദ്യോഗസ്ഥന്മാരും അവരുടെ യുക്തിയ്ക്കനുസരിച്ച് വ്യാഖ്യാനിച്ചുകൊണ്ട് സാധാരണക്കാരായ ആളുകളെ ബുദ്ധിമുട്ടിക്കുന്ന സംവിധാനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തണം ഓരോ വകുപ്പിലും PWD യിലൊക്കെതന്നെ നിരവധി ഉന്നതമായ തസ്തികകൾ ഇവയിൽ മിക്കതും നമ്മുടെ സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമില്ല. 3 കോടി ജനങ്ങൾ താമസിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഇത്രയധികം ഉന്നത ഉദ്യോഗസ്ഥന്മാർ ഇതിനുവേണ്ടിവരുന്ന establishment, ഇതൊക്കെ താങ്ങാനായി നമ്മുടെ സംസ്ഥാനത്തിന് കഴിയില്ല. അതുകൊണ്ട് എനിക്ക് ഇതേക്കുറിച്ച് പറയാനുള്ളത് പല പോസ്റ്റുകളും abolishing post ആയി പ്രഖ്യാപിക്കണം. ഇതിന് ഇപ്പോൾ ഇരിക്കുന്ന ഉദ്യോഗസ്ഥൻമാരെ മാറ്റണമെന്നല്ല പറഞ്ഞുവരുന്നത്. ഇപ്പോൾ ഇരിക്കുന്നവർ റിട്ടയർചെയ്യുന്നതോടെ ആ തസ്തിക പിന്നെ നിലനിൽക്കാത്ത സ്ഥിതി ഉണ്ടാകണം. ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന ഈ സംസ്ഥാനത്ത് ചീഫ് സെക്രട്ടറിയുടെ മുകളിൽ protocol ഉള്ള ആളുകളാണ് എം.എൽ.എ.മാർക്കും പക്ഷേ ഇവിടത്തെ എം.എൽ.എ.മാർക്ക് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർ വേണ്ടത്ര പരിഗണന നൽകുന്നുണ്ടോയെന്നതു ഗൗരവമായി ചിന്തിക്കേണ്ട കാര്യമാണ്. എം.എൽ.എ. മാർ പല ഓഫീസുകളിലും ചെന്നാൽ ഒരു കസേര പോലും ഇട്ടു കൊടുക്കുവാൻ മടിക്കുന്ന ഉദ്യോഗസ്ഥ സുഹൃത്തുക്കൾ നമ്മുടെ നാട്ടിലുണ്ടെന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്. എം.എൽ.എ. മാരെക്കുറിച്ച് ജനപ്രതിനിധികളെക്കുറിച്ച് അനാവശ്യമായി പലതും പറയുകയാണ്. പതിനായിരം ശമ്പളം പറ്റുന്ന ആളുകൾ എന്നൊക്കെ പറഞ്ഞ് എം. എൽ. എ. മാരെ അവഹേളിക്കുന്നു. 15000 രൂപ മാത്രം വാങ്ങിക്കുന്ന എം.എൽ..എ.മാർ അവരുടെ ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ കഷ്ടപ്പെടുന്ന എം.എൽ.എ.മാർ ഇതൊക്കെ കാണാൻ പലർക്കും കഴിയുന്നില്ല എന്ന് ദു:ഖത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഉന്നതരായ ഉദ്യോഗസ്ഥന്മാർക്ക് മുഖ്യമന്ത്രിയായിരുന്ന ബഹുമാനപ്പെട്ട എ. കെ. ആന്റണി കുറെ കാര്യങ്ങൾ അച്ചടിച്ചു കൊടുത്തതാണ്. എം.എൽ.എ.മാർ വന്നാൽ എഴുന്നേറ്റ് നിൽക്കണം, പോകുമ്പോൾ എഴുന്നേറ്റ് നിൽക്കണം ഫോൺ വിളിച്ചാൽ പോലും എടുക്കാത്ത ചില ഉന്നത ഉദ്യോഗസ്ഥന്മാർ നമ്മുടെ സംസ്ഥാനത്തുണ്ട്. എന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ തയ്യാറാകണം. ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന നമ്മുടെ സംസ്ഥാനത്ത് എം.എൽ.എ.മാർക്കും ജനപ്രതിനിധികൾക്കും ആവശ്യമായ അംഗീകാരം നൽകാൻ തയ്യാറാക കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒരു പോയിന്റ് കൂടി പറഞ്ഞ് അവസാനിപ്പിക്കാം. നമ്മുടെ സംസ്ഥാനം പല വെല്ലുവിളികളും നേരിട്ട് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. മറ്റൊന്നുമല്ല കഴിഞ്ഞ ദിവസം ഇവിടെ കേന്ദ്ര ഗവണ്മെന്റ് അവതരിപ്പിച്ച രണ്ട് ബഡ്ജറ്റുകൾ—റയിൽവേ ബഡ്ജറ്റും അതുപോലെ നമ്മുടെ കേന്ദ്ര ബഡ്ജറ്റും—ഈ രണ്ട് ബഡ്ജറ്റുകളും പരിശോധിച്ചാൽ കാണാൻ കഴിയുന്ന രണ്ട് വസ്തുതകളുണ്ട്. കേന്ദ്രം കേരളത്തെ പാടെ അവഗണിച്ചുകൊണ്ടുപോകുകയാണ്. അത് ഇന്ന് തുടങ്ങിയതല്ല. 1992-93 തൊട്ട് 2004 വരെയുള്ള റെയിൽവേ ബഡ്ജറ്റ് പരിശോധിച്ചാൽ കേരളത്തിന് മതിയായ ഒരു പരിഗണന ലഭിച്ചിട്ടില്ലെന്നു കാണാം. ഇത്തവണത്തെ ബഡ്ജറ്റിൽ 46 പുതിയ തീവണ്ടികൾ അനുവദിച്ചിട്ട് ദക്ഷിണേന്ത്യയിലും, കർണ്ണാടകത്തിലും തമിഴ്നാട്ടിലും പുതിയ ട്രെയിൻ അനുവദിച്ചിട്ടും ഒറ്റ ട്രെയിൻ കേരളത്തിന് നൽകിയില്ല. എന്നു മാത്രമല്ല ഒറ്റ വികസനപ്രവർത്തനം നടത്താനും കഴിഞ്ഞില്ല. അതുകൊണ്ട് റെയിൽവേയുടെ കാര്യമാണെങ്കിൽ സാമ്പത്തിക കാര്യങ്ങളിൽ ഉദാരമായ ബഡ്ജറ്റാണ് കേന്ദ്രത്തിൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് പറയുന്നുണ്ടെങ്കിലും ഒറ്റ വികസന പദ്ധതി പോലും കേരളത്തിൽ നൽകാനുള്ള പ്രൊവിഷൻ കണ്ടെത്തിയില്ല എന്നത് ദു:ഖ: സത്യമാണ്. ഇവിടെ അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ള Economic Review-ൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള ഒരു കാര്യം.

LIBRARY ARCHIVES Kerala Legislative Assembly

നമ്മളെ ഏറെ ദു:ഖിപ്പിക്കുന്നതാണ്. A comparative position of Central transfers to the Neighbouring States. Kerala's position is at the lowest, both in central taxes and in grant-in-aid. ഏറ്റവും പരിതാപകരമായ അവസ്ഥയിലൂടെ കേരള സംസ്ഥാനം മുന്നോട്ടുപോവുകയാണ്. ഭാരതത്തിലെ ഉത്തരേന്ത്യൻ ലോബികളുടെ പ്രവർത്തനം കേരളത്തെ ശ്വാസംമുട്ടിപ്പിക്കുമെന്ന് നേരത്തേ നമ്മൾ പറയുമായിരുന്നു. പക്ഷേ ഇന്ന് കർണാടകത്തിലും തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും ആനുകൂല്യങ്ങൾ നൽകിയിട്ടും എന്തേ കേരളത്തിന് ആനുകൂല്യം നൽകാൻ തയ്യാറാകാത്തത്? ഇന്ത്യയിൽ തമിഴ്നാട്ടിനിപ്പുറത്ത് കേരളമുണ്ടോയെന്ന് തോന്നാത്ത ഒരു ഭരണം കുറേനാളുകളായി കേന്ദ്രം ആവിഷ്ക്കരിച്ചുവരികയാണ്. ഇതിനെതിരെ ചെറിയൊരു നീക്കുപോക്കുണ്ടായാൽ മതിയാകുമെന്ന് ഞാൻ കരുതുന്നില്ല. ഇവിടെ ഈ നിയമസഭ ശക്തമായ ഒരു പ്രമേയം പാസ്സാക്കി. ഇതുകൊണ്ട് അവസാനിക്കുന്നില്ല. നാളുകളായി അനുവർത്തിച്ചുവരുന്ന നയമാണ്. അതുകൊണ്ട് ഒരു പ്രത്യേക ലോബി പല സ്ഥലങ്ങളിലും കേരളത്തിനെതിരെ പ്രവർത്തിക്കുന്നുണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തെ ഇന്ത്യയിലെ ഭൂപടത്തിൽ നിന്നും മായ്ച്ചുകളയാൻ അതേ ലോബികൾ ശ്രമിക്കുന്നുണ്ടെന്ന് തോന്നുകയാണ്. അതുകൊണ്ട് കേരള ജനതയ്ക്കു ഒന്നാകെ വേണ്ടി അതിശക്തമായ ഒരു മുന്നേറ്റം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള വാറ്റ് നിയമത്തെ സംബന്ധിച്ച് ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. വാറ്റ് നിയമത്തെ സംബന്ധിച്ചിടത്തോളം വ്യാപാരി വ്യവസായികൾ ആശങ്കയിലാണ്. വില്പന നികുതിയിൽ നിയമവും സംവിധാനവും ആകമാനം മാറ്റം വരുത്തിക്കൊണ്ടാണ് ഈ മൂല്യവർദ്ധിത നികുതി ഇന്ത്യയിൽ implement ചെയ്യാൻ പോകുന്നത്. വ്യാപാരി വ്യവസായികൾ ഇന്ന് വളരെ ആശങ്കയിലാണ്. അവർ ഈ മാസം 30, 31 തീയതികളിൽ കടയടപ്പുസമരം ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രഖ്യാപിച്ചിരി ക്കുകയാണ്. അവർ നമ്മുടെ സഹോദരങ്ങളാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഈ മൂല്യവർദ്ധിത നികുതിമൂലം വിലക്കയറ്റമുണ്ടാകുമെന്ന് ഭയപ്പെടുന്നു. നിരവധി ആശങ്കകൾ നിലനിൽക്കുന്നു. നമുക്കറിയാം ലോകത്തിന്റെ പല സ്ഥലങ്ങളിലും മൂല്യവർദ്ധിത നികുതി ഫലപ്രദമായി നടപ്പിലാക്കി. ഇന്ത്യയിൽ പല സ്ഥലങ്ങളിലും നടപ്പിലാക്കി. കേരളത്തിൽ ഇത് നടപ്പിലാക്കുന്നതുവഴി അവർക്ക് ഉണ്ടായിരിക്കുന്ന ആശങ്ക ദൂരീകരിക്കണം.

Mr. Deputy Speaker: Please conclude.....Please conclude.....

ശ്രീ. തോമസ് ഉണ്ണിയാടൻ: വ്യാപാരി സമൂഹത്തിന് വിഷമമുണ്ടാകുന്നില്ല എന്ന് ബോധ്യം വരുത്തിക്കൊണ്ട് ആ ആശങ്ക മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ പിന്താങ്ങുന്നു.

പ്രൊഫ. കെ. വി. തോമസ്: ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. 2001-ൽ ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിൽ വന്നിച്ച

LIBRARY ARCHIVES Kerala Legislative Assembly

ഭൂരിപക്ഷത്തോടുകൂടിയാണ് കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നത്. വ്യക്തമായ കാഴ്ചപ്പാടോടുകൂടി ഒരു manifesto -യുടെ അടിസ്ഥാനത്തിലാണ് 2001-ൽ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിലെ ജനങ്ങളുടെ ഇടയിലേയ്ക്ക് കടന്നുചെന്നത്. ജനങ്ങളുടെ അംഗീകാരം നേടിക്കൊണ്ട്, തെരഞ്ഞെടുപ്പു പ്രകടനപത്രികയിൽ പറഞ്ഞ ഓരോ കാര്യത്തിലും അടിവരയിട്ടുകൊണ്ട് ഐക്യജനാധിപത്യമുന്നണി മൂന്നരവർഷക്കാലം ശ്രീ. എ. കെ. ആന്റണിയുടെ നേതൃത്വത്തിലും കഴിഞ്ഞ 180 ദിവസം ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലും കേരളത്തിന്റെ ഭരണചക്രം തിരിക്കുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പു കാലഘട്ടത്തിൽ ഞങ്ങൾ നൽകിയ പ്രധാനപ്പെട്ട വാഗ്ദാനം ഈ സംസ്ഥാനത്ത് നിയമസമാധാനം പാലിക്കുമെന്നാണ്. അതിനൊരു പശ്ചാത്തലമുണ്ട്. 2001-നുമുമ്പ് ഭരിച്ച ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിൽ വ്യാപകമായി രാഷ്ട്രീയ കൊലപാതകങ്ങളുണ്ടായിരുന്നു. ഞാൻ ഓരോന്നിലേയ്ക്കും പോകുന്നില്ല. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. പക്ഷേ ജയകൃഷ്ണൻ മാഷിനെപ്പോലെയുള്ള ഒരു അധ്യാപകനെ കൊച്ചു കുഞ്ഞുങ്ങളുടെ, വിദ്യാർത്ഥികളുടെ മുന്നിൽ വച്ച് നീചമായി കൊലചെയ്യപ്പെട്ട സാഹചര്യം കേരളത്തിൽ ആരുഭരിച്ചാലും അഭിമാനകരമല്ല. രാഷ്ട്രീയ ഇടപെടലുകൾ കേരളത്തിലെ പോലീസിൽ ആ കാലഘട്ടത്തിലുണ്ടായിരുന്നു. അതുകൊണ്ടാണ് ശ്രീ. എ. കെ. ആന്റണി അധികാരത്തിൽ കടന്നുവന്നപ്പോൾ പോലീസിൽ രാഷ്ട്രീയ ഇടപെടലുകളില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള ഒരു പുതിയ ശൈലിക്ക് രൂപം നൽകിയത്. ആ ശൈലിയെക്കുറിച്ച് കോൺഗ്രസ്സിനകത്ത് അഭിപ്രായവ്യത്യാസമുണ്ടാകാം, യു.ഡി.എഫ്.-ൽ അഭിപ്രായ വ്യത്യാസമുണ്ടാകാം. പക്ഷേ തികച്ചും രാഷ്ട്രീയ കടിഞ്ഞാണുകളില്ലാതെ പോലീസിന് സ്വാതന്ത്ര്യം നൽകിയ ഗവൺമെന്റാണ് ആന്റണി ഗവൺമെന്റ്. അന്ന് ഡി.ജി.പി.യായിരുന്നത് ശ്രീ. ജോസഫ് ആയിരുന്നു. അതിനുശേഷം ഡി.ജി.പി.യായി വന്നത് ശ്രീ. ഹോർമിസ് തരകനാണ്. അദ്ദേഹം ഡി. ജി. പി.യായിരുന്ന കാലഘട്ടത്തിൽ എടുത്ത പല നടപടികളേയും അപ്പുറത്തിരിക്കുന്ന പല സുഹൃത്തുക്കളും വിമർശിച്ചിട്ടുണ്ട്. പക്ഷേ ഇന്ന് ലോകം അംഗീകരിക്കുന്ന ഏറ്റവും നല്ല പോലിസ് ഉദ്യോഗസ്ഥനായി ശ്രീ. ഹോർമിസ് തരകൻ മാറിയിട്ടുണ്ട്. അദ്ദേഹം ഇന്ന് RAW -യുടെ മേധാവിയായി എന്നുള്ളത് കേരളത്തിന് അഭിമാനിക്കാവുന്ന കാര്യമാണ്. ഇവിടെ ക്രമസമാധാനം തകർന്നുവെന്ന് പലരും പറയുന്നു. ബ്ലേഡ് കമ്പനികൾ, മാഫിയ നിയന്ത്രിക്കുന്നുവെന്ന് പറയുന്നു. പട്ടണങ്ങളിൽ ഗുണ്ടാസംഘങ്ങൾ വരുന്നുവെന്ന് പറയുന്നു. നിയമസമാധാനം പാലിക്കപ്പെടണമെങ്കിൽ രാഷ്ട്രീയമായ തീരുമാനങ്ങളെടുക്കണം. രാഷ്ട്രീയ പാർട്ടികൾ ഗുണ്ടാസംഘങ്ങളെ വളർത്തരുത്. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോട് എനിക്ക് വലിയ ആദരവാണ്. പക്ഷേ മലപ്പുറം സമ്മേളനത്തിൽ ഞാൻ ടി.വി.യിലൂടെ കണ്ട കാഴ്ച, ഞാൻ ഞെട്ടിപ്പോയ ഒരു സംഭവമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആ സമ്മേളനത്തിൽ ആശംസകൾ നേർന്നുകൊണ്ട് അയച്ച കത്തുകൾ വായിച്ചു. അതിലൊരു കത്ത് കേരളത്തിലെ ജയിലുകളിൽ കിടക്കുന്ന ക്രിമിനലുകളുടെ അഭിവാദ്യമായിരുന്നു. ആ അഭിവാദ്യം വായിച്ചപ്പോൾ ആ സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികൾ ഒന്നിച്ച് എഴുന്നേറ്റുനിന്ന് കൈകുലുക്കി അഭിവാദ്യം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

ഇതെന്താണ് സൂചിപ്പിക്കുന്നത്? അവരൊന്നും രാഷ്ട്രീയ സമരത്തിൽ പോയ കുറ്റവാളികളല്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റു പാർട്ടിക്കുവേണ്ടി ഏതെങ്കിലും രാഷ്ട്രീയ സമരത്തിൽ പങ്കാളികളായിരുന്നവരാണെങ്കിൽ നമുക്കത് അംഗീകരിക്കാൻ കഴിയും. ഇത് ക്രിമിനൽ കേസുകളിലുൾപ്പെട്ട ആളുകളാണ്, കൊലയാണികളാണ്, നിങ്ങളത് പരിശോധിക്കണം. അത് ഞാൻ നിങ്ങളുടെ മന:സാക്ഷിക്കു വിടുകയാണ്. കേരളത്തിലെ ജനങ്ങളുടെ മനഃസാക്ഷി ഉണർന്നിരിക്കുന്നു എന്നാണ് നിങ്ങൾ മനസ്സിലാക്കേണ്ടത്. ക്രമസമാധാന കാര്യത്തിൽ വളരെ തുറന്ന ഒരു സമീപനമാണ് ശ്രീ. എ. കെ. ആന്റണിക്കുള്ളത്, തുടർന്നുവരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കുള്ളത്. രണ്ടുപേരുടേയും ശൈലിക്ക് വ്യത്യാസമുണ്ടാകാം. ശ്രീ. ഉമ്മൻ ചാണ്ടിയെ നിങ്ങൾക്കെല്ലാവർക്കും അറിയാം. അദ്ദേഹം വിദ്യാർത്ഥി ജീവിത കാലഘട്ടം മുതൽ ഒരു ബഹുജനനായകനാണ്. ജനക്കൂട്ടത്തിലാണ് അദ്ദേഹം വളർന്നത്. അതുകൊണ്ട് സ്വാഭാവികമായും അദ്ദേഹം മുഖ്യമന്ത്രിയായപ്പോൾ ജനങ്ങളോടൊപ്പമാണ് സഞ്ചരിക്കുന്നത്. ഇന്ത്യയുടെ ചരിത്രത്തിൽ ഇതിനു സമാനമായ മറ്റൊരു സംഭവം മാത്രമേയുള്ളൂ. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നൽകുവാൻ വേണ്ടി മൗണ്ട്ബാറ്റൺ പ്രഭു വിളിച്ചുകൂട്ടിയ യോഗത്തിൽ മഹാത്മാഗാന്ധി ചെന്നു. അദ്ദേഹം അവിടെ ചെന്നിട്ട് വീണ്ടും തിരിച്ചുപോയി. അരമണിക്കൂർ വൈകിയാണ് തിരിച്ചെത്തിയത്. അപ്പോൾ ഇതൊരു പ്രധാനപ്പെട്ട സമ്മേളനമല്ലേ, എന്താണ് നിങ്ങൾ താമസിച്ചതെന്ന് മൗണ്ട് ബാറ്റൺ പ്രഭു ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞത് ഗ്രാമീണ ജനങ്ങൾ എന്നെ കാത്തുനിൽക്കുന്നു, അവരാണ് എന്റെ മേലധികാരികൾ, അവരാണ് രാജാക്കന്മാർ എന്നാണ്. ഏതൊരു രാഷ്ട്രീയ പാർട്ടിക്കും ഏതൊരു രാഷ്ട്രീയ നേതാവിനും ജനങ്ങളാണ് അവരുടെ നായകൻമാർ. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായതിനുശേഷം ആദ്യം പോയത് ജനമധ്യത്തിലേയ്ക്കാണ്. 14 ജില്ലകളിലെ ജനങ്ങളുമായി അദ്ദേഹം അവരുടെ പ്രശ്നങ്ങൾ പങ്കിട്ടു. അദ്ദേഹത്തിന്റെ പൊതുജനസമ്പർക്ക പരിപാടിയെക്കുറിച്ച് നിങ്ങൾക്ക് ചിലപ്പോൾ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാം. പക്ഷേ കെ. എം. റോയ് എന്ന ഇടതുപക്ഷ ചിന്താഗതിക്കാരനായ പത്രപ്രവർത്തകൻ അതിനെക്കുറിച്ച് വ്യക്തമായി എഴുതിയിട്ടുണ്ട്. ശ്രീ.കെ.എം. റോയ് എന്താണ് പറയുന്നത്? "മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഈ അടുത്ത കാലത്ത് നടപ്പിലാക്കിയ ജനസമ്പർക്ക പരിപാടി സംസ്ഥാന ഭരണചരിത്രത്തിലെ ഒരു പുതിയഘട്ടം കുറിക്കുന്നു. ഈ പുതിയ പരിപാടി ഇതുവരെയുള്ള ഭരണത്തിൽ പ്രത്യേകിച്ച് അത്ഭുതങ്ങളൊന്നും സൃഷ്ടിച്ചിട്ടില്ല. പക്ഷേ ഇതൊരു പുതിയ കാഴ്ചപ്പാടും ധീരതയാർന്ന തുടക്കവുമാണ്. സാധാരണക്കാരന് മുഖ്യമന്ത്രി തനിക്കും പ്രാപ്യനാണെന്ന് അനുഭവപ്പെടുന്നു. ഇപ്പോൾ ഒരു പുതിയ സമീപനം, ജനമധ്യത്തിലേയ്ക്ക് അധികാരം കടന്നുചെല്ലുന്നു." ഇതിനെക്കുറിച്ച് എന്താണ് കേരളത്തിലെ പത്രക്കാർ പറയുന്നത്? പത്രങ്ങളാണല്ലോ ജനശബ്ദം. മലയാള മനോരമ പറയുന്നത് നമ്മൾ നോക്കണ്ട, എന്താണ് കേരള കൗമുദി പറയുന്നത്? ഫയലുകൾക്ക് ശാപം എന്ന ഹെഡിംഗിലാണ് പറയുന്നത്. 'നിങ്ങൾ അശരണരുടെ ചീഫ്മിനിസ്റ്ററാണ് മി. ഉമ്മൻ ചാണ്ടി.' എന്താണ് ദേശാഭിമാനി പറയുന്നത്? 100 ദിവസംമുമ്പ് ഒന്നേകാൽ ലക്ഷം ഫയലുകൾ ബാക്കിയുണ്ടായിരുന്നു. അവയിൽ 68,102 ഫയലുകൾ തീർപ്പാക്കി. ബാക്കിയുള്ള 56,820 ഫയലുകളിൽ 36,109 ഫയലുകൾ കോടതി കേസുകളുമായി ബന്ധപ്പെട്ടതാണ്. ജനസമ്പർക്ക പരിപാടികളിൽ

LIBRARY ARCHIVES Kerala Legislative Assembly

96,000 പരാതികൾ ലഭിച്ചു. അതിൽ പകുതിയോളം പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇനിവരുന്ന ഏതു ഭരണാധികാരിക്കും പിന്തുടരാവുന്ന ഒരു മാർഗ്ഗമാണ്. ഇന്നലെ എന്താണ് നിങ്ങൾ പറഞ്ഞത്? തൊഴിലില്ലാത്ത ലക്ഷക്കണക്കിന് ചെറുപ്പക്കാരായ ആളുകളുണ്ട്. അവർക്ക് തൊഴിൽ നൽകണം.തൊഴിൽ നൽകുന്നതിനുള്ള ഉത്തരവാദിത്വം ഈ ഭരണ പക്ഷത്തിരിക്കുന്നവർക്കു മാത്രമല്ല, അപ്പുറത്തിരുക്കുന്നവർക്കും കൂടിയുണ്ട്. അതുകൊണ്ടാണ് കൊച്ചിയിൽ 'ജിം' നടത്തിയപ്പോൾ ആ സമ്മേളനത്തിൽ ബഹുമാന്യനായ പ്രതിപക്ഷ നേതാവിനെ വിളിച്ചിരുന്നത്. അദ്ദേഹം കൂടി പങ്കെടുത്തതുകൊണ്ടാണ് ജിം-ന് പ്രാധാന്യം കിട്ടിയത്. അന്ന് 50,000 കോടി രൂപയുടെ പദ്ധതികൾക്കാണ് നാം രൂപം നൽകിയത്. അതിൽ ഏകദേശം 30,000 കോടി രൂപയുടെ പദ്ധതികൾ ഇന്ന് യാഥാർത്ഥ്യമാവുകയാണ്. ബാക്കി 20,000 കോടി രൂപയുടെ പദ്ധതികൾ നമ്മുടെ കേരളത്തിൽ വന്നുകൊണ്ടിരിക്കുകയാണ്. പക്ഷേ ഈ പദ്ധതികൾ പൂർത്തീകരിക്കപ്പെടണമെങ്കിൽ ഇവിടെ ഒരു investment climate ഉണ്ടാകണം. ഇപ്പോൾ എന്താണ് നമ്മുടെ സ്ഥിതി? 20 വലിയ സംസ്ഥാനങ്ങളെടുത്തുനോക്കിയാൽ കേരളം ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിൽ 14-ാമതാണ്. വെസ്റ്റ് ബംഗാൾ 18-ാമതാണ്. 10 ചെറുകിട സംസ്ഥാനങ്ങളെടുത്താൽ ത്രിപുര 9-ാം സ്ഥാനത്താണ്. ഇതിൽ എന്തോ കുഴപ്പമില്ലേ? എന്തുകൊണ്ടാണ് പശ്ചിമബംഗാളിലും കേരളത്തിലും ത്രിപുരയിലും ഇൻവെസ്റ്റുമെന്റ് കുറയുന്നതെന്ന് അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കൾ ആലോചിക്കണം. ഇവിടെയൊരു investment climate ഉണ്ടാകണം. അങ്ങനെയൊരു investment climate ഉണ്ടോ? കഴിഞ്ഞ മൂന്നുവർഷക്കാലം കേരളത്തിൽ വ്യാപകമായി നടക്കുന്ന സമരങ്ങൾ, ഹർത്താലുകൾ എത്രയാണ്? നമുക്കതിൽ ഉത്തരവാദിത്വമില്ലേ? കഴിഞ്ഞ മൂന്നുവർഷക്കാലത്തിനിടയിൽ ഒരുകോടി അൻപത്തിരണ്ടായിരം രൂപയുടെ പൊതുസമ്പത്താണ് നശിപ്പിച്ചിരിക്കുന്നത്. 662 ബസുകൾ തകർത്തിരിക്കുന്നു. തിരുവനന്തപുരം നമ്മുടെ തലസ്ഥാനനഗരമാണ്. അവിടെ 282 പ്രവർത്തി ദിവസങ്ങളിൽ 972 പ്രകടനങ്ങൾ നടന്നു. ഇത് ഇൻവെസ്റ്റുമെന്റിന് അനുകൂലമാണോ? ഇവിടെ ഇൻവെസ്റ്റുമെന്റ് വരണ്ടേ? ഇൻവെസ്റ്റുമെന്റ് വന്നാൽ മാത്രമല്ലേ നമുക്ക് തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. അങ്ങനെ ഇൻവെസ്റ്റുമെന്റ് വരണമെങ്കിൽ അതിനൊരു climate ഉണ്ടാകണമെങ്കിൽ ഭരണപക്ഷത്തിരിക്കുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരും ഒരേ കാഴ്ചപ്പാടോടുകൂടി മുന്നോട്ടുപോകേണ്ടിവരും. നമുക്ക് കേരളത്തിന്റേതായ, തനതായ ഒരു സംഭാവന നമ്മുടെ വ്യവസായ നയത്തിൽ, നമ്മുടെ വികസന നയത്തിലുണ്ട്. അതിനൊരുദാഹരണമാണ് നെടുമ്പാശ്ശേരി എയർപോർട്ട്. 1991-ലാണ് ആ എയർപോർട്ടിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. അത് ജനങ്ങളുടെ പങ്കാളിത്തമുള്ള ഒരു എയർപോർട്ടായിരുന്നു. ശ്രീ. കെ. കരുണാകരനാണ് അതിന് നേതൃത്വം കൊടുത്തത്. 2001-ൽ ശ്രീ. എ. കെ. ആന്റണി ഇതിന്റെ ചെയർമാനായി. അന്ന് നിങ്ങളെടുത്ത സമീപനമെന്താണ്? ജനപങ്കാളിത്തത്തോടുകൂടി നമുക്ക് കേരളത്തിലെ വികസന പ്രവർത്തനങ്ങളുണ്ടാകണം. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലും അദ്ദേഹത്തിന്റെ സംഭാവന കൊച്ചിൻ എയർ പോർട്ടിന് ലഭിച്ചിട്ടുണ്ട്. ശ്രീ. എ.കെ. ആന്റണി 2001-ൽ മുഖ്യമന്ത്രിയായപ്പോൾ ആണ് കൊച്ചിൻ എയർപോർട്ടിന്റെ 26% ഷെയർ എടുക്കുവാൻ തീരുമാനിച്ചത്. ലാഭത്തിലാണ് കൊച്ചിൻ എയർപോർട്ട് പ്രവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളത്തെ ഗോശ്രീ പദ്ധതിക്ക് ശ്രീ. കെ. കരുണാകരനാണ് രൂപം നൽകിയത്. ഇ.കെ. നായനാരും അതിൽ സംഭാവന ചെയ്തിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണി വന്നതിനുശേഷമാണ് അത് പൂർത്തീകരിക്കപ്പെട്ടത്. 200 കോടി രൂപ ആ പ്രോജക്ടിനുമാത്രം നമുക്ക് ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അപ്പോൾ വികസന പ്രവർത്തനങ്ങളിൽ നമുക്ക് യോജിപ്പിന്റെ ഒരു കാഴ്ചപ്പാടുണ്ടാകണ്ടേ? ഒരുയോജിപ്പിന്റെ സമാനമായ കാഴ്ചപ്പാടുണ്ടായില്ലെങ്കിൽ കേരളത്തിലെ ജനങ്ങളോട് നമുക്ക് നീതിപുലർത്താൻ കഴിയുമോ? ഇവിടെ എ.ഡി.ബി. ഗ്രാന്റിനെക്കുറിച്ച് പറഞ്ഞു. വേൾഡ് ബാങ്കിനെപ്പറ്റിയും ഐ.എം.എഫ്.നെപ്പറ്റിയും പറഞ്ഞു. World Bank Scheme, ADB Scheme, IMF Scheme എന്നീ സ്കീമുകൾ ഈ സ്റ്റേറ്റിലേയ്ക്ക് താനേ ഒഴുകിവരുമോ? വേൾഡ് ബാങ്കിന്റെ assistance വെസ്റ്റ് ബംഗാൾ വാങ്ങുന്നില്ലേ? ഐ.എം.എഫ്.ന്റെ assistance വാങ്ങുന്നില്ലേ? എ.ഡി.ബി.യുടെ assistance വാങ്ങുന്നില്ലേ? ഈ അസിസ്റ്റന്റ് സുകളെല്ലാം വരുന്നത് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടിയാണ്. റിസർവ് ബാങ്കിന്റെ അംഗീകാരത്തോടുകൂടിയാണ്. അപ്പോൾ വെസ്റ്റ് ബംഗാളിന് ഈ സഹായങ്ങൾ സ്വീകരിക്കാം, കേരളത്തിന് സ്വീകരിച്ചുകൂടേ? എ.ഡി.ബി.യുടെ ചർച്ചകൾ തുടങ്ങിയത് നിങ്ങളുടെ കാലഘട്ടത്തിലല്ലേ? നിങ്ങൾ സത്യത്തിൽ അതിന്റെ ക്രഡിറ്റ് വാങ്ങേണ്ടവരല്ലേ? ഒരു ഭരണക്രമം മാറി എന്നതുകൊണ്ട് നിങ്ങളതിനെ എതിർക്കേണ്ട കാര്യമുണ്ടോ? ഏതു പുരോഗമന ആശയങ്ങളുടെ കൂടെയും ഞങ്ങൾ പോകാൻ തയ്യാറാണെന്നാണ് വെസ്റ്റ് ബംഗാൾ മുഖ്യമന്ത്രിയെടുത്ത തീരുമാനം. ഇവിടെ privatization -നെ അന്ധമായി എതിർക്കണമോ? ഇന്നും കൽക്കട്ട നഗരത്തിൽ ഇലക്ട്രിസിറ്റി കൊടുക്കുന്നത് ആരാണ്? Private sector അല്ലേ? Solid Lake Development ചെയ്യുന്നത് ആരാണ് ? പ്രൈവറ്റ് സെക്ടറായ സഹാറ ഗ്രൂപ്പല്ലേ? അപ്പോൾ നമുക്ക് കേരളത്തിലൊരു നയം വെസ്റ്റ് ബംഗാളിൽ മറ്റൊരുനയമെന്നു പറഞ്ഞാൽ പറ്റുമോ? 2006 വരെ നമുക്ക് കാത്തുനിൽക്കാൻ പറ്റുമോ? 2006-നുശേഷം ഒരു പുതിയ ഭരണസംവിധാനം വരും. ആ കാര്യത്തിൽ സംശയമൊന്നുമില്ല. നമുക്ക് യോജിച്ച് ചെയ്യാവുന്ന എത്രയോ മേഖലകളുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിൽ വളരെ വിപ്ലവകരമായ തീരുമാനങ്ങളെടുത്തു. അതിനുമുമ്പ് എത്രയോ വിദ്യാർത്ഥികളാണ് കേരളത്തിനു പുറത്തുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പോയിരുന്നത്? 1000 കോടി രൂപയോളമല്ലേ കേരളത്തിൽ നിന്നും ഒഴുകിയിരുന്നത്. ആ സ്ഥാനത്താണ് ഇവിടെ സ്വാശ്രയ കോളേജുകൾ വന്നത്. സ്വാശ്രയ കോളേജുകൾ വന്നപ്പോൾ ചില പ്രശ്നങ്ങളുണ്ടായിരിക്കും, മുഴുവൻ പ്രശ്നങ്ങളും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷെ ഒരു പുതിയ സംവിധാനം നമ്മുടെ വിദ്യാഭ്യാസ മേഖലയിലുണ്ടായിരിക്കുന്നു. ലോകം മുഴുവൻ മാറുകയല്ലേ? നമ്മുടെ ഇടതുപക്ഷ സുഹൃത്തുക്കൾ ഇപ്പോൾ ദുബായ് വരെ എത്തിയിട്ടുണ്ട്. അവർ ലോകം മുഴുവൻ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. ലോകം മാറുകയാണ്. വിദ്യാഭ്യാസ രംഗത്ത് ഉന്നതമാനദണ്ഡങ്ങളുണ്ടാക്കിയേ പറ്റുകയുള്ളൂ. ഉന്നത മാനദണ്ഡങ്ങളുണ്ടാക്കുമ്പോൾ അതിനനുസൃതമായി മാറാൻ നമുക്ക് കഴിയണം. Oxford നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ത്യയിൽ ആരംഭിക്കണ്ടേ? മറ്റു സംസ്ഥാനങ്ങൾ ഇത്തരം സ്ഥാപനങ്ങളെ സ്വാഗതം ചെയ്യുമ്പോൾ കേരളത്തിൽ തലതിരിച്ചുനിൽക്കാൻ കഴിയുമോ? അവിടെയാണ് നിങ്ങളുടെയൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

സംഭാവനകൾ വരേണ്ടത്. ഇവിടെ ടൂറിസം രംഗത്തെക്കുറിച്ച് പറഞ്ഞു. ടൂറിസം രംഗത്ത് അതിവേഗത്തിൽ കേരളം മുന്നോട്ടു നീങ്ങുകയാണ്. പക്ഷേ അതിന് ഇൻവെസ്റ്റുമെന്റുണ്ടാകണം. ഇപ്പോൾ ടൂറിസം രംഗത്ത് private sector-ന്റെ സംഭാവനയില്ലേ? എറണാകുളത്ത് ടൂറിസം വികസനത്തിന് ഗൾഫാറിന്റെ സംഭാവനയുണ്ട്. അപ്പോൾ private sector-ന് കൊടുക്കേണ്ട അംഗീകാരം നാം private sector-ന് കൊടുത്തേ പറ്റൂ. അതുപോലെതന്നെയാണ് ദാരിദ്ര്യ നിർമ്മാർജ്ജനം. കേരളത്തിൽ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ധാരാളം പ്രോജക്ടുകൾ തുടങ്ങിയിട്ടുണ്ട്. ഇവിടെ മുഖ്യമന്ത്രിതന്നെ അതിനെക്കുറിച്ച് ഒരു നയരേഖ അവതരിപ്പിച്ചിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളത്തിൽ സ്ത്രീശാക്തീകരണമുണ്ട്. കുടുംബശ്രീകളിലൂടെ പുതിയ പ്രോജക്ടുകൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഇന്ത്യയ്ക്കുതന്നെ മാതൃകയായി കുമ്പളങ്ങി ഒരു ടൂറിസം ഗ്രാമമായി വളരുന്നു. ആ ഗ്രാമത്തിന്റെ വളർച്ചയിൽ ഏറ്റവുംകൂടുതൽ സംഭാവന ചെയ്തിട്ടുള്ളത് അവിടെയുള്ള സ്ത്രീകളാണ്. ഓരോ വീട്ടിലും വന്നിട്ടുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള waste management വന്നിരിക്കുന്നു. ജനങ്ങളാണ് അധികാരികൾ. ജനങ്ങളുടെ പങ്കാളിത്തം നേടാൻ നമുക്ക് കഴിയണം. അതിനനുസൃതമായ മാറ്റങ്ങൾ വരണം. രാഷ്ട്രീയത്തിലെ സ്ഥിതി എന്താണ്? ഇവിടെ ആരോപണങ്ങളെക്കുറിച്ച് പറഞ്ഞു. നമ്മൾ രാഷ്ട്രീയമായ അന്ധതയിൽ നിന്നുകൊണ്ട് ചെളി വലിച്ചെറിയുകയാണ്. ചെളി എല്ലാവരുടെ ദേഹത്തും വീഴുന്നുണ്ട്. നീതിന്യായ പീഠങ്ങളെമാത്രം കുറ്റം പറഞ്ഞിട്ടു കാര്യമില്ല. നീതിന്യായ പീഠങ്ങൾ വിധി പ്രഖ്യാപിക്കുമ്പോൾ എനിക്ക് അനുകൂലമെങ്കിൽ നല്ലതും എനിക്ക് അനുകൂലമല്ലെങ്കിൽ തെറ്റുമാകാൻ കഴിയുമോ? നീതിന്യായ പീഠങ്ങളെ നിലനിർത്തണ്ടേ? അടുത്തകാലത്ത് എന്റെ ഒരു സുഹൃത്ത്, ഞാൻ പേരുപറയുന്നില്ല, കോടതികളുടെ ചില വിധികൾ ശരിയാണ്, ചില വിധികൾ തെറ്റാണെന്നു പറയുന്നു. അങ്ങനെ പറയാൻ കഴിയുമോ? ഇവിടെ നീതിന്യായപീഠത്തിന് സ്വാതന്ത്ര്യം കൊടുക്കണം. പോലീസ് സേനയ്ക്ക് സ്വാതന്ത്ര്യം കൊടുക്കണം. അഴിമതി എവിടെ ആരംഭിക്കുന്നു? നമ്മുടെ കൈകൾ പരിശുദ്ധമായിരിക്കണം. രാഷ്ട്രീയ നേതാക്കന്മാരുടെ കൈകൾ പരിശുദ്ധമായിരിക്കണം. രാഷ്ട്രീയ സംഘടനകളുടെ കൈകൾ പരിശുദ്ധമായിരിക്കണം. അങ്ങനെ നമ്മുടെ കൈകൾ പരിശുദ്ധമായാൽ മാത്രമേ നമുക്ക് പരിശുദ്ധി കാണാൻ കഴിയൂ. അതുണ്ടോ? സത്യസന്ധമായ രാഷ്ട്രീയപ്രവർത്തനം നടത്താൻ നാം സമ്മതിക്കാറുണ്ടോ? രാഷ്ട്രീയമായ അന്ധകാരത്തിൽ നിന്നുകൊണ്ട് നമ്മുടെ സഹപ്രവർത്തകർക്കെതിരായി ചെളിവാരി എറിയുകയാണ്. എന്താണ് പൊതുജനങ്ങളുടെ വിശ്വാസം? പൊതുജനങ്ങളുടെ മുമ്പിൽ രാഷ്ട്രീയ പാർട്ടികൾക്കും രാഷ്ട്രീയ നേതാക്കന്മാർക്കും ഇന്ന് credibility നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് അതിൽ നിന്നും മാറാൻ പറ്റില്ല. നിങ്ങളുടെ മനസ്സിലേയ്ക്ക് നോക്കൂ. നിങ്ങൾ സ്വന്തം മനസ്സിലേയ്ക്ക് തിരിഞ്ഞുനോക്കണമെന്നാണ് ഞാൻ പറയുന്നത്. കോൺഗ്രസ്സിന് വിശാലമായ കാഴ്ചപ്പാടുണ്ട്. ഈ കുടുംബത്തെ തകർക്കാൻ ആർക്കും കഴിയില്ല എന്നുള്ള കാര്യത്തിൽ സംശയിക്കണ്ട. കോൺഗ്രസ്സിനകത്ത് ചില ശബ്ദങ്ങളൊക്കെയുണ്ടാകും. ഞങ്ങളിൽ നിന്നും ആരെയെങ്കിലും കിട്ടുമെന്ന് വിശ്വാസമുണ്ടെങ്കിൽ അത് തെറ്റാണ്. നിങ്ങൾ ഗൂഢമായ ലോകത്താണ്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

കരുത്ത്. രാഷ്ട്രീയ വിശ്വസ്തതയാണത്. ആരാഷ്ട്രീയവിശ്വസ്തത നിലനിർത്തണമെങ്കിൽ അനാവശ്യമായ ആരോപണങ്ങൾ തൊടുത്തുവിടരുത്. ഈ ഹൗസിൽ തന്നെ നമുക്കറിയാം, എത്രയോ ആരോപണങ്ങളാണ് പലർക്കുമെതിരായി തൊടുത്തുവിട്ടത്? ചില അന്വേഷണങ്ങൾ നടന്നു. അവസാനം അവരുടെ കൈകൾ ശുദ്ധമായി അവർ തിരിച്ചുവരുമ്പോൾ അതൊക്കെ പലരും മറന്നുപോകുന്നു. അതുപോലെ പത്രസ്വാതന്ത്ര്യമെന്നു പറയുന്നത് നമ്മൾ അംഗീകരിക്കപ്പെടുന്ന ഒരു കാര്യമാണ്. പക്ഷേ പത്രസ്വാതന്ത്ര്യത്തിന് പരിമിതിയുണ്ട്. സത്യം കണ്ടെത്താൻ സത്യം ജനങ്ങളിലെത്തിക്കാനുള്ള ബാധ്യതകയാണ് പത്രങ്ങൾക്കുള്ളത്. അതാണോ ഇന്ന് നടക്കുന്നത്? എനിക്ക് അനുകൂലമായി electronic media-യിൽ വാർത്ത വന്നാൽ എനിക്ക് സന്തോഷമാണ്. പക്ഷേ എനിക്കെതിരായി വന്നാലോ? പക്ഷേ മാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം സത്യം പറയാൻ, സത്യം ജനങ്ങളിലെത്തിക്കാനുള്ള ബാധ്യതയുണ്ട്. ആ രീതിയിൽ മാധ്യമങ്ങളെ തിരിച്ചുവീടാൻ നമുക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും കഴിയണം. കേരളത്തെപ്പോലെയുള്ള ഒരു സംസ്ഥാനത്ത് ശ്വസിക്കുന്ന വായുവിലും കുടിക്കുന്ന വെള്ളത്തിലും രാഷ്ട്രീയം കണ്ടെത്തുന്ന ആളുകളാണ്. അത്തരം രാഷ്ട്രീയ കാഴ്ചപ്പാടുള്ളപ്പോൾ, ഈ സംസ്ഥാനത്തെ ജനങ്ങളുടെ ഗുണകരമായ ജീവിതനിലവാരം വളർത്തുന്നതിനുള്ള സമീപനം നമുക്ക് എടുക്കാൻ കഴിയണം.

മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഇന്നു ജനമധ്യത്തിലേയ്ക്ക് കടന്നു ചെന്നിരിക്കുകയാണ്. മുഖ്യമന്ത്രിയെ ഫോണിലൂടെ വിളിക്കാം, വീഡിയോ കോൺഫറൻസിലൂടെ അദ്ദേഹത്തോടു സംസാരിക്കാം. ഇ. കെ. നായനാരും 1.00 p.m] അതുതന്നെയാണ് ചെയ്തത്. അദ്ദേഹത്തിന്റെ ഫോൺ-ഇൻ പ്രോഗ്രാമുകൾ ജനങ്ങൾ ഏറ്റവും കൂടുതൽ അപ്രീഷ്യേറ്റു ചെയ്തിട്ടുള്ള ഒന്നാണ്. അതുകൊണ്ടാണല്ലോ കേരളത്തിലെ ഒരു ജനനായകനും കിട്ടാത്ത അഭിവാദ്യം അദ്ദേഹത്തിനു കിട്ടിയത്. രാഷ്ട്രീയത്തിന് അതീതമായി അദ്ദേഹത്തെ ജനങ്ങൾ സ്നേഹിച്ചു. ശ്രീ. ഉമ്മൻചാണ്ടിയും അതുപോലെ ജനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട്, ജനങ്ങളുടെ പങ്കാളിത്തം നേടിക്കൊണ്ടുള്ള ഒരു പരിപാടിയുമായിട്ടാണ് മുന്നോട്ടു പോകുന്നത് കേരളത്തിലെ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തണമെങ്കിൽ, അതിൽ ഭരണപക്ഷത്തെ മാത്രം കുറ്റം പറഞ്ഞിട്ടു കാര്യമില്ല. നമുക്ക് എല്ലാവർക്കും തുല്യ ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വത്തിൽ നിന്ന് നമുക്കു മാറി നിൽക്കാനാവില്ല. ശ്രീ. ഉണ്മൻചാണ്ടി അദ്ദേഹത്തിന്റേതായ ഒരു പ്രവർത്തന ശൈലിയിലൂടെയാണ് ഇക്കഴിഞ്ഞ 180 ദിവസങ്ങളായി കേരളത്തെ നയിച്ചു കൊണ്ടിമിക്കുന്നത്. തെറ്റുകൾ ചൂണ്ടിക്കാണിക്കാം. പക്ഷേ ഈ ഗവൺമെന്റ് മുന്നോട്ടു പോകണം ഏതു സംസ്ഥാനത്തും രാജ്യത്തും ഗവൺമെന്റുകൾ ഒരു തുടർച്ചയാണ്. അത്തരമൊരു സാഹചര്യത്തിൽ മുഖ്യമന്ത്രി ചെയ്യുന്ന നല്ല കാര്യങ്ങൾക്ക്, ഗവൺമെന്റ് ചെയ്യുന്ന നല്ല കാര്യങ്ങൾക്ക് പിന്തുണ കൊടുക്കാനുള്ള ബാദ്ധ്യത എല്ലാവർക്കുമുണ്ട്. ഐക്യജനാധിപത്യമുന്നണിയെ സംബന്ധിച്ചിടത്തോളം ഈ മുന്നണി ഒരു തറവാടാണ്. ഈ തറവാടിനകത്തു നിന്നുവേണം പ്രവർത്തിക്കാൻ. അതിനപ്പുറത്തു നിന്നു പ്രവർത്തിച്ചാൽ ചിലപ്പോൾ തറവാട്ടിലിരിക്കാൻ കഴിയില്ല. ഇവിടെ എല്ലാവർക്കും ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഡിസിപ്ലിൻ വേണം. ഇവിടെയൊരു അച്ചടക്കമുണ്ട്. ആ അച്ചടക്കത്തിനുള്ളിൽ നിന്നുകൊണ്ടു മാത്രമേ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയൂ എന്നു ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്നിവരുടെ ആവശ്യങ്ങളെ ആസ്പദമാക്കിയുള്ള ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്. അവസാനമായി യു.ഡി.എഫ്.-ന്റെ പ്രതിനിധിയായി സംസാരിച്ച മുൻ മന്ത്രിയും കോൺഗ്രസ്സ് നേതാവുമായ പ്രൊഫ. കെ. വി. തോമസ്, വളരെയധികം വേദനയോടുകൂടി ഒരു കൊലപാതകത്തെ സംബന്ധിച്ച് പറഞ്ഞുകൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. ഒരു അധ്യാപകൻ പഠിപ്പിച്ചുകൊണ്ട് നിന്ന സന്ദർഭത്തിൽ കൊല ചെയ്തതിനെ സംബന്ധിച്ചുള്ള അപാരമായ ദുഃഖം അദ്ദേഹത്തിന്റെ വാക്കുകളിൽ കാണാൻ സാധിച്ചു. ഈ സംഭവത്തിനു മുമ്പ് കണ്ണൂർ ജില്ലാ പഞ്ചായത്തു മെമ്പറും എസ്.എഫ്.ഐയുടെ സ്റ്റേറ്റ് ജോയിന്റ് സെക്രട്ടറിയുമായിരുന്ന സുധീഷിനെ പെറ്റ തള്ളയുടെയും പിതാവിന്റെയും മുമ്പിൽ വച്ച് വെട്ടിയറഞ്ഞു കൊന്നതിനെ സംബന്ധിച്ച് പ്രൊഫ. കെ.വി. തോമസിന് എന്തുകൊണ്ടോ ഒരു ദുഃഖവുമുണ്ടായതായി കണ്ടില്ല. ആർ.എസ്.എസ്. കാരനും ബി.ജെ.പി.കാരനും, ഇതുപോലെയുള്ള കൊലപാതകികളായിട്ടുള്ള ആളുകൾ നടത്തുന്ന പൈശാചികതയിൽ, കോൺഗ്രസ്സിനു പ്രത്യേകമായ താല്പര്യമുണ്ടാകുക സ്വാഭാവികമാണ്. രണ്ടും സ്വഭാവത്തിൽ കേരളത്തിലെ, ഇന്ത്യയിലെ കുത്തക മുതലാളിമാരുടെയും വലിയ ഭൂപ്രഭുക്കന്മാരുടെയും സംരക്ഷകരായ പാർട്ടികൾ ആയതുകൊണ്ട് അവർക്ക് തമ്മിൽ യാതൊരു തരത്തിലുള്ള വ്യത്യാസവും അവരവരുടെ പ്രവൃത്തികളെ സംബന്ധിച്ച് ഉണ്ടാകാത്തതുകൊണ്ട് പ്രൊഫ. കെ.വി. തോമസിനും അതു സംബന്ധിച്ച് രോഷമുണ്ടാകാതിരുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. പക്ഷേ തോമസുമാർക്ക് രോഷമുണ്ടായില്ലെങ്കിലും ഈ നാട്ടിലെ ജനങ്ങൾക്ക് ഇതുപോലുള്ള പൈശാചികതയെ ശക്തമായി നേരിടാനുള്ള കഴിവും ചങ്കൂറ്റവും ഉണ്ടെന്നു മനസ്സിലാക്കുന്നത് നല്ലത്. അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ സിംഹഭാഗവും ഉപദേശങ്ങൾക്കാണ് ചെലവഴിച്ചത്. എന്തുകൊണ്ടാണ് അദ്ദേഹം ഇപ്പോഴിവിടെ മറ്റു മെമ്പർമാരോടൊപ്പം ഇരുന്നുകൊണ്ട് ഉപദേശം നടത്തേണ്ടതായ സ്ഥിതി വന്നത് എന്നതിനെക്കുറിച്ചാലോചിച്ചിട്ടുണ്ടോ? മുന്നേകാൽ കൊല്ലം ശ്രീമാൻ എ കെ. ആന്റണിയുടെ സതീർത്ഥ്യനായി, വളരെ കാര്യമായിട്ടുള്ള ഭരണം കാഴ്ച വച്ചയാളല്ലേ? അദ്ദേഹം കൈകൾ ശുദ്ധമാക്കുന്നതിനെ സംബന്ധിച്ച് പ്രസംഗത്തിനിടയിൽ ഉപദേശം നടത്തി. ഇനി ബാക്കി വല്ല കേസ്സുകളിലും രക്ഷപ്പെടാനുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പറ്റി പറഞ്ഞതായി കാണുന്നില്ല. ഉപദേശകന്മാരായി പത്തു പതിനഞ്ചു പേർ അപ്പുറത്തിരിക്കുന്നത് ശ്രീ. ഉമ്മൻചാണ്ടിക്ക് സഹായകമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഭരണത്തിന്റെ ഗുണവിശേഷം ഒന്നുകൊണ്ടു തന്നെയാണല്ലോ ഇവിടെ ഈ നിലയിൽ ഇരിക്കുകയും, എന്നെക്കൊണ്ട് വായ് തുറപ്പിക്കരുതെന്ന് ഇടയ്ക്കിടെ അന്നത്തെ മുഖ്യമന്ത്രിക്ക് പറയേണ്ടി വരികയും ചെയ്യുന്നത് അന്നത്തെ ഭരണത്തിന്റെ വൈശിഷ്ട്യം തന്നെയാണെന്ന കാര്യത്തിൽ വല്ല സംശയവുമുണ്ടോ? അപ്പോൾ ഏതായാലും അതിന്റെ രണ്ടാം ഊഴം എന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ എന്റെ സ്നേഹിതൻ ശ്രീ. ഉമ്മൻചാണ്ടി അദ്ദേഹത്തിന്റെ ചുമതല നിറവേറ്റുകയാണ്. കഴിഞ്ഞ കാലത്തെ ഭരണത്തിൽ പങ്കാളികളായിട്ടുള്ള ആളുകൾ വിശ്രമ ജീവിതം നടത്തുന്നതിനിടയിൽ ഇപ്പോഴുള്ള ആ മുന്നണിയിലെ ഒരു നേതാവെന്നുള്ള അടിസ്ഥാനത്തിൽ ശ്രീ. ഉമ്മൻചാണ്ടിയുടെ പ്രവർത്തനത്തെ സംബന്ധിച്ചും അദ്ദേഹം ഇപ്പോൾ നാടു ചുറ്റുന്നതിന്റെ വൈശിഷ്ട്യത്തെ സംബന്ധിച്ചുമെല്ലാം പറയുന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. പക്ഷേ ഞങ്ങൾ നോക്കുന്നത് ഈ നാട്ടിലെ ജനങ്ങളുടെ പ്രശ്നമാണ്. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും സ്ഥിതി എന്താണ്? ഇന്നലെ ഞങ്ങളെക്കൊണ്ട് ഒട്ടേറെ ഒച്ചവയ്പിച്ച പ്രശ്നം-കൃഷിക്കാർ കൊയ്തിട്ടിരിക്കുന്ന നെല്ല് പാടശേഖരങ്ങളിൽത്തന്നെ കൂനകൂട്ടിയിട്ടിരിക്കുന്നു. അതിൽ നിന്നും ഒരു ഇടങ്ങഴി നെല്ലു പോലും വിൽക്കാൻ കഴിയുന്നില്ല. സർക്കാർ ആകട്ടെ വില നിശ്ചയിച്ചു പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. നെല്ല് സംഭരണത്തിനുള്ള എല്ലാ ചട്ടവട്ടങ്ങളും ചെയ്തു കഴിഞ്ഞിരിക്കുന്നു എന്നാണ് കൂടെക്കൂടെ നടത്തുന്ന പ്രഖ്യാപനം. പ്രതിപക്ഷം തന്നെ ഒന്നര മാസക്കാലമായി നെല്ല് സംഭരണത്തെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷിമന്ത്രിയും പറയുന്നതെന്താണ്? കുറച്ചു കോടി രൂപ കൊടുക്കാനുണ്ടായിരുന്നു. അതു കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തു കഴിഞ്ഞിരിക്കുന്നു, ഉടനെ സംഭരണം ഉണ്ടാകും എന്നാണ്. ഇന്നലേയും മുഖ്യമന്ത്രി ഇപ്രകാരം പറയുകയുണ്ടായി. ഞാൻ മിനിഞ്ഞാന്നും ഇന്നും പാലക്കാട് കളക്ടറോട് വിവരങ്ങൾ അന്വേഷിച്ചു. രണ്ടര കോടി രൂപ കൊടുക്കാനുള്ളത് ഇപ്പോഴും കൊടുത്തിട്ടില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. നാലര കോടി രൂപ കൊടുക്കാൻ ഉണ്ടായിരുന്നത് ഓരോ കോടി രൂപ വച്ചു കൊടുത്തു. അതുതന്നെയാണ് കുട്ടനാട്ടിലേയും കോട്ടയത്തേയും തൃശ്ശൂരിലേയും കൃഷിക്കാരുടെ സ്ഥിതി. കേന്ദ്ര ഗവൺമെന്റ് നമുക്കു തന്നിട്ടുള്ള 106 കോടി രൂപ ഗവൺമെന്റിന്റെ കൈവശമിരിക്കുകയാണ്. അതിൽ നിന്നും കുറെ പണമെടുത്ത് കുടിശ്ശിക തീർത്തു കൊടുക്കണം. ഇടതുപക്ഷജനാധിപത്യ മുന്നണിഗവൺമെന്റിന്റെ കാലത്ത് നെല്ല് സംഭരിച്ചപ്പോഴുള്ള ഹാൻഡിലിംഗ് ചാർജ്ജ് 100 രൂപയായിരുന്നുവെങ്കിൽ നിങ്ങൾ അതു 95 രൂപയാക്കി, ഇപ്പോൾ 90 രൂപയുമാക്കി. ആ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയാതിരുന്നതിന്റെ ഭാഗമായി 60,000 ടൺ പാലക്കാട്ടും ഒന്നര ലക്ഷം ടൺ നെല്ല് കുട്ടനാട്ടിലും കോട്ടയം പ്രദേശങ്ങളിലും നെല്ല് സംഭരിക്കാനിരിക്കുകയാണ്. അതുതന്നെയാണ് തൃശ്ശൂരിലേയും കൃഷിക്കാരുടെ സ്ഥിതി. ലക്ഷക്കണക്കിനു ചെറുതും വലുതുമായ കൃഷിക്കാർ കടക്കാരെ അഭിമുഖീകരിക്കാൻ കഴിയാതെ വേദനയോടുകൂടി കഴിയുകയാണ്. അവരെക്കുറിച്ച് തെല്ലെങ്കിലും ചിന്തിക്കാൻ നിങ്ങളെല്ലാം വാനോളം പുകഴ്ത്തിയ ശ്രീ. ഉമ്മൻചാണ്ടിക്കോ കൃഷി വകുപ്പുമന്ത്രിക്കോ കഴിഞ്ഞിട്ടുണ്ടോ?

ഇക്കാര്യത്തിൽ അൽപ്പമെങ്കിലും താൽപര്യമെടുത്ത് നെൽക്കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല. അതേസമയം പറയുന്നില്ലേ എന്നുചോദിച്ചാൽ, ഞങ്ങൾ എല്ലാപേരും അതിനുവേണ്ടി നിരന്തരമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻതന്നെ അവിടെപ്പോയി ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്ത് അതെല്ലാം ഉടൻതന്നെ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നു എന്നുള്ള പ്രഖ്യാപനത്തിന് കുറവുണ്ടോ? ഒരു കുറവുമില്ല. കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നടക്കുന്നുണ്ടോ? കാര്യങ്ങൾ നടക്കുന്നില്ല. ശ്രീ. എ.കെ. ആന്റണിയുടെ കാലത്തും ഇതുതന്നെയായിരുന്നു. നല്ല പ്രഖ്യാപനങ്ങൾ, ഓമനത്തം തുളുമ്പുന്ന പ്രഖ്യാപനങ്ങളുണ്ട്. പ്രഖ്യാപനം നടത്താൻ അദ്ദേഹം വിദഗ്ദ്ധനാണ്. പക്ഷെ ജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ല. നെൽക്കൃഷിക്കാരുടേയും, കർഷകത്തൊഴിലാളികളുടേയും വ്യാവസായികത്തൊഴിലാളികളുടേയും പരമ്പരാഗത വ്യവസായത്തൊഴിലാളികളുടേയും കാര്യം നമ്മൾ ഇപ്പുറത്തിരുന്നു എത്രയോ പ്രാവശ്യം പറഞ്ഞിട്ടുണ്ട് ഓരോ പ്രസംഗം കഴിയുമ്പോഴും അദ്ദേഹം അദ്ദേഹത്തിന്റേതായിട്ടുള്ള പ്രഖ്യാപനങ്ങളാണ് നടത്തുക. ചിലയവസരത്തിൽ അതിൽ പ്രതിഷേധിച്ച് നമ്മൾ വാക്കൗട്ട് നടത്തും. അല്ലാതെ നമുക്ക് എന്താണ് ചെയ്യാൻ കഴിയുക. ഒന്നും ചെയ്യാൻ കഴിയില്ല. അപ്പോൾ ഈ നിലയിലുള്ള ഭരണംകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ഗുണമുണ്ടായിട്ടുണ്ടോയെന്നുള്ളത് നിങ്ങൾ ചിന്തിക്കണം. ഇപ്പോൾ നിങ്ങൾതന്നെ മാറിയിട്ട് മറ്റൊരു പുതിയ ടീമിനെ അണിനിരത്തേണ്ടി വന്നിരിക്കുകയാണ്. ആ ടീമിന്റെ സ്ഥിതിയും ഗുണമല്ലായെന്നു പറയുന്നത് സത്യമാണ്. ഇനി നമുക്ക് ചെയ്യാൻ കഴിയുന്നത് എന്താ. ഞങ്ങൾ എല്ലാപേരുംകൂടി ആലോചിച്ചിരിക്കുകയാണ് എട്ടാം തീയതിവരെ ഞങ്ങൾ നിങ്ങളുടെ സാന്ത്വനം കേൾക്കും. പാടത്തെല്ലാം കെട്ടിക്കിടക്കുന്ന നെല്ല് വിൽപ്പനയ്ക്കാവശ്യമായ നടപടി സ്വീകരിക്കാൻ തുടങ്ങുമോയെന്ന് എട്ടാം തീയതിവരെ കാക്കും. കാരണം നാളെക്കഴിഞ്ഞാൽ പിന്നെ ഒൻപതാംതീയതിയെ സഭ ചേരുന്നുള്ളുയെന്നതുകൊണ്ട് ഒൻപതാം തീയതിമുതൽ ഞാൻ അടക്കമുള്ള ആളുകൾ ഈ സഭയിൽ അനിശ്ചിതകാല നിരാഹാര സമരം നടത്തുമെന്ന് ഈ അവസരത്തിൽ പ്രഖ്യാപിക്കുകയാണ്. അതിനിടയിൽ പാലക്കാട്ടും തൃശ്ശൂരിലും, കുട്ടനാട്ടിലും കോട്ടയത്തും പാടശേഖരങ്ങളിൽ കൂട്ടിയിട്ടിരിക്കുന്ന നെല്ല് സംഭരിക്കാനുള്ള നടപടി തുടങ്ങണം. ആ കൃഷിക്കാരുടെ സ്ഥിതിയെന്താണെന്ന് എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ആന്റണി അധികാരത്തിലിരുന്നയവസരത്തിൽ ഞങ്ങൾ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. കഴിഞ്ഞ പ്രാവശ്യം പാലക്കട്ടെ നെൽക്കൃഷിക്കാർക്ക് ഒരുപ്പൂകൃഷിക്കും ഇരുപ്പൂകൃഷിക്കും വെള്ളം കിട്ടിയില്ല. പറമ്പിക്കുളം ആളിയാർ കരാറിന്റെ വ്യവസ്ഥകൾ നഗ്നമായി ലംഘിച്ചുകൊണ്ട് നമുക്ക് കിട്ടാനുള്ള വെള്ളം കിട്ടാത്തതിന്റെ ഫലമായി ലക്ഷക്കണക്കിന് ഏക്കർ ഒരുപ്പൂവും ഇരുപ്പൂവും കൃഷി കരിഞ്ഞുപോയി. എന്റെ സ്നേഹിതൻ ശ്രീ. എ. കെ. ആന്റണി അതിനുവേണ്ടി കോൺഫറൻസ് നടത്തായ്കയല്ല. കൃഷിക്കാരുടെ പ്രതിനിധികളെ വിളിച്ച് സാന്ത്വനം പറയാതിരുന്നിട്ടില്ല. എന്നല്ല പക്ഷെ വെള്ളം കിട്ടിയില്ല. കൃഷി കരിഞ്ഞുപോയി. ഇത്തവണ പ്രകൃതിയുടെ അനുഗ്രഹംകൊണ്ട് അൽപ്പം മഴ പെയ്തു. കൃഷിയാരംഭിച്ചു. അങ്ങനെ കൊയ്ത്ത് കഴിഞ്ഞ് വിളവെടുത്ത നെല്ല് പാടശേഖരങ്ങളിൽ കൂമ്പാരം കൂട്ടിയിട്ടിരിക്കുകയാണ്. സഹകരണബാങ്കുകൾ എടുക്കുന്നില്ല. കാരണം കഴിഞ്ഞ തവണത്തെ ഹാന്റ്ലിംഗ് കൂടിശ്ശിക കൊടുത്തുതീർത്തിട്ടില്ല. മില്ലുടമകളാകട്ടെ 450, 500 രൂപയ്ക്കാണെങ്കിൽ എടുക്കാമെന്ന് പറഞ്ഞുകൊണ്ടിരിക്കുകയാണ്. 750 രൂപ ഗവൺമെന്റ് പ്രഖ്യാപിക്കുമ്പോൾ 450 രൂപയ്ക്കും 500 രൂപയ്ക്കും എടുക്കാമെന്നുംപറഞ്ഞ് നടക്കുകയാണ്. ഈ 750 രൂപ കിട്ടിയാൽത്തന്നെ കൃഷിക്കാരന് കടം വീട്ടാനുള്ളത് മതിയാകില്ല. എന്നിട്ടും കൃഷിക്കാരനെ മില്ലുടമകളുടെ കൈയിൽ നിന്ന് രക്ഷിച്ച് അവൻ ഉൽപ്പാദിപ്പിച്ച നെല്ലെടുക്കാനുള്ള നടപടി ഒന്നരമാസമായിട്ടും

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ നിരുത്തരവാദപരമായ സമീപനത്തിന്റെ ഫലമായിട്ട് സ്വീകരിക്കുന്നില്ല. കൃഷി വകുപ്പിൽ ജെ. എസ്. എസ്-ന്റെ പ്രമാണിമാരായിട്ടുള്ള പ്രവർത്തകരുണ്ട്. അതുപോലെ അഴിമതിവീരൻമാരായ കാർഷിക രംഗത്തെ ഉദ്യോഗസ്ഥൻമാരുമുണ്ട്. അവരെല്ലാംതന്നെ ഈ മുതലാളിമാർക്ക് സഹായകരമായ നിലയിലുള്ള സഹായങ്ങൾ ചെയ്തുകൊണ്ട് സഹകരണസംഘത്തിന് നെല്ല് സംഭരിക്കാനുള്ള അവസരം സൃഷ്ടിക്കുന്നതേയില്ല. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി അത് മനസ്സിലാക്കിയിട്ടുണ്ടോ എന്തോ? മുൻ എൽ. ഡി. എഫ്. ഗവൺമെന്റ് ഈ പ്രതിസന്ധിയിൽ എന്താണ് ചെയ്തിരിക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച് നല്ല ഒന്നാംതരം പുഞ്ചയരി റേഷൻ കടകളിലൂടെ വിതരണം ചെയ്യാനും കൃഷിക്കാരന് അവന്റെ കൊയ്ത്ത് കഴിഞ്ഞാലുടനെ നെല്ല് സംഭരിക്കാനുമുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്തിരുന്നു. ആ നിലപാട് നിങ്ങൾക്ക് എന്തുകൊണ്ട് സ്വീകരിക്കാൻ കഴിയുന്നില്ലായെന്ന് ഞാൻ ആദ്യം മുതൽതന്നെ മുഖ്യമന്ത്രിയോട് പറയുകയാണ്. അദ്ദേഹം പറയുന്നത് അടുത്തകൊല്ലമാകട്ടെ എന്നാണ്. വരുന്ന കൊല്ലം അങ്ങനെ സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കൊണ്ട് എടുക്കുന്നതിന്റെ ഫലമായിട്ട് ഇന്ന് പാടശേഖരങ്ങളിൽ കൂമ്പാരം കൂട്ടിയിട്ടിരിക്കുന്ന നെൽക്കൃഷിക്കാർക്ക് എങ്ങനെയാണ് ആശ്വാസം കിട്ടുക. അപ്പോൾ അതിനെ സംബന്ധിച്ച് നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുന്നില്ല. അതുപോലെതന്ന നമ്മൾ ഒച്ചപ്പാടുണ്ടാക്കിയിട്ടുള്ളതാണല്ലോ, പരമ്പരാഗത വ്യവസായത്തൊഴിലാളികളുടെ പ്രശ്നവും. പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ 40 ലക്ഷമാണ്. ആ തൊഴിലാളികളെ സംബന്ധിച്ച് തെല്ലും ചിന്തിക്കാൻ നിങ്ങൾക്ക് സമയമില്ല. അഞ്ച് പൈസ പോലും ചെലവുചെയ്യാൻ നിങ്ങളുടെ കൈയിലില്ല. അതുപോലെ വിദ്യാഭ്യാസ രംഗം. വിദ്യാഭ്യാസ രംഗത്തെ നിങ്ങൾ കച്ചവടവൽക്കരിച്ച്, കച്ചവടവൽക്കരിച്ച് പാവപ്പെട്ടവന്റെ മക്കൾക്കൊന്നും പഠിക്കാനുള്ള അവസരമുണ്ടാക്കാത്ത അവസ്ഥയിൽ എത്തിച്ചിരിക്കുകയാണ്. വൻകോഴ കൊടുത്താലല്ലാതെ പഠിക്കാൻ കഴിയുന്നില്ല. മുൻഗവൺമെന്റിന്റെ പ്രഖ്യാപനവും ഈ ഗവൺമെന്റ് നടപ്പിലാക്കുന്ന രീതിയുമെല്ലാം കൂടിയായപ്പോൾ കുട്ടികളുടേയും രക്ഷകർത്താക്കളുടേയും സ്ഥിതി എന്താണ്? സുതാര്യമായിരുന്ന കേരളത്തിലെ വിദ്യാഭ്യാസ മേഖലയെയാകെ നിങ്ങൾ തകർത്തുകൊണ്ടിരിക്കുകയാണ്. ആരോഗ്യമേഖലയിലും സ്ഥിതി വ്യത്യസ്തമല്ല. ഇങ്ങനെ എല്ലാ രംഗത്തേയും തകർത്തുകൊണ്ടുവരുകയും അതേയവസരത്തിൽ നിങ്ങളുടെ അനുയായികളായിട്ടുള്ള ആളുകൾ വളരെ ശ്രുതിമധുരമായിട്ടാണ് കിട്ടുന്ന സമയം നല്ലതുപോലെ വിനിയോഗിച്ചുകൊണ്ട് അവരുടെ ചുമതല നിറവേറ്റുന്നതിൽ അങ്ങേയറ്റം ബഹുമാനവും സന്തോഷവുമുണ്ട്. പക്ഷേ ജനജീവിതവുമായിട്ട് യാതൊരു ബന്ധവുമില്ല. ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യത്തിൽ നിങ്ങൾ അങ്ങേയറ്റം പരാജയപ്പെട്ടിരിക്കുന്നു എന്നുള്ളതാണ് സത്യം. നിങ്ങൾ അതിൽ നിന്നും ഉണരണം. ഉണരാൻ നിങ്ങളെ പ്രേരിപ്പിക്കുക എന്നുള്ളതാണ് ഞങ്ങൾക്ക് ചെയ്യാൻ കഴിയുക. ഞങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ അതിനുള്ള ശ്രമം നടത്തുകയാണ്. ഫലിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. നിങ്ങളുടെ ഭരണത്തിൽ പദ്ധതിയുടെ ആദ്യത്തെ കൊല്ലം 3015 കോടി രൂപ ആദ്യം ചെലവുചെയ്യുമെന്ന് പ്രഖ്യാപിച്ചു. ചെലവ് ചെയ്തത് എത്ര? 755 കോടി രൂപ. അതുപോലെ 2002-03-ൽ 4025 കോടി രൂപ ചെലവുചെയ്യുമെന്ന് പ്രഖ്യാപിച്ചു. ചെലവ് ചെയ്തത് എത്ര? 601 കോടി രൂപ. 2003-04-ൽ 4350 കോടി രൂപ ചെലവുചെയ്യുമെന്ന് പറഞ്ഞു. ചെലവുചെയ്തത് 1920 കോടി രൂപ. നാല് കൊല്ലം നിങ്ങൾ പ്രഖ്യാപിച്ചതിൽ നിന്ന് വെട്ടിക്കുറച്ച് ചെലവ് ചെയ്തതുതന്നെ 5476 കോടി രൂപയാണ്. ഇത്തരത്തിൽ ഈ സഭയിൽത്തന്നെ പറയുന്നതിന് കടകവിരുദ്ധമായിട്ട് പ്രവർത്തിച്ചതിന്റെയെല്ലാം പരിണിതഫലമായിട്ടാണ് കൊച്ചിയിലെ തെരഞ്ഞെടുപ്പിൽ തോറ്റത്, മെയ് മാസത്തിലെ പാർലമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പിൽ ഒരൊറ്റ കോൺഗ്രസ്സുകാരനുപോലും ലോക്സഭയിൽ പ്രാതിനിധ്യം കിട്ടാതെ പോയത്.

ശ്രീ. കെ. ശങ്കരനാരായണൻ : അങ്ങ് ലോക്കൽ ബോഡീസ് ചെലവാക്കിയതോ അതോ ഒരു കൊല്ലം മുഴുവൻ ചെലവാക്കിയ കാര്യമാണോ ഇവിടെ പറഞ്ഞത് ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : എന്തിനാണാവോ ഇങ്ങനെ വേർതിരിച്ച് ചോദിക്കുന്നത്? ലോക്കൽ ബോഡീസിന്റേതാണെങ്കിൽ അതിൽ എന്താണ് ഗുണവിശേഷം എന്ന് എനിക്ക് മനസ്സിലാകുന്നില്ല. 1300 കോടി രൂപ പ്രഖ്യാപിക്കുക; കൊല്ലം അവസാനിക്കുമ്പോൾ 300 കോടി രൂപ വെട്ടിക്കുറയ്ക്കുക. ഇത് നിങ്ങളുടെ സ്ഥിതി തന്നെയല്ലേ? ലോക്കൽ ബോഡീസ് എന്ന് മുൻപ് പരിഹാസപൂർവ്വം പറഞ്ഞിരുന്ന ആ ലോക്കൽ ബോഡീസിന്റെ ഇപ്പോഴത്തെ പേര് എന്താണെന്ന് അറിയാമോ?. പ്രാദേശിക ഗവൺമെന്റുകൾ. നിങ്ങളുടെ തന്നെ ഗവൺമെന്റാണ് പാർലമെന്റിന്റെ അംഗീകാരം കൊടുത്തുകൊണ്ട് അതിനെ പ്രാദേശിക ഗവൺമെന്റുകൾ ആക്കിയത്. ഓരോ പ്രാവശ്യവുമായിട്ട് തുക വെട്ടിക്കുറച്ചതിന്റെ ഫലമായിട്ട് ഭരണത്തിലെല്ലാം ഈ രീതിയിലെല്ലാം തന്നെ വെട്ടിക്കുറവ് വന്നിട്ടുണ്ട്. അത് ജനജീവിതത്തെ ബാധിച്ചിട്ടുണ്ട്. അതിന്റെയെല്ലാം തന്നെ ശിക്ഷയാണ് നിങ്ങൾക്ക് ലഭിച്ചത് എന്ന് നിങ്ങൾ മനസ്സിലാക്കണം. അന്ന് ഇതിലെല്ലാം പങ്കാളികളായിരുന്ന ആളുകൾ രണ്ടുമൂന്നു മാസം ക്ഷമിച്ചതിനുശേഷം ഇപ്പോൾ പുതിയ ഭരണക്കാരെ വാനോളം പുകഴ്ത്തിക്കൊണ്ട് സംസാരിക്കുന്നതെല്ലാം ഞങ്ങൾക്ക് മനസ്സിലാകുന്നുണ്ട്. അവരോട് ഒരു ഉപദേശം കൂടി കൊടുക്കുന്നത് നല്ലത്. കൂട്ടുകാരാ... ഞങ്ങളുടെ കാലത്ത് ഞങ്ങൾക്ക് ചില മണ്ടത്തരമൊക്കെ പറ്റിയിട്ടുണ്ട്. നിങ്ങളുടെ കാലത്ത് അത് ഉണ്ടാകരുത് എന്നുകൂടി അവരെ ഉപദേശിക്കണം. ഇല്ലെങ്കിൽ ഒരു കൊല്ലം കഴിയുമ്പോൾ സ്ഥിതിയിൽ കാര്യമായ മാറ്റമൊന്നും വരില്ല. അതുകൊണ്ട് നിങ്ങളെ കറക്ട് ചെയ്യാനും നിങ്ങളെ നേർവഴിക്ക് നയിക്കാനുമാണ് ഞങ്ങൾ ഈ പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. 9-ാം തീയതി ഈ സഭയിൽവന്ന് പട്ടിണിയിരിക്കാൻ ഞങ്ങൾ ഉദ്ദേശിച്ചത് പട്ടിണിയിരിക്കാനുള്ള താൽപ്പര്യമല്ലാതെ ഹൃദയത്തിൽനിന്നും ഉരുത്തിരിഞ്ഞതല്ല. ഞങ്ങളെ ഇവിടേയ്ക്ക് പറഞ്ഞയച്ചിട്ടുള്ള ജനങ്ങൾ, കൃഷിക്കാർ, കർഷകത്തൊഴിലാളികൾ, പാവപ്പെട്ടവർ ആ തരത്തിൽ അനാഥമായിരിക്കുന്നയവസരത്തിൽ കുറേ നേരം ഭക്ഷണം കഴിക്കാതിരിക്കുന്നത് ഞങ്ങൾക്ക് ഒരു പ്രശ്നമല്ല എന്ന് തോന്നുന്നതുകൊണ്ടാണ് ഞങ്ങൾ ഇതിന് നിർബന്ധിക്കപ്പെട്ടത്. നിങ്ങളെ ഈ നിലയിലെങ്കിലും ഒന്ന് മര്യാദയ്ക്ക് കൊണ്ടുവരാൻ കഴിയുമോ എന്നുള്ള ഒരു പരീക്ഷണം ഞങ്ങൾ നടത്തുകയാണ്. ഞാൻ പറഞ്ഞുവരുന്നത് നിങ്ങളുടെ തെരഞ്ഞെടുപ്പ് പരിഷ്കാരം ആറ് മാസം കഴിഞ്ഞ് നടത്താൻ പോകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നേരെ നിങ്ങൾ കത്തിവച്ചു. അതുപോലെ തന്നെ യൂണിവേഴ്സിറ്റി നിയമത്തിന്റെ ഉള്ളിലുണ്ടായിരുന്ന ജനാധിപത്യത്തെ നിങ്ങൾ പിച്ചിച്ചീന്തി. നിയമനനിരോധനം വഴി ഒരുത്തരേയും നിയമിക്കേണ്ടതില്ല എന്ന് പ്രഖ്യാപിച്ച് പ്രഖ്യാപിച്ച് അധികാരത്തിലിരുന്നശേഷം അവസാനമായിട്ട് നോക്കുമ്പോൾ നിയമനം ഒന്നും മര്യാദയ്ക്ക് നടക്കുന്നില്ല. പി. എസ്. സി. യിലെ മെമ്പർമാരുടെ എണ്ണം 15 ആയിരുന്നത് 18 ആക്കി.ഉയർത്തി. നിയമനനിരോധനം ഇല്ലാത്ത ആളുകൾ എന്തിനാണ് ഇങ്ങനെ ചെയ്തത് എന്ന് അറിഞ്ഞുകൂടാ. പാർട്ടിക്കാർക്ക് ഒരു തൊഴിൽ ആകട്ടെ എന്ന്

LIBRARY ARCHIVES Kerala Legislative Assembly

വിചാരിച്ചുകാണും. അപ്പോൾ ആ നിലയിലേയ്ക്ക് നിങ്ങൾ ഭരിച്ചുഭരിച്ച് നേരായ വഴിയിലേയ്ക്കല്ല പോകുന്നത്. നിങ്ങളുടെ പാർട്ടിക്കാരാണ് ഏറ്റവും കൂടുതൽ മെമ്പർമാർ എന്നുള്ളതുകൊണ്ടാണോ സൂര്യനെല്ലി കേസിൽ അപ്പീൽ പോകാൻ ഇനിയും താമസിക്കുന്നത്? ഈ നാട്ടിലെ നമ്മുടെ സഹോദരിമാരും നമ്മുടെ പെൺകുട്ടികളും അവർ സ്കൂളിൽ പോകുകയോ അല്ലെങ്കിൽ തൊഴിലിന് പോവുകയോ ചെയ്യുമ്പോൾ ഇത്തരം നരാധമൻമാരായ ആളുകൾ കാണിക്കുന്ന കൊള്ളരുതായ്മയോട് ഭരണത്തിലിരിക്കുന്ന കൂട്ടർക്ക് ജനാധിപത്യ സംസ്കാരത്തിന്റെ ഏതെങ്കിലും തരത്തിലുള്ള കണികയുണ്ടെങ്കിൽ ഇതേപോലുള്ള സംസ്കാരത്തിനെതിരായിട്ട് ആകാവുന്നത്ര എന്തെങ്കിലും ഒന്ന് ചെയ്യണമെന്നുള്ള മനോഭാവം വേണ്ടേ? അത് സംബന്ധിച്ച് നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ നടത്തിക്കൊണ്ടിരുന്ന കേസിന്റെ സ്വഭാവമൊക്കെ ജനങ്ങൾക്ക് അറിയാവുന്നതാണ്. അത് ഞാൻ വിശദീകരിക്കുന്നില്ല. അതിനുശേഷം അന്വേഷണം നടന്നു. കുറ്റവാളികൾക്ക് അർഹമായ ശിക്ഷ ലഭിച്ചു. അത് സംബന്ധിച്ചുള്ള അപ്പീൽ കേസ് കുറ്റവാളികളെ രക്ഷപ്പെടുത്തിക്കൊണ്ടുള്ള വിധിയാണ്. ആ വിധി നോക്കുന്ന ആളുകൾക്കാർക്കും അത് മനസ്സിലാക്കാൻ സാധിക്കും. ആ കുറ്റവാളികൾ ചെയ്ത പ്രവർത്തികളെ സംബന്ധിച്ച് ശരിയായ നിലയിൽ ബഹുമാനപ്പെട്ട കോടതിയുടെ ശ്രദ്ധയ്ക്ക് വിധേയമാക്കാൻ കഴിയാതെ ഫലത്തിൽ ആ കുറ്റവാളികളെ ആകെ രക്ഷപ്പെടുത്തുന്ന സമീപനമാണ് ചെയ്തിരിക്കുന്നത്. ആ നീതി നിഷേധിക്കപ്പെട്ട പെൺകുട്ടിക്ക്, ആ കുടുംബത്തിന് നീതി നേടിക്കൊടുക്കുക എന്നുള്ളത് കണിശമായും ഈ ഗവൺമെന്റിന്റെ പ്രാഥമികമായ ചുമതലയാണ്. അതിനുവേണ്ടി ഇപ്പോഴും നമ്മുടെ മുഖ്യമന്ത്രിയും ഗവൺമെന്റും മടിച്ചു നിൽക്കുകയാണ്. നിങ്ങൾ ഇത്തരം നരാധമൻമാരായ ആളുകളുടെ സംരക്ഷകൻമാരായിട്ടാണ് മാറിയിരിക്കുന്നതെന്ന് ഓരോ കേസുകളും അതിനോട് എടുത്തിരിക്കുന്ന സമീപനവും നോക്കിയാൽ കാണാൻ കഴിയും. അതുപോലെ തന്നെ ഡിസംബർ 26-ാം തീയതി കേരളത്തെ ആകെ ഞെട്ടിപ്പിക്കുന്ന വിധത്തിൽ ഉണ്ടായ സുനാമി പ്രശ്നം. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 180 ഓളം ആളുകൾ മരണപ്പെട്ടു. പതിനായിരക്കണക്കിന് വീടുകൾ കടലെടുത്തുകൊണ്ടുപോയി. അന്ന് ദുരിതാശ്വാസ ക്യാമ്പിൽ താമസിച്ചിട്ടുള്ള ആളുകൾ ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിൽ തന്നെ കഴിയുകയാണ്. കേന്ദ്ര ഗവൺമെന്റ് ഏതാണ്ട് 315 കോടി രൂപ സഹായം നൽകി എന്നാണ് ഇവിടെ മുഖ്യമന്ത്രി അടക്കമുള്ള ആളുകൾ പ്രസ്താവിച്ചത്. മരണപ്പെട്ട 180-ഓളം ആളുകളുടെ കുടുംബങ്ങൾക്ക് നിങ്ങൾ ഒരു ലക്ഷം രൂപ കൊടുക്കുമെന്ന് പ്രഖ്യാപിച്ചു. കേന്ദ്ര ഗവൺമെന്റും ഒരു ലക്ഷം രൂപ പ്രഖ്യാപിച്ചു. ആ പ്രഖ്യാപനങ്ങൾ കേട്ടപ്പോൾ ഞങ്ങൾ പറഞ്ഞു ആ തുക കുറവാണ്, അഞ്ച് ലക്ഷം രൂപ വരെയെങ്കിലും കൊടുക്കണമെന്ന്. ആ ഒരു ലക്ഷം രൂപ നിങ്ങൾ കൊടുത്തത് 10,000 രൂപ ശവസംസ്കാര ചെലവ് തട്ടിക്കഴിച്ച് ബാക്കി 90,000 രൂപ വീതം നിങ്ങൾ കുറേ പേർക്ക് കൊടുത്തു. എന്തുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് തന്ന തുക കയ്യിലിരിക്കുമ്പോൾ ആ തുക ആളുകൾക്ക് പൂർണ്ണമായും കൊടുക്കാൻ കഴിയാത്തത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല.എന്തിനാണ് ആ കാശ് കയ്യിൽവച്ചുകൊണ്ടിരിക്കുന്നത്? അതുപോലെ തന്നെ പല മനുഷ്യസ്നേഹികളായ ആളുകളും സ്ഥാപനങ്ങളും 10,000 കണക്കിന് വീടുകൾ വച്ചുകൊടുക്കാമെന്ന് ഓഫർ ചെയ്തിട്ടുണ്ട്. പക്ഷേ ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലം എടുത്തുകൊടുത്തില്ല. പിന്നെ എങ്ങനെയാണ് വീട് വയ്ക്കുന്നത്? അതുപോലെതന്നെ തൊഴിലുപകരണങ്ങൾ ഇതുവരെ വാങ്ങിക്കൊടുത്തിട്ടില്ല. ആ നിരുത്തരവാദിത്വം ഇപ്പോഴും തുടരുകയല്ലേ? സംസ്ഥാന ഗവൺമെന്റിന്റെ കയ്യിൽ കേന്ദ്ര ഗവൺമെന്റ്, കൃഷിക്കാർക്കുവേണ്ടി തന്നിട്ടുള്ള തുകയും അതുപോലെ തന്നെയല്ലേ? ഞങ്ങൾ കർഷക സംഘത്തിന്റെ നേതൃത്വത്തിൽ എടുത്ത കണക്കനുസരിച്ച് 1300 ആളുകളാണ് കേരളത്തിൽ ആത്മഹത്യ ചെയ്തത്. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് അതുപോലെ തന്നെ കാർഷിക തകർച്ചകൾ ഇതിനെയൊക്കെ പിടിച്ചുനിൽക്കാൻ കഴിയാതെ മരിച്ച ആളുകൾ 1330 ആണ്. നിങ്ങളുടെ കണക്കനുസരിച്ച് നിങ്ങൾ ആദ്യം ആരും മരിച്ചില്ല എന്ന് പറഞ്ഞു. പിന്നീട് നിരന്തരമായി പ്രതിപക്ഷം ഇടപെട്ട് ചോദിച്ചതിന്റെ ഫലമായിട്ട് അവസാനത്തെ കണക്ക് 215 ആയി. 215 പേർ ആത്മഹത്യ ചെയ്തിരിക്കുന്ന ഈ സംസ്ഥാനത്ത് നിങ്ങൾ കൊടുത്ത സഹായം 21 പേർക്ക് 50,000 രൂപ വീതം കൊടുത്തു. നിങ്ങളുടെ പ്രഖ്യാപനം 1 ലക്ഷം രൂപ വീതം കൊടുക്കുമെന്നാണ്.

സർ, 213 പേർക്ക് ഓരോ ലക്ഷം രൂപ കൊടുക്കാൻ രണ്ടുകോടി പതിമൂന്ന് ലക്ഷം രൂപ പോരേ? കേന്ദ്ര ഗവൺമെന്റ് തന്നിരിക്കുന്ന നൂറ്റിയാറു കോടി രൂപയിൽനിന്ന് ആ കാശെടുത്ത് പാവങ്ങൾക്ക് കൊടുത്തുകൂടേ? എന്തിനാണ് ആ കാശ് പുഴുങ്ങാനാണോ ട്രഷറിയിൽ ഇട്ടിരിക്കുന്നതെന്ന് ഞങ്ങൾ ചോദിക്കുകയാണ്. അപ്പോൾ ഈ നിലയിലുള്ള നിങ്ങളുടെ നിരുത്തരവാദത്വത്തിന്റെ ആഴം നിങ്ങൾ ഇനിയും ഒന്നു മനസ്സിലാക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അറിയിക്കുകയാണ്. ഇതിനെയെല്ലാം ചക്കകുത്തി കാണിക്കുന്നതു പോലെ ഞങ്ങളെ നിങ്ങൾ പരിഹസിച്ചോളൂ. പക്ഷേ ഈ സത്യം സത്യമായിത്തന്നെ നിൽക്കുന്നു എന്നുള്ള കാര്യം നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കില്ല. നിങ്ങൾക്ക് എന്തുകൊണ്ട് ഈ പാവങ്ങളോട്, ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബങ്ങളോട് ഇത്ര സഹതാപമില്ലാത്ത മനോഭാവം ഉണ്ടാകാൻ കാരണമെന്താണ്? സുനാമി മൂലം സർവതും നഷ്ടപ്പെട്ട ആളുകൾക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയ സഹായംപോലും തക്കസമയത്ത് എത്തിക്കാൻ കഴിയാത്ത നിങ്ങളുടെ സമീപനം ശരിയാണോ? ഈ തരത്തിൽ ഒരു ദുർഭരണത്തിന്റെ കലാശക്കൊട്ടിലേക്ക് എത്തുന്ന ഒരു ദുർഭരണത്തിന്റെ ഡിമാന്റായതുകൊണ്ട് ഇതിനോട് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിറുത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പൊതുഭരണം സംബന്ധിച്ച ഡിമാന്റ് ചർച്ചയിൽ പങ്കെടുത്ത എല്ലാപേർക്കും ഞാൻ ആദ്യമായി നന്ദി പറയുകയാണ്. ഇപ്രാവശ്യം മുതൽ അങ്ങയുടെ അനുമതിയോടെ എല്ലാ നേതാക്കൻമാരും നമ്മുടെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ പറഞ്ഞ് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഓരോ വകുപ്പിന്റേയും നയരേഖ നൽകാൻ തീരുമാനമെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ പൊതുഭരണവകുപ്പിന്റെ ഇന്നത്തെ ചർച്ചക്കുവേണ്ടിയുള്ള നയരേഖ നൽകിയിരുന്നു. അതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് ഒന്നും, മീ. സ്പീക്കർ അദ്ധ്യക്ഷതയിൽ കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്ത സമയത്തുതന്നെ ഞാൻ വ്യക്തമാക്കിയിരുന്നു, ഇത് യു.ഡി.എഫ്. ഗവൺമെന്റാണ്, കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ്. കഴിഞ്ഞ ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

സ്വീകരിച്ചിരുന്ന അജണ്ട പൂർത്തീകരിക്കുകയെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഉദ്ദേശവും ലക്ഷ്യവും. ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ അധികാരത്തിൽ വന്നപ്പോൾ കേരളത്തിലെ ജനങ്ങൾക്ക് കൊടുത്ത ഉറപ്പ് വികസന അജണ്ടയുമായിട്ട് മുന്നോട്ടുപോകുമെന്നാണ്. ആ വികസന അജണ്ട ഫലപ്രാപ്തിയിലെത്തിക്കാൻ വേണ്ടിയുള്ള ശ്രമമാണ് ഈ കഴിഞ്ഞ ആറു മാസക്കാലം കേരളത്തിൽ നടന്നത്. 'ജിം' നടത്തി, രണ്ടു വർഷം കഴിഞ്ഞു, 'ജിം' നടത്തിയിട്ട് കേരളമെന്തു നേടിയെന്ന് ചോദിക്കുന്നവരുണ്ട്. പക്ഷെ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് കേരളത്തിന്റെ വികസനരംഗത്ത് ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ലാണ്. സർ, അവിടെനിന്ന് കേരളത്തിന്റെ വികസനത്തിന് അനുകൂലമായ ഒരു കാലാവസ്ഥയുണ്ടാക്കാൻ സാധിച്ചുതുടങ്ങിയ ആ ശ്രമങ്ങളിൽ നമുക്ക് വളരെ കൂടുതൽ മുന്നോട്ടുപോകാൻ സിധിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ കഴിഞ്ഞ സന്ദർശനം നമ്മുടെ വികസന രംഗത്തെ ഏറ്റവും വലിയ ഒരു വിജയരേഖയായിരുന്നു. അദ്ദേഹം പ്രധാനപ്പെട്ട രണ്ടു പ്രോജക്ടുകൾക്ക് തറക്കല്ലിട്ടു. അതോടൊപ്പം അതുൾപ്പെടെ ഇരുപതിനായിരം കോടി രൂപയുടെ വികസനപദ്ധതികൾ സംബന്ധിച്ച് പ്രഖ്യാപനം നടത്തി. ഇതിനുമുൻപ് പാക്കേജുകളൊക്കെ ഉണ്ടായിട്ടുണ്ട്. പക്ഷെ ആ പാക്കേജുകളൊക്കെ യാഥാർത്ഥ്യമായി മാറിയില്ല. ഡോ. മൻമോഹൻസിംഗിന്റെ പ്രഖ്യാപനം എന്നുപറയുന്നത്, അത് യഥാർത്ഥത്തിൽ പ്രായോഗികതയിൽ പൂർണ്ണമായും കാൽ ഉറപ്പിച്ചുകൊണ്ടുള്ളതാണ്. കാരണം രണ്ട് പദ്ധതികൾ തുടങ്ങുന്നു. മുമ്പ് പ്രഖ്യാപിച്ചതെല്ലാം അതിനെത്തുടർന്നുള്ളതുമായി ബന്ധപ്പെട്ടിട്ടുള്ള പരിപാടികളാണ്. സർ, ഇന്ന് ഗ്ളോബൽ ഇൻവെസ്റ്റേഴ്സ് പദ്ധതികളുമായി മീറ്റ് ബന്ധപ്പെട്ടാണ് കഴിഞ്ഞ രണ്ടു വർഷത്തിനുശേഷം നാൽപ്പത്തിയൊൻപതിനായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസൽസ് വന്നത്. അതിൽ മുപ്പതിനായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് എങ്കിലും പൂർണ്ണമായും യാഥാർത്ഥ്യമാകുമെന്ന് വിശ്വസിക്കുന്നു. അതിന് വേണ്ടി ആത്മവിശ്വാസത്തോടുകൂടി നീങ്ങുകയാണ്. പ്രധാനമന്ത്രിയുടെ പ്രഖ്യാപനം നമുക്ക് വളരെക്കൂടുതൽ ആത്മവിശ്വാസം പകരുന്നു. അതോടൊപ്പംതന്നെ മറ്റ് പല പ്രോജക്ടുകളും, ചിലത് വന്നുകഴിഞ്ഞു, ചിലതിൽ അനുകൂലമായ തീരുമാനമെടുത്തുകഴിഞ്ഞു. ചിലത് പരിഗണനയിലാണ്. മറ്റ് പല പദ്ധതികളുടെയും പ്രവർത്തനം വിവിധ ഘട്ടങ്ങളിലാണ്. പല ഘട്ടങ്ങളിലായി നാൽപ്പത്തിയൊൻപതിയായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസൽസാണ് ഗ്ളോബൽ ഇൻവെസ്റ്റർ മീറ്റിനുശേഷം രണ്ടുവർഷക്കാലത്തെ പ്രവർത്തനത്തിലുള്ളത്. അതിൽ മുപ്പതിനായിരം കോടി രൂപയെങ്കിലും ഈ ഒരു വർഷക്കാലംകൊണ്ട് വരുന്നതിനുവേണ്ടിയുള്ള കഠിനാദ്ധ്വാനവും വ്യക്തമായിട്ടുള്ള ലക്ഷ്യബോധത്തോടുകൂടിയുള്ള പ്രവർത്തനവുമാണ് നടക്കുന്നത്. അത് പറയുമ്പോൾ കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടുന്ന പൂർണ്ണമായ പിൻതുണ ഞാൻ നന്ദിയോടുകൂടി സ്മരിക്കുകയാണ്. റെയിൽവേയുടെ കാര്യത്തിൽ ഒരു പ്രശ്നമുണ്ട്. ഞാൻ അതു പറയാം. ഇപ്പോൾ നാഷണൽ ഹൈവേയിൽ 359 കോടി രൂപയുടെ പ്രോജക്ടുകൾ അംഗീകരിച്ചു. ട്രൈബൽ ലാന്റ് പത്തൊൻപതിനായിരം ഏക്കർ സ്ഥലം കൂടി കിട്ടിയാലേ ഗിരിവർഗ്ഗക്കാർക്ക് നമ്മൾ നൽകുമെന്ന് ഉറപ്പുകൊടുത്തിട്ടുള്ള ഭൂമി വിതരണവുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുതന്നെ പത്തൊൻപതിനായിരം ഏക്കറിന്റെ അനുമതി കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് തന്നു. പക്ഷേ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ നമ്മൾ അഞ്ഞൂറ്റിയിരുപത് കോടി രൂപ അടയ്ക്കണം. നമുക്ക് അത് അടയ്ക്കാൻ പറ്റുമോ? ഇല്ല. അതുകൊണ്ട് സുപ്രീംകോടതിയെ സമീപിച്ചപ്പോൾ കേന്ദ്ര ഗവൺമെന്റുകൂടി അതിനെ അനുകൂലിച്ചാൽ മാത്രമേ കിട്ടുകയുള്ളൂ എന്ന അവസ്ഥ വന്നു. കേന്ദ്രഗവൺമെന്റിനെ സമീപിച്ചപ്പോൾ ഈ അഞ്ഞൂറ്റിയിരുപത് കോടി രൂപയും ഒഴിവാക്കിക്കൊണ്ട് കേരളത്തിന്റെ വാദം അംഗീകരിക്കണമെന്ന് സുപ്രീംകോടതിയിൽ അഫിഡവിറ്റ് കൊടുത്തുകഴിഞ്ഞു. സർ, ശബരിമലയ്ക്ക് ഭൂമി അനുവദിക്കുന്നതിന് വേണ്ടി അവർ കാട്ടിയിട്ടുള്ള പ്രത്യേകമായിട്ടുള്ള താൽപ്പര്യം അതു പ്രത്യേകമായി വന്നിട്ടുള്ളതാണ്. അങ്ങനെ പുതിയ ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിൽ, നാഷണൽ ഹൈവേയുടെ കാര്യത്തിൽ, ട്രൈബൽ ലാന്റിന്റെ കാര്യത്തിൽ, ശബരിമല ലാന്റിന്റെ കാര്യത്തിൽ തുടങ്ങി അതുപോലെതന്നെ നമ്മുടെ നാഷണൽ ഇൻവെസ്റ്റുമെന്റുകൾ, നമ്മൾ പല ഇൻസ്റ്റിറ്റ്യൂഷനുകളും കൊണ്ടുവരുന്നതിനുവേണ്ടി ശ്രമിക്കുകയാണ്. അതിനൊക്കെ വളരെ അനുകൂലമായ ഒരു സമീപനം സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ:</u> 12-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. 11-ാം ധനകാര്യ കമ്മീഷനിൽ 3600 കോടി രൂപയുടെ വെട്ടിക്കുറവാണ് നമ്മളോട് അന്ന് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചതെങ്കിൽ അതൊരു പ്രത്യേകതരത്തിലുള്ള ഗവൺമെന്റായിരുന്നു എന്നുള്ള നിലയിൽ കാണാം. നമ്മളെല്ലാംകൂടി അധികാരത്തിൽ കൊണ്ടുവരികയും ഇപ്പോൾ നമ്മളോട് ചില പ്രശ്നങ്ങളിൽ, നമ്മുടെ പ്രശ്നങ്ങൾ അംഗീകരിക്കുകയും ചെയ്യുമ്പോൾത്തന്നെ റെയിൽവേയുടേത് നമ്മൾ ഇന്നലെ പ്രതിഷേധിച്ചു. അതുതന്നെ 12-ാം ധനകാര്യ കമ്മീഷന്റെ, ഇപ്പോൾ എനിക്കു കിട്ടിയ കണക്കനുസരിച്ചാണെങ്കിൽ കഴിഞ്ഞ തവണ മൂവായിരത്തി അറുന്നൂറ് കോടി രൂപയുടെ വെട്ടിക്കുറവിന്റെ സ്ഥാനത്ത് ഇത്തവണ എണ്ണായിരത്തി ഒരുന്നൂറ്റി എൺപത്തിയഞ്ചു കോടി രൂപയുടെ വെട്ടിക്കുറവാണ് വരുത്തിയിരിക്കുന്നതെന്നുള്ളതുകൂടി മുഖ്യമന്ത്രി മനസ്സിലാക്കണം. അതേപോലെതന്നെ നമ്മുടെ മൻമോഹൻ സിംഗ് എന്ന പ്രധാനമന്ത്രിയെ ഇങ്ങനെ പുകഴ്ത്തുന്നതോടൊപ്പംതന്നെ ഇടയ്ക്കിടയ്ക്കുള്ള ചവിട്ടുകളും നമുക്ക് കൊള്ളുന്നുണ്ടെന്നുള്ള കാര്യം മറന്നുപോകരുതെന്നുകൂടി ഓർമ്മിപ്പിക്കുകയാണ്. ഞങ്ങളും താങ്ങുന്നവർതന്നെ, എങ്കിലും പറയുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> ഞാൻ വേറൊരു പോയിന്റ് പറഞ്ഞുവരികയായിരുന്നു. ധനകാര്യ കമ്മീഷൻ റിപ്പോർട്ടിനെ ഡോ. മൻമോഹൻ സിംഗല്ല ചവിട്ടിയത് എന്നുള്ള കാര്യമെങ്കിലും അങ്ങ് അറിയേണ്ടതായിരുന്നു. ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് നമ്മൾ പ്രതീക്ഷിച്ച നിലയിൽ വന്നിട്ടില്ല. അതിന് പ്രധാനമന്ത്രിയെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. നമ്മൾ ഏത് പ്രശ്നത്തേയും യാഥാർത്ഥ്യബോധത്തോടുകൂടി സമീപിക്കണം. ഇൻവെസ്റ്റ്മെന്റിന്റെ കാര്യത്തിലായാലും നമ്മൾ ഉന്നയിച്ച മറ്റ് കാര്യങ്ങളിലായാലും കേന്ദ്ര ഗവണ്മെന്റിന്റെ ഭാഗത്തുനിന്നും പൂർണ്ണമായി പിന്തുണ ലഭിച്ചിട്ടുണ്ട്. റെയിൽവേയുടെ കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മൾ ആരുടേയും ഔദാര്യം ചോദിക്കുന്നതല്ല. അർഹിക്കുന്നത് ലഭിച്ചിട്ടില്ല. കേരളത്തിന് അർഹിക്കുന്നത് ലഭിച്ചേ മതിയാകൂ! ഒറ്റക്കെട്ടായി അക്കാര്യത്തിൽ നമ്മൾ പ്രമേയം പാസ്സാക്കി. പ്രധാനമന്ത്രിയുടേയും കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

റെയിൽവേ മന്ത്രിയുടേയും ശ്രദ്ധയിൽ ഈ പ്രശ്നങ്ങൾ കൊണ്ടുവരും. കേരളത്തിന് റെയിൽവേയുടെ കാര്യത്തിൽ, നമുക്ക് ലഭിക്കേണ്ടതു ലഭിക്കാൻവേണ്ടി ശക്തമായിട്ടുള്ള നിലപാട് സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകും എന്ന് വ്യക്തമായി പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. നമുക്ക് അർഹതയുള്ളത് കിട്ടിയേ മതിയാകൂ. അങ്ങ് ധനകാര്യ കമ്മീഷന്റെ കാര്യം പറഞ്ഞു. നമുക്ക് കഴിഞ്ഞ കമ്മീഷനിലും ഈ കമ്മീഷനിലും നീതി കിട്ടിയിട്ടില്ല. നമ്മൾ നമ്മുടേതായ പ്രശ്നങ്ങളെല്ലാം അവതരിപ്പിച്ചു. ഈ പ്രാവശ്യമെങ്കിലും കഴിഞ്ഞ പ്രാവശ്യത്തേത് തിരുത്തിക്കിട്ടുമെന്നാണ് പ്രതീക്ഷിച്ചത്. ഞാൻ മനസ്സിലാക്കിയിടത്തോളം കമ്മീഷന്റെ റിപ്പോർട്ട് നമുക്ക് ഗുണകരമല്ല. ആ സാഹചര്യത്തിൽ നമുക്ക് ഇനി എന്ത് ചെയ്യാൻ സാധിക്കും. അതിന് പ്രധാന മന്ത്രിയെ ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിന്റെ കാര്യം പറഞ്ഞുകൊണ്ട് കുറ്റപ്പെടുത്താൻ സാധിക്കില്ല. നമുക്കുണ്ടായ നഷ്ടം, അത് ഏത് വിധത്തിൽ എങ്ങനെ നമുക്ക് അതിനൊരു സമീപനം എടുക്കാൻ സാധിക്കുമെന്നുള്ളത് അങ്ങയുമായിട്ടുകൂടി ആലോചിച്ച് നമുക്ക് വേണമെങ്കിൽ തീരുമാനമെടുക്കാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പ്രധാനമന്ത്രി കേരളത്തിനു പ്രഖ്യാപിച്ച 20 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്ന പ്രതീക്ഷ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ടോ? അവതരിപ്പിച്ച ബഡ്ജറ്റിൽത്തന്നെ വല്ല സൂചനയും ഉണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: അതിനകത്ത് വല്ലാർപാടം പ്രോജക്ട് കഴിഞ്ഞ ബഡ്ജറ്റിൽത്തന്നെ പ്രഖ്യാപിച്ചിതാണ്. എൻ. ഡി. പി. സി.-യുടെ എക്സ്പാൻഷൻ അതൊക്കെ നേരത്തെതന്നെ എല്ലാവിധത്തിലുള്ള അംഗീകാരവും ഉള്ളതാണ്. അതിനെ തുടർന്ന് വരുന്നതാണ് എൽ.എൻ.ജി., പെട്രോ കെമിക്കൽസ്. അതുമായി ബന്ധപ്പെട്ട എല്ലാ വിധത്തിലുള്ള പ്രവർത്തന പരിപാടികളും യാഥാർത്ഥ്യമാകും. അതിനെ സംബന്ധിച്ച് യാതൊരു സംശയവുമില്ല.

ശ്രീ. സി. കെ. നാണു: കേന്ദ്ര ഗവണ്മെന്റിന്റെ ബഡ്ജറ്റ് വന്നല്ലോ? അതിൽ ഈ പദ്ധതിക്കുവേണ്ടി പ്രധാനമന്ത്രി പ്രഖ്യാപിച്ച സംഖ്യ വരേണ്ടതുണ്ടോ ഇല്ലയോ? ഈ ബഡ്ജറ്റിൽ വരാതിരുന്ന ആ പണം ചെലവഴിക്കാനുള്ള വഴികൾ ഏതൊക്കെയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി :പൊതുമേഖലാ സ്ഥാപനങ്ങളുടേയും മറ്റുമൊക്കെയായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ യൂണിയൻ ബഡ്ജറ്റിൽ വരേണ്ടതില്ല. നാഷണൽ ഹൈവേ ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റിൽ വരണം. അതിനെ സംബന്ധിച്ചിടത്തോളം ബഡ്ജറ്റിൽ വന്നിട്ടുണ്ട്. അതകൊണ്ട് അക്കാര്യങ്ങൾ നടക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

നെല്ല് സംഭരണത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ വളരെ വിശദമായിട്ട് പറഞ്ഞു. നെൽക്കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് അങ്ങയെപ്പോലെ ഞങ്ങൾക്കും ബോദ്ധ്യമുണ്ട്. കൃഷിക്കാരുടെ താൽപര്യങ്ങളെ സംരക്ഷിക്കണമെന്ന് ഞങ്ങൾക്ക് പൂർണ്ണമായ ഒരു സമീപനമുണ്ട്. അത് സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ തുടർന്നും എടുക്കുന്നതാണ്. ചിലയിടങ്ങളിൽ വന്ന് കൃഷിക്കാരെ ദ്രോഹിച്ച് വെട്ടിനിരത്തുകയും മറ്റൊരിടത്ത് കൃഷിക്കാരുടെ പേരിൽ നിരാഹാരം

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുകയും ചെയ്യുന്ന സമീപനമല്ല ഞങ്ങൾക്കുള്ളത്. നെൽക്കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ അതിരൂക്ഷമാണ്. അവിടെ രണ്ട് പ്രശ്നങ്ങളുണ്ട്. ഒന്നാമത്തേത് നെല്ല് സംഭരണം. രണ്ടാമത്തേത് മുഞ്ഞ. അങ്ങ് പറഞ്ഞു മുഖ്യമന്ത്രി എല്ലായിടത്തും പോകുന്നുണ്ട്, കാര്യമൊന്നും നടക്കുന്നില്ല. ഞാൻ പോകുന്നതിന്റെ പുറകേ അങ്ങുകൂടി വരുന്നുണ്ട്. ഇപ്പോൾ കർഷകർ 750 രൂപയ്ക്ക് തൃപ്തരാണ്. കാരണം, തമിഴ്നാട്ടിൽ നെല്ലിന് 550 രൂപ 600 രൂപയേ കിട്ടൂ. ഇവിടെ 750 രൂപ വച്ചു. അങ്ങ് 830 രൂപ വേണമെന്ന പിടിവാശി എടുത്താൽ എന്ത് ചെയ്യും?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കളക്ടറുംകൂടി നിശ്ചയിച്ചതാണ്: പാലക്കാട്ട് 830/- രൂപ. ഇത് അന്വേഷിച്ചു. ഇന്നലെ നിങ്ങൾ ഈ സഭയിൽ പറഞ്ഞതിന്റെ വസ്തുത എന്താണെന്ന് അന്വേഷിക്കാൻ ഞാൻ കളക്ടറെ വിളിച്ചു ചോദിച്ചു. കർഷകസംഘത്തിന്റേയും സഹകരണ സംഘത്തിന്റേയും ആളുകളു മായി ബന്ധപ്പെട്ടു. അവർ അതിൽ അപരാധികളേയല്ല. സഹകരണ ബാങ്കുകളുടെ പ്രതിനിധികൾ അതിൽ പോയിട്ടേയില്ല. കൃഷി വകുപ്പ് ഉദ്യോഗസ്ഥരും കളക്ടറും കൂടി യാണ് കഴിഞ്ഞ കൊല്ലം 830 രൂപ നിശ്ചയിച്ചത്. എല്ലായിടത്തും 750 രൂപ നിശ്ചയിച്ച പ്പോൾ അവിടെ ഇത് നിശ്ചയിച്ചു. ഇത് പ്രായോഗികമല്ലെന്ന് ബാങ്കുകാർ പറഞ്ഞു കഴിഞ്ഞു. എന്നിട്ടും നിശ്ചയിച്ചതിന് അവരെ ശിക്ഷിക്കണമെന്നാണോ ഗവണ്മെന്റ് പറയുന്നത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഈ പ്രാവശ്യത്തെ കാര്യമാണ് ഞാൻ പറയുന്നത്. 750 രൂപ വച്ച് കൃഷിക്കാർക്ക് താൽപര്യമാണ്. എനിക്കുകിട്ടിയ വിവരം, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അത് സ്വീകാര്യമല്ല. കഴിഞ്ഞ പ്രാവശ്യം 830 രൂപ തന്നെയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: 750 രൂപ ഗവണ്മെന്റ് ഇപ്പോൾ പ്രഖ്യാപിച്ചു. ആ തുകയ്ക്കുതന്നെ നെല്ല് സംഭരിക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി: കഴിഞ്ഞ പ്രാവശ്യം പാലക്കാട്ട് 830 രൂപയ്ക്ക് വാങ്ങി. അത് ഒരിക്കലും യാഥാർത്ഥ്യബോധത്തോടെയുള്ള വില നിശ്ചയിക്കലായിരുന്നു എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ വർഷം നെല്ല് സംഭരിച്ചത് വിൽക്കാതെ പാലക്കാട്ട് പുതിയ നെല്ല് സംഭിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഞാൻ ആവരെ വിളിച്ച് സംസാരിച്ചു. സൊസൈറ്റികൾ മുഴുവൻ നഷ്ടം സഹിക്കുക എന്ന് പറഞ്ഞാൽ ബുദ്ധിമുട്ടാണെന്ന് പറഞ്ഞപ്പോൾ അതിനൊരു ഫോർമുലയുണ്ടാക്കി ഞാൻ പോന്നു. അങ്ങ് പുറകേ ചെന്ന് അത് മുഴുവനും ഗവണ്മെന്റുതന്നെ വഹിക്കണമെന്ന് പറഞ്ഞു. എന്ത് ചെയ്യാൻ പറ്റും? അതുകൊണ്ട് അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങൾ നെൽക്കർഷകരെ സംബന്ധിച്ചിടത്തോളം വളരെ ഗൗരവമായ കാര്യങ്ങളാണ് നമ്മൾ പ്രായോഗികമായ സമീപനം എടുത്തേ മതിയാകൂ. ലോകത്തെങ്ങുമില്ലാത്ത വില നിശ്ചയിക്കണമെന്ന് പറഞ്ഞാൽ സാദ്ധ്യമല്ല. കർഷകർപോലും ഈ പ്രാവശ്യം അതിലേയ്ക്ക് വന്നു. കഴിഞ്ഞ പ്രാവാശ്യം 830 രൂപ വേണമെന്ന് പറഞ്ഞ കർഷകർപോലും 750 രൂപയെന്ന് പറഞ്ഞ പ്പോൾ അംഗീകരിച്ചു. നമ്മുടെ സൊസൈറ്റികൾ മുഴുവൻ നഷ്ടവും സഹിക്കണമെന്ന് പറയുന്നില്ല. അതിനകത്ത് യാഥാർത്ഥ്യബോധത്തോടെയുള്ള സമീപനം സ്വീകരിച്ചാൽ നമ്മുടെ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാം. അങ്ങേയ്ക്കു ഞാൻ ഉറപ്പു നൽകുന്നു. കൂടിശ്ശിക മുഴുവനും കൊടുക്കാമെന്ന് പറഞ്ഞു. അതിനുള്ള നടപടികൾ എടുത്തു. കൊടുത്തു എന്ന് ഞാൻ പറയുന്നില്ല. കാരണം ഇന്നലെയാണ് സപ്ലിമെന്ററി ഡിമാന്റ്സ്

LIBRARY ARCHIVES Kerala Legislative Assembly

പാസ്സായത്. അതിനുംപുറമേ 4 കോടി 39 ലക്ഷം രൂപയുടെ പ്രത്യേക അനുമതിക്കുള്ള തീരുമാനമായിക്കഴിഞ്ഞു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അതൊരു എക്സ്ക്യൂസാണ്. ഇവിടെ വേണ്ട. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ്മന്ത്രിയുടെ സജഷൻസ് കിട്ടുന്നതിനുമുമ്പുതന്നെ കേന്ദ്ര ഗവണ്മെന്റ് തന്നിട്ടുള്ള 106 കോടി രൂപ ഹാൻഡ്ലിംഗ് ചാർജ്ജെന്ന നിലയ്ക്ക്. നിങ്ങളുടെ കൈയിലിരിക്കുകയല്ലേ, അത് കൃഷിവകുപ്പുദ്യോഗസ്ഥരെ ഏൽപ്പിക്കുന്നതിന് എന്താണ് തടസ്സം?

ശ്രീ. ഉമ്മൻചാണ്ടി: അത് മുഴുവനായി കിട്ടിയിട്ടില്ല. അതിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമാക്കുന്നു. നെല്ല് സംഭരണം സുഗമമായി മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ആലപ്പുഴയിൽ നെല്ല് എടുത്തു. കോട്ടയത്തെടുത്തു. പാലക്കാട്ട് പഴയ സ്റ്റോക്കുള്ളതുകൊണ്ട് പൂർണ്ണമായി എന്ന് പറയുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: തൃശൂരിലെ വില നിങ്ങൾ കുറച്ചു. 750 രൂപ അവിടെയില്ല. 700 രൂപ, 720 രൂപയാണ് നിശ്ചയിച്ചത്. ആ വിലയ്ക്കുതന്നെ നെല്ല് എടുക്കുന്നില്ല. ഇന്ന് രാവിലേയും ഞങ്ങൾ കളക്ടറോട് അന്വേഷിച്ചു. ഒരു മണിനെല്ലു പോലും എടുക്കുന്നില്ല. സൊസൈറ്റികൾ അവിടെനിന്നും ഇവിടെനിന്നും ഇത്തിരി നെല്ല് എടുക്കുന്നു എന്ന് മാത്രമേയുള്ളു. നെല്ലെടുക്കാനുള്ള നടപടി വേണം. 800 രൂപ കിട്ടിയാലേ ഞങ്ങൾക്ക് മുതലാകൂ.

ശ്രീ. ഉമ്മൻചാണ്ടി: അതാണെങ്കിൽ എടുക്കാം. പാലക്കാട് ജില്ലയിൽ കെട്ടിക്കിടക്കുന്ന സ്റ്റോക്കിന്റെ പ്രശ്നം വന്നതുകൊണ്ടാണ് പാലക്കാട്ട് എടുക്കാൻ സാധിക്കാതെ പോയത്. മറ്റ് ജില്ലകളിൽ നെല്ലെടുപ്പ് ആരംഭിച്ചുകഴിഞ്ഞു. അതിന്റെ വേഗത കൂടുതലാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നുണ്ട്. അതിനുള്ള നടപടികൾ എടുക്കും. ഞാൻ വ്യക്തമായിട്ടും അങ്ങേയ്ക്കു ഉറപ്പു നൽകുന്നു, നെല്ല് സംഭരണം സുഗമമായി മുന്നോട്ടു കൊണ്ടുപോകുകയും അങ്ങയുടെ പാർട്ടിയുടെ സമീപനംതന്നെ അക്കാര്യത്തിൽ ഗവണ്മെന്റ് സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

ഡോ: കെ. സി. ജോസഫ് : സർ, നെല്ല് സംഭരണം സുഗമമാക്കുമെന്ന് അങ്ങ് ആവർത്തിച്ചാവർത്തിച്ച് പറയുന്നുണ്ട്. 750 രൂപ ഇപ്പോൾ വില നിശ്ചയിച്ചിരിക്കുന്നത് കൃഷിക്കാർ അംഗീകരിക്കുന്നുണ്ട്. ആ വിലയ്ക്ക് കർഷക സംഘങ്ങൾ, പാടശേഖര സമിതികൾ, സംഘങ്ങളൊക്കെ എടുക്കണമെങ്കിൽ അവർ സംഭരിക്കുന്ന നെല്ല് പിന്നീട് 750 രൂപയ്ക്ക് എങ്കിലും മറിച്ചു വിൽക്കാൻ കഴിയണം. അങ്ങനെ കഴിയാതെ വന്നാൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അവരിൽനിന്നു 750 രൂപ വിലയ്ക്ക് എങ്കിലും എടുക്കും എന്നു ഉറപ്പ് നൽകിയാൽ മാത്രമേ അങ്ങ് ഉദ്ദേശിക്കുന്ന മാതിരി സംഭരണം നടക്കുകയുള്ളു. ആ നിലയിൽ സംഘങ്ങളെ സംരക്ഷിക്കും എന്ന് ഉറപ്പ് നൽകാൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. ഉമ്മൻചാണ്ടി : അടുത്ത വർഷത്തെ സംബന്ധിച്ചിടത്തോളം ഒരു കുറ്റമറ്റ സംവിധാനം ഉണ്ടാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഈ പ്രാവശ്യത്തെ സംബന്ധിച്ചിടത്തോളം സൊസൈറ്റികളുമായി സംസാരിച്ചപ്പോൾ അങ്ങയുടെ ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിൽ 21,000 ക്വിന്റൽ നെല്ല് ഇന്നലെവരെ എടുത്തുകഴിഞ്ഞു. നെല്ല് എടുക്കുന്നേയില്ല എന്നു പറയുമ്പോൾ നെല്ല് എടുത്തു തുടങ്ങിക്കഴിഞ്ഞു. ആലപ്പുഴയിൽ എടുത്തുകഴിഞ്ഞു. കോട്ടയത്ത് എടുത്തു. പാലക്കാട് നാമമാത്രമായിട്ടേ എടുക്കാൻ സാധിച്ചിട്ടുള്ളു, 500 ടൺ മാത്രമെ എടുത്തിട്ടുള്ളു. പക്ഷേ നെല്ലിന്റെ സംഭരണം മുന്നോട്ട് കൊണ്ടുപോകും. അതിന് ഇന്ന് വന്നിട്ടുള്ള പോരായ്മകൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത് പരിഹരിക്കും. ഈ ഗവൺമെന്റ് ശ്രദ്ധിക്കാതിരുന്നിട്ടില്ല. അതിനുവേണ്ടിയിട്ടുള്ള മുഴുവൻ ശ്രമങ്ങളും നടത്തി. പക്ഷേ യാതൊരു യാഥാർത്ഥ്യബോധവും ഇല്ലാതെ വില നിശ്ചയിച്ച് സൊസൈറ്റിക്കളെ കുഴപ്പത്തിലാക്കി കൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്ന സമീപനം ഇനിയും നമുക്ക് ഒരിക്കലും ആവർത്തിക്കാൻ പറ്റുകയില്ല. ഇതിൽ സഹകരണ സംഘങ്ങൾ നിരപരാധികൾ തന്നെയാണ്. അവർ അന്ന് അതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചവരാണ്. അവരെ ഞാൻ കുറ്റപ്പെടുത്തുന്നില്ല. അതുകൊണ്ടാണ് സഹകരണ സംഘങ്ങളുടെ ബുദ്ധിമുട്ടിൽ പങ്ക് ചേരാൻ ഗവൺമെന്റ് തയ്യാറാകാമെന്നു വച്ചത് സഹകരണസംഘങ്ങൾ ഒന്നുംതന്നെ അതിനകത്ത് ഉത്തരവാദികളല്ല. അവർ അതിനെ എതിർത്തവരാണ്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, 25,000 മെട്രിക് ടൺ നെല്ലാണ് പാലക്കാട്ട് സൊസൈറ്റികൾ സംഭരിച്ചിട്ടുള്ളത്. 25 കോടി രൂപയുടെ നെല്ല് ഇപ്പോൾ അവിടെ കെട്ടികിടക്കുകയാണ്. ഇത് ഓപ്പൺ മാർക്കറ്റിൽ വിൽക്കുന്നതിനുള്ള ഒരു സംവിധാനം ഇല്ലെങ്കിൽ ഒരു വർഷം കഴിയുന്നതോടുകൂടി നെല്ല് പുഴുത്തുപോകും. ഇപ്പോൾത്തന്നെ കേടുവന്നിട്ടുണ്ടാകും. പുതുതായി എടുക്കാൻ പറ്റുകയില്ല. 25,000 മെട്രിക് ടൺ നെല്ല് കെട്ടിക്കിടക്കുകയാണ്. അതിന് ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. ഉമ്മൻചാണ്ടി</u> : ഞാൻ കഴിഞ്ഞ ദിവസം സംസാരിച്ചു. 25,000 ടൺ എന്നു പറയുന്ന അങ്ങയുടെ കണക്ക് ശരിയല്ല. 18,000 ടൺ ആണ്. ഓരോ സൊസൈറ്റിയുടേയും സ്റ്റോക്ക് ഞങ്ങൾ വിശദമായിട്ട് പരിശോധിച്ച് 18,000 ടണ്ണാണ് ഇനിയിപ്പോൾ അവിടെ സ്റ്റോക്കുള്ളത്. ആ 18,000 സ്റ്റോക്കുള്ളത് വിറ്റഴിക്കുന്നതിനുവേണ്ടിയുള്ള ഒരു സ്കീമാണ് കഴിഞ്ഞ ദിവസം അവിടെവച്ച് ഉണ്ടാക്കിയത്. സംസ്ഥാന ഗവൺമെന്റും സൊസൈറ്റികളും പങ്കുചേർന്നുകൊണ്ടാണ് അതുസംബന്ധിച്ചുള്ള ഒരു തീരുമാനം ഉണ്ടാക്കിയത്. ആ തീരുമാനം ഗവൺമെന്റ് നടപ്പിലാക്കും. അതനുസരിച്ച് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുമെന്നു വ്യക്തമാക്കുകയാണ്. കൃഷിക്കാരുടെ കാര്യത്തെക്കുറിച്ച് ഇവിടെ ചർച്ച വന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം കാർഷിക മേഖല ഏറ്റവും പ്രധാനപ്പെട്ടതാണ്. കാർഷിക മേഖല തളർന്നാൽ അത് കേരളത്തിന്റെ തളർച്ചയാണ്, അത് വ്യക്തമായിട്ടറിയാം. കാർഷിക ഉല്പന്നങ്ങൾക്കെല്ലാം വിലയിടിഞ്ഞു എന്നു പറയുന്നതിനോട് എനിക്ക് യോജിപ്പില്ല.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, അങ്ങ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന സംഭരണ വിലയൊക്കെ കർഷകർ ഗതികെട്ട ഈ സാഹചര്യത്തിൽ അംഗീകരിക്കാൻ തയ്യാറാണ്. കുട്ടനാടൻ മേഖലയിൽ ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ സംഭവിച്ചിരിക്കുന്നത് ഓരു വെള്ളവും മുഞ്ഞയും ബാധിച്ച് കർഷകർക്ക് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് നഷ്ടപരിഹാരം കൊടുത്തില്ലെങ്കിൽ ആ കൃഷിക്കാരന് പിടിച്ചുനിൽക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

കഴിയുകയില്ല. അങ്ങ് സമ്മതിച്ചിട്ടുള്ള കാര്യങ്ങളാണ്. ഓരോ കക്ഷിനേതാക്കളെയും വിളിച്ച് ചർച്ച നടത്താനും ഉദ്യോഗസ്ഥന്മാരുടെ കൂഴപ്പവുമുണ്ട്. അതുകൊണ്ട് മൊത്തത്തിലൊരു ചർച്ച നടത്താൻ അങ്ങ് തയ്യാറാകുമോ ?

ശ്രീ. ഉമ്മൻചാണ്ടി : ഇതിനിപ്പോൾ ഒരു ചർച്ചയുടെ ആവശ്യമില്ല. കാരണം നമ്മൾ ധാരാളം ചർച്ച ചെയ്തു. അങ്ങയോടും ഞാൻ ചർച്ച ചെയ്തു. ഇപ്പോൾ കാര്യങ്ങൾ നടത്തുക എന്നുള്ളതാണ്. അത് മുഞ്ഞ ബാധിച്ച് നഷ്ടം വന്നിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളുമായി മുന്നോട്ട് പോകും. ഇനി ചർച്ച ഇല്ലാതെ നടപടികൾ എന്നുള്ള നിലയ്ക്കാണ്. എന്തൊക്കെയാണ് ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് തീരുമാനമായിട്ടുണ്ട്. അത് നടപ്പിലാക്കുമെന്നു വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ശ്രീ. ബിനോയ് വിശ്വം സംസാരിച്ചപ്പോൾ മാനിഫെസ്റ്റോയെ മറന്നുള്ള ഭരണമാണ് ഇവിടെ നടക്കുന്നത് എന്നു പറഞ്ഞു. for the rich, by the rich, of the rich ആണ് ഇവിടുത്തെ ഭരണമെന്ന്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനാണ്. ആന്റണി ഗവൺമെന്റിന്റെ കാലത്ത് 179 പഞ്ചായത്തുകളിൽ നടപ്പിലാക്കിയ ആശ്രയ പദ്ധതി ഏറ്റവും പ്രധാനപ്പെട്ട ഒരു സ്കീമായിട്ടാണ് ഞങ്ങൾ കാണുന്നത്. 179 പഞ്ചായത്തുകളിൽ അത് നടപ്പിലാക്കി. അത് 100 ദിവസ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 117 പഞ്ചായത്തുകളിൽക്കൂടി നടപ്പിലാക്കി. അടുത്ത ഒരു വർഷത്തതത്തിനുള്ളിൽ 350 പഞ്ചായത്തിൽ നടപ്പിലാക്കാൻ പോവുകയാണ്. കേന്ദ്രഗവൺമെന്റിനെ ഞങ്ങൾ സമീപിച്ചു. രണ്ടുകൊല്ലംകൊണ്ട് അത് കേരളം മുഴുവൻ നടപ്പിലാക്കാൻ വേണ്ട ധനസഹായം കേന്ദ്ര സർക്കാരിൻ നിന്നും തരണമെന്ന് പറഞ്ഞു. അവർ പ്രായോഗിക ബുദ്ധിമുട്ടുകൾ കൊണ്ടു ഇതുവരെ അംഗീകരിച്ചിട്ടില്ല. എന്നാലും ശ്രമിക്കുകയാണ്. നമ്മുടെ ജനസംഖ്യയുടെ രണ്ട് ശതമാനം വരുന്ന മനോരോഗികൾ, മന്ദബുദ്ധികൾ തുടങ്ങിയവർക്ക് റേഷൻ കാർഡ് വാങ്ങാൻ താല്പര്യമില്ല. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ള ആളുകൾ റേഷൻ കാർഡ് വാങ്ങാൻ ആഗ്രഹിക്കുന്നില്ല. കാരണം റേഷൻ കാർഡ് വാങ്ങിയാലും അവർക്ക് അരി വാങ്ങാൻ കഴിയില്ല. മനോരോഗികൾ, മറ്റാരും ആശ്രയമില്ലാത്തവർ, മന്ദബുദ്ധികൾ, വിധവകൾ അങ്ങനെയുള്ള ഒരു വിഭാഗം ആളുകൾ അവരെ ഉദ്ധരിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയിലും ആശ്രയ പദ്ധതിയിലും പ്ലാൻ കട്ട് വരുത്തിയിട്ടില്ല. എന്നുമാത്രമല്ല കേന്ദ്ര ഗവൺമെന്റിൽ നിന്നുകിട്ടിയ അഡീഷണൽ അസിസ്റ്റൻസ് ഏറ്റവും കൂടുതൽ കൊടുത്തതും ഈ മേഖലയ്ക്കാണ്. അതുപോലെയുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടേ ഈ ഗവൺമെന്റ് മുന്നോട്ട് പോവുകയുള്ളൂ. കാരണം 5 കൊല്ലം കഴിഞ്ഞ് കേരളം വളരും. അതുകൊണ്ട് ഇന്ന് പട്ടിണികിടക്കാൻ പറയാൻ പറ്റില്ല. ഇന്ന് പട്ടിണി കിടക്കുന്നവന് അത്താഴത്തിന് വക എന്ത് എന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കാം. അങ്ങ് എന്നെ മാന്ത്രികനായി ചിത്രീകരിച്ചു. എന്റെ കൈയിൽ മാന്ത്രിക വിദ്യയൊന്നുമില്ല. മാന്ത്രിക വടിയുമില്ല. പക്ഷേ ഒരു കാര്യത്തിൽ എനിക്ക് ആത്മവിശ്വാസമുണ്ട്. നിങ്ങൾ കൂടെ നിന്നാൽ നിങ്ങൾ കൂടെ വേണം. ഞങ്ങൾ മാത്രം നിന്നാൽ പോര. നിങ്ങൾകൂടി നിന്നാൽ ഈ സംസ്ഥാനത്ത് നമുക്ക് അത്ഭുതങ്ങൾ കാട്ടാം. അതിനുള്ള ശക്തി നമുക്കുണ്ട്. ലോകത്തിലെ മറ്റ് ഏത് ഭാഗത്തുമില്ലാത്ത വിധത്തിലുള്ള കഴിവുകളും നമുക്കുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ നമുക്ക് ഒരു ഇച്ഛാശക്തി വേണം. നമുക്ക് വികസനത്തിലേക്ക്, നേട്ടങ്ങളിലേക്ക് പോകുന്നതിന് ഇച്ഛാശക്തി വേണം. അതുകൊണ്ട് ഞാൻ ഒരു മാന്ത്രികനല്ല. മാന്ത്രിക വിദ്യ എനിക്ക് അറിയില്ല. പക്ഷേ നമ്മൾ ഒന്നിച്ചുനിന്നാൽ ഈ നാട്ടിൽ അത്ഭുതങ്ങൾ കാട്ടാൻപറ്റും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പരമ്പരാഗത വ്യവസായത്തെക്കുറിച്ചു പറഞ്ഞു. ഞാൻ കഴിഞ്ഞ ദിവസം ഇവിടെ പറഞ്ഞതാണ്. പ്രതിപക്ഷ നേതാവ് അന്ന് ഇല്ലായിരുന്നു. പരമ്പരാഗത വ്യവസായം എന്നു പറയുമ്പോൾ ഏറ്റവും പ്രധാനപ്പെട്ടത് കയറാണ്. കയറിനെക്കുറിച്ച് അതിന്റെ വശങ്ങളെക്കുറിച്ച് ആലോചിക്കാൻ കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരുമായി ഞാൻ ചർച്ച ചെയ്തു. മുഖ്യമായ പ്രശ്നം തൊണ്ടിന്റെ ലഭ്യതയില്ലായ്മയാണ്. ഇവിടെ ആവശ്യത്തിന് തേങ്ങ ഉല്പാദിപ്പിക്കുന്നുണ്ട്. ഇവിടെ തൊണ്ടുണ്ട്. ആ തൊണ്ടിന്റെ പകുതി തൊണ്ട് ശേഖരിക്കാൻ സാധിച്ചാൽ നമ്മുടെ കയർ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കും. നിങ്ങളുടെയും എന്റെയും വീട്ട് മുറ്റത്തെ തൊണ്ട് ശേഖരിച്ച് ഇവിടുത്തെ പാവപ്പെട്ട കയർ തൊഴിലാളികൾക്ക് പണി കൊടുക്കാൻ സാധിക്കാത്തവരാണ് നമ്മൾ.

ശ്രീ. ടി. കെ. ദേവകുമാർ : സർ, അന്നത്തെ കോൺഫറൻസിൽ അങ്ങ് കൊടുത്ത ഉറപ്പുണ്ട്. ആറ് മാസത്തെ പെൻഷൻ കുടിശിക അടിയന്തിരമായി കൊടുക്കുമെന്ന്. ഇതുവരെ അത് റിലീസ് ചെയ്ത് ഉത്തരവായിട്ടില്ലയെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഉമ്മൻചാണ്ടി : അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുസംബന്ധിച്ച് കൃഷിമന്ത്രി പ്രപ്പോസൽ തന്നിട്ടുണ്ട്. ഉടൻ അതിനുള്ള പരിഹാരം ഉണ്ടാക്കും. പറഞ്ഞത് ശരിയാണ്. നമുക്ക് അനേകലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിലേയ്ക്ക് തൊണ്ട് വിദേശ രാജ്യങ്ങളിൽ നിന്നൊന്നും കൊണ്ടുവരേണ്ട. നമ്മുടെ വീട്ടുമുറ്റത്തുള്ള തൊണ്ട് ശേഖരിച്ച് കൊടുക്കാൻ പറ്റാത്ത സ്ഥിതിയാണ്. അത് ശേഖരിക്കാൻ വരുന്ന സൊസൈറ്റികൾക്കും കുടുംബശ്രീ യൂണിറ്റുകൾക്കും എല്ലാവിധത്തിലുള്ള സഹായങ്ങളും നൽകാൻ തീരുമാനിച്ചുകൊണ്ട് ഞങ്ങൾ മുന്നോട്ട് പോവുകയാണ്.

ശ്രീ. ബിനോയ് വിശ്വം: സർ, അങ്ങയുടെ വികാരത്തെ ഞാൻ മാനിക്കുന്നു.
[2.00 P. M.] പരമ്പരാഗത മേഖലയ്ക്കുവേണ്ടിയുള്ള പല പദ്ധതികളെക്കുറിച്ചും അങ്ങയുടെ ഗവൺമെന്റ് അവതരിപ്പിച്ച എല്ലാ ബജറ്റുകളിലുംപറഞ്ഞിട്ടുള്ളതാണ്. അമ്പതു കോടി, അഞ്ഞൂറു കോടി, അന്ന് ഒത്തിരി കോടികൾ പ്രഖ്യാപിച്ചു. പക്ഷേ എല്ലാ കോടികളും മാഞ്ഞുപോയി. ഈ പാക്കേജുകളെല്ലാം എവിടെ? അതുകൊണ്ട് ഈ വാക്ക് വിശ്വസിക്കാമോ ? ഞങ്ങൾ സഹകരിക്കാം.

ശ്രീ. ഉമ്മൻചാണ്ടി: ആ കാര്യത്തിൽ പരമ്പരാഗത വ്യവസായങ്ങളുടെ പ്രാധാന്യം പൂർണ്ണമായും ഞങ്ങൾ ഉൾക്കൊള്ളുന്നു. അത് പുനരുദ്ധരിക്കുന്നതിന്, നവീകരിക്കുന്നതിന്, അവിടെ ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സംരക്ഷണം കൊടുക്കുന്നതിന് ഗവൺമെന്റിന്റെ പരിമിതിയിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ തയ്യാറായി ഞങ്ങൾ മുന്നോട്ടു വന്നിരിക്കുകയാണ്. ഞങ്ങൾ കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ കോമൺ മിനിമം പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയിൽനിന്നും പരമ്പരാഗത വ്യവസായത്തിന് കിട്ടേണ്ട വിഹിതം കിട്ടുവാൻ വേണ്ടിയിട്ടുള്ള സ്കീമുകൾ നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തിട്ടുണ്ട്. പ്രധാനമന്ത്രി അതിന് അനുകൂലമായി പ്രതികരിച്ചതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ചില സ്കീമുകൾ ലഭിക്കുമെന്നുള്ള പൂർണ്ണമായ വിശ്വാസമുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ച് പറഞ്ഞകൂട്ടത്തിൽ കാസർകോട്, കണ്ണൂർ ജില്ലയിൽ ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്ന വ്യവസായമാണ് പരമ്പരാഗത ബീഡി വ്യവസായം. ആ വ്യവസായത്തെ സമുദ്ധരിക്കുന്നതിനുവേണ്ടി മുമ്പ് വ്യവസായ വകുപ്പ്മന്ത്രി ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഒന്നും നടക്കുന്നില്ല. അതുകൊണ്ടാണ് നിങ്ങളുടെ പ്രഖ്യാപനത്തെ ഞങ്ങൾക്ക് മുഖവിലയ്ക്ക് എടുക്കുവാൻ കഴിയാത്തത്. ഒട്ടേറെ പ്രഖ്യാപനങ്ങൾ ഇവിടെ ഇരുന്നുകൊണ്ട് ഞങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണ്. അതു നടക്കാതെ വരുന്നതുകൊണ്ടാണ് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നടത്തുന്ന പ്രഖ്യാപനങ്ങളിലും ഞങ്ങൾക്ക് വിശ്വാസം വരുന്നില്ല. അത് അനുഭവത്തിൽ വന്നാലേ ഞങ്ങൾക്ക് വിശ്വസിക്കുവാൻ കഴിയൂ.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : ബീഡിയുടെ കാര്യത്തിലുള്ള ബുദ്ധിമുട്ടുകൾ ഞങ്ങൾക്ക് അറിയാം. അതിനെ സംബന്ധിച്ച് പരിഹാരമായിട്ടുള്ള നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അതു കേൾക്കാനും ഉൾക്കൊള്ളാനും അതിനനുസരിച്ചുള്ള നടപടികൾ എടുക്കുവാനും തയ്യാറാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂര്യനെല്ലി കേസിനെക്കുറിച്ച് പറഞ്ഞു. സൂര്യനെല്ലി കേസിൽ നിയമപരമായി സ്വീകരിക്കേണ്ട നടപടികളെല്ലാം സ്വീകരിച്ചു. അതിനകത്ത് അങ്ങേയ്ക്ക് യാതൊരു സംശയവും വേണ്ട. പക്ഷേ ഈ കേരളത്തിൽ മൊത്തം ഒച്ചപ്പാടുണ്ടാക്കി ഞങ്ങളെയെല്ലാം പ്രതിക്കൂട്ടിൽ നിർത്തി, എന്തെല്ലാം കോലാഹലങ്ങളുണ്ടാക്കി. പക്ഷേ ആ കാര്യത്തിൽ ശിക്ഷ വാങ്ങിയ ഒരാൾ ആരാണ് എന്ന കാര്യം അങ്ങ് മറക്കരുത്. .....(ബഹളം) .....(ബഹളം) .....(ബഹളം) ..... ഏതായാലും അതു സംബന്ധിച്ച് നിയമ നടപടികളിലൊന്നും ഒരു വീഴ്ചയ്ക്കോ ഒരു പഴുതിക്കോ ഇടയാക്കുകയില്ല. അങ്ങ് ഒന്നുകൂടി കൂട്ടിച്ചേർത്തു. ഇതുപോലുള്ള കേസുകളിൽ ഈ ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് ചോദിച്ചു. കുറ്റക്കാരെ സംരക്ഷിക്കുവാൻ ഈ ഗവൺമെന്റ് ഉണ്ടാകുകയില്ല. ഈ ഗവൺമെന്റ് അതിനു കൂട്ടു നില്ക്കുകയില്ല. ഇത് തുറന്നു പറയുകയാണ്. എവിടെയെങ്കിലും കുറ്റമുണ്ടെങ്കിൽ കാണിച്ചുകൊള്ളൂ. പക്ഷേ ഇതുപോലുള്ള കേസുകളിൽ കുറ്റം ചെയ്യാത്തവരെ ശിക്ഷിക്കുവാനും ഈ ഗവൺമെന്റിനു കഴിയുകയില്ല. ഇതുപോലുള്ള കേസ്സിൽ അകപ്പെടുക എന്നു പറഞ്ഞാൽ നിന്ദ്യവും നീചവുമായിട്ടുള്ള കാര്യമാണ്. യാതൊരു സംശയവുമില്ല. നിയമത്തിനു മുന്നിൽ ഒരു ദയാദാക്ഷണ്യവും അർഹിക്കുന്നില്ല. അതുപോലെതന്നെയാണ് കുറ്റം ചെയ്യാത്തവരെ ഇതിന്റെ പേരിൽ ബ്ലാക്ക് മെയിൽ ചെയ്യാൻ ശ്രമിക്കുന്നത്. അങ്ങ് വി.ഐ.പി. എന്നു പറഞ്ഞല്ലോ.....(ബഹളം) .....(ബഹളം) .....ആരാണ് വി.ഐ.പി.? .....(ബഹളം) .....(ബഹളം) .....ആരാണ് വി.ഐ.പി? .....(ബഹളം) ..... (ബഹളം).....ആരാണ് വി.ഐ.പി ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ആഭ്യന്തരം കയ്യിൽ വച്ചുകൊണ്ടി രുന്നാൽ പോരാ. ആരാണ് ആ വി.ഐ.പി. എന്നു തെളിയിക്കാനുള്ള ബാദ്ധ്യത നിങ്ങൾക്കാണ്. ഞങ്ങൾക്ക് ആ ബാദ്ധ്യതയില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇതുപോലുള്ള കേസുകൾവച്ച് രാഷ്ട്രീയമായി ബ്ലാക്ക് മെയിൽ ചെയ്യാൻ ഞാനില്ല. പക്ഷേ അങ്ങ് ഒന്നുകൂടി നോക്കണം. ഇതുപോലുള്ള കാര്യങ്ങളിൽ കുറ്റം ചെയ്യാത്തവർക്കെതിരെ വിരൽ ചൂണ്ടുകയും അവർക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുകയും ചെയ്യണമെന്നു പറയുമ്പോൾത്തന്നെ കുറ്റം ചെയ്യാത്തവരുടെ നേരെ വിരൽ ചൂണ്ടുവാനും അങ്ങ് തയ്യാറായി. അങ്ങ് വി.ഐ.പി. എന്നു പറഞ്ഞത് ആരെക്കുറിച്ചാണെന്ന് എനിക്ക് അറിയാം. പക്ഷേ ഞാൻ പറയുന്നില്ല. .....(ബഹളം) .....(ബഹളം) ..... എനിക്ക് അറിയാം. (ബഹളം) .....സൂര്യനെല്ലി കേസ് പറഞ്ഞതിൽ ഞാൻ ഒരു കുറ്റവും പറയുന്നില്ല. കാരണം അങ്ങ് പ്രകടിപ്പിച്ച വികാരം ഞാൻ പൂർണ്ണമായും ഉൾക്കൊള്ളുന്നു. സൂര്യനെല്ലി കേസിൽ അപ്പീൽ കൊടുക്കണം. അങ്ങ് പറഞ്ഞ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ആ വികാരം ഞാൻ ഉൾക്കൊള്ളുന്നു. അതുകൊണ്ടാണ് ഞാൻ അങ്ങേയ്ക്ക് ഉറപ്പു തരുന്നത്. അങ്ങേയ്ക്ക് അതിനെക്കുറിച്ച് യാതൊരു ആശങ്കയും വേണ്ട. നിയമപരമായ നടപടി ആ കാര്യത്തിൽ ഉണ്ടായിരിക്കും. യാതൊരു സംശയവും വേണ്ട. പക്ഷേ കുറ്റം ചെയ്യാത്തവരുടെ നേരെ വിരൽ ചൂണ്ടുന്ന ഒരു കാര്യംകൂടി അങ്ങ് ഉപേക്ഷിക്കണമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ സംസാരിച്ചപ്പോൾ ശ്രീ. ഷിബു ബേബിജോണിനെതിരെ എടുത്ത കേസ്സിനെക്കുറിച്ച് പറഞ്ഞു. ആ സംഭവം മാത്രം അടർത്തി എടുത്ത് പറഞ്ഞാൽ അദ്ദേഹം പറഞ്ഞ കാര്യങ്ങളെ ഞാൻ നിഷേധിക്കുകയില്ല. പക്ഷേ അത് ചില സംഭവങ്ങളുടെ തുടർച്ചയാണ്. കരിപ്പൂർ എയർപോർട്ടിൽ നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായി. പത്ര പ്രതിനിധികൾക്കുനേരെ കയ്യേറ്റമുണ്ടായി. അതിനെതിരെ പോലീസ് ചില നടപടികൾ സ്വീകരിച്ചു. അതു സംബന്ധിച്ച് രണ്ടു പ്രാവശ്യം പത്ര പ്രതിനിധികളുടെ സംഘടനാ നേതാക്കന്മാരുമായി ചർച്ച ചെയ്തു. ആ സംഭവത്തിന് ഉത്തരവാദികളായിട്ടുള്ള ആളുകളെ ശക്തമായി നേരിട്ടു. ഉത്തരവാദികളായവരുടെ പേരിൽ ശക്തമായ നടപടി എടുത്തുവെങ്കിലും അതിൽ ചില പ്രതിഷേധങ്ങളൊക്കെ പ്രകടിപ്പിച്ചു. അവിടെ വച്ച് ഞാൻ ഉറപ്പു കൊടുത്തു. ഇനി ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടാകുകയാണെങ്കിൽ കുറ്റം ചെയ്യുന്നവരെ മാത്രമല്ല, അതിനു നേതൃത്വം കൊടുക്കുന്നവരുടെ പേരിൽക്കൂടി നടപടി എടുക്കണം. ഉദ്യോഗസ്ഥന്മാർകൂടി പങ്കെടുത്ത ഒരു യോഗം, ഞാൻ അവിടെവച്ച് എല്ലാവരുടെയും സാന്നിദ്ധ്യത്തിൽ ഉറപ്പു കൊടുത്തു. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ, ഇവിടെ മറ്റൊരു സംഭവം ഉണ്ടായപ്പോൾ അതേ മൊഴിയുടെ അടിസ്ഥാനത്തിൽ, on the spot പിടിച്ചെടുത്ത കുറേപ്പേരെ അറസ്റ്റു ചെയ്ത കൂട്ടത്തിൽ അവർ ഉൾക്കൊള്ളുന്ന പാർട്ടിയുടെ നേതാക്കന്മാർകൂടി വന്ന സാഹചര്യത്തിലാണ് ശ്രീ. ഷിബു ബേബിജോൺ ആ കേസ്സിൽ വന്നത്.

LIBRARY. ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ : എഫ്.ഐ.ആറിൽ പേരില്ലാത്ത ആളെ ഒരു മിനിട്സ് ഉണ്ട് എന്നു പറഞ്ഞ് എങ്ങനെ കേസ്സിൽപ്പെടുത്തും? ക്രിമിനൽ പ്രൊസീഡ്യുവർകോഡും ഐ.പി.സി.യും ഇവിടെ ഉണ്ടല്ലോ? ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ള മുഖ്യമന്ത്രി ആ കോൺഫറൻസിൽ എന്താണ് പറഞ്ഞത്? പേരു പറയാത്ത ആളെ അറസ്റ്റ് ചെയ്യാൻ പറ്റുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങയുടെ അഭിപ്രായം അങ്ങയുടെ പാർട്ടിയുടെകൂടി അഭിപ്രായമാണെങ്കിൽ ശ്രീ. ഷിബു ബേബി ജോണിന്റെ പേരിലുള്ള കേസ് പിൻവലിക്കുവാൻ ഞാൻ തയ്യാറാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ശ്രീ. ബാലകൃഷ്ണപിള്ള ഉന്നയിച്ച പോയിന്റ്, അതല്ലേ ഇവിടെ ഷിബു ബേബിജോണിന്റെ പേരിൽ ചാർജ്ജ് ചെയ്ത കേസ്, വധോദ്യമ കേസ്. ഒരു വധോദ്യമ കേസ് ചാർജ്ജ് ചെയ്തയാൾ കോടതിയിലെത്തുമ്പോൾ എങ്ങനെ ജാമ്യം കിട്ടുന്ന വകുപ്പായി മാറി? മൂന്നു മണിക്കൂർ കൊണ്ട് ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടാണോ കേസ് ചാർജ്ജ്ഷീറ്റ് മാറ്റിയത് എന്നാണ് അദ്ദേഹം ചോദിച്ചത്. അതിനാണ് അങ്ങ് ഉത്തരം പറയേണ്ടത്.

ശ്രീ. ഉമ്മൻചാണ്ടി : സർ, അദ്ദേഹം ഉന്നയിച്ചത് മുഖ്യമായിട്ടുള്ള പ്രശ്നം തന്നെയാണ്. അദ്ദേഹം കാര്യവും പറഞ്ഞു. അത് അന്വേഷിക്കുന്ന സമയത്ത് അന്വേഷണ ഉദ്യോഗസ്ഥന് അതിനനുസരിച്ച് തീരുമാനമെടുക്കുവാൻ സാധിക്കും. അതിനനുസരിച്ച് തീരുമാനമെടുത്തതാണ്. മത്തായി ചാക്കോയുടെ അഭിപ്രായമാണ് പ്രതിപക്ഷത്തിന്റേതെങ്കിൽ ഞാൻ ഈ കേസ് പിൻവലിക്കുവാൻ തയ്യാറാണ്. യാതൊരു സംശയവും വേണ്ട. കാരണം അന്നെടുത്ത ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനമാണ്. അതിനെതിരായി ഉദ്യോഗസ്ഥന്മാർ എടുത്ത നിലപാടാണ്. സെൽഫ് ഫിനാൻസിംഗ് കോളേജുകളെക്കുറിച്ച് ഇവിടെ പറഞ്ഞു.....(ബഹളം) .....(ബഹളം).....(ബഹളം).....

ശ്രീ. ബിനോയ് വിശ്വം: മിനിട്സിന്റെ പേരിൽ സി.ആർ.പി.സി. അനുസരിച്ച് കേസ് എടുക്കുവാൻ പറ്റുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി : മിനിട്സിന്റെ പേരിലൊന്നുമല്ല ഈ തീരുമാനമെടുത്തത്. കുറ്റം ചെയ്യുന്ന ആളുകളെ പ്രേരിപ്പിക്കുന്ന, അവരുടെ പിന്നിലുള്ള, അവർക്ക് നേതൃത്വം കൊടുക്കുന്നവർ, അവർകൂടി വരണം. അല്ലാതെ നേരിട്ടുവന്ന് ചെയ്യുന്നവരെ മാത്രം പ്രതി ആക്കിയാൽ പോരാ എന്നു പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നടന്ന ചർച്ചയിൽനിന്നു വന്ന കാര്യമാണ് പറഞ്ഞത്. അതല്ലാതെ ആ മിനിട്സിന്റെ അടിസ്ഥാനത്തിലോ മറ്റ് രീതിയിലോ അല്ല വന്നുകൊണ്ടിരിക്കുന്നത്. .....(ബഹളം) .....(ബഹളം) .....(ബഹളം)..... അതിന്റെ നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചിട്ടാണ് ചെയ്തിരിക്കുന്നത്. മത്തായി ചാക്കോയുടെ അഭിപ്രായമാണ് പ്രതിപക്ഷത്തിന്റേതെങ്കിൽ പിന്നെ ഒരു തർക്കവുമില്ല. കേസ് പിൻവലിക്കാം. തീർന്നല്ലോ .....(ബഹളം) ..... (ബഹളം) .....(ബഹളം) .....

ശ്രീ. കെ. പി. രാജേന്ദ്രൻ: കേസ് പിൻവലിക്കുവാനൊന്നും ഞങ്ങൾ പറഞ്ഞില്ലല്ലോ? .....(ബഹളം) .....(ബഹളം)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഷിബു ബേബിജോണിന്റെ കേസ് പിൻവലിക്കണമെങ്കിൽ നിങ്ങൾ പിൻവലിച്ചോ. പക്ഷെ ഞങ്ങളുടെ പേരിൽ വേണ്ട. .....(ബഹളം)

ശ്രീ. ഉമ്മൻ ചാണ്ടി.: നിങ്ങൾ വെട്ടിൽ വീണെങ്കിൽ അത് പറ സെൽഫ് ഫിനാൻസിംഗ് കോളേജിനെക്കുറിച്ച് ഇവിടെ പറഞ്ഞു. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം കേരളത്തിലെ കുട്ടികൾക്ക് അവർ പഠിക്കാൻ ആഗ്രഹിക്കുന്ന കോഴ്സുകൾ പഠിക്കാൻ കേരളത്തിൽ തന്നെ അവസരം ഉണ്ടാക്കിക്കൊടുത്തു എന്നുള്ളതാണ്. ഇതിനെക്കുറിച്ച് ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. അതിൽ വ്യക്തമാക്കുന്ന ഒരു നിലപാട് തന്നെയാണ് ഇന്നും ഉള്ളത്. രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ്. നമുക്ക് പണം ഉൾപ്പെടെ പുതിയ ഇൻവെസ്റ്റ്മെന്റ് നടക്കുന്നുണ്ട്. അപ്പോഴത്തേക്ക് പുതിയ തലമുറയ്ക്ക് പുതിയ അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുന്നില്ലെന്ന് ബോധ്യപ്പെട്ടപ്പോൾ നമ്മൾ കൊണ്ടുവന്ന സ്കീമാണ് പഠിക്കാൻ സമർത്ഥരായ കുട്ടികൾക്ക് സാമ്പത്തിക സൗകര്യമില്ലെങ്കിൽപോലും മെറിറ്റ് അടിസ്ഥാനത്തിൽ 50% സീറ്റ് ഗവൺമെന്റ് മെറിറ്റ് കാറ്റ 50% മാനേജ്മെന്റ് കാറ്റ. ഇത് ഒരു നല്ല ഉദ്ദേശത്തോടുകൂടി കൊണ്ടുവന്ന സ്കീമാണ്. നിയമകുരുക്കിൽപ്പെടുത്തി പലവിധ ബുദ്ധിമുട്ടുകൾ വന്നു. ഇന്ന് ചില പ്രശ്നങ്ങളും ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്. ഞങ്ങൾ സമ്മതിക്കുന്നു. .....(ബഹളം)..... ചില പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട് അത് പരിഹരിക്കാൻവേണ്ടി ഗവൺമെന്റ് ശ്രമിക്കും. പക്ഷെ ഇവിടെ മെറിറ്റ് കാറ്റയിൽ വന്നിട്ടുള്ള കുട്ടികൾക്ക് ഗവൺമെന്റ് വയ്ക്കുന്ന നിർദ്ദേശങ്ങളോട് സഹകരിച്ചുകൊണ്ട് അത് ഏറ്റെടുത്തു നടത്താൻ തയ്യാറാകാത്ത മാനേജ്മെന്റുകൾ നിയമത്തിന്റെ മുമ്പിൽ നിയമപരമായ നടപടിയുടെ അടിസ്ഥാനത്തിൽ അതിനെ ശക്തമായ നടപടികൾ സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ആർക്കും വേണ്ട. പക്ഷെ ഈ പ്രശ്നം പരിഹരിച്ചുകൊണ്ട് മുമ്പോട്ട് പോകാൻ വേണ്ടി ഗവൺമെന്റ് ചർച്ചക്ക് തയ്യാറാണ്. ചർച്ചയിൽ ഗവൺമെന്റ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നയപരമായ സമീപനത്തിന്റെ ഒരിഞ്ചുപോലും പുറകോട്ട് മാറുന്ന പ്രശ്നമില്ല. സ്വാശ്രയ കോളേജുകൾ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ആവശ്യമാണ്. പക്ഷെ അതോടൊപ്പം തന്നെ അത് ഫലപ്രദമായി നടക്കണമെങ്കിൽ ഗവൺമെന്റ് ആദ്യം ലക്ഷ്യമിട്ടിരിക്കുന്നത് സാമൂഹ്യപരമായ ബാധ്യതകൂടി നിറവേറ്റുന്നതിന് സ്വാശ്രയ കോളേജ് നടത്തിക്കൊണ്ട് പോകുന്ന ഒരു സാഹചര്യം അതിന് ഗവൺമെന്റ് തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കുന്നത്. അതിന് മാനേജ്മെന്റ് തയ്യാറാകുന്നില്ലെങ്കിൽ അതിനോട് ഒരു വിധത്തിലും യോജിക്കാൻ ഗവൺമെന്റിന് സാധ്യമല്ല. യോജിക്കുന്ന സമീപനവും സ്വീകരിക്കില്ല.

സുനാമിയെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞു. സുനാമിയിൽ ദുരിതമനുഭവിക്കുന്നവരെ സഹായിക്കുന്നതിന് അവർക്ക് എല്ലാവിധത്തിലുമുള്ള ആശ്വാസം എത്തിച്ചുകൊടുക്കുന്നതിന് പരമാവധി ശ്രമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷത്തുൾപ്പടെയുള്ളവരുടെ ഭാഗത്തുനിന്നുള്ള സഹകരണവും ലഭിച്ചു. ഞാൻ ഇത് എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്. ഏതെങ്കിലും വിധത്തിൽ .....

ശ്രീ. ടി. കെ. ദേവകുമാർ: ബഹുമാനപ്പെട്ട മാണി സാർ സംസാരിച്ചപ്പോൾ കുറേ കാര്യങ്ങൾ പറഞ്ഞു. ഇപ്പോൾ ഞാൻ അങ്ങയോട് ചോദിക്കുകയാണ്. ഇതുവരെ ഏതെങ്കിലും വീട് നഷ്ടപ്പെട്ട ആളിന് ഇന്ന സ്ഥലത്ത് വീട് വച്ച് കൊടുക്കാമെന്ന് സന്നദ്ധ സംഘടനയോട് കേരളത്തിൽ ഇതുവരെ പറഞ്ഞോ ?

ശ്രീ. ഉമ്മൻ ചാണ്ടി: ഇവിടെ ലിസ്റ്റ് കൊടുത്തു സ്ഥലം കാണിച്ചുകൊടുത്തു. ബഹുമാനപ്പെട്ട മെമ്പർ ഒന്ന് ഓർക്കണം അങ്ങ് അവിടുന്ന് വരുന്ന ആളല്ലേ; എല്ലാവർക്കും ഗവൺമെന്റ് ലാന്റാണോ കൊടുക്കാൻ പോകുന്നത്? അല്ലല്ലോ? വീട് പണിയുന്ന വ്യക്തികളുടെ പറമ്പിൽ പണിയാനായിട്ട് പറഞ്ഞുകൊടുത്തു പിന്നെ ഗവൺമെന്റ് ലാന്റ് കാണിച്ചുകൊടുക്കേണ്ട കാര്യമെന്താണ്?

റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): കൊല്ലത്ത് 850 പേർക്കാണ് അലോട്ട് ചെയ്തത്. 556 സ്ഥലം കാണിച്ചുകൊടുത്ത് അവരെ ഏൽപ്പിച്ചിട്ടുണ്ട്. .....(ബഹളം).....

ശ്രീ. ഉമ്മൻചാണ്ടി: ബഹുമാനപ്പെട്ട ദേവകുമാർ ടെമ്പററി ഷെഡ്ഡുകൾ തയ്യാറാക്കിയില്ലേ? അങ്ങോട്ട് മാറാതിരിക്കുന്നത് ഗവൺമെന്റിന്റെ കുറ്റമാണോ? അപ്പോൾ എന്ത് ചെയ്യാൻ പറ്റും? അതുപോലുള്ള.....

ശ്രീ. ടി. കെ. ദേവകുമാർ: സുനാമി ദുരിതാശ്വാസത്തിന്റെ വസ്തുത പരിശോധിച്ച് ആത്മാർത്ഥതയുണ്ടെങ്കിൽ പരിശോധിക്ക് അതല്ലാതെ ആലപ്പുഴ വീട് വച്ചോയെന്ന് ചോദിക്കുമ്പോൾ കൊല്ലത്ത് വീട് വച്ചു എന്ന് പറയുന്ന മന്ത്രിയെ ഏൽപ്പിക്കരുത്. ഇവിടെ മുഖ്യമന്ത്രി വന്ന് നേരിട്ട് പ്രശ്നം പരിശോധിച്ച് സർവ്വ കക്ഷി യോഗം വിളിച്ചുകൂട്ടി ബഹുമാനപ്പെട്ട കെ. സി. വേണുഗോപാലിനും ചാർജ്ജുണ്ടല്ലോ? നിങ്ങൾ രണ്ടുപേരും കൂടി വരൂ. ഞാൻ പറയുന്നത് തെറ്റാണെങ്കിൽ ഈ സഭയിൽ തിരിച്ചുവന്ന് ഞാൻ മാപ്പ് ചോദിക്കാം.

ശ്രീ. ഉമ്മൻചാണ്ടി: ഇവിടുത്തെ സാഹചര്യങ്ങളൊക്കെ എല്ലാദിവസവും വിലയിരുത്തുന്നതാണ്. ഇവിടെ ടെമ്പററി ഷെഡ്ഡുകൾ പണിതിട്ട് ആഴ്ചകൾ കഴിഞ്ഞു. ശ്രീ. ടി. കെ. ദേവകുമാറോ അല്ലെങ്കിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയേയോ എന്ന് ഞാൻ പറയുന്നില്ല. മറ്റു ചിലരുടെ പ്രേരണയാൽ റിലീഫ് ക്യാമ്പിൽനിന്ന് മാറരുത് നിങ്ങൾക്ക് പത്ത് ലക്ഷം കിട്ടും അഞ്ച് ലക്ഷം കിട്ടും പാക്കേജ് വരുന്നു എന്നുപറഞ്ഞ്.....(ബഹളം)..... അതുകൊണ്ട് സുനാമി ദുരിതാശ്വാസത്തിന്റെ ചർച്ചയിൽ വന്നപ്പോഴും ഞാൻ പറഞ്ഞത് ആവർത്തിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ഞാൻ വീണ്ടും ഉത്തരവാദിത്വത്തോടെ പറയുന്നു. സുനാമി ദുരിതാശ്വാസത്തിന് പണം ഒരു തടസ്സമേ ആവില്ല. പക്ഷെ അർഹിക്കുന്നവർക്ക് അത് കൊടുക്കാൻ നമ്മൾ എല്ലാവരും കൂടെ സഹകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. അതിനുള്ള സഹായമാണ് ആവശ്യമായിട്ടുള്ളത്. റിലീഫ് ക്യാമ്പിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവരും കൂടി ഒന്നിച്ചതിന്റെ ഫലമായിട്ടാണ് നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

നല്ല റിസൾട്ടുണ്ടാക്കാൻ സാധിച്ചത്. റീഹാബിലിറ്റേഷൻ എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്. മേയ് 31-ന് മുൻപ് എല്ലാവർക്കും സ്ഥിരം വീടുകൾ കൊടുത്തിരിക്കും. ഇടനിലക്കാട് ഏപ്രിൽ മാസം ആദ്യം വീട് പൂർത്തീകരിച്ച് കൊടുക്കാനാണ് തീരുമാനം. അതുപോലെ മറ്റുള്ള സ്ഥലങ്ങളിലും നടത്തണം. കൂട്ടായിട്ടുള്ള പ്രവർത്തനം ആവശ്യമാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ ഏറ്റവും കാര്യക്ഷമതയോടുകൂടി സുതാര്യമായ നിലയിൽ ഏറ്റെടുത്ത് നടത്തണം എന്ന് ആഗ്രഹിക്കുകയാണ്. അതുപോലെ തന്നെ ക്രമസമാധാനത്തിന്റെ കാര്യത്തിൽ നമുക്ക് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്ന, ജനങ്ങളിൽ ഒരു വിശ്വാസം ഉണർത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണം. അങ്ങ് ആഗ്രഹിക്കുന്നതുപോലെ അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാവില്ല ഞാൻ ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ പൂർണ്ണമായ സഹകരണം അഭ്യർത്ഥിക്കുകയാണ്. നിങ്ങൾക്ക് ഏത് അവസരത്തിലും എവിടെയെങ്കിലും അഴിമതിയുടെ ലാഞ്ചനയുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം. അതിനെ ഞങ്ങൾ രാഷ്ട്രീയമായിട്ടായിരിക്കില്ല കാണുന്നത്. അതിനെ സൃഷ്ടിപരമായ രീതിയിൽ ഫലപ്രദമായ നിലയിൽ പ്രതിപക്ഷം സൃഷ്ടിപരമായ ചുമതല നിറവേറ്റുന്നു എന്ന നിലയിൽ കാണാനും അത് പരിശോധിക്കാനും എവിടെയെങ്കിലും തെറ്റുണ്ടെങ്കിൽ അത് തിരുത്താനും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കാനും ഗവൺമെന്റ് തയ്യാറാകും. അതുപോലെ നമ്മളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ് മതസൗഹാർദ്ദം. ഭരണത്തിന്റെ കാര്യക്ഷമതയും സുതാര്യതയും, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്ന നിയമ വാഴ്ച, അതുപോലെ അഴിമതി വിരുദ്ധ പ്രവർത്തനം, മതസൗഹാർദ്ദം നിലനിർത്തുന്നതിന് വേണ്ടിയിട്ടുള്ള കൂട്ടായ പ്രവർത്തനം ഈ 5 ലക്ഷ്യങ്ങളിൽ ഒരു വിട്ടുവീഴ്ച്ചയും ഇല്ലാത്ത നിലപാട് സ്വീകരിച്ചുകൊണ്ട് പോകണമെന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. ഞാൻ പ്രതിപക്ഷത്തിന്റെ സഹായ സഹകരണം കൂടി അഭ്യർത്ഥിക്കുന്നു. ഈ കാര്യങ്ങളിൽ ഫലപ്രദമായ സമീപനം ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് വ്യക്തമാക്കിക്കൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ എം. വി. ഗോവിന്ദൻ മാസ്റ്റർ, കോടിയേരി ബാലകൃഷ്ണൻ, എ. സി. മൊയ്തീൻ, കെ.രാധാകൃഷ്ണൻ, സാജുപോൾ മഞ്ഞളാംകുഴി അലി, കെ. വി. കുഞ്ഞിരാമൻ കെ.പി.മോഹനൻ, കെ.പി.രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, ബിനോയ് വിശ്വം, പി. എസ്. സുപാൽ, എൻ.രാജൻ, പി. നാരായണൻ, എം. കുമാരൻ എം.എ.അസീസ്, കോവൂർ കുഞ്ഞിമോൻ എ. സി. ഷൺമുഖദാസ്, സി. കെ. നാണു, ഡോ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ 2-ാം നമ്പർ ധനാഭ്യർത്ഥനയ്ക്കവതരിപ്പിച്ച കട്ട്മോഷനുകൾ പ്രസ് ചെയ്യുന്നുണ്ടോ.

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

കട്ട് മോഷനുകൾ സഭ തള്ളിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly